

# ചുട്ടെഴുത്ത്

U.C. COLLEGE, ANNUAL




**SCIENTIFICA**
CENTRE FOR COLLEGE STUDIES
**KMK. JUNCTION, N. PARAVUR**
**PHONE: 444935**

# യൂണിയൻ ക്രിസ്ത്യൻ കോളേജ് മാഗസിൻ

THE TRUTH SHALL MAKE YOU FREE

## 1995-96

# ആദരാഞ്ജലി



അജോയ് ജോസഫ്

അനീഷ് കുമാർ



നമ്മെ വിട്ടുപിരിഞ്ഞ
അജോയ് ജോസഫിന്റെയും
അനീഷ് കുമാറിന്റെയും
ഓർമ്മകൾക്കു മുമ്പിൽ
ആദരാഞ്ജലികൾ.





# Message

"I have immerse plearse in associating myself with the platinum Jubilee celebrations of the Union Cristian College Alwaye. This college has made signal constributions over seavearal decades in providing to society talented and dedicated individuals who have worked untiringly for the national objectives of peace, freedom and prosperity

As we prepare to enter the next century. I believe that institutions such as yours should continue to evolve and keep pace with changing times and developments. I wish the college many more years of fruitful service to our society."

(Excerpt from the speech of His Excellency Dr. Shankar Dayal Sharma on the occasion of the inauguration of the Platinum Jubilee Celebrations of the College.)

# From the Principal's Desk :

It gives me immense pleasure to greet the students, teachers and other employees of this Institution, midway through its Platinum Jubilee year.

The recent months have been eventful. We had the rare privilege of having the President of the nation, H.E. Dr. Shanker Dayal Sharma on the campus in February. Dr. P.C Alexander, Governor Maharashtra spoke to us in July, and if all goes well, Shri T.N. Seshan, Chief Election Commissioner of India, will be with us on August 16, 1996.

Celebrations and the visits of eminent personalities have an important dimension that transcends the grandeur of the moment. These are occasions when the Institution is compelled to shake itself awake from its quotidian routines, to vibrate to a new scale.

Once stirred, we must refuse to settle down to old inertias and dead habits. Change is the essence of life. A college is the potential context for positive change. The ever vibrant younger generastion and the relatively cautious older generation come together in a college—everyday— in an interactive environment. The radical and exiciting ideas of the young cannot be laid waste. May be, they need to be tempered by the sobriety of age and tradition. But ultimately, they need to find creative expression.

Let us hope that the celebratory moments of the Platinum Jubilee year will disturb institutional inertia, and initiate a constructive dialogue, that will take Union Christian College along significant directions, worthy of its long history and present potentials.

May the Almighty give us the strength and will to work together with commitment to one another and to the College.

## എഡിറ്റോറിയൽ ബോർഡ്

ഡോ: രാജൻവർഗ്ഗീസ്

വി.പി. മാർക്കോസ്

*(മാഗസിൻ അഡ്വൈസർ)*

*മാഗസിൻ എഡിറ്റർ*

കെ.എസ്. ഷറഫുദ്ദീൻ

*സബ് എഡിറ്റേഴ്സ്*

ജെ. ബിന്ദുരാജ്

ബ്രൂസ്‌ലി കുരുവിള തോമസ്

ഫാരിദിൻ എ. എസ്.

പി.കെ. റസാക്ക്

*മാഗസിൻ കമ്മറ്റി അംഗങ്ങൾ*

സുനുമോൻ പൊൻമേലിൽ

നീതു ചെറിയാൻ

നിയാസ്.

# STATEMENT OF OWNERSHIP

**Statment of ownership and
other particulars of the publication
U.C. College Aluva**

| | | |
|---|---|---|
| Place of publication | : | Aluva |
| Periodicity of publication | : | Annually |
| Painters Name | : | Dr. Rajan Varghese |
| Nationality | : | Indian |
| Address | : | Principal, U.C. College |
| Publisher's Name | : | Dr. Rajan Varghese |
| Nationality | : | Indian |
| Address | : | Principal, U.C. College, Aluva |
| Editor's Name | : | K.S. Sharafudheen. |
| Nationality | : | Indian |
| Address | : | Editor, U.C. College, Aluva |

*I, Rajan Varghese hereby declare that the particulars given above are true to the best of my knowledge and belife.*

*Sd /-*
*PRINCIPAL*

# OUR PRINCIPAL



Dr. Rajan Varghese

# ഉള്ളടക്കം

## ലേഖനം


ആത്മനൊമ്പരങ്ങളുടെ രണഭൂമി - സജി മാത്യു
കാമ്പസ്സിൽ നിന്ന് - എം.ജി.ജി
വിവസ്ത്രത ഇഷ്ടപ്പെടുന്ന ഇന്ത്യൻ പെൺകുട്ടി - ബ്രൂസ്‌ലി കുരുവിള തോമസ്
കഥയില്ലായ്മയുടെ വെളിപാടുകൾ - എ.എസ്.എഫ്.
സ്ത്രീ സമത്വം പ്രകൃതിയിൽ നിന്ന് പഠിക്കുക - ബിന്ദു. എം.ആർ
അശ്ലീലം - വി.പി. മാർക്കോസ്
THE NEED FOR GOOD
VALUES INDIAN POLITICS - AJAI KURUVILLA JACOB
BEYOND ACADEMICS - ROBIN GEORGE JACOB


## കഥ


ചിരി - സജീഷ് വി.കെ
സൂക്ഷ്മവശങ്ങൾ - മനോജ് കെ.കെ
അരത്തിണ്ണയിൽ കയറിനിൽക്കുന്നവർ
വിചാരണ കൂടാതെ ശിക്ഷിക്കപ്പെടും - ശ്രീജിത്ത് സി.എൻ
സമാന്തരം - മ്യൂസ് മേരി ജോർജ്ജ്
ഓളങ്ങൾ - വിനോദ് കുമാർ വി.
ഒരു പ്രവാസിയുടെ ഡയറിക്കുറിപ്പുകൾ - മാർട്ടിൻ കെ.
മണ്ണപ്പം - ലക്ഷ്മി രംഗീല. എസ്
അടയുന്ന ജാലകൾ - റാഷിദ
പെയ്തൊഴിയാൻ - രൂപരേഖ എസ്.
സന്ദർശകർ - ഫാരിദിൻ എ. എസ്
അയാള്... മൂല്യമില്ലാത്ത അയാള് - പ്രസാദ് പാറപ്പുറം
ROOTS AND ROUTES - LAKSHMANAN. P.S
A CARD JUST TO SAY - SOORAJ ABRAHAM
CONFESSION - RANJITH PRASAD
ANAND

## ഫീച്ചര്‍

അക്ഷരചാരിത്ര്യത്തിന്റെ കാവല്‍ക്കാരന് സ്നേഹപൂര്‍വ്വം

ഒരു ആഗസ്റ്റ് 18ല്‍ അവശേഷിക്കുന്ന ചോദ്യങ്ങള്‍ - ജെ.ബി.ആര്‍

## കവിത

രഹസ്യമീ രാഗം - നരേന്ദ്രന്‍. എന്‍
രണ്ടു കവിതകള്‍ - സുഭാഷ് ബാലാജി
നിഴല്‍ നാടകം - ഫാരിദിന്‍ എ.എസ്
മറുമൊഴിചിന്ത് - പി.കെ. റാസി
മഞ്ഞ - ഏലിയാസ് എ.ജെ
സ്ത്രീപര്‍വ്വം - രാഖി. ജി
കഥാശേഷം - താജുദ്ദീന്‍. കെ.കെ
അവധി - ഗോപകുമാര്‍ എം.ജി
ഗൃഹാതുരത്വം - ജയന്തി. സി.ഡി
സ്വപ്നവീഥിയില്‍ - രഞ്ജിനി. കെ
LINGERING SNOW MOUNTAINS - SUJA T.V
REMEMBRANCE - THUSHARA MATHEW
FOR YOU MY FRIENDS - SOORAJ ABRAHAM
STRANGE HAPPY - BINDHU
LIFE IN U.C. - ANJANESH BABU
MOMENT TO MOMENT - DEEPA JOHN CHOOLACKAL
TIME - SINDHU. K
TWO POEMS - SWAPNA SEBASTIAN

## നാടകം

ഗാന്ധിബലി - ജെ. ബിന്ദുരാജ്

## പാരമ്പര്യസ്മൃതി

Type Setting : MAGIC COMPUTER GRAPHICS
Graphic Designs : K. A. LATHEEF & MAGIC NIBU
Lay out : SHARAFUDHEEN & V.P. MARKOSE
Illustration : AJITH KUMAR & RESHI MON
Printing : ROSHNI OFFSET, KALICUT - 12

# UNION CABINET



**Sethunath. P**
Chairman



**Rejin George**
Vice Chairman



**Sebastian A. Madassery**
Gen. Secretary



**Aby Paul**
U.U.C.



**Mohamed Shiyas**
U.U.C.



**Shibu Mahtew**
Arts Club Secretary



**Sharafudheen. K.S**
Magazine Editor

# മുൻമൊഴി

## 'ചുട്ടെഴുത്ത്'

വിശ്വാസങ്ങളുടെ അർത്ഥങ്ങളിൽ നിന്ന് പറന്നുപോകുന്ന
പ്രാവിന്റെ അഗ്നിതെറുവിഴ്ത്തപ്പെട്ട ചിറകുകൊണ്ട് മലയാളം.
കനൽ നിറച്ച മഷിയിലെ
'ചുട്ടെഴുത്ത്'
ഇത്
മലയാള വ്യാകരണത്തിൽ ഒറ്റയർത്ഥം നൽകുന്ന സങ്കേതം.
ഒരു കവിത ഒരുപാട്
അർത്ഥങ്ങളിലേക്ക് തുറക്കുന്ന വാതിൽ.
സൃഷ്ടിയുടെ ചൂടും ചൂരും ഉൾക്കൊള്ളാൻ കൂടി കഴിവുള്ള
ഈ വാക്ക് സൃഷ്ടിയുടെ ഉൾത്തളങ്ങളിലേക്കുള്ള ഒരു വാതിൽ കൂടിയാവട്ടെ.
ഇതിന്റെ താളുകളിൽ ഇന്ദ്രജാലങ്ങളോ താന്ത്രിക കസർത്തുകളോ
നമ്മൾ പ്രതീക്ഷിക്കരുത്. നമ്മുടെ തോൾ ചേർന്നു നടക്കുന്നവന്റെ
ഹൃദയത്തുടിപ്പ് മാത്രമേ ഇതിലുള്ളൂ.
രചനകളുടെ ബാഹുല്യമല്ല. ആർജ്ജവവും ലാളിത്യവും
സൃഷ്ടിക്കുന്ന ഗരിമയായിരുന്നു ലക്ഷ്യം.
ലക്ഷ്യം പൂർണ്ണമായി എന്ന് അവകാശപ്പെടുന്നില്ല.
അവകാശങ്ങളുടേയോ കൊട്ടിഘോഷങ്ങളുടേയോ അകമ്പടിയില്ലാതെ
നെല്ലും കല്ലും നിറഞ്ഞ ഒരു പിടി അവൽ.
ഈ ചുട്ടെഴുത്ത്.
എളിമയോടെ സമർപ്പിക്കുന്നു.
ഇതിന്റെ ചൂട് ഏറ്റു വാങ്ങുക.



സ്നേഹാദരങ്ങളോടെ മാഗസിൻ എഡിറ്റർ
കെ. എസ്. ഷറഫുദ്ദീൻ

# REPRESENTATIVES



**Denny Paul**
P.G. Rep.



**Udaya Kumar**
III D.C. Rep.



**Jiji George**
II D.C. Rep.

Lady Representatives



**Manju Mathew**



**Sindhu P. Kunju Kunju**



**Manu N.**
I D.C. Rep.



**Manjush Mathew**
II P.D.C. Rep.



**Rajesh Kuriaparambil**
I P.D.C. Rep.

# UNION NOMINEES



**Prof. Jacob Koshy**
Staff Advisor



**Vinod S.**
Debating Club



**Jimmy Joseph**
Audio - Visual



**Sojan O.P.**
Canteen



**Bablu**
Quiz



**Kuriyachan**
S.S Leagu



**Diljith**
Nominee

ANJUSH
Planning Forum

കവിത

നരേന്ദ്രൻ എൻ.
ഒന്നാം വർഷ മലയാള ബിരുദാനന്തര ബിരുദം.

# രഹസ്യമീ രാഗം



കാലമാം കാമികനെന്നെ
ചൊല്ലിപ്പഠിപ്പിച്ച പാഠങ്ങൾ
ചില നേരമോർത്തിടുമ്പോൾ
പലതുമേകുന്നു വിസ്മയം !

സ്മൃതിപഥങ്ങളിൽ പൗർണ്ണമി
പുഞ്ചിരിക്കുന്ന വേളയിൽ
കാലത്തിൻ നൂപുരധ്വനി
ചിലമ്പുന്നെൻ കർണ്ണപുടങ്ങളിൽ

കണ്ടുമുട്ടിയതെങ്ങനോ, ബന്ധം
മിഴിനീർക്കാവതല്ലല്ലോ
നന്ദി ചൊല്ലിപ്പിരിയുവാനും,
മനസ്സിൽ നിന്നേ മായ്ക്കുവാനും.

ഒരു ദർശന, മൊരു സുസ്മിതം
ഒരു പൂമൊഴി, യൊരു നടനം
അതിൽ നിന്നെത്രകൊണ്ടുണ്ടാ -
യെന്നുള്ളം നിറച്ചിരുന്നു.

അരുളുന്നു മഹിതേ നിന -
ക്കാത്മാവിൻ മധുഗീതങ്ങൾ!
ചൊരിയുന്നു സുമതേ നിന്നി -
ലശര മധുമൊഴികൾ !

ദുഃഖത്തിൻ മുള്ളുകൾ കൊ-
ണ്ടെത്രയും നീറിയ വേളകൾ.
സ്വാതന്ത്ര്യം ചൊല്ലിയെത്തിനി
യെന്നിൽ നിറഞ്ഞ നാളുകൾ.

തഴുതിട്ട വാതിലിനുള്ളിൽ
തേങ്ങിയെന്റെ തംബുരു.
സൗഖ്യം പകർന്ന ഹംസധ്വനി
കല്യാണി, മറക്കുവതെങ്ങനെ ?

സൗഹൃദം ഭാവിച്ചു രോഗം
സിരകളിൽ ചിരിച്ചെത്തവേ
ആശ്വാസ സംസ്പർശത്താൽ
ആശ്ലേഷിച്ച വൈഭവം.

എന്റെ നൊമ്പരകയ്പവല്ലരി
മധുരം വിളയിച്ചതെങ്ങനെ ?
ഗോപികേ, നിന്റെ സാമീപ്യം
മതിയല്ലോ, കൃഷ്ണമനസ്സിന്.

രാധയില്ലാത്തൊരമ്പാടി
മാധവനെന്നും മാലല്ലയോ !
പാൽക്കുടമേന്തുന്ന പൂഞ്ചിരി
പാലാഴി നാഥന്നമൃതമല്ലോ.

വസന്തകാലമില്ലാത്തതാം
ലോകത്തെങ്ങനെ തുമ്പികൾ
കോകിലനാദനിർഝരികൾ
മാനമാലിക, മധുമക്ഷിക !

ഒത്തുചേരലത്യാഹ്ലാദം,
വേർപാടോ മിഴിനീരാം.
കണ്ടിട്ടും കാണാത്തതാം ഭാവം
ധന്യേ, സങ്കടവർദ്ധകം

കൂട്ടുകൂടുന്നു കൊമ്പിൽ പിന്നെ
പറന്നുപോം പക്ഷിക, ളൊട്ടുമേ
അറിയില്ലാ കൊമ്പിൻെറനൊമ്പരം
സ്വപ്നങ്ങൾ വിരിയിച്ച മാനസം.

പാടാത്ത പാട്ടെഴുതാത്ത ചിത്രം
എഴുത്തിൻെറ മധുരനൊമ്പരം
എഴുതേണ്ടതും വരികളൊന്നുമേ
മഷിനിറയ്ക്കുന്നു പേനയിൽ !

വ്യഥതൻ തൂലികത്തുമ്പിനാൽ
മനസ്സിൽ വർണ്ണപത്രത്തിൽ
ഞാൻ കുറിക്കും വരികൾ മൂളുന്ന -
താത്മാവിൻ മധുരനൊമ്പരം.

സ്വരഗതികളിനി ശരിയാക്കി
പാട്ടുപാടാൻ തുടങ്ങേ, നീ
നൊന്തുവീഴും ചിന്തിൻ തന്ത്രിയി-
ലർത്ഥഭാവശ്രുതികൾ മീട്ടുക.

അവതാളജടിലമാം ജീവിത
പന്ഥാവിൽ സഞ്ചാരിയാക.
അസ്വസ്ഥമാനസികവേഗ
വിഹ്വലതകളേറ്റു വാങ്ങുക



# Kemi PLASTICS

Mudickal, Perumbavoor, Office - XIV/222
Near Pushpa Theatre, Perumbavoor.
Phone : 526134.



KEMI

*Manufacturers of Plastic*

Pots, Cans, LD Sheets and Covers

*KEMI IS DURABLE*


“പുഞ്ചിരി ഹാ കുലീനമാം കള്ളം
നെഞ്ചു കീറി ഞാൻ നേരിനെ കാട്ടാം”

# PLATINUM JUBILEE CELEBRATION










CHRISTIAN













റെഡിമെയ്ഡ് രംഗത്ത്
പുതിയ
തരംഗങ്ങൾ
സൃഷ്ടിക്കുന്നു.
PRATHIBHA - ALUVA
ഷമീസ്
കാത്തലിക് സെന്റർ, ആലുവ
Ph:622783

# കോളേജ് യൂണിയൻ ഉദ്ഘാടനം



കോളേജ് യൂണിയൻ ഉദ്ഘാടനം കൊച്ചി കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ സാബു ജോർജ്ജ് നിർവ്വഹിക്കുന്നു.



ആർട്സ് ക്ലബ്ബ് ഉദ്ഘാടനംചെയ്തുകൊണ്ട് സിനി ആർട്ടിസ്റ്റ് ശ്രീ ദിലീപ് സംസാരിക്കുന്നു.



കോളേജ് യൂണിയൻ ഉദ്ഘാടനച്ചടങ്ങിൽ മുഖ്യാതിഥി പ്രൊഫ: കെ.എൻ. ഭരതൻ സംസാരിക്കുന്നു.



കോളേജ് യൂണിയൻ ഉദ്ഘാടനച്ചടങ്ങിൽ പ്രിൻസിപ്പൽ ഡോ: രാജൻ വർഗ്ഗീസ് സംസാരിക്കുന്നു.



ആർട്സ് ക്ലബ്ബ് ഉദ്ഘാടനച്ചടങ്ങിൽ ആശംസ അർപ്പിച്ചുകൊണ്ട് യൂണിയൻ സ്റ്റാഫ് അഡ്വൈസർ പ്രൊഫ: ജേക്കബ് കോശി



കോളേജ് യൂണിയന്റെയും സൈക്കോളജി ഡിപ്പാർട്ട്മെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട സെമിനാറിൽ പ്രൊഫ: എൻ.പി. ഹാഫിസ് മുഹമ്മദ് സംസാരിക്കുന്നു.

കഥ

സതീഷ് വി.കെ.
സസ്യശാസ്ത്ര ഗവേഷണം

# ചിരി

വിഴഞ്ചൻ ചാരുകസേര.

ചിന്തകൾ കാടുകയറുന്നതും നാട്ടിലിറങ്ങുന്നതും ആ കസേരയ്ക്ക് ഒട്ടും അപരിചിതമല്ല.

അതിന്റെ ഉടമസ്ഥന് അനന്ത വിസ്തൃതവും ഫലഭൂയിഷ്ഠവുമായ ഭൂമിയുണ്ടായിരുന്നു.

അയാളുടെ കൂട്ടുകാർ വിദ്വാൻമാരായിരുന്നു. പക്ഷെ, അവർ സംസാരിക്കാറില്ല.

പലപ്പോഴായി അവർ, അയാൾക്ക് കുറേ വിത്തുകൾ കൊടുത്തു.

കാലവർഷത്തിന്റെ ആരംഭം. മണ്ണിന് രോമാഞ്ചം. വിത്തുകളെല്ലാം പാവി. അവ മുളച്ചു. ഓരോ വേരും ആഴങ്ങളിലേയ്ക്ക് ഇറങ്ങുന്നതിന്റെ അവാച്യമായ അനുഭൂതി. ശാഖോപശാഖകളായി അത് വളർന്നു.

വസന്തം.

വൃക്ഷങ്ങൾ പൂത്തു. നിറയെ വെളുത്ത പൂക്കൾ. മനസ്സും ശരീരവും ഈ ഭൂമിയിൽ തന്നെയോ? (പൂക്കൾ പൊഴിയാൻ തുടങ്ങി. നിറകുംഭങ്ങൾ പോലുള്ള ഫലങ്ങൾ സ്വപ്നംകണ്ടു. ഉറക്കം ഉൻമാദത്തിന് വഴിമാറി.)

ഫലങ്ങൾ - അവ സ്വപ്നത്തിൽ മാത്രം ഒതുങ്ങി. വസന്തം വീണ്ടും വന്നുപോയി. പക്ഷെ ഫലങ്ങൾ...... അശാന്തമായ രാത്രികളിൽ ഉറക്കം അന്യമായി. അയാൾക്ക് പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാത്തത് കൊണ്ട് കസേരയ്ക്ക് ജോലിയായി.



മയക്കം കൺപോളകളെ തഴുകി.

സസ്യലതാദികൾ കൊണ്ട് സമൃദ്ധമായ ഒരു പ്രദേശം സാവധാനം മരുഭൂമിയായിക്കൊണ്ടിരിക്കുന്നു. ചെടികൾ അതുമായി പൊരുത്തപ്പെടാൻ വിഫല ശ്രമങ്ങൾ തുടരുന്നു. - വീണ്ടുമൊരു സ്വപ്നം.

മയക്കം പോലും ഉൽക്കണ്ഠയ്ക്കും ഭീതിക്കും വഴിമാറി. സ്വപ്നം യാഥാർത്ഥ്യമാവുകയായിരുന്നു. ചെടികൾക്കും മണ്ണിനും ഇതിൽ നല്ല പങ്കാണ്.

"തനിക്കും........ താനാണല്ലോ ഇതിന്റെ ഉടമസ്ഥൻ......."

ഒരശരീരി... ഉൾക്കിടിലം.

കസേര ചെറുതായൊന്നു ഞരങ്ങി. കാറ്റു വീശി. ഉറയത്തെ ചുമരലമാരയിൽ ചിതൽ തിന്നു തുടങ്ങിയ പുസ്തകങ്ങളിൽ തട്ടി കാറ്റ് തിരിച്ചു വന്നു.. കാറ്റിന്റെ ചുണ്ടത്തൊരു ചിരി.

ഭാവം പുച്ഛം.

"എന്തേ പതിവില്ലാതൊരു ചിരി ?" ജരനരകൾ വിഴുങ്ങാൻ തുടങ്ങിയ അയാളുടെ കണ്ണുകളിൽ നിന്നും ഒരു ചോദ്യമുയർന്നു.

ജനങ്ങൾ, ജനങ്ങളാൽ......

"പിന്നെ ചിരിക്കല്ലാതെ കരയണോ ?"

മന്ദസ്മിതം തൂകിക്കൊണ്ട് കാറ്റ് പറഞ്ഞു.

ആ മറുപടി അയാളുടെ ക്ഷീണിച്ച ചുണ്ടുകളിൽ വികൃതമായൊരു ചെറു ചിരിയുടെ അലകൾ പരത്തി. അത് വൻ തിരമാലകളായി. അയാൾ ആർത്താർത്തു ചിരിച്ചു.

സെൻസേഷണൽ റിപ്പോർട്ട്

ജെ.ബി.ആർ
രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദം

# ഒരു ആഗസ്റ്റ് 18ൽ അവശേഷിക്കുന്ന ചോദ്യങ്ങൾ

1945 ആഗസ്റ്റ് 18ന് തായ്‌വാനിലെ തായ്പീ വിമാനത്താവളത്തിൽ നിന്ന് ഇരട്ട എഞ്ചിനുള്ള ഒരു ജപ്പാനീസ് വിമാനം പറന്നുയർന്നു. തന്റെ സൈന്യം നിരുപാധികം കീഴടങ്ങിയിരിക്കുന്നതായി ജപ്പാൻ ചക്രവർത്തി പ്രഖ്യാപിച്ചതിനെ തുടർന്ന് യുദ്ധം അവസാനിച്ചിരുന്നു. വിമാനത്തിൽ നിന്ന് ആയുധങ്ങൾ നീക്കുന്ന തിരക്കിൽ കുറെ സൈനികർ ഏർപ്പെട്ടിരുന്നു. ലഫ്റ്റനന്റ് ജനറൽ ഷീദിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം ജപ്പാനീസ് ഉദ്യോഗസ്ഥരാണ് അതിൽ യാത്ര ചെയ്യുന്നത്. മഞ്ചൂറിയയുടെ തലസ്ഥാനമായ മുക്ദെനിൽ ഇറങ്ങിയ ശേഷം വിമാനം ടോക്കിയോവിലേക്കുള്ള യാത്ര തുടരും.



ജപ്പാനീസ് സംഘത്തെ കൂടാതെ രണ്ട് 'അസാധാരണ യാത്രക്കാർ' കൂടി വിമാനത്തിലുണ്ടായിരുന്നു. കഷണ്ടി കയറി തുടങ്ങിയ തലയും വട്ടക്കണ്ണടയും ധരിച്ച ഗംഭീരവാനായ കാക്കി വേഷം ധരിച്ച ഒരാൾ, മറ്റൊരാൾ മെലിഞ്ഞ്, അരോഗ ദൃഢഗാത്രൻ. 1943-ൽ സിംഗപ്പൂരിൽ വച്ച് രൂപം നൽകിയ സ്വതന്ത്ര ഇന്ത്യയുടെ ഇടക്കാല ഗവൺമെന്റിന്റെ നേതാവ് സുഭാഷ് ചന്ദ്രബോസായിരുന്നു ആദ്യത്തെയാൾ. അദ്ദേഹത്തിന്റെ സഹായി ഹബീബുർ റഹ്മാനായിരുന്നു അപരൻ. സ്വർണ്ണാഭരണങ്ങളടങ്ങിയ രണ്ടു കനത്ത കറുത്തപെട്ടികൾ ഇരുവരുടെയും കൈയിലുണ്ടായിരുന്നു. മാതൃഭൂമിയുടെ മോചനത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ ബോസിന്റെ ഗവൺമെന്റിനു ഉപയോഗിക്കാനായി മലയയിലും, ബർമ്മയിലും താമസിക്കുന്ന ഇന്ത്യക്കാർ നൽകിയ സംഭാവനയായിരുന്നു അവ. ബോസും, റഹ്മാനും വിമാനത്തിലേക്ക് കയറി.

ഇനി ഞങ്ങളെഴുതേണ്ട ഭാഗം വസ്തു നിഷ്ഠമായി സ്വീകരിക്കപ്പെട്ടിട്ടുള്ളതല്ല എന്നറിയാം, എങ്കിലും ചരിത്രത്തിന്റെ മറവിൽ എങ്ങോ ഇനിയും വിശദാംശങ്ങൾ ലഭിച്ചിട്ടില്ലാത്ത അനുമാനങ്ങളിലേക്ക് നീങ്ങുവാനാണ് ഞങ്ങളുടെ തീരുമാനം.

വിമാനത്തിന് അത്രയും ഭാരം ചുമക്കാനുള്ള ശേഷി തീരെ ഉണ്ടായിരുന്നില്ല. അമിത ഭാരം വഹിച്ചിരുന്ന വിമാനത്തെ മുകളിലേക്കുയർത്താൻ പഴക്കം ബാധിച്ച എൻജിനുകൾ ഏറെ പണിപ്പെട്ടു. വിമാനത്തിന്റെ പ്രൊപ്പല്ലർ തകർന്നുവെന്നും പൈലറ്റുകളുടെ തീവ്രശ്രമത്തെ പരാജയപ്പെടുത്തിക്കൊണ്ട് വിമാനം താഴേക്ക് പതിച്ച് കത്തിയമർന്നുവെന്നും റേഡിയോ ടോക്കിയോ 1945 ആഗസ്റ്റ് 23-ാം തിയതി റിപ്പോർട്ട് ചെയ്തു. പൈലറ്റുകളും ജനറൽ ഷീദിയും തൽക്ഷണം മരണമടഞ്ഞു. ഗുരുതരമായി പൊള്ളലേറ്റ ബോസ് പിന്നീട് തായ്പീ ആശുപത്രിയിൽ മരണപ്പെട്ടുവെന്ന് കുറേ സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകൾ ബാക്കിയാവുന്നു.

1945 ആഗസ്റ്റ് 24-ാം തിയതി ഇൻഡ്യൻ ദിനപത്രങ്ങൾ സുഭാഷ് ചന്ദ്രബോസിന്റെ മരണവാർത്തയുമായാണ് പ്രഭാതത്തെ ക്ഷണിച്ചുവരുത്തിയത്. എന്നാൽ മഹാത്മാ ഗാന്ധി പോലും മരണവാർത്ത അംഗീ

*With Best Compliments from :-*



**ALUVA TOWER**

Opp. Private Bus Stand
Hill Road, Aluva

കഥ

മനോജ്.കെ.കെ
മൂന്നാം വർഷ ഭൗതിക ശാസ്ത്ര ബിരുദം

# സൂക്ഷ്മവശങ്ങൾ

ഒന്ന്



ഞാനൊരു ഭൗതികശാസ്ത്ര വിദ്യാർത്ഥിയാണ്. എന്റെ അധ്യാപകർ എന്നെക്കുറിച്ച് പറയുന്നത് ശരിയല്ല. എന്തെന്നാൽ ഞാൻ കഥകളി കാണാനല്ല ക്ലാസിലേക്ക് വരുന്നത്. പിന്നെയോ..... ബ്ലാക്ക് ബോർഡിനു ഇടതു വശത്തു തൂക്കി യിട്ടിരിക്കുന്ന കലണ്ടർ ചിത്രം കാണാനാണ് എന്നു പറഞ്ഞാൽ വിശ്വസിക്കുമോ? വിശ്വസിച്ചാലും, ഇല്ലെങ്കിലും ഇതാണ് നേര്. എനിക്കും ഒരുപാട് മുൻപ് ഏതോ ഒരു ബാച്ചിലെ കുട്ടി കൊണ്ട് വന്ന് തൂക്കിയ കലണ്ടർ ചിത്രമാണത്. പൊടി പിടിച്ചു പഴകി പിന്നിത്തുടങ്ങിയ ഒരു കലണ്ടർ ചിത്രം.

ചിത്രം ഏതാണ് ഇങ്ങനെയാണ്.

വയൽക്കരയിലെ വീട്. വീട്ടിറമ്പിൽ പൂക്കൾ. കോടിയിൽ തൂക്കിയിട്ട ഒരു കൂട്. കൂട്ടിൽ കിളി. മുകളിലാകാശം. ആകാശത്ത് സൂര്യൻ, കുറച്ച് നാൾ മുൻപ് വരെയേ ആകാശത്ത് സൂര്യനുണ്ടായിരുന്നുള്ളു. ഒരു ദിവസം സൂര്യനെ ഒരു പാറ്റ പിടിച്ച് തിന്നുകളഞ്ഞു. ഇപ്പോൾ ആകാശത്ത് സൂര്യന്റെത്രയും വലിപ്പമുള്ള ഒരു തുളയേയുള്ളു. പിന്നെ പറയാനുള്ളത് ഒരു കുട്ടിയുടെ കാര്യമാണ്. അവൻ നടവരമ്പിലൂടെ കുറേ പുസ്തകങ്ങളുമായി എങ്ങോട്ടോ പോകുന്നു. ഒരു പക്ഷെ സ്കൂളിലേക്കായിരിക്കാം.

ഒൻപതരയ്ക്ക് ക്ലാസിൽ വന്നാൽ മൂന്നര വരെ ഞാനീ ചിത്രത്തിലേക്കും നോക്കിക്കൊണ്ടിരിക്കും എന്നു പറഞ്ഞാൽ വിശ്വസിക്കാമോ? വിശ്വസിച്ചാലും, ഇല്ലെങ്കിലും ഇതാണ് നേര്.

ചിത്രത്തിലെ വീട് കണ്ടുകൊണ്ടിരിക്കുമ്പോൾ ഉള്ളിൽ വിനയചന്ദ്രൻ മാഷിന്റെ രണ്ടു വരി കവിത ഊറിവരും.

"അമ്മയില്ലാത്തവർക്കേതു വീട് !

ഇല്ല വീട്. എങ്ങെങ്ങുമേ വീട്."

(നാവിൽ ചെന്നിനായകത്തിന്റെ കയ്പറിഞ്ഞ ഒരു കുട്ടി കയർത്തു - ദൈവം എന്നു പേരുള്ള നായിന്റെ മോനെ, എന്റെ അമ്മയെ നീ കൊന്നുകളഞ്ഞത് എന്തിനാണ്.)

ഞാനീ രണ്ടു വരികളെടുത്ത് ആകാശത്തേക്ക് എറിഞ്ഞു കളിക്കും. കളി കുറേ ചെല്ലുമ്പോൾ ദൈവം അത് പിടിച്ചെടുത്ത് എനിക്ക് തഴേക്കൊരു നക്ഷത്രമിട്ടു തരും.

അതോടെ ഞാൻ ശാന്തനാവും. ഞാൻ നക്ഷത്രത്തെയെടുത്ത് വായിലിട്ട് നുണഞ്ഞുകൊണ്ടിരിക്കും. ഒരു ദിവസം ദൈവമിത് കണ്ട് എന്നെ ശാസിച്ചു.

"നീയെന്തോന്നാ ഈ ചെയ്യുന്നത്. ?"

ഞാനൊന്നും മിണ്ടിയില്ല. ദൈവം തുടർന്ന് പറഞ്ഞു:

"എടാ, നക്ഷത്രമെന്നു പറഞ്ഞാൽ വായിലിട്ടു ചവയ്ക്കാനു ള്ളതല്ല. അതേ എവിടെയെങ്കിലും ഒരു രക്ഷകൻ പിറന്നിട്ടു ണ്ടെങ്കിൽ കുറേ തെണ്ടാടിപിള്ളേർക്ക് വഴികാട്ടാനുള്ളതാണ്. നീയായതോണ്ടാ ഞാനത് താഴേക്കിട്ടുതന്നത്. എന്നിട്ട് നീയതെടുത്ത്....."

സങ്കടം കൊണ്ട് ദൈവത്തിന്റെ തൊണ്ടയടഞ്ഞു. എനിക്ക് പേടിയായി. നേർത്ത കരച്ചിലോടെ നക്ഷത്രത്തെ വായിൽ നിന്നെടുത്ത് ഷർട്ടിൽ തുപ്പൽ തുടച്ചുകളഞ്ഞ് ആകാശത്തിലേക്ക് തന്നെ എറിഞ്ഞുകൊടുത്തു. എന്നിട്ടിങ്ങനെ പ്രാർത്ഥിച്ചു:

"ദൈവമേ, ഞാനൊരു ഭൗതിക ശാസ്ത്രവിദ്യാർത്ഥിയാണ്."

അപ്പോൾ ആകാശത്തുനിന്ന് ഒരു ചിരി കേട്ടപോലെ തോന്നി.

'ഹും, ഒരു വഴികാട്ടി നക്ഷത്രം.'

പിന്നെ പുറകിലേക്ക് ചാരിയിരുന്ന് ഒരു ഈജിപ്ഷ്യൻ മമ്മിയെക്കുറച്ച് ചിന്തിക്കാൻ തുടങ്ങി.

എന്റെ കാമ്പസ്.

ചായ തട്ടി മറിഞ്ഞപോലെ വെയിൽ വീണുകിടക്കുന്ന മൈതാനം.

ഉറുമ്പരിച്ച കുട പോലെ മരങ്ങളുടെ നിഴലുകൾ.

കൂട്ടുകാർ.

തൊട്ടാവാടിക്കൂട്ടത്തിലേക്ക് മൂക്കുംകുത്തി വീണ് മുഖം മുറിഞ്ഞാലും ഇവർ പറയുമായിരുന്നു. ഞങ്ങൾ തൊട്ടാവാടി പൂക്കളെ ചുംബിക്കുകയായിരുന്നുവെന്ന്.

കൂട്ടുകാർ ഹാ, കൂട്ടുകാർ....

<u>രണ്ട്.</u>

ഞാനിപ്പോൾ ലീനയെ ഓർക്കുന്നു.

മൂന്നരക്ക് ബെല്ലടിക്കുന്നത് കേട്ട് ക്ലാസിൽ നിന്നിറങ്ങി, ക്രിക്കറ്റ് കോർട്ടിൽ ചെന്ന് ആകാശം നോക്കി കിടക്കുമ്പോൾ ലീന വരും. എന്റെ ആകാശത്തെ അവളുടെ മുടി മറയ്ക്കുന്നു. വെയിൽ വീണ് അവളുടെ മുടി ചെമ്പാവുന്നു. ആകാശം ചെമക്കുന്നു. സന്ധ്യ

"നീ തന്നെ ജീവിതം സന്ധ്യേ

നീ തന്നെ മരണവും

നീ തന്നെ ജനനവും

നീ തന്നെ നീ തന്നെ സന്ധ്യേ....."

> സങ്കടം കൊണ്ട് ദൈവത്തിന്റെ തൊണ്ടയടഞ്ഞു. എനിക്ക് പേടിയായി. നേർത്ത കരച്ചിലോടെ നക്ഷത്രത്തെ വായിൽ നിന്നെടുത്ത് ഷർട്ടിൽ തുപ്പൽ തുടച്ചുകളഞ്ഞ് ആകാശത്തിലേക്ക് തന്നെ എറിഞ്ഞുകൊടുത്തു. എന്നിട്ടിങ്ങനെ പ്രാർത്ഥിച്ചു:

ലീന. അവൾ പിന്നെ കലപില വർത്തമാനം പറയാൻ തുടങ്ങുന്നു. എന്നെയവൾ ഏതെല്ലാമോ വഴികളിലൂടെ നടത്തുന്നു. ഏതെങ്കിലുമൊരു തിരിവിൽ, മുൾക്കാടുകൾ കരികിൽ വച്ച് അവൾ ചോദിച്ചേന്നിരിക്കും:

"നീയെന്നെ സ്നേഹിക്കുന്നുണ്ടോ ?"

മുൾമുനകളിൽ കുരുങ്ങിനിന്നുകൊണ്ട് ഞാൻ പറയും:

"ഉവ്വ്"

"എന്താണു തെളിവ് ?"

"ഈ ഞാൻ തന്നെ"

എനിക്കറിയാം ഞാൻ എന്നെത്തന്നെ സാക്ഷ്യമായി നൽകുന്നതിലൂടെ അറിഞ്ഞുകൊണ്ട് ഞങ്ങൾക്കിടയിൽ നിശ്ശബ്ദതയുടെ ഒരു വിത്ത് നടുകയാണെന്ന്. നോക്കിയിരിക്കുമ്പോൾ വിത്ത് കിളിർത്തെന്നിരിക്കും. വളർന്ന് വലിയൊരു മരമാകും. ഇടയ്ക്കെപ്പോഴോ ഒരു കിളി പറന്ന് വന്ന് മരത്തിലിരുന്ന് എന്നോട് ചോദിക്കും:

"നീ കാഫ്കയെ വായിച്ചിട്ടില്ലേ ? ഹെമിംഗ്‌വേയെ വായിച്ചിട്ടില്ലേ ? പിന്നെ വിവശനാകുന്നതെന്തിന് ?"

"ഇല്ല." ഞാൻ പറയും: "ഞാനൊരു ഭൗതികശാസ്ത്ര വിദ്യാർത്ഥിയാണ്. ഇലക്ട്രോണിക്സിലെ നോർട്ടൺസ് തിയറം എനിക്കു കാണാപാഠമാണ്. പക്ഷെ അതുകൊണ്ട് കാര്യമില്ല. എന്നെ പീഢിപ്പിക്കുന്നത് കുട്ടൂസന്റെ ആഭിചാര മന്ത്രങ്ങളല്ല. ഡാകിനിയുടെ നഗ്നതയാണ്....."

മുഴങ്ങുന്ന ഒരു ചിരിയിലൂടെ ഞങ്ങളെ ചൂഴ്ന്ന് നിന്ന നിശ്ശബ്ദതയ്ക്ക് ലീന തീവെയ്ക്കുന്നു.

മഹാഗണി മരങ്ങളുടെ ഇലച്ചാർത്തുകൾക്കിടയിലൂടെ ദൂരെ സെമിനാരിയിലെ കുരിശ് തെളിഞ്ഞുകാണാം. കുറേ പക്ഷികൾ സെമിനാരിയിലേക്ക് പറന്ന് പോകുന്നു.

"ഇന്ന് റെയിൽവേ സ്റ്റേഷനിൽ പോയിരിയ്ക്കുന്നില്ലേ ?"

ഇടയ്ക്ക് വാച്ചിൽ നോക്കിക്കൊണ്ട്, എന്റെ പതിവുകൾ ഓർത്തുകൊണ്ട് ലീന ചോദിക്കും.

പക്ഷികൾ കടന്നു പോയല്ലോ എന്നോർത്ത് ഞാൻ പറയും:

"എന്റെ വാച്ച് അഞ്ച് മിനിട്ട് ഫാസ്റ്റാണ്."

അപ്പോൾ ലീന മട്ടുപ്പിന്റെ ഏറ്റവും പുതിയ ഫാഷനിലുള്ള ഹെയർപിന്നെടുത്ത് മുടിയിഴകൾ ഒതുക്കിക്കുത്തുന്നു. എന്റെ ആകാശത്തിന് നീലനിറം വീണുകിട്ടുന്നു. നോക്കിനോക്കിയിരിക്കുമ്പോൾ സെമിനാരിയിലേക്ക് കുറേ പക്ഷികൾ കൂടി പറന്നു ചെല്ലുന്നു. ക്രൂശിതന്റെ മുഖത്ത് കാഷ്ഠിക്കാൻ.......

ഞാനിപ്പോൾ ലീനയെ ഓർക്കുന്നു. ലീനയെ ഓർക്കാൻ സുഖമുണ്ട്.

ബാറ്ററി തീർന്നതിനാലാവാം എന്റെ വാച്ച് ചത്തിരിക്കുന്നു.

<u>മൂന്ന്</u>

ഞാനൊരിക്കൽ ലാബിൽ ഊഴമനുസരിച്ച് സ്പെക്ട്രോമീറ്റർ ഗ്രേറ്റിംഗ് മിനിമം ഡീവിയേഷൻ എക്സ്പിരി മെന്റ് ചെയ്യാൻ തുടങ്ങുമ്പോൾ ജനലരുകിൽ വന്ന് ഒരു കാക്ക എന്നെ വിളിച്ചു. ഞാൻ എഴുന്നേറ്റ് ജനലിനരികിലേക്ക് ചെന്നു. ജനലിനിരുപുറവുമായി നിന്ന് ഞങ്ങൾ പരിചയപ്പെട്ടു. ഞാൻ ഒരു നിമിഷം എന്ന് ആംഗ്യം കാട്ടി വീണ്ടും സ്പെക്ട്രോമീറ്ററിന് അരികിലേക്ക് വന്ന് എക്സ്പിരിമെന്റ് ചെയ്യാൻ തുടങ്ങി. കാക്ക ജനലരുകിൽ തന്നെയിരുന്ന് ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നു.

പിന്നെ, ഞാൻ പ്രിസം ടേബിൾ ഉറപ്പിച്ചുകൊണ്ടിരുന്നപ്പോൾ കാക്ക ചോദിച്ചു:

"നീയൊരു കഥയെഴുത്തുകാരനാണോ ?"

ഞാൻ : "അതെന്താ അങ്ങനെ ചോദിച്ചത് ?"

കാക്ക : "കഥയെഴുത്തുകാരെല്ലാം വലിയ സന്ദേഹികളാണ്."

ഞാൻ : "എനിക്ക് മനസ്സിലായില്ല."

കാക്ക : സന്ദേഹികളായതുകൊണ്ട് തന്നെ അവർ എപ്പോഴും അശാന്തിയിലായിരിക്കും. ഇതേ അശാന്തിയിൽ അവർ കടങ്കഥയിലൂടെ സംസാരിക്കും. ആർക്കുമത് മനസ്സിലാവുകയില്ല. എന്താ നീയങ്ങനെയാണോ ?

ഞാൻ : "ഏയ് അല്ല."

പിന്നെ ഞാൻ തിരിഞ്ഞ് ടെലസ്കോപ്പലൂടെ നോക്കി - സോഡിയം ലാംബിന്റെ അനുഗ്രഹത്താൽ എനിക്കൊരു മഴവില്ല് തെളിഞ്ഞുകാണായി

ജനലഴികളിൽ ചിറക് തല്ലിക്കൊണ്ട് കാക്ക ചോദിച്ചു:

"നീയിപ്പോൾ എന്താണ് കാണുന്നത് ?"

ടെലസ്കോപ്പിൽ നിന്ന് കണ്ണെടുത്ത് കാക്കയെ നോക്കിക്കൊണ്ട് ഞാൻ പറഞ്ഞു. "സെക്ട്രം."

കാക്ക : "ഒന്നുകൂടി നോക്കൂ."

വീണ്ടും ഒന്നു നോക്കിയ എന്റെ തൊണ്ടയിൽ ഒരു നിലവിളി തടഞ്ഞു നിന്നു. എനിക്ക് ഒന്നും മിണ്ടാനായില്ല.

കാക്ക : "നീയിപ്പോൾ എന്താണ് കാണുന്നത് ?"

ഞാൻ വിറച്ചുകൊണ്ട് കരച്ചിൽ പോലെ പറഞ്ഞു.

"ആൾക്കൂട്ടം."

കാക്ക: "ആൾക്കൂട്ടമോ? എന്തിന്റെ? ഉത്സവത്തിന്റേതാണോ ?"

ഞാൻ : "അല്ല."

കാക്ക : "പിന്നെ ?"

ഞാൻ : "ഈ ആൾക്കൂട്ടം ഉത്സവത്തിന്റേതല്ല. ഇതൊരു ശവഘോഷ യാത്രയാണ്."

പൊടുന്നനെ കറണ്ട് പോയി. സോഡിയം ലാമ്പ് അണഞ്ഞു. ഞാൻ ഇരുട്ടിലായി.

> ഇലക്ട്രോണിക്സിലെ നോർട്ടൺസ് തിയറം എനിക്കു കാണാപാഠമാണ്. പക്ഷെ അതുകൊണ്ട് കാര്യമില്ല. എന്നെ പീഢിപ്പിക്കുന്നത് കുട്ടുസന്റെ ആഭിചാര മന്ത്രങ്ങളല്ല. ഡാകിനിയുടെ നഗ്നതയാണ്....."

## നാല്

ഞാനിപ്പോൾ ഒരു സ്വപ്നം ഓർക്കുന്നു.

സ്വപ്നം : നദി

നദി പിടിച്ച കണ്ണാടിയിലേക്ക് കൈനീട്ടിയ മരം.

മരത്തിൽ ഒരു കാക്ക.

നദിക്കരയിൽ അവസാനിക്കുന്ന ഒറ്റയിടിപ്പാത.

ഒറ്റയടിപാതയിലൂടെ 'എ' എന്ന കഥയെഴുത്തുകാരൻ നടന്നു വന്നു. അയാൾ നദിക്കരയിലെ പാറമേലിരുന്ന് ഒരു കഥ പറഞ്ഞു. കഥ കേട്ടുകഴിഞ്ഞതും കാക്കയ്ക്ക് സഹിക്കാനായില്ല. കാക്ക അലറി.

"യുക്തിയും ഭാഷയും ഇതുപോലെ ചതച്ചുകളഞ്ഞ ഒരു കഥ സാധാരണക്കാരൻ ഇഷ്ടപ്പെടുമെന്ന് നിനക്ക് തോന്നുന്നുണ്ടോ ?"

'എ' പതുക്കെ എഴുന്നേറ്റു. നദിയിൽനിന്ന് ഒരു കുടന്ന വെള്ളം കോരി മുഖം കഴുകി. പിന്നെ ഒരു വിശദീകരണത്തിനായി വായ് തുറന്നതും....... നദിയിലൂടെ........

അയാൾ കണ്ടു.

നദിയിൽ ഒരു പച്ചില ഒഴുകി വരുന്നു. ഓളങ്ങളികി ഇലയുടെ ചുളിവുകൾ നിവർന്നപ്പോൾ 'എ' എന്ന കഥയെഴുത്തുകാരൻ വ്യക്തമായും കണ്ടു -

പച്ചിലയ്ക്കുള്ളിൽ കിളിർക്കാൻ വിതുമ്പുന്ന ഒരു വിത്ത്.

സ്വപ്നം അങ്ങനെ അവസാനിച്ചു. എന്നിട്ടോ......

സ്വപ്നത്തിൽ നിന്ന് ഞെട്ടിയുണർന്നപ്പോൾ എന്റെ കൈതട്ടി മഷിക്കുപ്പി പ്രാക്ടിക്കൽ റെക്കോർഡിലേക്ക് മറിഞ്ഞു. ആ പേജൊരു നിലത്തടാകമായി. എക്സ്പെരിമെന്റ് വാല്യൂസ് പരൽ മീനുകളായി.

ഞാൻ തടാകത്തിലേക്ക് സൂക്ഷിച്ചുനോക്കി.

കുമ്പിളിൽ കിളിർക്കാൻ വെമ്പുന്ന വിത്തുമായി ഒരു പച്ചില തെളിഞ്ഞു വരുന്നുണ്ടോ ?

## അഞ്ച്

മഴപെയ്തൊരു വൈകുന്നേരം ബാങ്ക്ജംഗ്ഷനിൽ ബസ്സിറങ്ങി സ്റ്റാൻഡിലേക്ക് നടക്കുന്നതിനിടയിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിനു മുന്നിൽ വെച്ച് വിഷ്ണു ശർമ്മയെ കളഞ്ഞുകിട്ടി. വിഷ്ണുശർമ്മയെന്നു കേൾക്കു മ്പോൾ പേടിക്കേണ്ടതില്ല. നമ്മുടെ പഴയ പഞ്ചതന്ത്രം വിഷ്ണു ശർമ്മയാണ്.

എത്തും കയറി നിൽക്കാൻ മെനക്കെടാതെ ചാറ്റൽ മഴയിലൂടെ ഓരോന്ന് പറഞ്ഞും, ചിരിച്ചും ഞങ്ങൾ സ്റ്റാൻഡിൽ ചെന്നു നിന്നു.

തുവാലകൊണ്ട് തലതുവർത്തുന്നതിനടയിൽ ഞാൻ ചോദിച്ചു:

"സെനർ ഡയോഡ് ഘടിപ്പിച്ച ബോക്സിനു മുകളിലൂടെ ഒരു വി-ഐ ഗ്രാഫ് പോലെ വരിവെച്ചു നീങ്ങിയ ഉറുമ്പുകളുടെ കഥ കേട്ടിട്ടുണ്ടോ ?"

വിഷ്ണുശർമ്മ - അതെന്തു കഥയാണ് ?

അപ്പോൾ ഞാൻ, മനോജ് എന്ന ഭൗതിക ശാസ്ത്ര വിദ്യാർത്ഥി ഒരു കഥ പറഞ്ഞു.

നാടകം

ജെ. ബിന്ദുരാജ്
രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദം

# ഗാന്ധിബലി



## അറിയിപ്പ്

*ഇത് ശവം വിൽക്കുന്ന തെരുവ്. ശവമെന്നു പറഞ്ഞാൽ തെറ്റിദ്ധരിക്കരുത് - അതായത്, നിരുപദ്രവകാരികളായ ആടിന്റേയോ, മാടിന്റേയോ ശവമല്ല ഇവിടെ വിൽക്കുന്നത്. ഇവിടെ അറുത്ത് മുറിച്ച് വിൽക്കുന്നത് സാക്ഷാൽ മനുഷ്യമാംസം. അതാ ആ കാണുന്നതാ തെരുവ്. എന്ത് തിരക്ക് ..... അല്ലേ ! അല്ല..... ഇത്ര തിരക്ക് പതിവില്ലല്ലോ... ഇന്ന് എന്തോ വിശേഷമുണ്ടെന്ന് തോന്നുന്നു..... ഓ ഞാനോർത്തില്ല ഇന്ന് മനുഷ്യാവകാശസംരക്ഷണദിനമാണ്. മനുഷ്യമാംസക്കറിയാണ് സദ്യയിൽ പ്രധാന വിഭവം. മാംസവിൽപനയ്ക്കായി സർക്കാർ വക ചന്തകളുണ്ടെങ്കിലും അവിടെ തിരക്ക് കുറ വാണ്. അവിടെ കിട്ടുന്ന മാംസം എയ്ഡ്സ് രോഗികളു ടേതാണെന്ന പ്രതിപക്ഷത്തിന്റെ ആരോപണം രണ്ടുനാൾ മുൻപ് പത്രത്തിൽ വന്നതാവാം കാരണം.*

*ഞാൻ പറയുന്നതെല്ലാം ശുദ്ധനുണയാണെന്നു കരുതി പ്രേക്ഷകർ പൊട്ടിച്ചിരിക്കുകയാവും അല്ലേ ! ചിരിക്കരുത്..... ഞാൻ നിങ്ങളെ അവിടേക്ക് തന്നെയാണ് കൂട്ടിക്കൊണ്ടു പോകുന്നത്. ആധുനിക യുഗപിറവിക്കുശേഷം ഇത്തരമൊരു തെരുവ് സ്വപ്നം കാണാനാവില്ലെന്ന് എന്നോടു പറഞ്ഞ എന്റെ സുഹൃത്തുക്കളേ..... നിങ്ങൾക്കും തെറ്റുപറ്റി... വരൂ..... ആ മനുഷ്യനെ നമുക്കൊന്നും പരിചയപ്പെടാം - അയാൾ മനുഷ്യമാംസത്തിന്റെ മൊത്തക്കച്ചവടക്കാരനാണ്.*

### കർട്ടൻ

ഒരു മനുഷ്യന്റെ മരണവേദനയിൽ കുടുങ്ങിയ നിലവിളിയുടെ മൂർദ്ധന്യാവസ്ഥയിൽ വേണം കർട്ടൻ ഉയരേണ്ടത്.

### രംഗം 1

വേദിയിൽ ഒരു ഇറച്ചിക്കട. ഒരു മനുഷ്യനെ അവിടെ കഴുത്തിൽ കുരുക്കിട്ട് നാലുപേർ ചേർന്ന് മൃഗീയമായി കൊല പ്പെടുത്താനുള്ള ഒരുക്കത്തിലാണ്. വേദനയോടെ പുളയുന്ന മനുഷ്യന്റെ മുഖത്ത് കൃത്രിമമല്ലാത്ത മരണവെപ്രാളവും ഭയവും ആവിഷ്ക്കരിച്ചിരിക്കണം. പശ്ചാത്തലസംഗീതത്തിൽ കിതപ്പും ചെണ്ടമേളവും ഇടവിട്ട് കൂട്ടിക്കലർത്തണം. അവൻ കൊല്ലപ്പെടുന്നതോടെ എല്ലാം ശാന്തമാകുന്നു. നാലു പേർ ചേർന്ന് അവനെ താങ്ങിയെടുത്ത് ഇറച്ചിക്കടയിലെത്തിക്കണം. അവനെ മുറിച്ച് വിൽക്കാനാരംഭിക്കുമ്പോൾ സംഭാഷണം ആരംഭിക്കണം.

വേദിയിലേക്ക് പുരോഗമന വാദിയായ ഒരു ഉപഭോക്താവ് (വേഷം കണ്ണട, തുണിസഞ്ചി, ഖദർജുബ്ബ, മുണ്ട്. പ്രായം മുപ്പതിനടുത്ത്) കടന്നുവരുന്നു. മുറിച്ചുവെച്ചിരിക്കുന്ന ഇറച്ചി കഷണങ്ങളിലേക്ക് നോക്കിക്കൊണ്ട് സംസാരിക്കാനാരംഭിക്കുന്നു.

ഉപഭോക്താവ് - "എന്താ വില ?"

വിൽപനക്കാരൻ - (അത് ശ്രദ്ധിക്കാത്ത മട്ടിൽ ഇറച്ചി മുറിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചു കൊണ്ട്) "നല്ല കൊഴുത്തതാണ്. മജ്ജയും മാംസവും വേണ്ടുവോളമുണ്ട്. മസാലയിൽ പൊരിക്കാൻ ബെസ്റ്റ്." (പരസ്യവാചകം പറയും പോലെ പറയുന്നു.) "ഗുണനിലവാരം നോക്കിയാൽ വില അധികമേ അല്ല."

ഉപഭോക്താവ് - "എന്താണാവോ ഇവനെ മുറിക്കാൻ കാരണം ? വല്ല എയ്ഡ്സോ മറ്റോ ഉണ്ടായിരുന്നോ എന്തോ" (വിരൽ ചൂണ്ടിക്കൊണ്ട്) "താൻ വല്ല നുണയും പറഞ്ഞ് ഞങ്ങളെ മാറാരോഗങ്ങളിൽ കുരുക്കരുത്."

വിൽപനക്കാരൻ - "മാഷേ ഇതൊരു ആൻറിബയോട്ടിക് ബോഡിയാണ് മരിക്കുന്നതിന് മുൻപുള്ള മെഡിക്കൽ റിപ്പോർട്ടിൽ No Aids, No Gonorehea, No Syphilis മടിക്കുന്നതെന്തിന് സാർ..... എക്സ്പോർട്ട് ക്വാളിറ്റി, ഐ.എസ്.ഐ മാർക്ക്. നല്ല ബെസ്റ്റ് സാധനം !"

ഉപഭോക്താവ് - (സംശയത്തോടെ) "പിന്നെ എന്തിനവനെ സർക്കാർ അറവുശാലയിലേക്കയച്ചു ? അവർക്ക് അവനെ സർക്കാരിൻെറ രക്ഷകനാക്കാമായിരുന്നല്ലോ ? സർക്കാരിൻെറ സേവകൻ........ അഴിമതിയുടെ കുഴലൂത്തുകാരൻ എന്താ ?"

വിൽപനക്കാരൻ - (പരിഹാസപൂർവ്വം) "ഹോ അവനൊരു ബുദ്ധിജീവിയായിരുന്നു. അവൻ നോവലുകളെഴുതി, പ്രസംഗങ്ങൾ നടത്തി...... സർക്കാരിനേയും മതത്തേയും കരിവാരിത്തേക്കാൻ ശ്രമിച്ചു. വിഡ്ഢി! കഞ്ഞി കുടിക്കാൻ വക കിട്ടുന്നിടത്ത് പേന പിടിക്കാൻ ശ്രമിച്ചു." (നിർത്തി) "പിന്നെ ബാക്കി കഥ പറയണോ."

ഉപഭോക്താവ് - "അവൻെറ അച്ഛനമ്മമാർ ?"

വിൽപനക്കാരൻ - (ഉപഭോക്താവിൻെറ നേരെ രൂക്ഷമായി നോക്കുന്നു. വാച്ചിലേക്ക് നോക്കി അക്ഷമ പ്രകടിപ്പിച്ചുകൊണ്ട്) "നിങ്ങൾ അറിയേണ്ടതിലധികം ഇതിനകം അറിഞ്ഞിരിക്കുന്നു.. അധികം അറിയാൻ ശ്രമിച്ചാൽ നാളെ നിങ്ങളും ഇവിടെ ഒരു മാംസക്കഷണമായിത്തീരും. എന്നറിഞ്ഞു കൂടായിരിക്കും അല്ലേ? അപ്പം തിന്നാൽ പോരെ കുഴിയെണ്ണുന്നതിനെന്തിന്. ?"

ഉപഭോക്താവ് - "അല്ല. പിന്നെ ഇവൻെറ മാസം ഭക്ഷിച്ചാൽ എനിക്കും ബുദ്ധി കൂടുമോ, ഇതുപോലെ കഷണമാകുമോ എന്നൊക്കെ സംശയം, ഭയം !"

വിൽപനക്കാരൻ - (സൗമ്യമായി ചിരിച്ചുകൊണ്ട്) "നിങ്ങൾ പറയുന്നതിലും കാര്യമുണ്ട്. മനസ്സുമടുക്കാതെ ഭക്ഷിക്കണമെങ്കിൽ വിവരങ്ങൾ അറിഞ്ഞിരിക്കണമല്ലോ......"

"അച്ഛൻ ഒരു പ്രൊഫസർ... അതി പ്രശസ്തൻ. പക്ഷെ സർക്കാരിൻെറ കുഴലൂത്തുകാരനായിരുന്നു. അമ്മയാവട്ടെ ആഢ്യതയുടെ പര്യായവും, മകൻ തലതിരിഞ്ഞതാണത്ഭുതം വിധിക്ക് താൽപര്യം മരിക്കുന്നതായിരുന്നുവെന്ന് കരുതിയാൽ മതി."

ഉപഭോക്താവ് - (അൽപം ഭാവപകർച്ച പ്രകടമാക്കി തുടങ്ങുന്നു. നിസ്സാരഭാവം വെടിഞ്ഞ് ചിന്തിച്ചുകൊണ്ട് വേണം സംസാരിക്കേണ്ടത്.)

"അപ്പോൾ ബുദ്ധികൂടിയതാണിവൻെറ കുഴപ്പം അല്ലേ ?"

വിൽപനക്കാരൻ - "ബുദ്ധികൂടുന്നതാണല്ലോ എവിടേയും പ്രശ്നം സൃഷ്ടിക്കും, നസ്റീനും ഒക്കെ സംഭവിച്ച വലിയ തെറ്റ്.....അത് ഇവനും സംഭവിച്ചിരിക്കുന്നു."

ഉപഭോക്താവ് - "സത്യം എങ്ങും അപരാധമായി തീർന്നു.....ല്ലേ ?"

വിൽപനക്കാരൻ - (ക്ഷമകെട്ട്) "ഹേ, മിസ്റ്റർ, നിങ്ങളുമായി കിന്നാരം പറഞ്ഞിരുന്നാൽ ഇതെല്ലാം ചീഞ്ഞ് പോവുകയേ ഉള്ളൂ. വേണ്ടതെന്തെന്ന് പറഞ്ഞാൽ തൂക്കിത്തരാം."

(വിൽപനക്കാരൻ മാംസം കത്തിയെടുത്ത് മുറിക്കുമ്പോൾ വേദിയിൽ ചെണ്ടമേളം മെല്ലെ ഉച്ചാവസ്ഥയിലാകുമ്പോൾ ഉപഭോക്താവ് വിറച്ച് കൊണ്ട് വെളിച്ചപ്പാട് കണക്കെ തുള്ളിയുറയുന്നു.)

ഉപഭോക്താവ് - (ഭാവം പകർന്ന്) "മുറിക്കപ്പെട്ട ഗാന്ധിയൻ വാദങ്ങളിലൂടെ ഹിംസയുടെ തേരോട്ടം. വാ തുറക്കുന്നവൻെറ ശബ്ദം നിലവിളിയായി നമ്മെ നടുക്കുന്നു. സത്യം പറയുന്നവൻെറ നെഞ്ചിൽ അസ്ത്രമുതിർത്തവർ അട്ടഹസിക്കുന്നു.. എങ്ങും വിലക്കുകൾ, വിലങ്ങുകൾ നിശ്ശബ്ദമെന്നോ!"

(ഉപഭോക്താവിൽ ഭാവപകർച്ച കണ്ട് അമ്പരക്കുന്ന വിൽപ്പനക്കാരനിൽ സംഭ്രമം നിഴലിക്കുന്നു. ഉപഭോക്താവ് വേദിയിൽ നിന്നും ഓടിമറയുന്നതോടെ വിൽപനക്കാരൻ ആശ്വാസത്തോടെ ആത്മഗതം ചെയ്യുന്നു.)

വിൽപനക്കാരൻ - "നാശങ്ങളി രാവിലെ എത്തും കുറേ അലവലാതികൾ...... മനുഷ്യസ്നേഹികളത്രെ...... സ്വയമൊട്ട് തിന്നുകയുമില്ല. മറ്റുള്ളവരെക്കൊണ്ട് തീറ്റിക്കുകയുമില്ല. എരപ്പാളി!"

(അയാൾ പോയതിനു ശേഷം പലരും വേഗത്തിൽ ഇറച്ചി വാങ്ങിപോകുന്നു. എല്ലാവർക്കും പ്രകടമായ ധൃതി. ഇറച്ചി മുറിക്കൽ വളരെ വേഗത്തിൽ, ഹാസ്യാത്മകതയോടെ ചെണ്ടമേളത്തിൻെറ പശ്ചാത്തലത്തിൽ തുടരുമ്പോൾ യവനിക താഴുന്നു.)

## കർട്ടൻ

രണ്ടാമത്തെ രംഗത്തിനായി കർട്ടൻ ഉയരേണ്ടത് മുദ്രാവാക്യങ്ങളുടെ മുഴക്കലിലായിരിക്കണം. സർക്കാർ രാജി വെയ്ക്കുക എന്ന മുദ്രാവാക്യം മറ്റ് മുദ്രാവാക്യങ്ങളിൽ നിന്നും ഭിന്നമായി കേൾക്കണം.

## രംഗം 2

വേദിയിൽ തുണി ഉപയോഗിച്ചു നിർമ്മിച്ച ഒരു മതിൽ. അതിനു പുറകിൽഖാദിവസ്ത്രത്തിൽ പൊതിഞ്ഞ കൈകൾ ഉയരുന്നത് കാണാം. അത് ഒരു ജാഥയായി പരിണമിക്കുന്നു. ഖാദി ധരിച്ച കൈകളിൽ പ്ലക്കാർഡുകളിൽ എഴുതേണ്ടവ - മനുഷ്യമാംസം വിലകുറയ്ക്കുക, മനുഷ്യമാംസം മഹനീയ മാംസം, സർക്കാർ രാജി വെയ്ക്കുക. വേദിയിലേക്ക് പുറം തിരിഞ്ഞ് നിൽക്കുന്ന നേതാവിൻെറ രൂപം. നേതാവ് പ്രസംഗം ആരംഭിക്കുന്നു. ഒരു രാഷ്ട്രീയ നേതാവിൻെറ പൊള്ളയായ

തീപ്പൊരി പ്രസംഗം പോലെ തോന്നുമാറ് കൈകളിൽ ആംഗ്യങ്ങളുടെ ചലനവും, നാവിൻെറ അട്ടഹാസത്തിൽ പ്രതിധ്വനിയും വേണം.

നേതാവ് -"1947, 1962, 1971, 1980, സോമാലിയ, കാശ്മീർ, ഇറാക്ക്, കുവൈറ്റ് ഇവയൊന്നുമല്ല നമ്മുടെ പ്രശ്നം. രണ്ടു രൂപയ്ക്ക് മനുഷ്യമാംസവിതരണം സാധ്യമാക്കുമെന്ന് പ്രഖ്യാപിച്ച് കൊണ്ടാണ് ഈ സർക്കാർ അധികാരത്തി ലേറിയത്. ഈ മോഹനവാഗ്ദാനത്തിൽ എത്രയോ വോട്ടർമാർ വഞ്ചിതരായിരിക്കുന്നു. ഭരണത്തിലേറി ആദ്യത്തെ ഒരാഴ്ച്ച കാലം മാത്രമാണ് ഈ സർക്കാർ മനുഷ്യമാംസം രണ്ടുരൂപ യ്ക്ക് വിതരണം ചെയ്തത്. രണ്ടുമാസം കഴിഞ്ഞില്ല, വെറും അഞ്ചു രൂപ മാത്ര മായിരുന്ന ഇറച്ചിക്ക് 12 രൂപ 50 പൈസ യായി. എത്ര ഘോരമായ വഞ്ചനയാണ് ഈ സർക്കാർ നടത്തി യിരിക്കുന്നത്. പോലീസുകാർ ക്രമസമാധാനം നിലനിർ ത്താനെന്ന വ്യാജേനെ കഴിഞ്ഞദിവസം വധിച്ച രണ്ടുപേരുടെ മാംസം എവിടെപ്പോയി? അതിനാൽ അഴിമതി ആരോപണ ങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സർക്കാർ രാജിവെച്ച് ഒഴിയണമെന്ന്..........."

(ശബ്ദം കുറഞ്ഞില്ലാതാകുമ്പോൾ വേദിയിലേക്ക് ഓടി വരുന്ന ഉപഭോക്താവ്. അയാൾ പ്ലക്കാർഡുകൾ നോക്കി വായി ക്കുന്നു- മുഖത്ത് പ്രകടമായ ഭയം)

ഉപഭോക്താവ് - "മനുഷ്യമാംസം മഹനീയ മാംസം

മനുഷ്യമാംസത്തിന് വില കുറയ്ക്കണം

സർക്കാർ രാജിവെയ്ക്കണം."

(തരിച്ചു നിൽക്കുന്ന ഉപഭോക്താവിൻെറ മുഖത്ത് ദയനീയത. അപ്പോൾ നേതാവിൻെറ പ്രസംഗം തുടർന്ന് കേൾക്കുന്നു.)

നേതാവ് - "സോമാലിയയിൽ നിന്നും ഇന്ത്യൻ സർക്കാർ കൊണ്ടുവന്ന രണ്ടായിരത്തി അഞ്ഞൂറ് ചെറുകുട്ടികളുടെ മാംസമെവിടെപ്പോയി?...... റഷ്യയിലും, ഗൾഫിലും ആഭ്യന്തര കലാപങ്ങൾ നടന്നപ്പോൾ നാം ശേഖരിച്ച മൂവായിരം ടൺ മാംസമെവിടെ പോയി?...... സർക്കാരിൻെറ അഴിമതി വെളിച്ചത്ത് കൊണ്ടുവരാൻ ഇതിലേറേ എന്തിന് വേറെ തെളിവ്. ഈ ക്രമക്കേടുകൾ അന്വേഷണത്തിലൂടെ കണ്ടെ ത്തിയ റിട്ട. ജഡ്ജിയുടെ മാംസം പോലും നമുക്ക് ലഭിച്ചില്ല. സർക്കാരിൻെറ ആസ്ഥാനത്തേക്ക് നമ്മുക്ക് മാർച്ച് ചെയ്യാം. പ്രധാനമന്ത്രിയുടെ പൊരിച്ച തുടകൾ തീൻമേശയെന്ന സിംഹാസനത്തിൽ വച്ചാരാധിക്കാം........"

*ഉപഭോക്താവ് - ഉറക്കെ വിളിച്ചു ചോദിക്കുന്നു. മജ്ജയും മാംസവും ഉള്ള ഐ.എം.എഫിൻെറ ഒരു ലക്ഷത്തി അൻപതിനായിരം കടമുള്ളവൻെറ ശവം..... ലോക ബാങ്കിൻെറ അടിമയുടെ ശവം..... അഭിമാനമുള്ള ആദർശ ധീരൻെറ ശവം.... മഹാത്മഗാന്ധിയുടെ നാട്ടിലെ പൗരൻെറ ശവം.... പുരോഗതിയുടെ ശവം. കിലോയ്ക്ക് മുപ്പത് രൂപ മാത്രം, മുപ്പത്, മുപ്പത്, വെറും മുപ്പത് വെള്ളിക്കാശുകൾ മാത്രം.*

(ഓർത്തുകൊണ്ട്) "നാളെത്തന്നെ വേണം മറ്റെന്നാൾ ഒക്ടോബർ രണ്ട് വെജിറ്റേറിയൻ ഗാന്ധിയുടെ ജനനം. അന്ന് അഹിംസാവ്രതം. മനുഷ്യരെ കൊന്നുകൂടന്ന് പരമ്പരാഗത നിയമം....... ഈവൃത്തികെട്ട നിയമങ്ങൾ നമ്മെ ഏറെ ബുദ്ധിമുട്ടിക്കുന്നു."

(വേദിയിൽ നിന്ന് നേതാവും കൂട്ടരും മുദ്രാവാക്യത്തിൻെറ ബലത്തിൽ മുഷ്ടി ചുരുട്ടി അന്തരീക്ഷത്തിലേക്ക് ഇടിച്ചുകൊ ണ്ട് നടന്ന് പോകുന്നു. അത് വരെ മിണ്ടാതെനിന്ന് പ്രസം ഗം ശ്രവിച്ച ഉപഭോക്താവ് രംഗത്ത് നിന്ന് ആത്മഗതം നട ത്തുന്നു.)

ഉപഭോക്താവ് - (ചുറ്റും നോക്കി കൊണ്ട്) "നമുക്കു വേണ്ടി നാം തീർത്ത വിലങ്ങുകൾ നമ്മെ ബുദ്ധിമുട്ടിക്കുന്നു." (പരിഹാസത്തോടെ) "ബുദ്ധിമുട്ട് നമുക്കെല്ലാം മുട്ടിനിൽക്കുന്നു." (ആ വേശത്തോടെ) "ഭാരതീയ യുവത്വത്തിൻെറ അനാഥപ്രേതം അതാ നടന്നുനീങ്ങുന്നു. അവിടെ രാഷ്ട്രീയ കാപാലികർ വിള വെടുക്കുന്നു. അവരുടെ ഉറഞ്ഞ മസ്തിഷ്കങ്ങളും പിറകോട്ട് ചലിക്കുന്ന കാലുകളും നമ്മുടെ മാംസത്തിനായ് ദാഹിക്കുന്നു."

(ഒരു പത്രവിൽപനക്കാരൻ വഴിയേ കടന്നുപോകുന്നു. ഉപഭോക്താവ് അയാളിൽ നിന്നുംപത്രം വാങ്ങുന്നു. ഒരു വാർത്ത തിരഞ്ഞുപിടിച്ച് ഉറക്കെ വായിക്കുന്നു.)

ഉപഭോക്താവ് - "മെഡിക്കൽ കോളേജിൽ പഠനത്തിനായി കൊണ്ടുവന്ന ശവം വിദ്യാർത്ഥികൾ കീറിമുറിച്ച് ഭക്ഷിച്ചു. (പൊട്ടിച്ചിരിച്ചുകൊണ്ട്) രക്ഷകൻ ശിക്ഷകനാക്കപ്പെടുന്ന പുതി യ ന്യായം...... സ്വാശ്രയ സന്തതികളെ നിങ്ങൾക്ക് സ്തുതി!"

(അടുത്ത വാർത്ത വായിക്കുന്നു.)

ഉപഭോക്താവ് - "മാംസത്തിൽ നിന്ന് മദ്യവും, വിഷവുമു ണ്ടാക്കാൻ പുതിയ സങ്കേതിക വിദ്യ തേടി പ്രതിനിധിസംഘം വിദേശത്തേക്ക്."

(ആത്മഗതം)

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും

ചോരതന്നെ കൊതുകിനു കൗതുകം!"

സാങ്കേതിക പുരോഗതി കൈവരിച്ച തത്വശാസ്ത്രമേ........ നിൻെറ തത്വശാസ്ത്രങ്ങൾക്കും സ്തുതി.

കർട്ടൻ

മൂന്നാമത്തെ രംഗത്തിനായി കർട്ടൻ ഉയരുമ്പോൾ വേദിയിൽ ശബ്ദ കോലാഹലം സൃഷ്ടിക്കണം. ആരെയോ ഓടിച്ചിടുന്ന പോലുള്ള ശബ്ദങ്ങളാവണം കേൾക്കേണ്ടത്.

## രംഗം 3

(വേദിയിൽ നിൽക്കുന്ന ഉപഭോക്താവ്. ആരെയോ ഭയപ്പെട്ട് പിറകോട്ടുനോക്കി ഓടിയെത്തുന്ന ഒരു മദ്ധ്യവയസ്ക്കൻ. ആരോ അയാളെ പിൻതുടരുണ്ടെന്ന് സൂചിപ്പിക്കുന്ന കോലാഹലങ്ങൾ)

മദ്ധ്യവയസ്ക്കൻ - (ഉപഭോക്താവിനോട് കൈകൾ കൂപ്പി)

എന്നെ രക്ഷിക്കണം സാർ.......അവർ........ അവർ എന്റെ പിറകെയുണ്ട്.

ഉപഭോക്താവ് - ആര് ?

മദ്ധ്യവയസ്ക്കൻ - അവർ....... (അണച്ചുകൊണ്ട്) ഐ.എം.എഫിന്റെയും ലോകബാങ്കിന്റെയും പ്രതിനിധികൾ. (ശ്വാസതടസം ഭാവിച്ച്) എന്റെ ഭാര്യ മരിച്ചു. അവൾക്കുമേൽ ഒരുലക്ഷത്തി അൻപതിനായിരം രൂപയുടെ കടമുണ്ടത്രെ...... ഞാൻ അത് കൊടുക്കണമത്രേ.. (വെപ്രാളത്തിൽ) അവർ എന്റെ വൃക്കയും, ഹൃദയവുമെടുക്കാൻ വരികയാണ്. നാളെ...... (ഭയത്തോടെ) അവരുടെ തീൻമേശമേൽ എന്റെ തുടകൾ പൊരിച്ചു വച്ചിട്ടുണ്ടാവും. (അണയ്ക്കുന്നു.)

ഉപഭോക്താവ് - (നിസ്സംഗനായി ചിരിച്ചുകൊണ്ട്) അപ്പോൾ നിങ്ങളെ ഇന്നവർ ഭക്ഷിക്കും.... ല്ലേ ? ചിന്തിക്കുന്നു. മെക്സിക്കോയിൽ നടന്നതും, ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നതുമായ ഒരു കേവല പ്രതിഭാസം...... ല്ലേ ?

മദ്ധ്യവയസ്ക്കൻ - നിങ്ങൾ എത്ര ക്രൂരമായി സംസാരിക്കുന്നു. നിങ്ങൾക്ക് .......നിങ്ങൾക്ക് ഹൃദയമെന്നൊന്നില്ലേ ?

(ഉപഭോക്താവ് അയാളുടെ ചോദ്യം കേട്ട് അയാളെ തുറപ്പിച്ചുനോക്കുന്നു. പിന്നെ പൊട്ടിചിരിക്കുന്നു. പൊട്ടിച്ചിരി ഒരു പൊട്ടിക്കരച്ചിലായി രൂപാന്തരപ്പെടുന്നു. മദ്ധ്യവയസ്ക്കൻ അമ്പരന്നു നോക്കുന്നു.)

ഉപഭോക്താവ്- (ചിരിക്കാൻ ശ്രമിച്ചുകൊണ്ട് വിങ്ങിക്കരയുന്നു.) എന്റെ ഹൃദയം..... എന്റെ ഹൃദയം അത് ഞാൻ പണ്ടേ പൊരിച്ചു തിന്നു കഴിഞ്ഞു. മറ്റുള്ളവർ നാളെ എന്റെ ഹൃദയത്തിനായി എന്നെ കൊല്ലുമ്പോൾ ഞാൻ എല്ലാവരെയും കബളിപ്പിക്കും..... അവർക്കെന്റെ ഹൃദയം ഭക്ഷിക്കാൻ കഴിയില്ലല്ലോ..... അവരെല്ലാം വിഡ്ഢികൾ..... (ഗൗരവത്തിൽ) നിങ്ങളും വിഡ്ഢി..... ഇങ്ങനെ കിടന്ന് മോങ്ങതിനു പകരം നിങ്ങൾ നിങ്ങളുടെ ഹൃദയം പൊരിച്ചു ഭക്ഷിക്കാൻ നോക്ക്.

(മദ്ധ്യവയസ്ക്കനായ ആഗതൻ ആദ്യം അമ്പരന്നു. പിന്നെ അരയിൽ കരുതിയിരുന്ന കത്തിയെടുത്ത് നെഞ്ചിൽ കുത്തിയിറക്കുന്നു. ആഗതൻ അവിടെ മരിച്ചുവീഴുന്നു.)

ഉപഭോക്താവ് - (നിസ്സംഗനായി) അവൻ മരിച്ചു.... ആദർശ ധീരൻ.... തന്റെ ഹൃദയം മറ്റാർക്കും അടിയറവ് വയ്ക്കാൻ കഴിവില്ലാത്തവൻ.... പടുവിഡ്ഢി....

(ഉപഭോക്താവ് അവനെ കൈകളിൽ കോരിയെടുത്ത് (ശവം) നീക്കുന്നു. ഉപഭോക്താവിന്റെ കണ്ണുകളിൽ സംതൃപ്തി)

ഉപഭോക്താവ് - ഉറക്കെ വിളിച്ചു ചോദിക്കുന്നു. മജ്ജയും മാംസവും ഉള്ള ഐ.എം.എഫിന്റെ ഒരു ലക്ഷത്തി അൻപതിനായിരം കടമുള്ളവന്റെ ശവം..... ലോക ബാങ്കിന്റെ അടിമയുടെ ശവം..... അഭിമാനമുള്ള ആദർശ ധീരന്റെ ശവം.... മഹാത്മഗാന്ധിയുടെ നാട്ടിലെ പൗരന്റെ ശവം.... പുരോഗതിയുടെ ശവം. കിലോയ്ക്ക് മുപ്പത് രൂപ മാത്രം, മുപ്പത്, മുപ്പത്, വെറും മുപ്പത് വെള്ളിക്കാശുകൾ മാത്രം.

(ചെണ്ടമേളം മൂർദ്ധന്യാവസ്ഥയിൽ എത്തുമ്പോൾ ഉപഭോക്താവ് ശവവുമായി നടന്നു മറയുന്നു.)

## അറിയിപ്പ് :

പാരതന്ത്ര്യത്തിന്റെ പട്ടുമെത്തയിൽ, പ്രതികരണ ശേഷിയറ്റ് കിടക്കുന്ന പ്രേക്ഷകലക്ഷങ്ങൾക്ക് ഒരു ചോദ്യം.

നിങ്ങൾ മുപ്പത് വെള്ളിക്കാശിനായി ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദാസിനേക്കാൾ ഭീകരർ, സ്വന്തം അമ്മയെ വേശ്യത്തെരുവിൽ ലേലത്തിനു വെച്ചവർ, മുലപ്പാല് വിറ്റ് പണക്കൊഴുപ്പാർജ്ജിച്ചവർ, മാനുഷിക മൂല്യങ്ങൾ അഗ്നിയിൽ ഹോമിച്ചവർ, ഐ.എം.എഫ് നു മുൻപിൽ ഉടുതുണി പോലും പണയം വെച്ച് പന്തയം കളിച്ച ഭാരതാംബയുടെ പുത്രർ, നിങ്ങൾക്ക് ഒരു ചോദ്യം മാത്രം.....

ആരായിരുന്നു......... ആരായിരുന്നു മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന ഭാരതീയൻ............?

കർട്ടൻ


QUICK-MIX

**SPICESSAC INDIA**
SUITE NO. 11, 3RD FLOOR,
G.C.D.A COMMERCIAL COMPLEX,
MARINEDRIVE, ERNAKULAM
COCHIN - 682 031
**PH : 0484-364536 (Off.)**
**FAX : 91-484-364536, 844046**
**TELEX : 0885-6858 SDTO IN**

*Mfrs. & Exporters of "QUICK-MIX"*
*Spices and curry power*

കവിത

ഫാരിദിൻ എ.എസ്.
ഒന്നാം വർഷ ഇംഗ്ലീഷ് ബിരുദം.

# നിഴൽനാടകം



ആലുവായ്ക്കിനിയെത്ര ദൂരം നാം നടക്കണം
ആകവേ ചിരിച്ചും നിസ്സംഗതയൊളിപ്പിച്ചും
കൗതുകം സൂക്ഷിക്കുവോർ കവികൾ ചങ്ങാതിമാർ
കണ്ടതും കാണാത്തതും നമ്മൾക്കു വിശേഷങ്ങൾ.
നിറമായ്, ഗൃഹാതുര സൃഷ്ടിയായ് നെടുവീർപ്പായ്
വെയിലിൽ മാനം നോക്കിക്കിടക്കും മണപ്പുറം
നീ പൊടുന്നനേ ചിന്താധീനനായറിയാതെ
ജീവിതദുഃഖങ്ങളാൽ നമ്രശീർഷകനായ് ഞാനും
തോളോടുതോളും മുട്ടിനാമകലവേ,
വഴിയ്ക്കേതൊരാൾ, കുശലത്താൽ
നമ്മളെയുണർത്തുന്നു.
മരണം നമുക്കു നിസാരത, നിമിഷങ്ങൾ ഒടുങ്ങുന്നതും
പൊട്ടിച്ചിരിയാൽ വിതുമ്പലാൽ
പ്രേമവും വിഭക്തിയും ജീവിതമായിടുമ്പോൾ
ആരുടെ പരുക്കിലെ നൊമ്പരംപെരുക്കുമ്പോൾ
കാവ്യകാരൻമാർ ചിത്തഭ്രമമുള്ളവർ നമ്മൾ
ഏതൊരു സ്വൈരക്കേടിൻ തണലിൽ നടക്കുന്നു.
ആലുവാപ്പുഴ പല ദിക്കിലായ് പിരിയുന്നു.
നമ്മൾക്കും രണ്ടേ നിഴൽ, സമ്മതമില്ലെങ്കിലും.

Printrades

സ്ക്രീൻ പ്രിൻറിംഗിന് ആവശ്യമായ മഷികളും മറ്റു വസ്തുക്കളും. ഇല്ലസ്ട്രേഷൻ ബോർഡുകൾ, കവറുകൾ, ആർട്ട് മെറ്റീരിയൽസ് മുതലായവ മിതമായ നിരക്കിൽ ലഭിക്കുന്ന ആലുവായിലെ ഏകസ്ഥാപനം.

**Printrades**

Kodavath Complex, Sub-Jail Road,
Aluva - 1, Phone : 625583

കവിത

പി.കെ. റാസി
രണ്ടാംവർഷ മലയാള ബിരുദം

# മറുമൊഴിച്ചിന്ത്

*[വർഷങ്ങൾക്കു മുമ്പ് മൃത്യുവക്രത്തിലേക്ക് നടന്നകന്ന എൻെറ സുഹൃത്തിൻെറ സ്മരണക്ക്]*



പടിവാതിൽ തഴുതിട്ട ഞാനിനി
മെല്ലെ നടന്നിടട്ടെ.
അന്തിമയങ്ങും മുമ്പേ ഞാനെൻ
തീരമണഞ്ഞിടട്ടെ

തളർവാതം പൂണ്ടിവിടെശയിച്ചോ-
രെൻ കിനാക്കളിറുത്തു,
മൗനംവഴിയും നീർമിഴിനീരെൻ
കൈവിരലുകളാലൊപ്പി,

പടിവാതിൽ തഴുതിട്ടു ഞാനിനി
മെല്ലെ നടന്നിടട്ടെ.
"തിടുക്കമെന്തീ യാത്ര"യ്ക്കാരോ ചോദിപ്പൂ
പിൻവിളിയായ്

ഗദ്ഗദനാദച്ചിന്താലിഴയും
മറുമൊഴിയായ് ഞാൻ പാടാം.
വയ്യ, ശിരോലിഖിതങ്ങൾ പിഴച്ചെന്നാർത്തു
വിളിപ്പതുകേൾപ്പാൻ

പല്ലക്കേറി രമിക്കുന്നവരെ തോളിൽ
താങ്ങി നടക്കാൻ.
പുത്തരി വേവും ഗന്ധം മണത്തു
മൂണ്ടു മുറുക്കിയുടുക്കാൻ

പകുത്ത നാടിൻ വ്രണിതചരിത്രം
കേട്ടെൻ കരളു പിളർക്കാൻ
വർഗ്ഗവിഷത്തിൻ വിത്തു ഞരമ്പിൽ
പാകിത്തേവിനനയ്ക്കും

വെള്ളയുടുപ്പാം വേശ്യത്തരുണി
ചാരിത്ര്യകഥ കേൾപ്പാൻ
കന്നിപ്പെണ്ണിനെ ഇക്കിളികൂട്ടി
കാമമുണർത്തിരസിക്കും

ഭ്രാന്തയുവത്വ കുടിലതകൾ കണ്ടെൻ
മിഴി കൂട്ടിയടയ്ക്കാൻ
ബധിരാന്ധമൂകരോതും വഴിയിലെ-
യർത്ഥാന്തരത്തിലുഴറാൻ

പാതിയുറക്കിലെ പാഴ്വാക്കാം-നവ
കാവ്യാംഗനയെ സഹിക്കാൻ.
"എന്തു നിശേഷിപ്പിച്ചു മന്നിതി-
ലിന്നാൾക്കകമായെന്നോ"?

തലയണയടിയിൽ ഊറിയടിഞ്ഞോ-
രെൻ മിഴിനീർ തടാകം
മുറിയിതളുകളായ് ചിതറിയ ചിന്തക-
ളടയും മേശവലിപ്പിൽ

ചിതലുപുണർന്നോരോലച്ചീന്തും
നാവു പതിഞ്ഞൊരു നാരായം
കരളുപിളർന്നു പിടയ്ക്കും തുഞ്ച-
ക്കിളിമൂഴുമിക്കാത്തൊരു കാവ്യം.

"കൈയിൽ കരുതുവതെന്തു നീവഴി-
യാത്രക്കൂട്ടിനതെന്നോ"
ആദർശക്കൊടുമുടികൾ താണ്ടി
തളർന്നുറങ്ങും മാനസം

മുടന്തി നീങ്ങും നാഡിമിടിപ്പും
ചേവടികൾതൻ സ്വനങ്ങളും
അപഹാസ്യ കൂരമ്പുതടുത്തോരെൻ-
വചനകവചങ്ങളും

തുണചേർന്നെന്നെ നയിച്ചുള്ളോരെൻ-
നിഴലും പകൽകിനാക്കളും.
"ഇനിയും കാണണമെന്നോ നിങ്ങൾക്കി-
യുള്ളവനെയെന്നും"

'വ്യർത്ഥം നിൻവായ്മൊഴിയെന്നാകിലു-
മെൻ മറുവാക്കിതുമാത്രം'.
അന്തിത്തക്കായ് കേണുവിളിക്കും
.പൈതലിലെൻ മുഖമുണ്ട്

ജാതകദോഷം പേറും പെണ്ണിൻ
കാതര മിഴികളിലുണ്ട്
ഊഴം കാത്തുകിടക്കും ബലിയാ-
ടിൻ നെടു നിശ്വാസത്തിൽ

മുക്കുവകുടയ്ക്കുള്ളിൽ പ്രാണനു
പിടയും ദൈന്യാത്മാവിൽ
പാറ്റിത്തെളിയേ നെൻമണിയിൽ നി-
ന്നൂർന്നു പതിക്കും പതിരായ്

പതഞ്ഞുപൊന്തിത്തൂവിയൊടുങ്ങും
നിമിഷപ്പാൽ കുമിളുകളായ്
ഹൃദയ സ്പന്ദനതാളം പിഴച്ചു
നീങ്ങും നാഴിക മണിയിൽ

പെയ്തൊഴിയും ചാറ്റൽ മഴ തൻ
നേർമയിലും ഞാനില്ലേ.
ഇനിയും ചോദ്യമെറിഞ്ഞു നീയെൻ
കണ്ണിൽ കനലു നിറയ്ക്കാതെ

ചുവടു പിഴയ്ക്കും നേരത്തിനിയെൻ
പിന്നിൽ നിന്നു വിളിക്കാതെ.
തളർവാതം പൂണ്ടിവിടെ ശയിച്ചോ-
രെൻ കിനാക്കളിറുത്തു
മൗനംവഴിയും നീർമിഴിനീരെൻ

കൈവിരലുകളാലൊപ്പി
പടിവാതിൽ തഴുതിട്ടു ഞാനിനി
മെല്ലെനടന്നിടട്ടെ
അന്തിമയങ്ങും മുമ്പേ ഞാനെൻ
തീരമണഞ്ഞിടട്ടെ.

●



ങ്ങളാക്കിയ എം.ടി.ക്ക് പുരസ്കാരം ഒരു പുതിയ കാര്യമല്ല.

'മലയാളം' എന്നൊരു ഭാഷയുണ്ടെന്നും 'മലയാളി' എന്നൊരു ജനസമൂഹമുണ്ടെന്നും പുറംലോകത്തെ ഓർമ്മപ്പെടുത്താനും നമ്മെ അഭിമാനം കൊള്ളിക്കാനും ഈ കൂടല്ലൂരുകാരൻ വാസുവിന് കഴിഞ്ഞതിൽ മാടത്ത് തെക്കേ വീട്ടിൽ വാസുദേവൻ നായർക്ക് ഞങ്ങളുടെ അഭിനന്ദനങ്ങൾ.

മാണ്.

ആത്മാവിലെ കെടാത്ത അഗ്നിയുടെ എരിവാണ് എം.ടി.യുടെ കൃതികൾ. വിഷാദം നിറഞ്ഞതാണ് ആ ലോകം. മരുഭൂമിയിലെ നീരുറവ പോലെ പ്രത്യക്ഷപ്പെടുന്ന സ്നേഹം ഒടുവിൽ മറ്റെല്ലാറ്റിനെയും ഉറ്റിക്കുടിച്ച് ചവർക്കുന്ന ഓർമ്മകളെ സമ്മാനിച്ച് മടങ്ങിപ്പോവുന്നു. വിളറിയ നിലാവിൽ നാം കാണുന്നത്

22ct. സ്വർണ്ണാഭരണങ്ങൾക്ക്
പറവൂരിലെ ഒരു വിശ്വസ്ഥ സ്ഥാപനം

VJ

# വിശ്വനാഥ് ജ്വല്ലറി

പഴയ ട്രൻസ്പോർട്ട് സ്റ്റാൻറിനു സമീപം
എൻ. പറവൂർ - 683 513
ഫോൺ : 443159

*With Best Compliments from :-*

# MAGIC
**COMPUTER GRAPHICS**
*Highway Juma Masjid Bldg.*
*Opp. M.E.S Complex, Cochin - 17*
*Phone : 330676 (PP)*

" കനകസ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ
കാലം മറക്കാത്ത കനകശിൽപങ്ങളുടെ
അപൂർവ്വ ശേഖരം "

22Ct. സ്വർണ്ണാഭരണങ്ങൾക്ക്

# തെറ്റയിൽ ജ്വല്ലറി

ലൂർദ്ദ് സെന്റർ ആലുവ

## എം.ടി. ലോംഗ് ഷോട്ട്

എം.ടി. പ്രവർത്തിക്കാത്ത സാഹിത്യമേഖലകളുണ്ടോ? കവിത, ചെറുകഥ, നോവൽ, നാടകം, തിരക്കഥ, പത്രപ്രവർത്തനം തുടങ്ങി എല്ലാ രംഗത്തും തന്റെ സർഗ്ഗ ശക്തി തെളിയിച്ച ആളാണ് അദ്ദേഹം. പതിനാറു ചെറുകഥാ സമാഹാരങ്ങൾ, എട്ടു നോവലുകൾ, ഒരു നാടകം, തിരക്കഥകൾ ഇങ്ങനെ നിരവധി സാഹിത്യസൃഷ്ടികളിലൂടെ കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങളും സംസ്ഥാന ദേശീയ അവാർഡുകളും നിരവധി പ്രാവശ്യം നേടിയിട്ടുണ്ട് അദ്ദേഹം.

എം.ടി.യുടെ കഥാപാത്രങ്ങളിൽ പലരും തിരക്കേറിയ ജീവിതത്തിന്റെ സമസ്യകളിൽ നിന്നും മാറിനിന്ന് നശ്വരമായ ലോകത്തേയ്ക്ക് കണ്ണുകളൂന്നിനിൽക്കുന്നു.

'സീസൺകാലം കഴിഞ്ഞ് വിളറിയ നൈനിടാലിൽ വിമല ആരെയാണ് കാത്തുനിൽക്കുന്നത്' -മരണമല്ലാതെ മറ്റൊന്നുമാകാൻ ഇടയില്ല!

ശിഥിലമായ കുടുംബബന്ധങ്ങളും അവയ്ക്കിടയിലെ മനുഷ്യരും ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന് വിഷയീഭവിച്ചിട്ടുണ്ട്. രണ്ടാമൂഴത്തിൽ കുറേക്കൂടി പഴയ ഒരു കാലഘട്ടത്തിലേയ്ക്ക് അദ്ദേഹം കടന്നുചെല്ലുന്നു എന്നൊരൊറ്റ വ്യത്യാസമേയുള്ളൂ....!

1977-ൽ മാരകമായ കരൾരോഗബാധ. ക്ഷമിത മദ്യപാനം നിമിത്തം 'ഗ്യാൽ ബ്ലാഡർ' പൊട്ടിത്തുപോയത്രേ. അസുഖത്തിൽ നിന്നും മോചനം ലഭിച്ച എം.ടി. തന്റെ അവശേഷിക്കുന്ന കാലവും അക്ഷരങ്ങളുടെ സുഹൃത്താകുവാനാണ് ഇഷ്ടപ്പെട്ടത്. സമയമനുവദിച്ചുതന്ന കാലത്തിന്റെ ദയയ്ക്ക് അദ്ദേഹം നന്ദി പറയുന്നു.

മലയാള ഭാഷയോടും സാഹിത്യത്തോടുമുള്ള ഈ എഴുത്തുകാരന്റെ സ്നേഹം ചില വെളിപ്പെടുത്തലുകൾ നടത്തുമ്പോൾഅത് പലപ്പോഴും വിമർശനാത്മകങ്ങളാവുന്നു. മാധ്യമങ്ങളിലെ ഹിന്ദി മേധാവിത്വത്തെ അദ്ദേഹം അടച്ചാക്ഷേപിക്കുന്നു. 'മലയാളം മറക്കുന്നവർ' എന്ന ലേഖനത്തിൽ അദ്ദേഹം കാണുന്നു:

'ഇംഗ്ലീഷുകാരൻ ഭരിച്ചപ്പോൾ സ്വന്തം ഭാഷ പ്രചരിപ്പിച്ചിരുന്നത് നാട്ടുഭാഷകളെ കൊന്നിട്ടായിരുന്നില്ല. ഹിന്ദിക്കാരൻ ഭരിക്കാൻ തുടങ്ങിയപ്പോൾ സംഭവിച്ചത് അതാണ്. ഇങ്ങനെ ഉത്തരേന്ത്യൻ മേധാവിത്വം തുടർന്നുപോയാൽ മലയാളിയും ഹിന്ദിവിരുദ്ധ പ്രക്ഷോഭത്തിന് തയ്യാറായേക്കാം. ഇംഗ്ലീഷും ഹിന്ദിയുമെല്ലാം കുട്ടികൾ പഠിക്കട്ടെ, അപാകതയില്ല. എഴുത്തച്ഛന്റെയോ ആശാന്റെയോ വള്ളത്തോളിന്റെയോ കവിതകൾ നാലുവരി ചൊല്ലാനറിയും എന്നത് അഭിമാനമായി കണക്കാക്കുന്ന ഒരു മനോഭാവം കൂടി അതോടൊപ്പം വളർന്നുവരാൻ സാഹചര്യമുണ്ടെങ്കിൽ ഇതൊക്കെ നല്ലതു തന്നെ'.

## എം.ടി. മീഡിയം ഷോട്ട്

എം.ടി. മനുഷ്യനെ തേടുന്നവനാണ്. വാക്കുകൾ അവ വരച്ചുവെക്കുന്നു.

"ഞാൻ ഹിന്ദുവും ക്രിസ്ത്യാനിയും മുസൽമാനും ജൂതനും ബുദ്ധിസ്റ്റും കൺഫ്യൂഷ്യനുമാണ്" എന്നു പറഞ്ഞ ഗാന്ധിജി ഇന്ത്യാ വിഭജനകാലത്ത് സ്വാതന്ത്ര്യത്തിന്റെ ആഘോഷങ്ങളിൽ നിന്ന് ദൽഹിയിലെ 'മൗണ്ട് ബാറ്റൺ കീ ജെയ്' വിളിക്കാൻ നിന്ന്, അകലെ കൽക്കട്ടയിലെ തെരുവുകളിൽ മതഭ്രാന്തിന്റെ വാൾത്തലകൾ വരച്ച ചോരപ്പാടുകൾ ചവിട്ടി ദുഃഖിതനായി അലയുകയായിരുന്നു."

എം.ടി. കണ്ടെത്തുന്ന സത്യങ്ങൾ മനുഷ്യമനസ്സിനെ അമ്പരപ്പിക്കുന്നതാണ്. വായനക്കാരന്റെ ചിന്താമണ്ഡലത്തിലേക്ക് കൂരമ്പുകളായാണ് ആ വാക്കുകൾ കടന്നു ചെല്ലുക. അവന്റെ, വർണ്ണം വിതച്ച മുഖത്തെ അല്പനേരം മറച്ചുവെച്ച് 'അവനിലെ അവനെത്തേടാൻ' അവനെ പ്രേരിപ്പിക്കുകയാണ് എം.ടി. ചെയ്യുന്നത്.

"ഇവിടെ ആരും സാധാരണക്കാരനായിട്ടില്ല. 'ഞാൻ വ്യത്യസ്തനാണ്, എന്റെ നില മറ്റുള്ളവരേക്കാൾ ഉയർന്നതാണ്' എന്നു പറയുന്നതിൽ ആനന്ദം കണ്ടെത്തുന്നവരാണ് നാം. ഒടുവിൽ നാം സാധാരണക്കാരനെ കണ്ടെത്തിയെന്നിരിക്കട്ടെ. - അവന്റെ വെള്ളം മുടക്കുന്നതാരാണ്? ക്യൂവിൽ നിൽക്കുന്ന അവനെ കയ്യൂക്കുകൊണ്ട് മറികടന്ന് മുൻപിലെത്തുന്നത് ആരാണ്? അവന്റെ സ്ഥാനം അവിഹിതമായ മാർഗ്ഗത്തിലൂടെ പിടിച്ചെടുക്കുന്നത് ആരാണ്? ആപ്പീസുകളുടെ ചുവപ്പു നാടക്കെട്ടിൽ അവന്റെ തലക്കുറി പൂഴ്ത്തിവെച്ച് കാണാത്ത ഭാവത്തിലിരിക്കുന്നത് ആരാണ്? ക്രൂരതകൾ കൊണ്ട് അവനെ തേജോവധം ചെയ്യുന്നത് ആരാണ്?

ഉത്തരം: "അവൻ തന്നെ!"

എം.ടി. കാലത്തിന്റെ ഇതിഹാസമാണ്. ഗൃഹാതുരത്വത്തിന്റെ സ്മൃതി ചിത്രങ്ങൾ വായനക്കാരിലെത്തിക്കുന്ന ഹൃദയമാണ്, ചിന്തിപ്പിക്കുന്ന മസ്തിഷ്കമാണ്, വിശേഷണങ്ങൾ ഇനിയും ഏറെ ബാക്കിയാകുന്നു.

പ്രിയപ്പെട്ട എം.ടി.,

മലയാളമനസ്സുകളെ എന്നും നിത്യഹരിതമാക്കുവാൻ മഷിയുണങ്ങാത്ത പൊൻപേനയുമായി എന്നും അങ്ങ് ഞങ്ങളോടൊപ്പം ഉണ്ടാകട്ടെ എന്നൊരു പ്രാർത്ഥനയേ ഞങ്ങൾ ക്കുള്ളൂ.

സ്നേഹാദരങ്ങളോടെ,

*യു.സി. കോളേജ് വിദ്യാർത്ഥികൾ.*

[മാഗസിൻ കമ്മറ്റിക്കുവേണ്ടി ഈ കുറിപ്പ് തയ്യാറാക്കിയത് ജെ. ബി.രാജ്.]


*ആശംസകളോടെ !!!*

എല്ലാ വിധ ഇംഗ്ലീഷ് ആൻറ് ആയുർവ്വേദിക് മരുന്നുകൾക്കും

പറവൂർ മെഡിസിൻസ്

മെയിൻ റോഡ്, പറവൂർ, ഫോൺ : 442552

കവിത

ഏലിയാസ് എ.ജി.
ഒന്നാം വർഷ മലയാള ബിരുദാനന്തര ബിരുദം

# ഉ,ങ്ങ

*ഇതാ നിങ്ങൾക്കായി ഒരു ഡാഡായിസ്റ്റു കവിത. വർഷങ്ങൾക്കു മുൻപ് നിലനിന്നിരുന്ന ഡാഡായിസ്റ്റു കവിതകളുടെ ഒരു അനുകരണം.*

ഒരേ
പരേ
ഓരേ പറയണ്ടും ഒരേ
ഓ
ഓ
ഓ
പറമ്പിലെ പെണ്ണേ
പറമ്പിതൊപ്പിയണിഞ്ഞോ ?
ഓ
ഓ
ഓ
പഴിലയാ മനസ്സേ
ചങ്കു തുറന്നൊന്നു കാട്ടൂ
തുകം നഷനം നിറഞ്ഞോ ?
ഓ
ഓ
ഓ
ഒരേ
പരേ
ഇമ്പിതം തേടി നടന്നോ
പറമ്പിലകയും താഴോ
ഇങ്കു തന്നെന്നെ പോറ്റൂ
ഓ
ഓ
ഓ



കഥ

ശ്രീജിത്ത് സി.എൻ.
ഒന്നാം വർഷ ഇംഗ്ലീഷ് ബിരുദം.

# അരത്തിണ്ണയിൽ കയറി നിൽക്കുന്നവർ വിചാരണ കൂടാതെ ശിക്ഷിക്കപ്പെടും

"കിർർർറിംഗ്......"

അലാറം കേട്ട് ഞാനുണർന്നു. ടൈംപീസ് എടുത്ത് അലറാം നിർത്തി. അഞ്ചുമണി തന്നെയല്ലേ - അതെ. രാവിലെ അഞ്ചുമണിക്ക് എഴുന്നേൽക്കാൻ എനിക്ക് ഭ്രാന്തുണ്ടോ എന്ന് നിങ്ങൾ സംശയിച്ചേക്കാം. അൽപം ഭ്രാന്തുണ്ടെന്നു തന്നെ കൂട്ടിക്കോളൂ.

കൈയ്യത്തിച്ച് ലൈറ്റിട്ട ശേഷം ഞാൻ കുളിമുറിയിലേക്ക് പോകുന്നു. കൈയും മുഖവും കഴുകുന്നു. തിരിച്ചു വരുന്നു. കട്ടിലിനടിയിൽ നിന്ന് 399 രൂപ 95 പൈസ വിലയുള്ള ഒരു ജോഡി ലതർ ഷൂസും ഒരു ടിൻ പോളീഷും, ഒരു ബ്രഷും പുറത്തെടുക്കുന്നു. പിന്നെ തകൃതിയായി പോളിഷിംഗ് തുടങ്ങുകയായി.

സാധാരണ എന്റെ സ്കൂളിലെ കുട്ടികളെല്ലാം കറുത്ത ക്യാൻവാസ് ഷൂ ആണ് ധരിക്കുക. ഞാനും അങ്ങനെ തന്നെയായിരുന്നു. ഒരു പുതുമയ്ക്കു വേണ്ടി, വ്യത്യസ്തതയുടെ അനുഭൂതി നുകരുവാനായി, ഞാൻ ഇന്നലെ 399 രൂപ 95 പൈസ മുടക്കി ഒരു ജോഡി ലതർ ഷൂസ് വാങ്ങിച്ചു. അവനെയാണ് ഞാൻ ഇപ്പോൾ പോളീഷ് ചെയ്തു കൊണ്ടിരിക്കുന്നത്.

എന്റെ ദൃഷ്ടികൾ കെമിസ്ട്രി ലാബിന്റെ മുന്നിലെ അരത്തിണ്ണയിൽ ഉടക്കി നിന്നു. അതിൻമേൽ കയറി നിന്നാൽ ആരെങ്കിലും ഷൂസ് കാണും. തീർച്ച. പിന്നെ താമസിച്ചില്ല. ഞാനങ്ങോട്ടു നീങ്ങി.

പോളീഷ് ചെയ്തു കഴിഞ്ഞ്, ഒരു ചിത്രകാരൻ തന്റെ ചിത്രത്തെ നോക്കുന്നതു പോലെ, ഷൂസ് അൽപം അകലത്തിൽ പിടിച്ച് ഞാൻ നോക്കി. ഇടത്തേ ഷൂസിന്റെ മുൻവശത്ത് മൂല അൽപം ശരിയാകാനുണ്ട്. ഞാൻ വീണ്ടും പോളീഷിംഗ് തുടരുന്നു.

സത്യം പറയാമല്ലോ ആറര വരെ പോളീഷ് ചെയ്തിട്ടും എനിക്ക് തൃപ്തിയായില്ല. അല്ല. സംതൃപ്തമായ ഒരു മനസ്സുണ്ടെങ്കിൽ പിന്നെ ഞാനൊരു മനുഷ്യനാണെന്ന് പറയുന്നതിൽ അർത്ഥമില്ലല്ലോ ?

"രാവിലെ എഴുന്നേറ്റ് നീയെന്തെടുക്കുകയാടാ ?"

ദൈവമേ ! അച്ഛനുണർന്നു. ഞാൻ ഷൂസും ബ്രഷും പോളീഷും ഉപേക്ഷിച്ച് പുസ്തകമെടുത്ത് വായിക്കാൻ തുടങ്ങി. ആ നിമിഷങ്ങളിൽ എന്നിലെ അഭിനേതാവ് ഉണർന്നു പ്രവർത്തിക്കുകയായിരുന്നു.

* * * * *

ഇപ്പോൾ ബസ്സ്റ്റോപ്പിൽ ബസ് കാത്തുനിൽക്കുകയാണ് ഞാൻ. ബസ്സിൽ പോണോ ? ബസ്സിൽ പോയാൽ...... ഷൂസിലെങ്ങാനും ചെളി പറ്റിയാൽ....... വേണ്ട ഒരു ടാക്സി വിളിച്ച് പോകാം. ഞാൻ പോക്കറ്റിൽ കിടന്ന പണം എടുത്ത് എണ്ണി നോക്കി. അഞ്ച്, പതിനഞ്ച്, ഇരുപത്തഞ്ച് മുപ്പത്തിയഞ്ച്, എൺപത്തഞ്ച്.

എൺപത്തഞ്ച് പൈസയുണ്ട്. കാറിൽ പോകാൻ പറ്റില്ല. കുതിച്ചുയരുന്ന പെട്രോൾ / ഡീസൽ വിലയെ ശപിച്ചു കൊണ്ട് ഞാൻ നിൽക്കവേ അതാ ഒരു ബസ്സ് വരുന്നു. ബസ്സിന്റെ ചെളി പുരണ്ട ടയറുകളിൽ അവജ്ഞയോടെ നോക്കിക്കൊണ്ട് ഞാൻ അകത്തേയ്ക്ക് കയറി. പിന്നീട് നടന്നത് വളരെ ഹൃദയഭേദകമായ രംഗങ്ങളായിരുന്നു.

എന്റെ ചുറ്റും കൂടിനിന്നിരുന്ന കശ്മലൻമാർ ഷൂസിൽ മാറി മാറി ചവിട്ടി. അവരുടെ കരാള ഹസ്തങ്ങളിൽ (കരാള പാദങ്ങളിൽ) നിന്നും അവനെ രക്ഷിക്കാൻ ഞാനൊരു വിഫലശ്രമം നടത്തി. ക്യാൻവാസ് ഷൂസ് ഇട്ടുകൊണ്ടുപോരുമ്പോൾ ഒരിക്കൽ പോലും ഇത്രയേറെ ചവിട്ട് കിട്ടിയിട്ടില്ല എന്ന് ഞാൻ അത്ഭുതത്തോടെ ഓർത്തു.

* * * * *

സ്കൂളിൽ എത്തിയയുടൻ, പേർഷ്യയിലെ അമ്മായി കൊടുത്തു വിട്ട, മുഖം തുടയ്ക്കാൻ പോലും ഞാനുപയോഗിച്ചിട്ടില്ലാത്ത, പേർഷ്യൻ തൂവാലയെടുത്ത് ഷൂസ് വൃത്തിയായിതുടച്ചു. ആഹാ. കൊള്ളാമല്ലോ!! മഹാകവി പള്ളിയൻ പറമ്പിൽ സുകുമാരപ്പണിക്കരുടെ വരികൾ ഞാൻ ഓർത്തുപോയി.

ഗതകാല പ്രൗഢി വീണ്ടെടുത്തിട്ടിതാ
വിളങ്ങി വാഴുന്നു ഹുമയൂൺ വീണ്ടും.

ഞാൻ ക്ലാസിൽ നിന്ന് പുറത്തേയ്ക്കിറങ്ങി കുറച്ചുനേരം അങ്ങോട്ടുമിങ്ങോട്ടുമൊക്കെ നടന്നു.

*With Best Compliments from :*



# ALUKKAS JEWELLERY

M.G. ROAD, ERNAKULAM

With Best Compliments From :-



IATA **CHERRYS**

**INTERNATIONAL TOURS AND TRAVELS (P) LTD.**

**BANK ROAD, CALICUT - 673 001**
**Ph : 766485, 765615, 766681, Fax : 766639**

"ഹാ! അടിപൊളി ഷൂസാണല്ലോ" എന്നൊരു ക്രൂരനും എന്നോട് പറഞ്ഞില്ലാ എന്ന് മാത്രമല്ല, പലരും എന്നെ കണ്ടിട്ട് മൈൻഡ് ചെയ്യാതെ പോവുകയും ചെയ്തു.

അതാ പോൾസൺ സാറ് വരുന്നു. സാറെൻെറ ഷൂസ് കാണും, അഭിനന്ദിക്കുകയും ചെയ്യും. തീർച്ച. സാറിതാ അടുത്തെത്തി. ഞാനൊരു 70 എംഎം ചിരിയുമായി പറഞ്ഞു.

"ഗുഡ്മോർണിംഗ് സാർ."

"ഗുഡ്മോർണിംഗ്, കറങ്ങി നടക്കാതെ പോയിരുന്ന് പഠിക്കെടോ, ഇല്ലെങ്കിൽ ഭാവിയിൽ വടിക്കേണ്ടിവരും." എന്ന ക്രൂരമായ വാക്കുകൾ പറഞ്ഞിട്ട് സാറ് പോയി. കഠിനമായ മനോവ്യഥയോടെ ഞാൻ ചുറ്റും നോക്കി എൻെറ ദൃഷ്ടികൾ കെമിസ്ട്രി ലാബിൻെറ മുന്നിലെ അരത്തിണ്ണയിൽ ഉടക്കി നിന്നു. അതിൻമേൽ കയറി നിന്നാൽ ആരെങ്കിലും ഷൂസ് കാണും. തീർച്ച. പിന്നെ താമസിച്ചില്ല. ഞാനങ്ങോട്ടു നീങ്ങി.

ഒരു വാനനിരീക്ഷകൻെറ മട്ടിൽ (വായനിരീക്ഷകനല്ല.) ഞാനതിൻെറ മുകളിൽ കയറിയങ്ങനെ നിൽക്കുകയാണ്. പലരും ആ വഴി കടന്നു പോയി. ആരും ശ്രദ്ധിച്ചില്ല. കലാ ബോധമില്ലാത്ത കൊരങ്ങൻമാർ. ചിലപ്പോൾ അവർക്കെല്ലാം എൻെറ ഷൂസിനോട് അസൂയയായിരിക്കും എന്ന് ഞാൻ സ്വയം ആശ്വസിച്ചുകൊണ്ട് നിൽക്കുമ്പോൾ എൻെറ പൃഷ്ടഭാഗത്ത് അതിശക്തമായി എന്തോ പതിച്ചത് ഞാനറിഞ്ഞു. തുടർന്ന് അസഹനീയമായ വേദന അനുഭവപ്പെട്ടു. ഞാൻ തിരിഞ്ഞു നോക്കി. കൈയ്യിൽ വള്ളിച്ചൂരലുമായി ദുർഗാവതാരം പൂണ്ടു നിൽക്കുന്നു. ത്രേസ്യടീച്ചർ.



"അരത്തിണ്ണയിൽ കയറി നിൽക്കുന്നവർ വിചാരണ കൂടാതെ ശിക്ഷിക്കപ്പെടും" എന്ന അലിഖിത നിയമം എൻെറ ഓർമ്മയിലേക്കോടിയെത്തി. ഞാൻ ചാടിയിറങ്ങി.

"ഗുഡ്മോർണിംഗ്, മേഡം" എന്നുപറഞ്ഞിട്ട് ഞാൻ ഹുമയൂണിൻെറ പാലായനം ആവർത്തിച്ചു.

* * * * *

പിറ്റേന്ന്.

ഇല്ല, ഇന്ന് ഷൂസ് പോളിഷ് ചെയ്തില്ല, എന്ന് വ്രതമെടുത്തുകൊണ്ടാണ് ഞാൻ എട്ടു മണിക്ക് ഉറക്കമുണർന്നത്. ബസ്സിൽ കയറിയപ്പോൾ ഒന്ന് രണ്ട് കണ്ണില്‍ (അതോ കാലിലോ) ചോരയില്ലാത്തവർ ഷൂസിൽ ചവിട്ടിയെങ്കിലും ഞാനത് വകവെച്ചില്ല. ആഫ്റ്ററോൾ, ഇത് വെറും ഒരു ഷൂസ് മാത്രം. അല്ലേ?

സ്കൂളിലെത്തി.

ക്ലാസിലേക്ക് പോകും വഴിയതാ, പോൾസൺ സാർ എതിരെ വരുന്നു. സാറിനോട് ഗുഡ്മോർണിംഗ് പറയില്ല എന്നു തന്നെ ഞാൻ തീരുമാനിച്ചു.

മാനിക്കയില്ല ഞാൻ തിളങ്ങുന്ന ഷൂസിനെ

മാനിച്ചിടാത്തൊരു പോൾസൺ സാറിനെയും.

എന്ന തത്വം മനസ്സിലുരുവിട്ടുകൊണ്ട് ഞാൻ നടന്നു. എൻെറ നേരെ നോക്കിക്കൊണ്ട് സാറിതാ അടുത്തെത്തുക യാണ്.

"ഗു..ഗുഡ്മോർണിംഗ്, സാർ."

ഞാനറിയാതെ പറഞ്ഞുപോയി. സാർ നിന്നു, ഞാനും നിന്നു. സാറെന്നെ അടിമുടി ഒന്നു നോക്കി.

"ഗുഡ്മോർണിംഗ്, താനേതു ക്ലാസ്സിലാടോ പഠിക്കുന്നത്?"

എന്നെ ജൈവശാസ്ത്രം പഠിപ്പിക്കുന്ന അധ്യാപകനാണ്. കേട്ടോ. അദ്ദേഹം ഇപ്പോൾ അമ്നേഷിയ എന്ന അസുഖത്തിന് അടിമപ്പെട്ടിരിക്കുകയാണോയെന്ന് ഞാൻ സംശയിച്ചു. ഇത്തരം പ്രസക്തിയില്ലാത്ത ചോദ്യങ്ങൾ സാറിൻെറ കലാബോധ മില്ലായ്മയെ സൂചിപ്പിക്കുന്നു എന്ന നിഗമനത്തിലെത്തി കൊണ്ട് ഞാൻ പറഞ്ഞു. "പത്തില്."

"സ്വന്തം ഷൂസെങ്കിലും വൃത്തിയായി സൂക്ഷിക്കാൻ തനിക്ക് പ്രായമായില്ലേടോ ?"

ഞാനൊരു നിമിഷം അന്തിച്ചു നിന്നു.

"കഷ്ടം, സീനിയർ വിദ്യാർത്ഥിയാണ്. കോലം കണ്ടില്ലേ," എന്ന് പറഞ്ഞുകൊണ്ട് സാർ നടന്നു.

'കണേണ്ട സമയത്ത് കണ്ണടക്കുകയും കണേണ്ടാത്ത സമയത്ത് കണ്ണു തുറക്കുകയും ചെയ്യുന്ന ഒരു അപൂർവ്വ ജീവിയാണ് മനുഷ്യൻ' എന്ന അസിമോവിൻെറ വാക്യത്തിൽ സമാധാനം തേടിക്കൊണ്ട് ഞാൻ ക്ലാസിലേക്ക് നടന്നു. അന്ന് വൈകുന്നേരം 399 രൂപ 95 പൈസയുടെ ഷൂസ് തട്ടിൻ പുറത്തേ യ്ക്ക് പോവുകയും പഴയ ക്യാൻവാസ് ഷൂസ് രംഗത്ത് വരി കയും ചെയ്തു.

●

മടങ്ങുന്നു. മഹാഭാരതത്തിൽ ആരംഭിച്ച് ദാരുണമായ ഈ ദുരന്തം അതിന്റെ സമസ്തഭാവത്തോടും സർവ്വശൗര്യത്തോടും കൂടി തന്റെ വേട്ടയാടൽ തുടരുകയാണ്.

കൗരവസഭയിൽ വച്ച് ദ്രൗപദിയുടെ ഉടയാട ഉരിയുമ്പോൾ നഗ്നബിംബനാകേണ്ടി വന്ന കർണ്ണന്റെ ദുഃഖം ചിന്തയിലും ഭാവനയിലും ധീരതനഷ്ടമായ മനുഷ്യസ്നേഹിയുടെ സ്വകാര്യദുഃഖങ്ങൾ തന്നെയാണ്. നീതിബോധമുള്ള മനസ്സിന് മുമ്പോട്ടോ - പുറകോട്ടോ നീങ്ങാനാവാത്ത സന്ദിഗ്ദ്ധ മുഹൂർത്തം. സ്വന്തം അസ്തിത്വവും തനിമയും സ്വത്വവും അപരന് കടപ്പാടിന്റെ പേരിൽ തീറെഴുതിക്കൊടുക്കേണ്ട ദയനീയമായ വിധി. ഇവിടെ കൃഷ്ണമൊഴികൾ ഒരു ഉണർത്തുപാട്ടായി മാറുന്നു:

"കർണ്ണാ കാട്ടിൽ സ്വച്ഛന്ദം വിഹരിക്കുന്ന വനരാജനെ ചെന്നായ്ക്കൂട്ടത്തിൽ കൊണ്ടിട്ടാൽ അവന്റെ സ്ഥിതി എന്താകും" ?

- കൃഷ്ണൻ

"മറ്റെന്താവാൻ ക്ഷണനേരം കൊണ്ട് ചെന്നായ്ക്കളെ കൊന്നൊടുക്കും."

- കർണ്ണൻ

"പക്ഷെ എപ്പോഴും അങ്ങനെ സംഭവിച്ചു എന്നു വരില്ല. ചിലപ്പോള വൻ ഭക്ഷണം തന്നെ മറന്ന്, സ്വന്തം അസ്തിത്വം തന്നെ മറന്ന് ചെന്നായ്ക്കളെ പ്പോലെ പെരുമാറാൻ തുടങ്ങിയേക്കാം."

- കൃഷ്ണൻ.

സൂര്യപുത്രന്റെ തേജസറിയാതെ വെറും അംഗരാജാവും സൂതപുത്രനുമായി തുടരുന്നവനോട് ഇനി എന്തു പറയാൻ!

## 2

ഭാരതകഥയിൽ വളരെയധികം ദുർവ്യാഖ്യാനങ്ങൾക്ക് വിധേയനായ ഒരു കഥാപാത്രമാണ് ദുര്യോധനൻ. ഏത് ജീവിതത്തിനും ഒരു നൈസർഗികതയുണ്ട്. ആ നൈസർഗിക ചോദനയ്ക്കനുസൃതമായേ ആർക്കും ചരിക്കുവാൻ കഴിയൂ. അപ്പോൾ സത്യാസത്യങ്ങളുടെ, ന്യായന്യായങ്ങളുടെ മാനദണ്ഡം എന്താണ് ? ഇന്നലെവരെ ധർമ്മം എന്നു കരുതിയവയെ ഇന്ന് അധർമ്മം എന്നു വിളിക്കുന്നില്ലേ ? അധർമ്മത്തിന് സ്ഥായിയായ ഭാവമുണ്ടോ ? അല്ലെങ്കിൽ ധർമ്മിഷ്ഠനായി ആരാണുള്ളത് ? ജനം എന്തിനെയാണോ ദുർഗുണം എന്നുവിളിക്കുന്നത് അത് വാസ്തവത്തിൽ എന്താണ്? തുടങ്ങി ദാർശനിക പ്രസക്തിയുള്ള ഒട്ടനവധി ചോദ്യങ്ങളിലൂടെ ദുര്യോധനന്റെ ഒരു പുതിയ ചിത്രം ശിവാജി നൽകുന്നു. മനുഷ്യമനസ്സിന്റെ ആഴങ്ങളിലേക്കുള്ള ഉദാത്തവും ഉജ്ജ്വലവുമായ അന്വേഷണമാണ് ദുര്യോധനന്റെ ചിന്തകൾ. ഗുണവും ദോഷവും ആപേക്ഷികമായിരിക്കും. സത്യം ഒന്നേയുള്ളുവെങ്കിലും അതിന്റെ മുഖം വ്യത്യസ്ഥമായിരിക്കും. ദ്രഷ്ടാവിന്റെ ദർശനമാണ് വിലയിരുത്തലിന് അടിസ്ഥാനം. നന്മയുടെ പക്ഷത്തു നിന്നുള്ള ദർശനം മാത്രമേ സത്യത്തെ അനാവൃതമാക്കൂ. ഒരു വ്യക്തിയുടെ മനസ്സിൽ നടക്കുന്ന വൈരുദ്ധ്യങ്ങളുടെ പോരാട്ടത്തിൽ നിന്നുമാണ് വ്യക്തിത്വത്തിന്റെ ജനനം. അതു മനസ്സിലാക്കാൻ കഴിയാത്തതാണ് കാലത്തിന്റെ ദുരന്തം.

## 3

ഭാരതത്തിലെ അനശ്വര സ്ത്രീകളിൽ രണ്ടുപേരാണ് കുന്തിദേവിയും ദ്രൗപദിയും. ഇവർക്ക് ഒരു വ്യക്തിത്വം മാത്രമേയുള്ളു. ഈ മഹാത്മാക്കളുടെ സ്വഭാവവിശേഷത്തിൽ വൈരുദ്ധ്യം കാണുവാൻ ആവില്ല. ദ്രൗപദിയെ 'കുലട'യെന്നും 'വേശ്യ'യെന്നും വിളിച്ച് അപമാനിച്ച കർണ്ണൻ തന്നെ പാതിവ്രത്യത്തിന്റെ ഉന്നത ശിഖരങ്ങളിലെത്തിയ ഒരേ ഒരു 'ആര്യ' എന്ന് വിളിച്ച് ആദരിക്കുന്നു. കർണ്ണന് എന്നല്ല ആർക്കും അങ്ങനെ വിളിക്കാതിരിക്കാൻ ആവില്ല. കാരണം വിശുദ്ധമായ പാതിവ്രത്യത്തിന്റെ അഭൗമ തേജസ് ഏതു ഹൃദയത്തേയും വിമലീകരിക്കാൻ പര്യാപ്തമാണ്.

ഭാരതത്തിന്റെ ആർഷദർശനമാണ് സ്ത്രീത്വത്തെ വാനോളം ഉയർത്തിയത്. ഈ ആർഷസങ്കൽപങ്ങൾ തന്നെയാണ് അവൾക്കുള്ള വിലങ്ങുകളും തീർത്തത്. എണ്ണിയാലൊടുങ്ങാത്ത യാചനകളെ ആകാശത്തെപ്പോലെ ക്ഷമയോടെ സഹിക്കാൻ വിധിക്കപ്പെട്ടവളാണ് സ്ത്രീ." കുന്തിദേവിയും പാഞ്ചാലിയും ഭാരതകഥയിൽ ഒടുങ്ങി അവസാനിച്ചവരല്ല. ഇന്നും ഭാരതഭൂമിയിൽ അവരുടെ രോദനത്തിന്റെ അലയൊലികൾ കേൾക്കാം. വിരഹദുഃഖത്തിന്റെ തീവ്രതയും പേറി ആത്മരക്ഷയ്ക്കു വേണ്ടി പുത്രനെ ഉപേക്ഷിച്ച് വിങ്ങിക്കരയുന്ന അമ്മയായി, പുത്രൻ അപമാനിക്കപ്പെടുമ്പോൾ നിസ്സഹായയായി മുഖം മറച്ച് തേങ്ങുന്ന മാതാവായി, മക്കൾ തമ്മിൽ പോരാടിക്കുമ്പോൾ മനസ്സാന്നിദ്ധ്യം നഷ്ടമായി ബോധശൂന്യയായി നിലം പതിക്കുന്ന ദേവിയായി, ഭർത്താവിന്റെ അഭിമാനസംരക്ഷണത്തിന് സ്വന്തം മാനം പണയപ്പെടുത്തേണ്ടി വരുന്ന ഭാര്യയായി, പണ്ഡിതരുടേയും, വൃദ്ധരുടേയും മഹാത്മക്കളുടേയും നിസ്സംഗതയ്ക്കു മുന്നിൽ വിവസ്ത്രയാക്കപ്പെടുന്ന നാരിയായി അവർ ഇന്നും ജീവിക്കുന്നു.

> *അന്ധനായ ഒരു ഭരണാധിപന്റെ കാളിമയ്ക്കു മുന്നിൽ, മൗനിയായ ഒരു പ്രവാചകന്റെ ഷണ്ഡത്വത്തിന്റെ നിസ്സംഗതയിൽ, ഇന്നും ഇവിടെ ദ്രൗപതിമാർ വിവസ്ത്രകളാക്കപ്പെടുന്നു.*

'മൃത്യുഞ്ജയ'നിലൂടെ ശിവാജിസാവന്ത് ആവിഷ്കരിക്കുന്ന കർണ്ണകഥയുടെ ദാർശനിക വ്യാപ്തി അതിവിശാലമാണ്. ഭാരതത്തിന്റെ ഇതിഹാസ കാവ്യത്തിന് നിതാന്ത ജാഗ്രരായി ഉണർന്നിരിക്കുന്ന മനസ്സുകളോട് ഇനിയും ഒട്ടനവധികാര്യങ്ങൾ സംവദിക്കാനുണ്ട്. ഈ നിർമ്മല സല്ലാപത്തിന്റെ, ദാർശനിക സംവാദത്തിന്റെ പരിണാമഗുപ്തി ഒരു പിടി നൊമ്പരങ്ങൾ ആയിരിക്കും. കൃഷ്ണമൊഴികൾ തന്നെ അതു വ്യക്തമാക്കുന്നു. സ്വന്തം കഥയുടെ സത്യം ആരാഞ്ഞ കർണ്ണനോട് ശ്രീകൃഷ്ണൻ പറയുന്നു. "അതൊരു വലിയകഥയാണ്. ലോകത്തിലെ ഏതൊരു കഠിന ഹൃദയത്തെയും അലിയിക്കുവാൻ പോന്നത്ര കരുണമാണ്. സമൂഹത്തിലെ ദുരാചാരങ്ങളുടെ, ക്രൂരതയുടെ ഒരു മാതാവിന്റെ മൂകവേദനയുടെ കഥ." 'മൃത്യുഞ്ജയൻ' എന്ന നോവലിലൂടെയുള്ള പ്രയാണം പൂർത്തിയായി കഴിയുമ്പോൾ ഈ മൂകവേദന പ്രജകന്റെ ആത്മനൊമ്പരമായിമാറും. ഒരു സമൂഹത്തിന്റെ മുഴുവൻ മൗനനൊമ്പരങ്ങളുടെ അനുരണനങ്ങൾ തന്റെ ചുറ്റും നിറയുന്നതായും അനുഭവപ്പെടും. ●

കവിത

താജുദ്ദീൻ കെ.കെ
രണ്ടാം വർഷ മലയാള ബിരുദാനന്തരബിരുദം

# കഥാശേഷം



ഞാൻ
നിങ്ങൾക്കു പരിചിതൻ
ആമയോടു തോറ്റവൻ
രാധേയൻെറ സുഹൃത്ത്
ഇപ്പോൾ നല്ലൊരു ജോലിയുണ്ട്
തേയില വിൽപന.
സന്ധ്യകളിൽ ദീപം ജപിച്ച്
അപമാനത്തിൻെറ ചരിത്രമെല്ലാം
ഒരു ചായച്ചിരിയിൽ കഴുകിക്കളഞ്ഞ്
കൊമ്പുകളുടെ എണ്ണം
മൂന്നെന്നും നാലെന്നുമുള്ള
സാഹിത്യസംവാദങ്ങളിൽ രസിച്ച്
സ്വസ്ഥം.
ഞാനിന്നും ആ പഴയ ചങ്ങാതിയെ
കാണാറുണ്ട്.
പലയിടത്തും വച്ച്
നാക്കിൽ ചതിക്കുഴിക്കുത്തി
നോക്കിൽചോരക്കൊതി കത്തി
ചെന്നായ്ക്കൾ ബാക്കിയിട്ടുപോയ
സഹജാതൻെറ ശരീരാവശിഷ്ടങ്ങളിലേയ്ക്ക്
ഒരു മുഷിഞ്ഞ നോട്ടമെറിഞ്ഞ്
തെരുവിൽ.
എൻെറ മക്കൾക്കും
ചെന്നായ്ക്കൾക്കുമിടയിൽ
നിഷ്പക്ഷതയുടെ അശ്ലീലം ചൊല്ലി
വേട്ടഭൂമിയിൽ.
അന്നന്നത്തെ ഓഹരികൾ കൊണ്ട്
അന്നന്ന് അപ്പം തേടി
കാളചന്തയിൽ.
സേവ് ഓയിൽ സേവ് ഇന്ത്യ
രക്തദാനം ജീവദാനം.....
കൂട്ടയോട്ടത്തിൽ.
നിയമനിർമാണശാലയിൽ
കലാശാലയിൽ.....
എല്ലായിടത്തും
എല്ലാ പന്തയങ്ങളിലും ജയിച്ച്
ഉണർച്ച വേണ്ടപ്പോൾ പോലും
ഉറക്കം നടിച്ച്
അവനും
സ്വസ്ഥം

---

കവിത

റഹ്മാൻ വി.എം.
രണ്ടാം വർഷ മലയാള ബിരുദം

# ബോംബുകൾ



പൊട്ടിത്തെറിയുടെ വക്കിലിരുന്നു
വിഹ്വലതയോടെ അലറുന്നു നഗരം
നഗരം പൊട്ടിത്തെറിച്ചു പോയ്
തലച്ചോറും ബോംബുകളും നാലു പാടും ചിതറി.

തലയോട്ടികൾക്കും തോക്കുകൾക്കും
പഞ്ഞമില്ല ഹാ!
മൃദുല മനസ്സുള്ളവർ.
ചോരപ്പുഴയുടെ തിരത്തൊരാൾ

കുനിഞ്ഞിരിക്കുന്നു, പാവം ഗാന്ധി,
മാതൃത്വം തേഞ്ഞ് മാഞ്ഞ്
അന്യമാകുന്ന, മുലകൾ
പ്ലാസ്റ്റിക്കും റബ്ബറും കത്തിപടർന്നു.

ശ്വാസകോശങ്ങൾ ചിമ്മിനി പോലെ കറുത്തു.
അമ്പല മണികൾക്കും ഭ്രാന്തു പിടിച്ചു.
കുയിലുകൾ നായ്ക്കളുടെ തൊണ്ട കടമെടുത്തു
രക്തവും മദ്യവും ചിറകു വീശി

നിലവിളികൾക്കു ചുവടുറപ്പിക്കാനാകുന്നില്ല
എല്ലാം കണ്ടു പൊട്ടിച്ചിരിക്കുന്നു നമ്മൾ.
ഉന്മത്തമായ ആഹ്ലാദത്തോടെ
പൊട്ടി പൊട്ടിച്ചിരിക്കുന്നു.

*Whatever be your need in Computer education, you have it here - at*

# P C C

## (PARAVOOR COMPUTER CENTRE & I.T.C)

I & II Floors, Gurudarsan Complex (Opp: Old K.S.R.T.C Bus Stand)
N. PARAVOOR - 683 513

**Courses of Govt. of India & Other Courses**

- Data Preparation & Computer Software (I.T.I)
- Diploma in Computer Applications
- Diploma in Computer Science
- P.G Diploma in Computer Applications
- Autocad, DTP &Advanced Courses like DCA in Video & Multi Media, Video & Modelling, 2D Drafting, 3D Modelling & Courses for periods varying from 1 months to 18 months.

BEST & MOST MODERN LAB
EXCELLENT FACULTY
MORE COMPUTER HOURS
LIBRARY WITH LATEST REFERENCE BOOKS & PUBLICATIONS
NEVER FAILING POWER SUPPLY

# PCC

stands for
TOTAL COMPUTER EDUCATION
AT THE MINIMUM POSSIBLE EXPENCE

*Make a Visit - See the Difference!*
*Join a Course and Feel the Difference !!*

കഥ

മ്യൂസ് മേരി ജോർജ്ജ്

# സമാന്തരം

അലമാര തുറന്ന് ഏത് വസ്ത്രമാണ് ധരിക്കേണ്ടത് എന്ന് അധികം ചിന്തിക്കാതെ വയലറ്റ് ഓർഗാൻഡി സാരിയും ബ്ലൗസുമെടുത്ത് ധരിച്ചു. ഈ വിരുന്നിൽ ആരുടേയും കണ്ണുകൾക്കായി താൻ അണിഞ്ഞൊരുങ്ങേണ്ടതില്ലല്ലോ...... എന്നത് കൃത്യമായി അറിയാവുന്നതിനാൽ വസ്ത്രധാരണത്തെയും തിരഞ്ഞെടുപ്പുകളേയും കുറിച്ചധികം ചിന്തിക്കേണ്ടി വന്നില്ല. ഈ വിരുന്നെന്നല്ല. ഒരു വിരുന്നിനെയും അതിഥിയേയും കുറിച്ചെനിക്ക് സംഭ്രമമില്ല. എനിക്ക് അനുരാഗങ്ങളിലും വിശ്വാസമില്ല. പ്രണയാർദ്രമായ റീത്തയുടെ മുഖം കാണുമ്പോൾ എന്റെ വികാരശൂന്യതയുടെ അർത്ഥം ആലോചിക്കും. മാസം തോറും മുറ തെറ്റാതെ വരുന്ന ആർത്തവവും മിനുത്ത തൊലിയും അവയവഭംഗിയുള്ള ശരീരവും സൃഷ്ടിക്കുന്ന സ്ത്രൈണ രൂപത്തിനുള്ളിൽ വികാരശൂന്യമായ ഒരു നപുംസകം വളരുന്നുണ്ടുന്നെന്ന് തോന്നും. അലമാര തുറന്ന് തന്നെ കിടക്കുന്നു. ശൂന്യമായ കൈത്തണ്ടയിൽ രണ്ട് കറുത്ത കുപ്പിവളകൾ ഇട്ടപ്പോഴേക്കും കോളിംഗ് ബെൽ അടിക്കുന്നത് കേട്ടു. റീത്തയാവും. ഇനി വാതിൽ ഞാൻ വാതിൽ തുറക്കുന്നത് വരെ ഇത് നിർത്തില്ല. വാതിൽ തുറന്നു.



'അല്ല ജയന്തി, നീയെന്തേ ഉറങ്ങുകയായിരുന്നുവോ? നിന്നെ കൂട്ടിക്കൊണ്ടു പോവാൻ തിരക്കിട്ടെത്തിയ ഞാൻ ഒരു പമ്പര വിഡ്ഢി തന്നെ' അവൾ സ്വയം തലക്കടിച്ചുകൊണ്ട് പറഞ്ഞു നിർത്തി.

ഞാൻ മുടി കോതി ഒതുക്കി ഒതുക്കി കെട്ടിവച്ചു. കണ്ണാടിയിൽ അവളുടെ മുഖം കണ്ടു. കോപം കടന്നു വരുന്നു.

'നീയെന്താ ശവസംസ്കാരത്തിന് പോവുകയാണോ ? എന്റെ ജയന്തീ ഇന്നെങ്കിലും നിനക്കൊന്ന് മേക്കപ്പ് ഇട്ടുകൂടേ ?' അവളുടെ ചോദ്യത്തിന് മറുപടി പറയാൻ നിന്നാൽ ആകെ ഘോഷമാവും. 'പോവാം'. ഞാൻ പറഞ്ഞു. അവളൊന്നും പറയാതെ ഇറങ്ങി. വാതിൽപൂട്ടുമ്പോൾ ജയരാമന്റെയും ജതയുടേയും തലകൾ ജനലിന് പിന്നിൽ. ചോദിക്കാതെ തന്നെ പറഞ്ഞു 'റീത്തയുടെ വിവാഹനിശ്ചയത്തിന് ശേഷമുള്ള വിരുന്നിന് പോവുന്നു.' 'എന്നിട്ട് റീത്തയൊന്നും പറഞ്ഞില്ലല്ലോ' ജയരാമൻ സാധാരണയുള്ള മുഷിഞ്ഞ ചിരിയോടെ കുശലം ചോദിച്ചു. റീത്ത പറഞ്ഞു: 'എന്റെയല്ല. എന്റെ ചേച്ചിയുടെ വിവാഹമാണ്'. കൂടുതലൊന്നും പറയാതെ അവൾ നടന്നു. എനിക്കങ്ങനെയാണ് തിരക്കിട്ട് മറുപടികൾ പറയുമ്പോൾ നാവ് വഴുതിപോവും. ഞാനൊരു വിഡ്ഢിചിരിയോടെ അവരോട് യാത്ര പറഞ്ഞിറങ്ങി.

റീത്തയുടെ ആങ്ങള ഗോമസിന്റെ വീട്ടിൽ വച്ചാണ് വിരുന്ന്. അടുത്ത സുഹൃത്തുക്കൾ മാത്രം. എനിക്കൊന്നും കഴിക്കാൻ തോന്നിയില്ല ഒരു പറ്റം ആളുകളുടെ വായുടെയും കൈകളുടെയും ചലനങ്ങൾ നോക്കി ഞാനിരുന്നു. കൈപ്പിടിയുള്ള ആ കസേരയിൽ വെറുതെ സാരിയുടെ തുമ്പ് എടുത്ത് ചുരുട്ടിക്കൊണ്ടിരുന്നു. റീത്ത ഒന്നും ശ്രദ്ധിക്കുന്നില്ല. ഡേവിസുമൊത്ത് എന്തോ വലിയ സംസാരത്തിലാണ്. കൈകളെ വിട്ടിട്ട് ഞാൻ ആൾക്കാരുടെ കാലുകളെ ശ്രദ്ധിച്ചു. കാലുകളെ, ചെരിപ്പുകളെ ഇങ്ങനെ നോക്കി വരുമ്പോൾ പാദങ്ങൾക്ക് നീള വ്യത്യാസമുള്ള ഒരാൾ. ഞാൻ കണ്ണുകളുയർത്തി അയാളെ നോക്കി. അതേ നിമിഷം തന്നെ അയാൾ എന്നെ നോക്കി. കണ്ണുകൾ ഞങ്ങൾക്കിടയിൽ കോർത്തു. ഉടനെയയാൾ അവിടെനിന്നും ഊന്നുവടിയുടെ സഹായത്തോടെ എഴുന്നേറ്റു. നരകയറിയ മുടിയും കുലീനത്വമുള്ള മുഖവും! അയാളെ മുൻപ് ഞാൻ കണ്ടതേയില്ല. ഞാനയാളെ വിട്ടിട്ട് മറ്റുള്ളവരെ നോക്കി. ചിലരൊക്കെ കണ്ണുകൾ കോർത്ത് നൃത്തമാടി തുടങ്ങിയിരിക്കുന്നു. എന്നെ ആരും നോക്കുന്നില്ല. അയാളൊഴികെ. എന്റെ ഉള്ളം കൈ വല്ലാതെ വിയർത്തു തുടങ്ങി.

അയാൾ തന്റെ ബലഹീനമായ കാലിനെ ഊന്നു വടിയുടെ സഹായത്തോടെ വലിച്ചിഴച്ച് എനിക്കടുത്തു വന്നു. വടിയിൽ ബലം പ്രയോഗിച്ചുനിന്ന് എന്റെ വിയർത്തിരിക്കുന്ന കരതലങ്ങളെ കയ്യിലെടുത്തു. എനിക്ക് ആ കൈകൾ വലിച്ചെടുക്കാൻ തോന്നിയില്ല. കാരണം അതൊരഭയം കാത്തിരിക്കുകയായിരുന്നു. അപ്പോൾ തന്നെ റീത്തയുടെ ആങ്ങള ഗോമസെത്തി. കൈയിൽ മദ്യം നിറഞ്ഞ ഗ്ലാസ്. 'ഹലോ ജയന്തി ഇതാണ് എന്റെ നാടോടിയായ സുഹൃത്ത് ഫ്രെഡറിക്, നിങ്ങൾ പരിചയപ്പെടുകയാണല്ലേ ?' എന്റെ കൈത്തലങ്ങളെ ഒന്നു നോക്കിയിട്ട് അയാൾ പോയി. എന്റെ കണ്ണുകൾ ഒരു ശലഭ

ചിറക് പോലെ വിറകൊള്ളുന്നത് ആ ആൾ അറിയുന്നുവെന്ന് എനിക്ക് മനസ്സിലായി. എന്റെ വിറപൂണ്ട കൈയിന്റെ പുറത്ത് കാണുന്ന ചുവന്ന മറുകിൽ അയാൾ ചുംബിച്ചു. 'ജീനാ എന്റെ ജീനാ' ഞാൻ കൈകൾ വലിച്ചെടുത്തു ഒരു മദ്യപാനിയോട് തോന്നുന്ന അൽപമാത്രമായ കനിവോടെ ഞാൻ പറഞ്ഞു. 'ഞാൻ ജീനയല്ല, ജയന്തി- ജയന്തിയാണ്.' അയാളത് കേട്ടതേയില്ല. 'നിന്റെ വീടിന്റെ അരികിലെ മുളങ്കാടുകൾ പൂത്തോ, നിറയെ കിളികളാവും ഇല്ലേ. എന്റെ വീട്ടിനടുത്ത് മുളങ്കാടുകൾ പൂത്തു നിൽക്കുന്നതായി എനിക്ക് തോന്നി. 'ഉവ്വ്' ഉടനെ ഞാൻ മറുപടി പറഞ്ഞു. നിന്റെ അനുജൻ വരച്ച ചിത്രങ്ങളുടെ പ്രദർശനം കഴിഞ്ഞിരുന്നു. ഞാനൊന്നും പറഞ്ഞില്ല. നിഖിലിന്റെ ചിത്രങ്ങൾ പ്രശസ്തമാണ്. നിഖിലിനില്ലെങ്കിലും

ജീന. അയാൾ വീണ്ടും വിളിക്കുന്നു. അകലെ തലമുറകൾക്കപ്പുറത്ത് നിന്നാരോ വിളിക്കുന്നത് പോലെ. കൊതുകു വലകൾ കെട്ടിയ ഇടുക്കു മുറിയിൽ ആദ്യപരിരംഭണം ഓർക്കുന്നുവോ ? ഞാൻ നടുങ്ങി. എനിക്ക് എന്നോ ഒരു ലോഡ്ജ് മുറിയിൽ വച്ച് ലഭിച്ച ആദ്യചുംബനത്തിന്റെ സ്മരണ. പക്ഷെ അതെനിക്ക് പരിചിതമായ ഓർമ്മയല്ല. ഈ ജന്മത്തിനപ്പുറം ലഭിച്ച ചുംബനം - ഒരോർമ്മ ചിലന്തിവല കെട്ടിയ ബോധത്തിനപ്പുറം മങ്ങിത്തെളിയുന്നു. ഞാൻ കണ്ണുകളടച്ചിരുന്നു. അയാൾ വിരൽത്തുമ്പുകളിൽ നിന്നും കൈയ്യെടുത്തു. എന്റെ മുടിച്ചുരുളുകൾ മാറ്റി കഴുത്തിലെ വലിയ മറുകിൽ ചുംബിച്ചു. ഞാൻ അടിമുടിയുലഞ്ഞുപോയി. 'ജീനാ എന്റെ ജീനാ. നിന്റെ മാത്രമായ ഈ മറുകും, അവിടെ തടഞ്ഞിരിക്കുന്ന വികാരങ്ങളും. അയാൾ പതുക്കെ പറഞ്ഞുകൊണ്ട് വീണ്ടും ചുംബിച്ചു. ഞാൻ എനിക്ക് മുമ്പിലെ വിരുന്നും അതിഥികളും മറന്നു. അയാളുടെ കരം ഗ്രഹിച്ച് ചുവടുവച്ചു. കാതിൽ മന്ത്രിച്ചു. 'ഫ്രെഡി എന്റെ ഫ്രെഡി' എന്റെ അസ്ഥിത്വം ഒരു പഴയ കുപ്പായം പോലെ അഴിഞ്ഞുപോകുന്നതും ഞാൻ ജീനയാകുന്നതും ആരും അറിഞ്ഞില്ല. അപ്പോൾ മുതൽ ഞാൻ ജീനയായി, ആ മുളങ്കാടുകൾക്കിടയിലൂടൂർന്ന് പോകുന്നതായി ഞാനറിഞ്ഞു. നിറയെ നിറയെ മഞ്ഞമുളകൾ ഓർമ്മകളും കുപ്പായങ്ങളില്ലാത്ത മാംസ ശരീരങ്ങൾ ഇല്ലാത്ത ആത്മാവുകളും മാത്രമായ മുളങ്കാവ് അനാദിയായ പീതവർണ്ണം. അവിടെ ഞാൻ ജീനയായി ഉയർന്നുനിന്നു. ആകാശചുവരുകളോളം മേലെ. ●


THE WAY
YOU SPEAK
IS THE PASSPORT
OF YOUR
PERSONALITY

ENGLISH CHAMBER
CENTRE FOR SPOKEN ENGLISH
MUNCIPAL COMPLEX, N. PARAVUR

SPORTOMS
SPORTOMS
Exclusivily for Sports Goods
KODAVATH COMPLEX. Opp. St. MARY'S H.S
ALWAYE - PIN 683 101

ലേഖനം

എം.ജി.ജി.
രണ്ടാം വർഷ മനശാസ്ത്രബിരുദം

# കാമ്പസിൽ നിന്ന്

സിലബസ്സിനു മുമ്പുള്ള ഒന്നാംപാഠത്തിൽ സത്യം ചെയ്തുകൊണ്ട് എം.ജി. ബാബുവിന്റെ ഒരു കഥയാരംഭിക്കുന്നത് ഇങ്ങനെയാണ്: "ബുദ്ധിപരീക്ഷക്കു തയ്യാറാവാൻ പുസ്തകം വായിക്കേണ്ട. ഭാഷയും ചരിത്രവും പൗരധർമ്മവുമെല്ലാം കാലഹരണപ്പെട്ട വിഷയങ്ങളാണ്. പകരം ഗണിതശാസ്ത്രവും ബുദ്ധിപരീക്ഷയുമുണ്ട്. പഠിക്കുന്നതിനിടയിൽ അമ്മ വന്നു. അമ്മ എന്നും കാൽസ്യം തരും. കൂടാതെ വിറ്റാമിനും മിനറൽസും. കൂടുതൽ പ്രോട്ടീനും. അത് കഴിക്കാതിരുന്നാൽ അമ്മ കരയും. എന്തിനാണമ്മ കരയുന്നത്? എന്റെ മോൻ പഠിച്ച് മിടുക്കനാവണം. പരീക്ഷയിൽ പാസ്സാവണം. പാസ്സായി ഓഹരി സർട്ടിഫിക്കറ്റ് കൊണ്ടുവരണം. അതാണ് അമ്മയുടെ ആഗ്രഹം."

മനോരമയിൽ നിന്നും അരാഷ്ട്രീയവാദവും മേധാവിനിൽ നിന്നും ഹരിതവാദവും അജിതയിൽനിന്നും സ്ത്രീവാദവും ചൊല്ലിപ്പഠിച്ച ശരാശരി കേരളീയ വിദ്യാർത്ഥിയുടെ ദുര്യോഗം ഇനിയും അവസാനിച്ചിട്ടില്ല എന്ന് സർഗ്ഗാത്മകമായ ഇത്തരം ആവിഷ്കാരങ്ങൾ നമ്മെ ഓർമ്മപ്പെടുത്തും.

പുതിയ ശീലങ്ങൾ ആർജ്ജിക്കുക എന്നത് ഇന്നൊരു ജീവിത രീതിയല്ല. മറിച്ച് വാണിജ്യതന്ത്രമാണ്. പ്രാതലിനൊപ്പം മേശപ്പുറത്തിരിക്കുന്ന 'കെല്ലോഗ്ഗി'ന്റെ പായ്ക്കറ്റ് പുതിയ സംസ്കാരത്തിന്റെ അടയാളമാണ്. ഇനിമേൽ ഉപ്പിന്റെ തെരഞ്ഞെടുപ്പുവരെ നമ്മുടെ ആരോഗ്യത്തെയും ഐ.ക്യു.വിനെയും ബാധിക്കുന്ന തരത്തിൽ നിർണ്ണായകമാവുമെന്നാണിവർ പറയുന്നത്. 'വിൽസ് വേൾഡ്കപ്പി'ൽ നിന്നും അറ്റ്ലാന്റയിലേക്കും അവിടെനിന്ന് ഓണം വിശേഷാൽ പ്രതിയിലേക്കും തയ്യാറെടുത്തുനിൽക്കുന്ന നമുക്കിതെല്ലാം ശ്രദ്ധിക്കാൻ എവിടെയാണ് നേരം? നമ്മുടെ സമീപനങ്ങളെല്ലാമിപ്പോൾ ഉദാരമാണല്ലോ.

വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുമെന്ന ഉത്തരവാദപ്പെട്ടവരുടെ പ്രഖ്യാപനത്തെ മധ്യവർഗ്ഗ ഗാലറികൾ ഗംഭീരമായ കൈയടിയോടെയാണ് എതിരേറ്റത്. തൊഴിലിനുള്ള പ്രായോഗിക പരിശീലനം നൽകുന്ന കേവലം മൂന്നാം ബുദ്ധികളെ ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങളായി നമ്മുടെ കാമ്പസുകൾ മാറാൻ പോകുന്നതിന്റെ സൂചനയാണിത്. കേരളത്തിന്റെ അഭിമാനമായ വിദ്യാഭ്യാസരംഗം മുഴുവൻ അട്ടിമറിക്കുവാനുള്ള നീക്കമാണ് ഇന്നത്തെ വിദ്യാഭ്യാസ പദ്ധതികൾക്കു പുറകിലുള്ളത്. മാനവികതയുടെ അവസാന കണികയോടുപോലും വിടപറയുകയാണ് നമ്മുടെ അക്കാദമിപണ്ഡിതൻമാർ.

കരിയർ ഓപ്ഷനുകളിലും അന്നന്നത്തെ സീരിയൽ ഉത്സവങ്ങളിലും ആണ്ടുമുഴുകിക്കൊണ്ട് ഇവർക്കു ബലികൊടുക്കാനുള്ളതാണോ നമ്മുടെ യുവത്വം. അർത്ഥവത്തായ ചിലതെങ്കിലും ഈ ക്യാമ്പസ് നമ്മോടാവശ്യപ്പെടുന്നുണ്ട്. സുഹൃത്തേ, കാലം നമ്മോടാവശ്യപ്പെടുന്നത് അരാഷ്ട്രീയവാദത്തിന്റെ ഇളിഭ്യതയല്ല, തിരിച്ചറിവിന്റെ രാഷ്ട്രീയമാണ്.

Admission Started

**Be prepared to achieve an enviable carreer and lifestyle**



ADMISSION NOTICE

Registrationstarted

**IATA - UFTAA STANDARD COURSE**

Contentes : Introduction to Tourism - Travel Geography - Air Transport - Air Fares & Ticketing Tour Programmes - Travel formalities - Customer Service & Selling skills.
(Certificate awarded by international Air Transport Association, Geneva)
**Duration :** 6 months. **Qualification :** Pre-Degree & above
**Practical Training after completion of the course. Meritorious students will be offered employment.**

**DIPLOMA IN TRAVEL & TOURISM MANAGEMENT**

Contents : Same as IATA-UFTAA Standrad Course (Certificate awarded by academy)
**Duration :** 4 months. **Qualification :** Pre-Degree & above

**TRAVEL & TOURISM MANAGEMENT COURSE**

Contents : Introduction - Travel & Tourisam Management - World Geography - Reservation - Fare construction and Airline Ticketing - Airport operation - Inflight service - Baggage-customs-Immigration-Health regulations-Computerised Air-line ticketing and Reservation also included.

**VALUE ADDED COURSES**

● Communication & Presentation skill ● Effective Language Development (Englidh/French/Arabic)
● Effective Personality Development ● Behavioral Modification Interventions.

For application & Prospectus, please send Rs. 10/- as M.O. or D.D to

*Morning & Evening Classed offered*

**IATA authorised Traning Centre**

The Course Director
**ACADEMY OF TRAVEL & TOURISM MANAGEMENT**
(A Division of Akbar Travels of India)
3rd Floor, Deepa Theatre Complex,
Ravipuram, Cochin - 16. Ph : 0484-365613

ലേഖനം

ബ്രൂസ്‌ലി കുരുവിള തോമസ്
മൂന്നാം വർഷ മലയാള ബിരുദം

# വിവസ്ത്രത ഇഷ്ടപ്പെടുന്ന ഇന്ത്യൻ പെൺകൊടി

ജീവിതത്തിൽ ഇന്ത്യൻസമൂഹം കാത്ത് സൂക്ഷിച്ചിരുന്ന മൂല്യങ്ങളൊക്കെത്തന്നെ പഴഞ്ചനാണെന്നും വികലമാണെന്നും വാദങ്ങൾ ഉയർന്ന് തുടങ്ങിയിട്ട് വർഷങ്ങൾ ഒരു പാടായി. ഭാരതീയന്റെ മൂല്യസങ്കൽപങ്ങളിൽ സ്ത്രീ അടിമയാണെന്നും അവളെ മനുഷ്യജീവിയായി പോലും കണക്കാക്കുന്നില്ലെന്നു മായിരന്നു സ്ത്രീ വിമോചനക്കാരുടെ പക്ഷം. ഒറ്റപ്പെട്ടും കൂട്ട മായും വിമോചന ആശയങ്ങൾ നമുക്ക് മുൻപിലും പടർന്ന് തുടങ്ങി. സാമൂഹികവും സമ്പത്തികവും സാംസ്കാരി കവുമായ ഭാരതത്തിലെ മാറ്റങ്ങൾക്കൊപ്പം വിമോചനം എന്ന ചിന്തയ്ക്കും വളരാൻ അവസരം ലഭിച്ചു.

പുരുഷൻ അനുഭവിക്കുന്ന സ്വാതന്ത്ര്യം അതേ ആഴത്തിലും പരപ്പിലും തങ്ങൾക്ക് കൂടി അവകാശപ്പെട്ടതാണെന്ന ആശയത്തിന് ആക്കം കൂടി. സ്ത്രീ തന്റെ താഴെയാണെന്നോ അവൾ തന്നാലാണ് സംരക്ഷിക്കപ്പെടേണ്ടതെന്നോ ഉള്ള പുരുഷന്റെ സങ്കൽപത്തിനും ഇടിവ് തട്ടി.

ചുരുക്കത്തിൽ സ്ത്രീ - പുരുഷൻമാർ എന്ന് പറയുന്നത് രണ്ടു വ്യക്തികളാണ് എന്നും ജീവിതത്തിൽ ജൈവികമായ തൃഷ്ണകളുടെ പൂരണത്തിനൊഴികെ മറ്റൊന്നിനും ഇവർ പരസ്പരം ആശ്രയിക്കേണ്ടതില്ലെന്നും ഉള്ള അതിനൂതനമായ സങ്കൽപത്തിലെത്തിയിരിക്കുന്നു. ഇങ്ങനെ മനുഷ്യസമൂഹത്തിൽ സംരക്ഷിക്കപ്പെടേണ്ട മുഴുവൻ മാന്യതകളും ആക്രമിക്കപ്പെടുന്നത് കൊണ്ട് ഉണ്ടാവുന്ന ദുരന്തങ്ങളെക്കുറിച്ചുള്ള കേട്ടറിവുകളിൽ എവിടെ നിന്ന് വന്നു, എവിടെയെത്തിയിരിക്കുന്നു എങ്ങോട്ട് പോവുന്നു എന്ന് ആലോചിക്കാനെങ്കിലും നാം മിനക്കെടാതിരുന്നാൽ അധികം വൈകാതെ ചേറിൽ പുളയ്ക്കുന്ന പുഴുക്കളും നമ്മളും തമ്മിൽ വസ്ത്രത്തിന്റെ വേർതിരിവ് പോലും ഇല്ലാതെ വരും.

> പുരുഷന്റെ വൃഷണം ഛേദിക്കണമെന്നും, പെൺകുട്ടികൾ ഇരുമ്പ് നഖങ്ങൾ ധരിക്കണമെന്നും, നമ്മുടെ സാംസ്കാരിനായികമാർ ഉപദേശിക്കുമ്പോൾ അപരാധി പുരുഷനാണ്, പൊരുൾ വേറൊന്നാണ്. മാസങ്ങളോളം സുഖിച്ച് മദിച്ച് കൂത്താടി തിരിച്ച് വന്ന് ഒരൊറ്റ കരച്ചിലാണ്. 'ഹെന്നെ പീഢിപ്പിച്ചേ !'

സമൂഹത്തിന്റെ ഈ കീഴ്മേൽ മറിച്ചിലുകളെ ഒരു ഓറിയന്റലിസ്റ്റോ, ഫെമിനിസ്റ്റോ മാത്രമായി നിന്ന് കൊണ്ട് വിലയിരുത്താനാവില്ല. മാറ്റങ്ങളെ മുഴുവൻ നാം എതിർത്തിരുന്നത് മൂല്യശോഷണമെന്നോ, സാസ്കാരിക തനിമയുടെ അധഃപതനമെന്നോ പറഞ്ഞാണ്. നാം പഠിച്ചത് പോലെ സതി എന്ന അനാചാരത്തെ രാജാറാം മോഹൻ റോയ് എതിർത്തപ്പോൾ ഓറിയന്റലിസ്റ്റ് വിലപിച്ചിരുന്നത് സാംസ്കാരിക തനിമയെക്കുറിച്ചായിരുന്നു. ഒരു സ്ത്രീയുടെ ജീവിതം ചുട്ടെരിച്ചാണോ, സാസ്കാരിക തനിമ നിലനിർത്തേണ്ടത് എന്ന ഫെമിനിസ്റ്റിന്റെ ചോദ്യം ഒരിക്കലും ഒരു ഫെമിനിസ്റ്റിന്റെ മാത്രം ചോദ്യമായി മാറുന്നില്ല. മാനുഷികതയുള്ള എല്ലാവരുടേയുമാണത്. ഫെമിനിസത്തിന്റെ ആവിർഭാവത്തിന് ഭാരതത്തിൽ വേരോടിയത് തന്നെ അതിന് മാനുഷികതയുടേതായ ചില മാനദണ്ഡങ്ങൾ ഉണ്ടായിരുന്നു എന്നത് കൊണ്ട് കൂടിയാണ്.

പാശ്ചാത്യസ്ത്രീസങ്കൽപം പൂർണ്ണമാകുന്നത് ഭാര്യയിലാണ് എന്നാൽ ഭാരതീയ സ്ത്രീസങ്കൽപം മാതൃത്വത്തിലാണ് പൂർണ്ണത പ്രാപിക്കുന്നത്. സ്ത്രീയുടെ കർത്തവ്യങ്ങൾ സംഘടിക്കപ്പെട്ടിരിക്കുന്നത് ഈ മാതൃധർമ്മത്തിൽ 'മദറിംഗ്' നിന്നാണ്.

സുന്ദരിയും മൃദുലയും ദുർബലയുമായ സ്ത്രീ, വിവേകശാലിയായ വീട്ടകാരി - ഈ രണ്ടവസ്ഥകളും പിന്നിട്ടാണ് അവൾ സദാചാരനിരതയായ വീട്ടമ്മയായത്. അപ്പോഴും മണ്മുൻ ഋതുകളുടേയും നിറവും മണവും അവളിൽ നിന്ന് പുരുഷൻ പ്രതീക്ഷിക്കുന്നുമുണ്ട്. കുട്ടികൾക്കെന്നപോലെ ഭർത്താവിനും അവൾ അമ്മയാകണം. മത്സരത്തിന്റെ നിഷ്ഠൂരലോകത്തിൽ അതിജീവിക്കാൻ ലൈംഗികത യ്ക്കപ്പുറത്ത് അവൾ പവിത്രയും അനുസരണശീലയും ഭക്തയും ലജ്ജാശീലയും ആകണം - അതത്രേ യഥാർത്ഥ സ്ത്രീത്വം.

ഈ സ്ത്രീസങ്കൽപവും, മാതൃത്വവും ലൈംഗികതയും, ഭരണവ്യവസ്ഥിതിയും നിയമങ്ങളും, ഭാഷയും ഒക്കെത്തന്നെ പുരുഷ മേധാവിത്വത്തിന്റെ സൃഷ്ടികളാണെന്നതാണ് ഫെമിനിസ്റ്റ് ഉന്നയിക്കുന്ന പ്രധാനപ്രശ്നം. തങ്ങൾ ആയരിക്കേണ്ടത് എങ്ങനെ എന്നതിന് രേഖാചിത്രങ്ങൾ വരയ്ക്കുന്നത് പുരുഷനായതെങ്ങനെ ? അവന്റെ കാഴ്ചപാടുകളിൽ ജീവിക്കുക എന്നതാണ് തങ്ങളുടെ ധർമ്മമെന്ന് പറയുമ്പോൾ സ്വന്തം ആഗ്രഹങ്ങളും ശരികളും മറ്റൊരാൾക്ക് മുൻപിൽ കീഴ്പെടുത്തേണ്ടി വരുന്നു.ഇത് അടിമത്തമാണ്. ഈ അടിമത്തത്തിൽ നിന്നാണ് ഫെമിനിസ്റ്റ് സ്വാതന്ത്ര്യമാഗ്രഹിച്ചത്. ജൈവികമായ ഒരു വ്യത്യാസത്തിൻമേൽ സാമൂഹികമായ ഒരന്തരം കെട്ടിവയ്ക്കുന്നതിനെ അവർ ചോദ്യം ചെയ്യുന്നു.

പക്ഷെ ഈ ചോദ്യം ചെയ്യലിൽ ചില പ്രശ്നങ്ങളുണ്ട്.

ആംഗ്ലോ അമേരിക്കൻ സൈദ്ധാന്തികനായ കേറ്റ് മില്ലറ്റ് സ്ത്രീ വിമോചനസാധ്യതകളെ ലളിതവത്ക്കരിക്കാൻ ശ്രമിക്കുന്നത് ഫ്രോയിഡിന്റെ അബോധമണ്ഡലമെന്ന ഏറ്റവും അടിസ്ഥാനപരമായ കണ്ടെത്തലിനെ അവഗണിച്ചു കൊണ്ടാണെന്ന്, തന്റെ സ്ത്രീപഠനങ്ങളിൽ എം.കെ. രാമകൃഷ്ണൻ വിലയിരുത്തുന്നുണ്ട്. അതായത്, ലൈംഗിക

മായ അടിച്ചമർത്തൽ ബോധമണ്ഡലത്തിൽ മാത്രം നടക്കുന്ന ഏകമാനമായ ഒരു പ്രക്രിയയാണെന്ന് അതിൽ ഈ അടിച്ചമർത്തൽ ഇല്ലാതായാൽ വിമോചനം സാധ്യമാകും എന്നും വിശ്വസിപ്പിക്കാനാണ് മില്ലറ്റിനിഷ്ടം.

എന്നാൽ പുരുഷനോടുള്ള സ്ത്രീയുടെ വിധേയത്വം അബോധതലത്തിലേക്ക് കൂടി പടർന്നിറങ്ങിയ വേരുകളുള്ള ഒരു ഭാവമാണ് എന്ന കാര്യം വിമോചനക്കാർ സൗകര്യപൂർവ്വം മറക്കുന്നു. മാത്രമല്ല മാതൃത്വം എന്നത് അടിച്ചേൽപിക്കുന്ന എന്നതിനുമപ്പുറം ജൈവീകവും, ജന്മസിദ്ധവുമായ ഒരു ചോദന കൂടിയാണ്. പ്രകൃതിയിൽ നിന്നു തന്നെ നമുക്കതിന് ഉദാഹരണങ്ങൾ കിട്ടും. അതുകൊണ്ടു തന്നെ മാതൃധർമ്മങ്ങളോടുള്ള കൂടിയ വിമുഖത രോഗമാണ് എന്ന വൈദ്യശാസ്ത്ര നിഗമനങ്ങളിൽ എന്താണ് തെറ്റ് ? പക്ഷെ ഫെമിനിസ്റ്റ് ഈ വൈദ്യശാസ്ത്രത്തെ, പുരുഷനിഷ്ഠം എന്ന് നിരാകരിക്കുന്നു.

ഫ്രെഞ്ച് എഴുത്തുകാരിയായ സിമൻ ദി ബോവേർ നെ പോലുള്ള തീവ്രവിമോചനക്കാർ അമ്മയെന്ന ഉദാത്ത സങ്കൽപത്തെ ശക്തിയുക്തം എതിർക്കുന്നു. സ്ഥിരം ഭർത്താവ് എന്ന സ്ഥാപനത്തിൽ പോലും അവർ വിശ്വസിച്ചിരുന്നില്ലത്രെ ! അവരുടെ സഹശയനം കുടുംബവികാസത്തിനായിരുന്നില്ല. തൃഷ്ണയുടെ പൂരണം മാത്രം. സ്ത്രീയുടെ ബാധ്യതകളെല്ലാം- കുടുംബമെന്ന മിഥ്യ - മാതൃത്വമെന്ന മിഥ്യ- മാതൃപ്രേരണയെന്ന മിഥ്യ അവർ അടിമത്തമായി കരുതി. ഈ മിഥ്യകൾ നശിക്കാത്ത കാലത്തോളം സ്ത്രീ അടിമയായി തുടരും എന്നും അവർ വിശ്വസിച്ചു. സ്ത്രീയുടെ സ്വതന്ത്രമായ അസ്ഥിത്വം പൂർണ്ണമായ ഒരു കാഴ്ചപാടായി തീർന്നിട്ടില്ല. പക്ഷെ അവ്യക്തമായ ഒരു മനോഹര ആശയമായി പലതും അതിനെ താലോലിക്കുന്നു.

മാറ് മറക്കുന്നതിനുള്ള അവകാശം നേടുന്നതിന് വേണ്ടി സമരം ചെയ്യേണ്ടിവന്ന ഒരുകാലമുണ്ടായിരുന്നു നമ്മുടെ സ്ത്രീകൾക്ക്. സ്വന്തം നഗ്നത മറക്കുന്നത് ജീവനേക്കാൾ വലുതായി കരുതി അന്നവൾ സമരം ചെയ്തത് ഇവിടത്തെ നാടുവാഴി പുരുഷൻമാരോടായിരുന്നു. 150 വർഷങ്ങൾക്ക് ശേഷം ഇന്ന് അതേ നാട്ടിൽ 'മാറ് മറയ്ക്കാതിരിക്കുന്നതാണ് സ്വാതന്ത്ര്യം എന്ന ഒരു കാഴ്ചപാടിലേക്ക് സ്ത്രീ എത്തിയതെങ്ങനെയാണ് ?

മൊട്ട് സൂചി മുതൽ വിമാനം വരെ വിൽക്കാൻ സ്ത്രീയുടെ നഗ്ന ശരീരം ഉപയോഗപ്പെടുത്തുന്നു എന്ന് ഫെമിനിസ്റ്റുകൾ ആരോപിച്ചിരുന്നു ഏതാനും വർഷങ്ങൾക്ക് മുൻപ്‌വരെ. എന്നാൽ ഇന്ന് ഫാഷൻ ഷോയും, മോഡലിംഗും സൗന്ദര്യ മത്സരവും, നഗ്നതാ പ്രദർശനവും കൂടിച്ചേർന്ന ഹരമാണ് ജീവിതമെന്ന ഒരവബോധം നമ്മുടെ പെൺകുട്ടികളിൽ വളർന്ന് വരുന്നു. ഭാര്യയാവുക, പ്രസവിക്കുക, മുലയൂട്ടുക, അമ്മയാവുക ഇതൊക്കെ ജീവിതത്തിലെ ശല്യങ്ങളായി അവൾ കരുതി തുടങ്ങി. ചെറിയ തോതിലെങ്കിലും, മനസികമായൊരു ഷണ്ഡത്വത്തിലേക്ക് പുരുഷനും അധഃപതിച്ചു തുടങ്ങിയിരിക്കുന്നു. ഭാരതത്തിൽ ഫെമിനിസം വേരോടുന്നതിന് മുൻപ് കുടുംബത്തെക്കുറിച്ചും സ്ത്രീ പുരുഷൻമാരെ കുറിച്ചും നമുക്കുണ്ടായിരുന്ന അവബോധങ്ങൾക്ക് പൈതൃകങ്ങളുടെ പഴക്കമുള്ള ചില കാരണങ്ങളുണ്ട്. അടിമ, ഉടമ എന്ന് ആക്രോശിക്കുന്നതിന് മുൻപ്, കേവലം അടിച്ചമർത്തൽ എന്ന് ലളിതവത്ക്കരിക്കുന്നതിന് മുൻപ്, മനസ്സിന്റെ ഓരോ അണുവിലും ലയിച്ച് ചേർന്നിരിക്കുന്ന ബോധതലങ്ങളിലേക്ക് ഒരന്വേഷണം ആവശ്യമാണ്.

സ്ത്രീ ഭരണത്തിന്റേതായ ഒരു പൗരാണികകാലത്തെക്കുറിച്ച് ബഹോഫൻ ഉൾപ്പെടെയുള്ള ചില നരവംശ ശാസ്ത്രജ്ഞൻമാർ വിശദീകരിക്കുന്നുണ്ട്. (സിമോദ് ദ ബുവ്വാ, വൂർഹിസ് തുടങ്ങിയ ചിലർ ഒരു മിത്തായി കരുതി ഇതിനെ നിരാകരിച്ചിട്ടുമുണ്ട്.) പതിനായിരത്തോളം വർഷങ്ങൾക്ക് മുൻപ് മനുഷ്യർ ഏതാണ്ട് മൃഗസമാന്മാരായി കഴിഞ്ഞിരുന്ന ഒരു കാലത്ത് ലൈംഗികത ആത്മസംപൂരണത്തിന്റെ മാത്രം ഭാഷയായിരുന്നു. അന്ന് അച്ഛൻ എന്ന സങ്കൽപം പോലും ഉടലെടുത്തിരുന്നില്ല. ജനിച്ച് വീഴുമ്പോഴേ മുലക്കണ്ണ് തിരയുന്ന കുഞ്ഞിന് അമ്മ മാത്രമായിരുന്നു ഉണ്ടു. ഒരു കൂട്ടം മനുഷ്യരിലെ, സ്ത്രീകൾ പ്രസവിക്കുന്ന കുട്ടികൾക്ക് അച്ഛനെ ആരായുക എന്നത്, അപ്രസക്തമായിരുന്നു. പിന്നീട് ദ്വന്ദ്വവിവാഹ വ്യവസ്ഥയിലേക്ക് മനുഷ്യൻ വളർന്നതോടെ, സ്ത്രീ ഒരാളുമായി മാത്രം ലൈംഗികബന്ധത്തിലേർപ്പെട്ട് തടങ്ങിയതോടെ, അമ്മയ്ക്കൊപ്പം, അച്ഛൻ എന്ന സങ്കൽപവും കൂടി അംഗീകരിക്കപ്പെട്ടു. മനുഷ്യൻ മനുഷ്യത്വവും പുരുഷൻ തന്റെ അസ്തിത്വവും കൈവരിക്കുന്നത് ഇവിടം മുതൽക്കാണ്. കുടുംബം എന്ന സങ്കൽപത്തോടൊപ്പം തന്നെ പതിവ്രത, ചാരിത്ര്യം എന്ന സങ്കൽപങ്ങൾ കൂടി ഉദയം ചെയ്തതിനെ ശ്രീ. സി.വി സുധീന്ദ്രൻ വിശദീകരിക്കുന്നതിങ്ങനെയാണ്. "ഒരു പുരുഷൻ സ്വന്തമായില്ല എന്ന് വന്നാലും സ്ത്രീ അമ്മ തന്നെ യാണ്. തികഞ്ഞവളുമാണ്. മറിച്ച് ഒരു പെണ്ണ് സ്വന്തമായില്ലെങ്കിൽ പുരുഷൻ ഒന്നുമില്ലാത്തവനായി തീരുന്നു. സ്ത്രീയുടെ ചാരിത്ര്യത്തിലുള്ള ശങ്ക പുരുഷന്റെ ഏറ്റവും വലിയ തീവ്രമായ മാനസിക പീഢയായി വളർന്നതിൽ അത്ഭുതമില്ല."

ഒരമ്മയാവാൻ പുരുഷന്റെ സഹായം സ്ത്രീക്ക് ആവശ്യമായി വരുന്നത് കാലത്തിന്റെ എത്രയോ ചെറിയ ദൈർഘ്യം മാത്രമാണ്. പക്ഷെ ഒരച്ഛനാവാൻ തന്റെ കുഞ്ഞിന്റെ അമ്മയുടെ ജീവിതം മുഴുവൻ ഒരു പുരുഷന് ആവശ്യമാണ്. പത്ത് വയസ്സ് വരെ സ്വന്തം കുഞ്ഞിനെ ജീവനേക്കാൾ സ്നേഹിച്ച കുഞ്ഞുണ്ണിക്ക്, തന്റെ ഭാര്യ ആ പിതൃത്വം നിഷേധിക്കുമ്പോൾ അനുഭവിക്കേണ്ടി വരുന്ന വേദന ഒ. വി. വിജയന്റെ ഗുരുസാഗരത്തിലൂടെ മലയാളി ഏറ്റു വാങ്ങിയതാണ്. ലോകത്തിലെ മതങ്ങളും വേദങ്ങളും പതിവ്രത, ചാരിത്ര്യവതി എന്നീ സങ്കൽപങ്ങൾക്ക് പത്നീവ്രതൻ എന്നതിനേക്കാൾ പ്രാധാന്യം കൊടുത്തത് ഈ അറിവുകളോടൊപ്പമേ നമ്മൾ വ്യാഖ്യാനിക്കാവൂ. "പുരുഷ മനസ്സിന്റെ ആദിമ ഭീതികളെയും ആ ഭീതികളിൽ നിന്നുയുർന്ന പ്രതിരോധോപായങ്ങളേയും സ്ത്രീമനസ്സിനെ വ്യവ സ്ഥാപിതമാക്കാനും കീഴ്പെടുത്താനും വശമുള്ള അതിന്റെ അന്തഃ പ്രേരണകളേയും കണക്കിലെടുക്കാതെ സ്ത്രീപഠനങ്ങൾ പൂർണ്ണമാകുന്നില്ല." പ്രകൃതിയിലെ ഏതൊരു മൺതരിക്കു പോലും അതിന്റേതായ ചില ധർമ്മങ്ങളുണ്ട്. അന്തരീക്ഷ ത്തിലെ ഈ പൊടിപടലങ്ങൾ അവയുടെ ധർമ്മങ്ങൾ പലതും നിരാകരിച്ചാൽ സൂര്യനിൽ നിന്ന് വരുന്ന അപകടകാരികളായ രശ്മികൾ ഭൂമിയിൽ ജീവൻ തന്നെ നിഷേധിക്കും. പ്രകൃതിയെ അതേ പടി അനുകരിക്കുന്നതിന് പകരം മറ്റ് ഏതൊരു ജീവിയിൽ നിന്നും വ്യത്യസ്തനായി ചില അരുതുകളിലൂടെ നേടിയെടുത്ത സംസ്കാരവുമായാണ് മനുഷ്യൻ ജീവിക്കുന്നത്. ഈ അരുതുകളുടെ നിഷേധം മനുഷ്യനെ മൃഗവുമായി വസ്ത്രത്തിന്റെ വ്യത്യാസം പോലും ഇല്ലാത്തവനായി തീർത്തുകൊണ്ടിരിക്കുന്നു.

With Best Compliments From :-

# LAB - AGENCIES

Banerji Road, Ernakulam North, Cochin - 682 018
Phone : Off : 390457, Res : 344036, Fax : 0484-344759

*Leading Stockists for* : **Scientific & Surgical instruments, Hospital & Laboratory Equipment, Chemicals & Glasswares**

*Branches:*

**M.G. College**
**Trivandrum - 4**
**Phone : 446961**

**College Road**
**Trichur - 1**
**Phone : 21956**

Propriter : V.R. John

# C A M S

COMPUTER CENTRE (ESTD : 1979)
Offer job oriented courses for Graduates/Undergraduates

**New Batch Commencing on 1st monday of Every Month**

| MODULE1 | MODULE2 | MODULE3 | MODULE4 | MODULE5 |
|---|---|---|---|---|
| Fundamentals<br>DOS<br>Computerised<br>Accounting<br>Applications | Wordstar<br>Lotus<br>Windows | MS Word<br>Excel<br>LAN | Prog. Tech<br>SAD<br>FOXPRO<br>COBOL | C.Language<br>UNIX<br>Power Point<br>Power Builder |
| Duration (Months) | 4 | 6 | 10 | 15 |

● Daily practicals ● Convenient timings ● Short Courses in FA, Office Automation, Windows, Word, Excel, Foxpro etc..

**Qualifications for getting job in private firms :**
Essential : exposure to use of computers.
Desirable : Typing knowledge and fluency in written and sopken English

Computerised Accounting & Management Services Pvt Ltd.
Telstar, Ravipuram, M.G. Road, Cochin -16. Tel : 354947.

നമുക്കും പാശ്ചാത്യനും ഇടയിൽ ഇന്ന് അതിരുകളില്ല. നക്ഷത്രങ്ങൾ കടന്നു വരുന്ന വീചികളിലൂടെത്തവൻ നമ്മുടെ സ്വീകരണമുറിയൽ 'വിഡ്ഢികളായ' കുട്ടികൾക്ക് മുൻപിൽ വിവസ്ത്രതയുടെ നിഗൂഢത വെളിപ്പെടുത്തുന്നു.പാശ്ചാത്യൻ മുൻപേ തന്നെ മനസ്സും ബുദ്ധിയും എടുത്ത് കളഞ്ഞ് വെറും പേക്കോലമാക്കിയ മദാമ്മയുടെ നഗ്നതയും ജീവിതാ സ്വാദനവും നമ്മുടെ പെൺകുട്ടികളെ മത്ത് പിടിപ്പിക്കുന്നു. സമൂഹത്തിൻെറ നിയന്ത്രണങ്ങളിൽ നിന്ന്, ഈ തൃഷ്ണകളുടെ സാക്ഷാത്കാരത്തിലേക്കുള്ള മോചനമാണ് സ്വാതന്ത്ര്യമെന്ന് പെൺകൊടി കരുതുന്നു. പിന്നെ, പിന്നെ മോഡലിംഗും ഫാഷൻ ഷോയും, ശരീരസൗന്ദര്യവും നിമ്നോന്നതകളെ വെളിവാക്കുന്ന വസ്ത്രങ്ങളും..... ആ ഹരത്തിൽ അവൾ മുങ്ങിത്താഴുന്നു. ഇതാണ് പുരോഗമനം, ഇതാണ് വിശാലത ഇതിനെ ചോദ്യം ചെയ്യുന്ന എന്തിനേയും അവൾ അവഗണിക്കുന്നു.

സുസ്മിതാ സെന്നും, ഐശ്വര്യാ റായിയും വസ്ത്രങ്ങളഴിക്കാൻ തയ്യാറായപ്പോൾ ലോകസുന്ദരികളായി അംഗീകരിക്കപ്പെട്ടത് തന്നെ പാശ്ചാത്യൻെറ വിദഗ്ദ്ധമായ കെണിയാണ്. അത് വഴി ഭാരതത്തിലെ പെൺവർഗ്ഗത്തെ പാശ്ചാത്യൻ മോഹിപ്പിക്കുന്നു, വ്യതിചലിപ്പിക്കുന്നു. നമ്മുടെ പെൺ കുട്ടികൾ ജീവനു തുല്യം സ്നേഹിക്കുന്ന മനീഷയും, ജൂഹിയും വസ്ത്രങ്ങളില്ലാതെ വിഭിന്നപങ്കാളികളോടും, ലൈംഗിക ചലനങ്ങളോടും കൂടി നമുക്ക് മുന്നിൽ പ്രത്യക്ഷപ്പെടുമ്പോൾ അവരെ അനുകരിക്കുന്നതിലെ ആരുതായ്മകളെക്കുറിച്ച് മനസ്സിലാക്കാൻ വേണ്ട ഉൾക്കാഴ്ചയോ, മൂല്യബോധമോ, ധാർമ്മിക ചിന്തയോ പണ്ടേ നമ്മൾക്ക് നഷ്ടമായി. തിരുത്താനൊരു 'അമ്മ' പോലും നമുക്ക് അന്യമായി.

സ്വാതന്ത്ര്യ ബോധത്തോടെയാണ് വസ്ത്രങ്ങളഴിക്കുന്നതെന്ന് വിശ്വസിക്കുമ്പോഴും വൃത്തികെട്ട പുരുഷൻെറ വൃത്തികെട്ട അടിമയാവുകയാണ് താനെന്ന് അറിയാതെ അവൾ വരും തലമുറയെ കൂടി വിവസ്ത്രയാക്കുന്നു. സ്ത്രീയുടെ സ്ത്രീത്വം മാത്രമല്ല പുരുഷൻെറ പുരുഷത്വവും ഇന്ന് മിത്തായി മാറിക്കൊണ്ടിരിക്കുന്നു.

നമ്മുടെ ഗവൺമെൻറിനെ പോലും അട്ടിമറിക്കാൻ കഴിഞ്ഞ ചില സ്ത്രീ പീഢനകഥകളെക്കുറിച്ച് പത്രങ്ങൾ വാതോരാതെ പറഞ്ഞിരുന്നു അടുത്തിടെ. സാംസ്കാരിക കേരളം മുഴുവൻ രോഷം കൊണ്ട അര ഡസനോളം പീഢന കഥകൾ. പുരുഷൻെറ വൃഷണം ഛേദിക്കണമെന്നും, പെൺ കുട്ടികൾ ഇരുമ്പ് നഖങ്ങൾ ധരിക്കണമെന്നും, നമ്മുടെ സാംസ് കാരിനായികമാർ ഉപദേശിക്കുമ്പോൾ അപരാധി പുരുഷനാണ്, പക്ഷെ കേട്ട കഥകളുടെ മുഴുവൻ പൊരുൾ വേറൊന്നാണ്. മാസങ്ങളോളം തെരുവ് തെണ്ടിനടന്ന് പലരോടും ചേർന്ന് സുഖിച്ച് മദിച്ച് കൂത്താടി തിരിച്ച് വന്ന് ഒറ്റ കരച്ചിലാണ്. 'ഹെന്നെ പീഢിപ്പിച്ചേ !'

ആദരവിന് പകരം സ്ത്രീയിന്ന് പുരുഷനിൽ ജനിക്കുന്നത്. കാമമാണ്. ഒരർത്ഥത്തിൽ അവൾ ആഗ്രഹിക്കുന്നതും അത് തന്നെയാണ് ഒരളവ് വരെ. പീഡനങ്ങളിൽ, ബലാത്സംഗങ്ങളിൽ പോലും സ്ത്രീ പുരുഷനിൽ ജനിപ്പിക്കുന്നത് നിനക്ക് സമയമു ണ്ടെങ്കിൽ എനിക്ക് ചായ്വുണ്ട്. എന്ന ധാരണയാണെന്ന് മനശാസ്ത്ര പഠനശാലയായ വിക്റ്റിളജി വ്യക്തമാക്കുന്നു.

ഭാരതത്തിൻെറ കാഴ്ചപാടിലെ വൈകൃതമായി കരുതി ഉദ്ധരിക്കപ്പെടാറുള്ള വിവേകാനന്ദൻെറ ചില വചനങ്ങളുണ്ട്.

അവർ സ്വയം അവകാശ പ്പെടുകയും മറ്റുള്ളവരെ വിശ്വസിപ്പിക്കുകയും ചെയ്യാറുള്ളത് പോലെ എല്ലാ സ്ത്രീകളും പരിശുദ്ധകളും നല്ലവരുമാണെങ്കിൽ ലോകത്ത് ഒരൊറ്റ പുരുഷനും വഴിവിട്ട് കിടക്കുമായിരുന്നില്ല. ചാരിത്ര്യവതിയായ ഒരു സ്ത്രീ തൻെറ ഭർത്താവൊഴികെയുള്ള എല്ലാ പുരുഷൻമാരെയും അമ്മ കുട്ടിയെയെന്നപോലെ വീക്ഷിക്കുകയാണെങ്കിൽ പുരുഷൻമാർ എത്ര തന്നെ നിഷ്കൃഷ്ടരായാലും അവർക്ക് വിശുദ്ധിയുടെ പരിവേഷമേ ഒരു സ്ത്രീയിൽ ദർശിക്കാനാവൂ.

ഒരു ശതകത്തിന് മുൻപ് 'കാറൽ ചാപക്' എന്ന നോവലിസ്റ്റ് എഴുതിയ വിഖ്യാതമായ 'ആർ യു ആർ' എന്ന നോവലിൽ കമ്പ്യൂട്ടറുകളിൽ ഭ്രമിച്ച് പ്രജജനം നിലച്ച ഒരു തലമുറയെ ചിത്രീകരിക്കുന്നുണ്ട്. ശൈശവം എന്ത് പാഴ് എന്ന് അതിൽ ഒരു കഥാപാത്രം കാണിച്ച ഈർഷ്യ അതിഭാവുകത്വമായട്ടേ വായനക്കാരൻ കരുതുന്നുള്ളു. എന്നാൽ ഇന്ന് കുട്ടികൾ എന്തൊരു ശല്യമാണ് നോക്കു ഞങ്ങളെത്ര സ്വസ്ഥരാണ് എന്ന് പറയുന്ന ദമ്പതികൾ ഏറി വരുന്നു. ഇതൊരു ദുരന്തമല്ലാതെ മറ്റെന്താണ്.

1968 ൽ സി. രാധാകൃഷ്ണൻെറ 'ഉൾപിരിവുകളി'ലെ നായകൻ തൻെറ ഭാര്യയെ വ്യഭിചാരത്തിന് പ്രേരിപ്പിച്ചിരുന്നു. സ്വന്തം ഉന്നതിക്ക് വേണ്ടി. ആ സ്ത്രീ ഭർത്താവിനെ ഉപേക്ഷിച്ചു. ബോംബെയിലായിരുന്നു അത്. ഇന്ന് ഇണകളെ പരസ്പരം കൈമാറാനും രാത്രി ഒരുമിച്ചു കഴിയാനും അങ്ങനെ മാസത്തിൽ നാല് തവണയെങ്കിലും മറ്റൊരാളോടൊപ്പം കിടക്ക പങ്കിടാനും ദമ്പതികൾക്ക് അവസരം നൽകുന്ന കീക്ലബുകൾ നമ്മുടെ നഗരത്തിലുമുണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഇവരുടെ കുട്ടികൾ അച്ഛൻ എന്നാരെയാണ് വിളിക്കുക. ഈ ഭർത്താക്കൻമാർ മോനെയെന്ന് ആരെയാണ് വിളിക്കുക. മറ്റൊരു സ്ത്രീക്ക് വേണ്ടി സ്വന്തം ഭാര്യയെ അന്യപുരുഷന് കൈമാറ്റം ചെയ്യുന്ന പുരുഷനും, ഭർത്താവിനെ മറ്റൊരുവളോടൊപ്പം പറഞ്ഞുവിട്ടിട്ട് അന്യപുരുഷനോടൊപ്പം കിടക്ക പങ്കിടുന്ന സ്ത്രീയും അച്ഛനാരാണെന്ന് അറിയാതെ അവർക്ക് ജനിക്കുന്ന കുട്ടികളും. എത്ര നല്ല കുടുംബം. തീർന്നില്ല. അപ്പാച്ചെ വന്ന് പാട്ട് പാടി ഗ്രൗണ്ടിൽ നോക്കിയപ്പോൾ മദ്യക്കുപ്പികളോടൊപ്പം സ്ത്രീകളുടെ അടിവസ്ത്ര ങ്ങളുമുണ്ടായിരുന്നു. ചവറ് പോലെ.

എത്ര നല്ല സമൂഹം !

അമ്മ ദൈവളോട് വിധേയത്വവും ആരാധനയും പുലർത്തിയിരുന്ന ഒരു പൂർ[illegible]സംസ്കൃതിയിൽ ജനിച്ച് വളർന്ന നമ്മൾക്ക് സ്നേഹവും ആദരവും പരസ്പരം നഷ്ടമാകുന്നു. നിമ്നോന്നതകളുടെ മനോഹാരിത മാത്രം, അത് ജനിപ്പിക്കുന്ന ഭാവങ്ങൾ മാത്രം പുരുഷൻ സ്ത്രീയിൽ കാണുകയും, അത്രമാത്രം കണ്ടാൽ മതിയെന്ന് സ്ത്രീ ശഠിക്കുകയും ചെയ്യുന്ന സമൂഹം ദുരന്തത്തിൻെറ വക്കിലാണ്. ഇതിൽ നിന്ന് ഒരു മോചനം ഉണ്ടാവണമെങ്കിൽ പെൺകുട്ടികളെ മാന്യമായ രീതിയിൽ വളർത്താൻ കഴിവും, മനസ്സുമുള്ള അമ്മമാരും അതിനെ സഹായിക്കാൻ മനസ്സിൻെറ ഷണ്ഡത്വമില്ലാത്ത അച്ഛൻമാരും ഉണ്ടായേ തീരു. നാളത്തെ അമ്മയെയും അച്ഛനെയുമാണ് നമ്മൾ ഇന്നിവിടെ പെൺകുട്ടികളും ആൺകുട്ടികളുമായി കാണുന്നത് എന്നറിയുമ്പോൾ ഇനി ആരിലാണ് അഭയം തേടേണ്ടത് എന്ന് എനിക്കറിയില്ല. ●

കഥ

വിനോജ് കുമാർ വി.
ഒന്നാം വർഷ പ്രീഡിഗ്രി.

# ഓളങ്ങൾ



"അനൂപ് നിന്നോടെത്ര തവണ പറഞ്ഞിട്ടുണ്ട് മഴ പെയ്യുമ്പോൾ ഇറയത്ത് വന്നിങ്ങനെ നിൽക്കരുതെന്ന് , പനി പിടിപ്പിച്ചേ അടങ്ങൂ നീ".

അമ്മയാണ്. അയ്യോ മറന്നു അമ്മയല്ല, മമ്മി. മമ്മി ഇങ്ങനെയാണെപ്പോഴും. അങ്ങോട്ടു തിരിഞ്ഞാലും ഇങ്ങോട്ട തിരിഞ്ഞാലും കുറ്റം.

മഴ പെയ്യുന്നതു കാണുമ്പോൾ മുത്തച്ഛനെയാണോർമ്മ വരിക. മഴയെ പറ്റിയുള്ള എത്രയെത്ര കഥകളാണ് മുത്തച്ഛൻ പറഞ്ഞുതന്നിട്ടുള്ളത്. കമുങ്ങിൻ പാള കൊണ്ട് പായ്ക്കപ്പലുണ്ടാക്കാൻ പഠിപ്പിച്ചതും, തന്നെ ആദ്യമായി മഴയത്ത് കളിപ്പിച്ചതും മുത്തച്ഛൻ തന്നെ.

വെക്കേഷന് ഡാഡിയോടും, മമ്മിയോടും ഒപ്പം നാട്ടിൽ വന്നപ്പോഴായിരുന്നു അത്. മുത്തച്ഛനെ ആദ്യമായി കാണുകയാണ്. അതുകൊണ്ടു തന്നെ നന്നെ ഭയവുമുണ്ട്. 'ഗ്രാൻഡ് പാ'യെക്കുറിച്ച് കൂട്ടുകാർ പറഞ്ഞുള്ള അറിവേ ഉള്ളൂ. കൊമ്പൻ മീശയും ഉണ്ടക്കണ്ണുകളും വാക്കിംഗ് സ്റ്റിക്കും...... എന്നാൽ മുത്തച്ഛനെ നേരിൽ കണ്ടതോടെ മനസ്സിൽ പതിഞ്ഞുകിടന്നിരുന്ന ആ രൂപം - കൊമ്പൻ മീശയും, വാക്കിംഗ് സ്റ്റിക്കുമെല്ലാം - എത്ര പൊടുന്നനെയാണ് മറഞ്ഞുപോയത്. സ്വപ്നങ്ങളിൽ കാണാറുള്ള ആരുടേയോ രൂപമാണ് മുത്തച്ഛന്. വെളുത്ത് തടിച്ച്, വെള്ളി പോലത്തെ മുടിയും, വെളുത്ത മുണ്ടും തോളത്തൊരു തോർത്തും....

എന്നാൽ മുത്തച്ഛനെ
നേരിൽ കണ്ടതോടെ മനസ്സിൽ
പതിഞ്ഞുകിടന്നിരുന്ന
ആ രൂപം - കൊമ്പൻ മീശയും,
വാക്കിംഗ് സ്റ്റിക്കുമെല്ലാം -
എത്ര പൊടുന്നനെയാണ്
മറഞ്ഞുപോയത്. സ്വപ്നങ്ങളിൽ കാണാ
റുള്ള ആരുടേയോ രൂപമാണ് മുത്തച്ഛന്.
വെളുത്ത് തടിച്ച്, വെള്ളി പോലത്തെ
മുടിയും, വെളുത്ത മുണ്ടും
തോളത്തൊരു തോർത്തും..

അരയിൽ കുഞ്ഞിതോർത്തുമുടുത്ത് മഴയത്ത് മുത്തച്ഛനൊപ്പം പറമ്പിലാകമാനം ഓടി നടക്കുമ്പോൾ ലോകം മുഴുവനും വെട്ടിപ്പിടിച്ച പോലെയായിരുന്നു. ഒരു സമയത്തും വായടച്ചുപിടിക്കാത്ത മമ്മിക്കും, സ്വതേ ഗൗരവക്കാരനായ ഡാഡിക്കുമില്ല മിണ്ടാട്ടം. അല്ലെങ്കിലും മുത്തച്ഛനോടെതിരു പറയാൻ ആർക്കു കഴിയും.

മഴ തോർന്നിരിക്കുന്നു. മഴ പെയ്താൽ മണ്ണിനൊരു പ്രത്യേക മണമാണ്. പട്ടണത്തിലാണെങ്കിൽ ഓടയിൽ നിന്നുള്ള ചീഞ്ഞ മണമാണ് എങ്ങും പരക്കുക. ഒപ്പം കൊതുകുകളും.

ചക്കരമാവിന്റെ ചോട്ടിൽ ചെന്നു നോക്ക്യാൽ മാമ്പഴം കിട്ടും. തീർച്ചതന്നെ. പക്ഷേ, രാമനും, അപ്പുവുമൊന്നുമില്ലാതെ ഒരു രസവുമില്ല. മുത്തച്ഛൻ മരിച്ചതോടെ അവരും വരാതെയിരിക്കുന്നു. 'അസത്തുക്കൾ' എന്നേ മമ്മി അവരെ വിളിക്കൂ.

വിറകുവെട്ടുക്കാരൻ ഹൈദ്രാലിയുമായി സംസാരിക്കുകയാണല്ലോ ഡാഡി. എന്താണാവോ! ഹൈദ്രാലിയുടെ കൊമ്പൻ മീശ കാണുമ്പോഴേ പേടിയാകും. 'എന്താണെന്നു വച്ചാൽ കൊണ്ടുവന്നോളൂ ഇപ്പം വെട്ടിശരിയാക്കിത്തരാം' എന്നു പറയുന്ന ചുവന്ന കണ്ണുകൾ കൂടിയാകുമ്പോൾ..... ഹൈദ്രാലി പിറന്നപ്പോൾ കൂടെ വെട്ടുക്കത്തിയുമുണ്ടായിരുന്നെന്നു തോന്നുന്നു. ഹൈദ്രാലിയോടൊപ്പം എപ്പോഴും കാണാം അരയിൽ തിരുകിയ വെട്ടുക്കത്തി. മുത്തച്ഛൻ ഉണ്ടായിരുന്നപ്പോൾ ഹൈദ്രാലി ഈ പടിക്കലേ കയറിയിരുന്നില്ല. തൊടിയിലെ ആഞ്ഞിലി മരം കൊടുക്കുന്നുണ്ടോ എന്നന്വേഷിക്കാനെത്തിയ ഹൈദ്രാലിയെ മുത്തച്ഛൻ നിലം തൊടീക്കാതെ ഓടിച്ചുവെന്നാണ് കേട്ടിട്ടുള്ളത്. പാവം ഹൈദ്രാലി. തൊടി യിലെ മരങ്ങൾ കണ്ടാൽ ആർക്കാണസൂയ തോന്നാത്തത്.

പറമ്പിൽ ഒരു വലിയ കുണുകണക്കേ വിരിഞ്ഞു നിൽക്കുന്ന മരത്തിനു താഴെയാണ് മുത്തശ്ശിയെ അടക്കി യിട്ടുള്ളത്. മുത്തച്ഛൻ ആദ്യമായി കരഞ്ഞു കണ്ടതും അവിടെ വച്ചുതന്നെ.

ചുറ്റിലും പുല്ല് കളഞ്ഞ് വൃത്തിയായി മണ്ണുവെട്ടിയിരിക്കുന്നത് കണ്ടാണ് അതെന്താണെന്നു ചോദിച്ചത്. ചോദിക്കേണ്ടിയിരുന്നില്ല, പാവം മുത്തച്ഛൻ !

കുളത്തിന്റെ പടവുകളിലിരുന്ന് ഓരോന്ന് ചിന്തിക്കുമ്പോൾ സമയം പോവുന്നതറിയില്ല. ഇവിടെ ഈ പടവുകളിൽ ഇരിക്കുമ്പോൾ അരികിൽ മുത്തച്ഛനുണ്ടെന്ന് തോന്നിപ്പോകും. തന്റെ മുടിയിൽ മെല്ലെ തലോടിക്കൊണ്ട്, ഈ ലോകത്തിലെ പല കാര്യങ്ങളെപ്പറ്റിയും പറഞ്ഞുകൊണ്ട്.

'മോനു വലുതാവുമ്പം ആരാവനാണാഗ്രഹം?'

'ഡാഡിക്കും, മമ്മിക്കും എന്നെ ഡോക്ടറാക്കണമെന്നാ'

'അതവര് പറയുന്നതല്ലേ, ആ ആരായാലും മോൻ വലുതാവുമ്പം എവിട്യാ താമസിക്കുക?'

'ഇവിടെ'

'ആ, നല്ല കുട്ടൻ. മോൻ മുത്തച്ഛന്റെ മോനല്ലേ..... ആർക്കറിയാം എന്റെ കാലശേഷം ഇതെല്ലാം എന്തായി തീരുമെന്ന്.'

'അനൂപ്.'

ഓ മമ്മി തുടങ്ങി. വേഗം ചെന്നില്ലെങ്കിൽ പിന്നെ അതിനാകും കുറ്റം.

'നീയെവിടെയായിരുന്നു ? സന്ധ്യയായാൽ പുറത്തിറങ്ങരുതെന്ന് ഞാനെത്ര വട്ടം പറഞ്ഞിട്ടുണ്ട്. വല്ലതും കഴിച്ച് വേഗം ചെന്ന് കിടക്കാൻ നോക്ക് നാളെ നമുക്ക് പോകണ്ടേ.'

'എങ്ങോട്ട് പോകാൻ ?'

'നാളെ നമ്മൾ പോവ്വാണ്, വീട്ടലേക്ക്'

'അപ്പം ഇവിടെയോ ?'

'ഇത് വേറെ ആൾക്കാർക്ക് കൊടുക്കാണ്. ഏത് സമയോം ഇങ്ങനെ സ്വപ്നം കണ്ട് നടക്കുന്നതല്ലാണ്ട് ഇവിടെ നടക്കണത് വല്ലോം അറിയുന്നുണ്ടോ നീ.'

എങ്ങനെയോ കട്ടിലിൽ ചെന്ന് വീഴുകയായിരുന്നു. ആകെ വിങ്ങിപ്പൊട്ടുകയാണ്...... ഉറങ്ങിയതെപ്പോഴാണാവോ ? എന്തോ വീഴുന്ന വലിയ ശബ്ദം കേട്ടാണുർന്നത്. തൊടിയിൽ നിന്നാണെന്നു തോന്നുന്നു. ഓടിച്ചെന്ന് ജനലിലൂടെ എത്തിനോക്കി. 'എന്റെ മുത്തച്ഛാ' അറിയാതെ വിളിച്ചുപോയി

ശിഖരങ്ങൾ മുഴുവൻ വെട്ടിമാറ്റി വെറും കുറ്റിത്തടി മാത്രമായി ആഞ്ഞിലി മരം. ആരൊക്കെയോ ചേർന്ന് അടിഭാഗവും ആഞ്ഞുവെട്ടുന്നു.

ഓടി പുറത്തുവന്നു നോക്കിയപ്പോൾ അറിയാതെ വിങ്ങിപ്പോയി. ആഞ്ഞിലി മാത്രമല്ല വരിക്കപ്ലാവും, ചക്കരമാവും വീണു കിടക്കുകയാണ്. അൽപം അകന്നുനിന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയാണ് ഹൈദ്രാലി.

മുത്തച്ഛനുണ്ടായിരുന്നെങ്കിൽ.......

മുറ്റത്തു നിൽക്കുന്ന ലോറിയിൽ ആരോ ചിലർ വീട്ടു സാധനങ്ങൾ കയറ്റി വയ്ക്കുന്നു. അരികിലായി ഡാഡിയുമുണ്ട്.

കണ്ണുകളിൽ ഇരുട്ട് പരക്കുന്നതു പോലെ

ഭാഗ്യം, അതിനു മുൻപ് വിളി കേട്ടു.

'അനൂപ്, ചെന്നു കുളിച്ച് ഡ്രസ് മാറ്.'

ഡ്രസ് ചെയ്ഞ്ച് ചെയ്ത ശേഷം അവിടെ അധിക സമയം നിൽക്കാൻ തോന്നിയില്ല. അതിനൊട്ടു കഴിയുകയുമില്ല. മെല്ലെ കുളത്തിനടുത്തേക്കു നടന്നു.

ഇവിടെ ഈ കൽപടവുകളിലിരിക്കുമ്പോൾ.........

കൈയ്യിൽ കിട്ടിയ കല്ലുകളെടുത്ത് ആഞ്ഞെറിഞ്ഞു. വികലമായി കൊണ്ടിരിക്കുന്ന പ്രതിബിംബത്തെ ഗൂഢമായ സംതൃപ്തിയോടെ നോക്കിയിരുന്നു.

കാറിന്റെ ഹോൺ മുഴങ്ങുന്നു. ഒപ്പം വിളിയും കേട്ടു. വിളിക്കട്ടെ.

വെള്ളത്തിൽ പിന്നെയും ഓളങ്ങൾ വർദ്ധിച്ചു കൊണ്ടേയിരുന്നു.


With best compliments from:

**Ph : 627901**

Your window to the info-tech world



- D.C.A.
- P.G.D.C.A.
- Multimedia Programming
- Software development training

**St. Antony's computer Academy**

St. John's Building, Opp. St.Xavier's College
Palace road, Aluva-1

*"With Best Compliments From"*

GENLITE DIESELS

1st Floor, P.B. No. 3242
40/7693, Chittoor Road
Pulleppady junction
Ernakulam - 682 035
Phone : 370983/355848/370982

ലേഖനം

എ.എസ്.എഫ്.
ഒന്നാം വർഷ ഇംഗ്ലീഷ് ബിരുദം

# കഥയില്ലായ്മയുടെ വെളിപാടുകൾ

*[കഴിഞ്ഞ ഫെബ്രുവരി 8-ാം തിയതി അന്തരിച്ച ഇ.പി. സുഷമയുടെ കഥയില്ലായ്മകൾ എന്ന കഥാസമാഹാരത്തെക്കുറിച്ചുള്ള ലഘുകുറിപ്പാണിത്. മരണത്തെ മുൻകുട്ടി അറിഞ്ഞുകൊണ്ട് ജീവിച്ച സുഷമയുടെ ഇച്ഛയ്ക്കു മുമ്പിൽ ഈ കുറിപ്പ് ആദരവോടെ സമർപ്പിക്കുന്നു.]*

ദൈവങ്ങളുടെ ക്രൂരത നിറഞ്ഞ തമാശകളോട് പരിഭവിക്കാതെ കഥകളും കിനാവുകളുമായി സുഷമ ജീവിച്ചു. ഒടുവിൽ പറയാൻ വച്ചിരുന്ന ജീവിതവൃത്താന്തങ്ങളേയും കൊണ്ട് അവർ പടിയിറങ്ങി. വെള്ളമന്ദാരത്തിന്റെ വിശുദ്ധിയും നീല ശംഖുപുഷ്പത്തിന്റെ മനോഹാരിതയും ഓർമ്മപ്പെടുത്തലുകളുടെ നൊമ്പരമായി, കഥയില്ലായ്മകളായി നമ്മുടെ ഹൃദയ ജാലകത്തിലൂടെ എത്തിനോക്കുന്നു. അനല്പമായ ഭാവനയുടെ വിളയാട്ടമുള്ള മനുഷ്യകഥാനുഗായികളായ, സുഭഗതയാർന്ന രചനകൾ സ്വപ്നങ്ങൾ നഷ്ടപ്പെടുന്നവരുടെ ജീവിതങ്ങൾക്ക് അഭയകേന്ദ്രമാകുന്നു. അങ്ങനെ സുഷമയുടെ കഥകൾ കാലാതിവർത്തിയായി ജീവിക്കുമെന്ന് സഹൃദയ കേരളത്തിന്റെ ഹൃദയത്തുടിപ്പുകൾ ഏറ്റുപറയുന്നു. അവരുടെ കഥാലോകത്തിന്റെ കാഴ്ചക്കാരിലൊരുവനെന്ന നിലയ്ക്ക് വൈചിത്ര്യങ്ങളുടെ ഭൂമികയിൽ നിന്നേറ്റുവാങ്ങിയ വർണ്ണങ്ങളുടെ നിഷ്കാപട്യവുമായി പൊരുത്തപ്പെടുവാനുതകുന്ന ചിന്തകൾ പങ്കിടുവാനാണ് ശ്രമം. മഹാരോഗത്തിന്റെ നിസ്സംഗ പരിസരങ്ങളിൽ നിന്നുപോലും ഹൃദയ വ്യഥയിൽ ചാലിച്ചെടുത്ത, ജീവിതത്തിന് പ്രിയപ്പെട്ട കഥകൾ സുഷമ പറഞ്ഞു. കീമോതെറാപ്പിക്കു ശേഷം മൊട്ടത്തലയിലൂടെ വിരലോടിച്ച് ചിന്തിക്കുവാൻ നല്ല രസമാണെന്ന് അവർ ഫലിതം പറഞ്ഞു. മോഹഭംഗങ്ങളുടെ നരകഭൂമിയിൽ ഇരുന്ന് സമൃദ്ധിയുടെ വസന്തകാല സ്വപ്നം കണ്ട കഥാകാരി അന്തി വെളിച്ചത്തിൽ ചെന്തീ പോലെ അവൾ വന്നപ്പോൾ വിരോധ വാക്കുകൾ പറയാതെ അവൾക്ക് സഹയാത്രികയായി. വാക്കു പാലിച്ചതിന് വിഷം ചേരാത്ത നന്ദിയോടെ മലയാളികളുടെ പ്രിയംകരതാരകയെ, അവളുടെ വരുവാനിരുന്ന വെളിപാടുകളെ നിശബ്ദതയുടെ നിലയില്ലാക്കയത്തിലേക്ക് കൂട്ടുകാരിയായ മരണം വലിച്ചുതാഴ്ത്തുന്നത് നിസ്സഹായതയോടെ നോക്കിനിൽക്കുവാൻ മാത്രമേ പ്രിയജനങ്ങൾക്കു കഴിഞ്ഞുള്ളു. അർത്ഥ ശൂന്യവും വികലവുമായ സ്വപ്നമാണ് ജീവിതമെന്ന് നമ്മോട് തുറന്ന് പറയുന്ന വിധത്തിൽ, ജീവിതത്തിന്റെ പരിച്ഛേദം ഹൃദയവും ആത്മാവുമായിരുന്ന അവരുടെ കഥകളിലൂടെ ഇ.പി. സുഷമ കാഴ്ചയുടെ പ്രതലത്തിലേക്ക്, വായനക്കാരന്റെ ധർമ്മസങ്കടങ്ങളിലേക്ക് വലിച്ചെറിയുന്നു. അവിടെ അസ്വാസ്ഥ്യതകൾക്കും നിരാശകൾക്കും ഇടയ്ക്ക് ജീവിതത്തിലെ സുന്ദര നിമിഷങ്ങൾ നമുക്ക് അനുഭവിച്ചറിയാനാവും

ഉണ്ണിയെന്ന ഗ്രാമീണ യുവാവിന് ഓണവും, തിരുവാതിരയും ഗൃഹാതുരത നിറഞ്ഞ ഉത്സവങ്ങൾ മാത്രമല്ല മറിച്ച് ഒരു കാമുക ഹൃദയത്തിന്റെ മമതാ ബന്ധങ്ങളുടെ ആഘോഷങ്ങൾകൂടിയാണ്. 'തുമ്പപ്പൂക്കൾ' നഷ്ടപ്രണയത്തിന്റെ കഥപറയുന്നതോടൊപ്പം 'മുങ്ങിപ്പോകുന്ന നിഷ്കളങ്കതയുടെ ആഘോഷ'മെന്തന്ന് നമ്മോട് വിളിച്ചു പറയുകയും ചെയ്യുന്നു. തെക്കേ പറമ്പിലെ പവറുകാരി പത്മിനിയെ നഗരസംസ്കൃതയുടെ വൃത്തികേടുകൾ ഉൾക്കൊള്ളുന്ന ഒരാളായി ഉണ്ണി കുറ്റപ്പെടുത്തുന്നു. പക്ഷെ ഹൃദയാന്തരങ്ങളിൽ അവളോടുള്ള പ്രേമവും, വികാരവായ്പും തെളിഞ്ഞ് കാണുന്നുണ്ട്. മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ അവളെ തള്ളിപറയുന്ന ഉണ്ണി, ജാതകപ്പൊരുത്തമുള്ള വയസ്സനോടൊപ്പം അവൾ ജീവിക്കുവാൻ പോയതിനു ശേഷം കുറ്റബോധത്തിന്റെ ഊഷരഭൂമിയിലകപ്പെടുന്നു. മുറപ്പെണ്ണായ പത്മജയെ കഴിവു കെട്ട ഉണ്ണിക്ക് അമ്മാവൻ കൊടുക്കാതിരുന്നപ്പോഴും നിറവയറുമായി പത്മജ ഭർത്താവിനോടൊപ്പം ഉണ്ണിയുടെ വീട്ടിൽ വിരുന്നു വരുമ്പോഴും

ആകെ തകർന്നു പോകുന്ന അയാൾക്ക് ആശ്വാസത്തിൻെറ പൊൻകിരണങ്ങൾ സമ്മാനിക്കുന്നത് പെങ്ങൾ ദേവിയാണ്. ഉത്രാടരാത്രയിൽ പൂക്കളത്തിനു ചുറ്റുംനിന്ന് 'ആർപ്പു വിളിക്കുവാനും പാടിയാടുവാനും ദേവിക്കും കൂട്ടകാരികൾക്കും നല്ല സന്തോഷ'മാണ്. തെക്കേ പറമ്പിലേക്ക് അറിയാതെ മിഴിയുയർത്തുമ്പോൾ അയാൾ പാടിക്കൊടുത്ത തൃക്കാക്കരയപ്പാ വരിക..... വരിക..... എന്ന പാട്ട് പെൺകുട്ടികൾ ഏറ്റുപാടുകയായിരുന്നു. ഇനിയും പ്രേമം സൂക്ഷിക്കുന്ന മനസ്സാണ് ഉണ്ണിയുടേത്. തൊഴിൽ രഹിതമായ അയാളുടെ ജീവിതദുഃഖങ്ങളെ യൗവനയുക്തനായ ഏതൊരാളുടേയും ജീവിതപ്രശ്നങ്ങളോ മലയാളിയുടെ 'സമൃദ്ധിയുടെ ഉത്സവ'ങ്ങളുടെ സാന്നിദ്ധ്യത്തിൽ വരച്ചു കാട്ടുകയാണ് തുമ്പപ്പൂക്കളെന്ന കഥയിലൂടെ ഇ.പി. സുഷമ.

'വസുന്ധര' എന്ന കഥ ഗ്രാമത്തിൻെറ പശ്ചാത്തലത്തിനിന്നുയർന്നു വരുന്ന സാധാരണമായൊരു പ്രശ്നമാണ്. ചിറ്റാളമ്മയും ചായക്കടക്കാരൻ ബീരാനും കുഞ്ഞുപാത്തുമ്മയും നമ്മൾ നേരിൽ കണ്ടിട്ടുള്ളവർ തന്നെയാണ്. മൂന്നാമതും കേശവൻനായർ വിവാഹം കഴിക്കുന്നതിൽ ആരുടെയും പ്രശ്നങ്ങളിൽ തലയിടുന്ന ചിറ്റാളമ്മയ്ക്ക് അമർഷമുണ്ട്. കേശവൻ നായരുടെ വധു വസുന്ധര നാട്ടിലെ സുന്ദരിമാരുടെ കണ്ണിലെ കരടായി മാറുന്നു. ഒരു ദിനം കേശവൻ നായർ മരിക്കുന്നു. വസുന്ധരയുടെ ദുർനടപ്പുകളെ ചൊല്ലി ചിറ്റാളമ്മ വ്യാകുല പ്പെടുന്നു. ബീരാനും ഭാര്യയും വസുന്ധരയെ ചൊല്ലി വഴക്കിടുന്നു. യഥാർത്ഥത്തിൽ വസുന്ധര പതിവ്രതയും, സുശീല യുമാണ്. ചിറ്റാളമ്മ പറഞ്ഞുണ്ടാക്കുന്ന നെറികേടുകൾ അവൾക്ക് ദുഷ്പേരുണ്ടാക്കുന്നുവെങ്കിലും ഒടുവിൽ സദാനന്ദൻ മാഷിൻെറ സഹായത്തോടെ ആലുവായിലുള്ള ആശ്രമത്തിലെ അന്തേവാസിയാകുമ്പോൾ വസുന്ധര സദാചാരനിഷ്ഠ യുള്ളവളാണെന്ന് തെളിയുന്നു. പൊട്ടൻ എന്ന കഥാപാത്രം സുഷമയുടെ കഥാപാത്രങ്ങളിൽ എന്തുകൊണ്ടും സവിശേഷശ്രദ്ധ പിടിച്ചു പറ്റുന്ന ആളാണ്. ഗ്രാമീണജീവിതത്തിൻെറ നിറമുള്ള കാഴ്ചകളാണ് സുഷമയുടെ കഥൾക്ക് പ്രേരകം എന്ന് 'വസുന്ധര' നമ്മോട് പറയുന്നു.

'കഥയില്ലായ്മകൾ ഒരു കഥയുമില്ലാത്ത സുജാത എന്ന കഥാകാരിയുടെ ജീവിതത്തിലെ പ്രതിസന്ധികൾ വരച്ചു കാട്ടുന്നു. ഗ്രാമത്തിലെ ധനവാനും പ്രതാപിയുമായ വൈദ്യരുടെ കൊള്ളരുതായ്മകൾക്കെതിരേ ആഞ്ഞടിക്കുന്നു സുജാത. വൈദ്യരുടെ ഭീഷണികൾക്കും തൻെറ കൂട്ടുകാരി മീരയുടെ ഭർത്താവ് ഡോക്ടറുടെ 'തരം താണ വർത്തമാനങ്ങൾ'ക്കും കീഴ്പെടാത്ത സുജാത, ദുർബല മനസ്കനുമായ അച്ഛനും, സ്നേഹിക്കാൻ മാത്രം അറിയുന്ന അമ്മായിക്കുമിടയിൽ ജീവിക്കുന്നു. കാമുകനായ ആനന്ദിനേയും അയാളുടെ അച്ഛനേയും ജീവനു തുല്യം സ്നേഹിക്കുന്ന സുജാതയ്ക്ക്, വീട്ടലേയ്ക്കുള്ള യാത്രന്ത്യത്തിൽ ഒറ്റപ്പെടുന്ന തോന്നലുളവാകുന്നു. ജീവിതത്തിൽ നിന്ന് പുറത്താക്കപ്പെടുന്നതിനുസമാനമായ ഒരനുഭവമാണിത്. സുഷമയുടെ ആത്മകഥാംശമുള്ള ചെറുകഥയാണ് 'കഥയില്ലായ്മകൾ' എന്ന് ഒറ്റവായനയിൽ നിന്ന് വെളിപ്പെടുന്നു.

> മോഹഭംഗങ്ങളുടെ നരകഭൂമിയിൽ ഇരുന്ന് സമൃദ്ധിയുടെ വസന്തകാല സ്വപ്നം കണ്ട കഥാകാരി അന്തിവെളിച്ചത്തിൽ ചെന്തീ പോലെ അവൾ വന്നപ്പോൾ വിരോധ വാക്കുകൾ പറയാതെ അവൾക്ക് സഹയാത്രികയായി.

അന്തസ്സാരശൂന്യനായ ഭർത്താവിനോടൊപ്പം യാന്ത്രിക ജീവിതം നയിക്കുന്നതിലും നല്ലത് പുഴയുടെ ചതിക്കുഴിയിലേക്ക് ബോധപൂർവ്വം പാലയനം നടത്തുന്നതാണെന്ന് തിരിച്ചറിയുന്ന നൃത്തക്കാരിയായ ഭാര്യയുടെ കഥയാണ് 'പുഴ'. ബാല്യകാലം മുതലേ അച്ഛനുമമ്മയുമില്ലാതെ ആറ്റുനോറ്റുവളർത്തിയെടുക്കുന്ന സഹോദരൻ. സമൂഹനന്മയ്ക്ക് വേണ്ടി വിപ്ളവകാരിയാകുമ്പോൾ, തടവറയുടെ നിത്യലോകത്തിലകപ്പെടുമ്പോൾ, ദുഃഖം നിറഞ്ഞ മനസ്ഥിതിയിലും സന്തോഷശ്രുക്കൾ പൊഴിയുന്ന അനാഥയായ ചേച്ചിയുടെ കഥയാണ് 'വർണ്ണങ്ങൾ നഷ്ടപ്പെട്ടവർ'.

'ആദിനാരായണൻെറ ആത്മഹത്യ', ആദർശഭരിതമായ ഒരു ജീവിതം നയിച്ച ധീരനായ ചെറുപ്പക്കാരനെ നമുക്കു പരിചയപ്പെടുത്തുന്നു. നന്ദിനിയോടൊപ്പം ഒരേ ക്ലാസ്സിലിരുന്നു പഠിക്കുന്ന ആദിനാരായണൻ 'ആദിവാസികളുടെ ജീവിത സമരത്തിനു' വേണ്ടി പോരാടുന്ന അഭ്യസ്ഥവിദ്യനും ധിഷണാശാലിയുമായ ചെറുപ്പക്കാരനാണ്. മേലാളൻമാർക്ക് അടിയറവു പറയുന്ന ആദിവാസിപ്പെണ്ണുങ്ങളുടെ കൂട്ടിക്കൊടുപ്പുകാരനായ മൂപ്പൻ, 'ശ്രീനിവാസൻ' എന്ന ചെറുപ്പക്കാരന് അവൻെറ ചോദ്യ ശരങ്ങൾക്കു മറുപടിയായി ഒറ്റക്കണ്ണു സമ്മാനം നൽകുന്നു. പിന്നീട്, സുദർശനും നന്ദിനിയും മുരുകന്നൂരിലെത്തുമ്പോൾ ഒന്നും മിണ്ടാതെ, ആരോടും പറയാതെ തിരിച്ചുപോരുമ്പോൾ ആദിനാരായണൻെറ പെങ്ങളുടെ കൂട്ടിക്കൊടുപ്പുകാരനായി ശ്രീനിവാസൻെറ വികൃതമുഖം കാണുന്നു. നിഷ്ഫല കർമ്മത്തിനുവേണ്ടി ജീവിതം ഹോമിച്ച ആദിവാസി നാരായണൻ ഉത്തമ സുഹൃത്തിൻെറ പ്രതീകമാണ്.

അനപത്യ ദുഃഖത്താലുഴലുന്ന ഒരാൾക്ക് രോഗിയായ ഒരു പെൺകുട്ടിയുടെ അച്ഛനായി നടിക്കേണ്ടിവരുന്നതിലെ ധർമ്മസങ്കടങ്ങൾ അനാവരണം ചെയ്യുന്ന കഥയാണ് 'മകൾ'. എഴുത്തുകാരനായ അയാൾ പെൺകുട്ടിയുടെ യഥാർത്ഥ അച്ഛനെ കണ്ടുമുട്ടുന്നതും അവരോട് യാത്ര പറഞ്ഞു മടങ്ങുന്നതും പെൺകുട്ടിയുടെ അച്ഛനിൽ തൻെറ സ്വത്വത്തെ തിരിച്ചറിയുന്നതും കഥ നമുക്കു തരുന്ന സുന്ദരമായ പാഠ ങ്ങളാണ്. 'സ്വന്തം നീലിമ' എന്ന കഥയിൽ മൃതിയുടെ ശ്യാമവിഹായ സ്സേറിയ തൻെറ കളിക്കൂട്ടുകാരൻ ജിനുവിന് പെൺകുട്ടി യെഴുതുന്ന ആത്മാലാപം അനുവാചക ഹൃദയത്തെ തരളമാക്കുന്നു. നീല പാൻറ്സിട്ടു വരുന്ന, നീലക്കണ്ണുകളെ ഇഷ്ടപ്പെടുന്ന, നീലിമ എന്ന് അവളെ വിളിക്കാനിഷ്ടപ്പെട്ട, നീല മഷികൊണ്ടു കത്തുകളെഴുതിയ, നീലപ്പേനകൾ കഥയെഴുതുന്ന അവൾക്ക് സമ്മാനമായി നൽകിയ ജിനേഷ്, സുഷമയുടെ കഥാപാത്രങ്ങളിൽ വ്യതിരിക്തതയുള്ള ഒരാളാണ്. ഒടുവിൽ തെക്കേട്ട പൊതുശ്മശാനത്തിൽ നീലത്തുമ്പിയായി പാറിനടക്കുന്ന നിനക്കിതു മനസ്സിലാകുമോ കൂട്ടുകാരാ എന്ന് അവൾ ചോദിക്കുമ്പോൾ, തിരമാലകളായി നമ്മുടെ ഹൃദയത്തിൻെറ പാറക്കെട്ടുകളിൽ തല്ലിച്ചിതറുന്ന ഉത്തരമറിയാത്ത ആ ചോദ്യത്തിൻെറ നിറമെന്തായിരിക്കുമെന്നു തിരയുകയായിരിക്കും നമ്മൾ.

അനുരാധയെ മനസ്സിലാക്കാനാവാതെ പോയ അവളുടെ മരണത്താൽ ബോധോദയമുണ്ടാകുന്ന, ചെറുപ്പക്കാരന്റെ 'സ്വപ്ന ങ്ങളുടെ ഘോഷയാത്ര', 'അനുരാധ കരയുന്നു' എന്ന കഥയിൽ നമുക്കു കണ്ടെത്താനാവും. രാത്രി സ്വപ്നത്തിൽ അമ്മയും അനുരാധയും സന്ദർശകരാവുന്നതോടെ അയാളുടെ ജാവിതം മറ്റൊരു ധ്രുവത്തിലേക്കുള്ള യാത്രയായിരിക്കും. 'നിഴലുകളെ പിന്തുടരുന്നവർ' എന്ന കഥയ്ക്ക് സുഷമയുടെ തന്നെ വഴികൾ പിരിയുന്നു എന്ന കഥയുമായുള്ള കൂട്ടിവായന അനുയോജ്യമായിരിക്കും. കാമുകനെ പറഞ്ഞയക്കുന്ന മായയുടെ ചേതോവികാരം നമുക്ക് ഊഹിച്ചെടുക്കുവാനാവുമോ- ബാലുവിനെ കാത്തിരിക്കുന്ന പെൺകുട്ടിയുടെ മനസ്സറിയുന്നവളായിരിക്കാം മായ. വിപ്ലവകാരിയായ ഒരാൾ കടൽക്കരയിൽ വച്ച് കാമുകിയും പോലീസ് ഇൻസ്പെക്ടറുടെ പ്രതിശ്രുത വധുവുമായ ഒരുവളെ ഉപേക്ഷിക്കുന്നതാണ് വഴികൾ പിരിയുന്നു, എന്ന ചെറുകഥയുടെ പ്രമേയം. പ്രകടമായ സമാനതകളില്ലെങ്കിലും പ്രണയഭംഗത്തിന്റെ, വിപ്രലംഭത്തിന്റെ സുന്ദരമായ കാഴ്ചകളാണ് ഈ രണ്ടു കഥകളും.

സുഷമയുടെ കഥകൾ അവശേഷിപ്പിച്ചുപോകുന്ന ഒരുപാട് ചോദ്യങ്ങളുണ്ട്. ഓരോ ചോദ്യത്തിൽ നിന്നും വലിയ പാഠങ്ങളും പാഠഭേദങ്ങളും നമുക്ക് ഉൾക്കൊള്ളുവാനുണ്ട്. അറുത്തു മുറിച്ചു വാക്കുകൾ പ്രയോഗിക്കുന്നതിൽ ഈ അപൂർവ്വ പ്രതിഭയ്ക്കുള്ള സാമർത്ഥ്യം അവരുടെ കഥാപ്രപഞ്ചത്തിന്റെ മനോഹാരിതക്കു മാറ്റു കൂട്ടുന്നു. 'പേനയിലൂടെ അക്ഷരങ്ങൾ വാർന്നുവീഴുമ്പോൾ കാലം തനിക്കായി കെണിയൊരുക്കുന്നത് ഓർക്കാതിരുന്നതെന്തേ'യെന്ന് 'കഥയില്ലായ്മകളി'ലെ സുജാത തന്നോടുതന്നെ ചോദിക്കുന്നുണ്ട്. ഇത് അറംപറ്റിയ വാക്കുകളാണോ? സുഷമ തന്നെയാണ് ഈ ചോദ്യം ചോദിക്കുന്നതെന്ന് അവരുടെ മരണം നമ്മോടുറക്കെ വിളിച്ചുപറയുകയായിരുന്നു.

സിൽവിയാപ്ലാത്തിന്റെ വരികൾ ചൊല്ലുന്ന ആദിനാരായണൻ **Dying is an art** എന്ന് നമ്പിനിക്കെഴുതുമ്പോൾ, എങ്ങനെ മരിക്കാമെന്ന് നാരായണൻ സുഹൃത്തുക്കളെ പഠിപ്പിക്കുമ്പോൾ.... മരണത്തെക്കുറിച്ചുള്ള സുഷമയുടെ സങ്കല്പങ്ങൾക്ക് സങ്കടം നിറഞ്ഞ ചാരുത കൈവരുന്നു. 'പുഴ'യിലെ ഭാര്യയും, 'അനുരാധ കരയുന്നു'വിലെ അനുരാധയും, 'സ്വന്തം നീലിമ'യിലെ ജിനുവും, ആദിനാരായണനും, കേശവൻ നായരുമെല്ലാം പല തരത്തിലും തലത്തിലുമുള്ള മരണങ്ങൾക്കു പ്രതീകങ്ങളാണ്. സുഷമയ്ക്ക് താൻ മരിക്കുമെന്നുറപ്പായിരുന്നു, ഇടക്ക് വീണുകിട്ടിയ പ്രതീക്ഷയുടെ രശ്മികൾ അവളെ കൊതിപ്പിച്ച്, ചിറികോട്ടികടന്നുപോയി. മരണം 'നിശ്ചിത മായ' ഒരവസ്ഥയായി അവരിലെ കഥാകാരി ചിരിച്ചറിയു ന്നുണ്ട്. ജീവിതത്തിന്റെ കാഴ്ചകളുമായി ബന്ധപ്പെട്ടു കിടക്കുന്ന, സാഹിത്യജീവിതത്തേയും കേവല ജീവിതത്തേയും ബന്ധപ്പെടുത്തി ഉൾക്കരുത്തുള്ള കഥകൾക്കു ജൻമം നൽകിയ മനീഷിയായ കഥാകാരി, ജീവിതത്തിലെ പ്രതിബന്ധങ്ങൾക്കു മുമ്പിൽ തലകുനിക്കാതെ, മരണത്തിന്റെ കരിനിഴലുകൾ തന്നെ വലം വെച്ചു പാടുന്നുവെന്നറിയുമ്പോഴും പതറാതെ..... അവസാന നിമിഷം വരെയും ഒരുപാടു കാര്യങ്ങൾ പറഞ്ഞ് മഴ പെയ്തൊഴിയുന്നതു പോലെ, വേനലിനു വിരുന്നൊരുക്കി മറയുന്ന സുന്ദരിപ്പക്ഷിയെപ്പോലെ നമ്മുടെ അറിവിനതീതമായ അപാരതകളിൽ സുന്ദരകഥകൾ രചിക്കുവാൻ യാത്രയായി.

"ഭൂമിയിലെ സ്വപ്നങ്ങളെ ചവിട്ടിമെതിച്ചുകൊണ്ട് മുകളിലുള്ളവർ ചിരിക്കുകയാണോ? ഈ മണ്ണിൽ പിടഞ്ഞുവീഴുന്ന കണ്ണീർപ്പൂക്കളാണോ അവർക്കു പ്രിയപ്പെട്ടവ?" - ഇ.പി. സുഷമയുടെ വാക്കുകളുടെ നാനാർത്ഥങ്ങൾ ഓരോ നിമിഷവും അലോസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് നമ്മെ ചൂഴ്ന്നുനിൽക്കുന്നു. വിട്ടുപോയ വാക്കുകളുടെ അകലങ്ങൾ തേടി അവരുടെ കഥകളിലൂടെ ഇഷ്ടസഞ്ചാരം നടത്തുമ്പോൾ, ജീവിതത്തെ എത്രമാത്രം ഉൾക്കാഴ്ചയോടെയാണ് അവർ സമീപിച്ചതെന്നു നമുക്കു മനസ്സിലാക്കാനാവുന്നു. പ്രോൺസ്കിയുടെ അമ്മയോടൊപ്പം ഭൂമിയുടെ അറ്റത്തോളം തീവണ്ടിയാത്ര നടത്തുവാൻ അന്ന ഒരുക്കമായിരുന്നു. (അന്നകരിനീനാ) അതിനു സമാനമായ അനുഭവത്തിന്റെ തീവ്രത ഈ 'കഥയില്ലായ്മകൾ' നമുക്കു പകർന്നു തരുന്നു. ഇടയ്ക്കു നിർത്തിപ്പോരുവാനോ, ഉപേക്ഷിച്ചു മടങ്ങുവാനോ കഴിയാത്ത വിധത്തിൽ കഥകളോടൊപ്പം യാത്രചെയ്യുന്നവരെ വരിഞ്ഞു മുറുക്കാൻ കെല്പുള്ള അക്ഷരങ്ങളാണ് സുഷമയുടേത്. പറഞ്ഞു നിർത്തിയേടത്തുനിന്ന്, അവസാന മൗനത്തിൽനിന്ന് 'ഒരായിരം കഥകൾ' പിറവിയെടുക്കുന്നു. അവയിലൂടെ കൗതുകം നിറഞ്ഞ സഞ്ചാരങ്ങൾ നടത്തുമ്പോൾ, കാണാത്ത ലോകത്തിലിരുന്ന് ദൈവങ്ങളുടെ വികൃതിയെപ്പറ്റി നമുക്കറി യാത്ത ഭാഷയിൽ ഇ.പി. സുഷമ കഥകൾ പറയുന്നു. നഷ്ടപ്പെ ട്ടതിനെയോർത്ത് വിലപിക്കാൻ സമയമില്ലെന്നും, അവർ നമുക്കു നൽകി മറഞ്ഞ കഥകളുടെ സഞ്ചയവുമായി പൊരുത്തപ്പെടണമെന്നും മാത്രമായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. ●


Best Wishes From :

He Man
DRESS MAKERS

Near Amman Kovil, N.Paravur
Ph : 445446

മാർട്ടിൻ കെ. പി.
മൂന്നാം വർഷ ധനശാസ്ത്ര ബിരുദം

# ഒരു പ്രവാസിയുടെ ഡയറിക്കുറിപ്പുകൾ

ഗ്രാമങ്ങൾ നഗരങ്ങളായി മാറുകയും, ഗ്രാമീണതയെ നാഗരികത വിഴുങ്ങുകയും ചെയ്യുമ്പോൾ ഗ്രാമത്തിന്റെ നൻമയും വിശുദ്ധിയും അപ്രത്യക്ഷമാവുകയാണോ ! ഒരു മറുനാടൻ മലയാളിയുടെ കണ്ണിലൂടെ ഗ്രമത്തിന്റെ മാറുന്ന മുഖം വരച്ചുകാട്ടുകയാണിവിടെ.

ആഗസ്റ്റ് 29 ട്യൂസ്ഡേ 1995

ഇന്നാണാ ദിവസം. വർഷങ്ങളായി ഞാൻ കൊതിക്കുന്ന പപ്പയും മമ്മിയും പറഞ്ഞു മാത്രം അറിവുള്ള, പൈതൃകമായി എനിക്കു ലഭിച്ച എന്റെ ജന്മനാട്ടിലേയ്ക്കുള്ള ആദ്യ വരവിന്റെ ദിവസം. വിമാനത്തിനുള്ളിലിരുന്നാണ് ഞാനിത് എഴുതുന്നത്. ചേന്ദമംഗലം എന്ന ഗ്രാമത്തിൽ ജനിച്ചുവെന്നേയുള്ളു. പിറന്ന ഉടനേ അമേരിക്കയിലേക്ക് ഒരു പറിച്ചുനടീൽ. പിന്നെ പത്തു വർഷം.

കേരള നാടിനെ പറ്റിയുള്ള ഒരു കൂട പ്രതീക്ഷകളോടെ, മലയാളി അസോസിയേഷന്റെ ഓണാഘോഷത്തിൽ നിന്നകന്ന് ആദ്യമായി യഥാർത്ഥ ഓണമാഘോഷിക്കുവാൻ ഇതാ ഞാനും അനുജത്തി ടീനയും. വിമാനം ഒരു കുലുക്കത്തോടെ ലാൻഡു ചെയ്തപ്പോൾ പപ്പ തിരിഞ്ഞു നോക്കി എന്നോട് പറഞ്ഞു ഫിനോ! ഇതാ നമ്മുടെ നാടെത്തിപ്പോയ് !!. ഇവിടെ എന്തൊക്കെയാണാവോ എന്നെ കാത്തിരി ക്കുന്നത്. യാത്ര പറഞ്ഞിറങ്ങുമ്പോൾ എയർ ഹോസ്റ്റസ് ചിരിച്ചു കൊണ്ട് പറഞ്ഞു. 'വെൽക്കം ഗോഡ്സ് ഓൺ ലാൻറ്.' മനസു നിറയുന്ന സന്തോഷം പറഞ്ഞറിയിക്കുന്നതാരെയാണ്.



ഐലൻറിൽ നിന്നും ചേന്ദമംഗലത്തേയ്ക്ക് കാറിലാണ് പോയത്. വഴി നിറയെ ബ്ലോക്ക്. ഇതാണോ റോഡ്. ഗട്ടറുകളും, ചെളിവെള്ളവും. ഒന്നിനും ഒരു ഓർഡറുമില്ല. ബ്ലോക്കിനുള്ള കാരണം മനസ്സിലായി. അത്താഘോഷ യാത്രയാത്രെ. കാറൊതുക്കിയപ്പോഴേക്കും കുറച്ചാളുകൾ. സംഭാവനക്കാണത്രെ. പപ്പ എന്തോ കൊടുക്കുന്നത് കണ്ടു. ഘോഷയാത്ര ഉള്ളു കുളിർപ്പിച്ചു. നമ്മുടെ സംസ്കാരത്തിന്റെ പല മുഖങ്ങൾ. ആകെ വിസ്മയം.

പറഞ്ഞുകേട്ടതെല്ലാം സത്യമാണെന്നു തോന്നി. ഇനിയെന്തൊക്കെ അനുഭവങ്ങളാണാവോ ഈ പത്തു ദിവസം എന്നെ കാത്തിരിക്കുന്നത്.

വഴി നീളെ തുണിത്തോരങ്ങൾ വാരിയിട്ടിരിക്കുന്നു. വഴി മുഴുവൻ തടസ്സങ്ങൾ. ക്രമമായ ഒരു ട്രാഫിക് സിസ്റ്റമില്ല. ഒരു കണക്കിന് സിറ്റി വിട്ടു.

ചേന്ദമംഗലത്തെത്തിയപ്പോൾ സന്ധ്യയായി. ടിവിയിൽ എന്തോ സീരിയൽ കണ്ടുകൊണ്ടിരിക്കുകയായിരുന്ന മുത്തച്ഛനും, മുത്തശ്ശിയും വോളിയം കുറച്ചു വെച്ച് മുൻവശത്തേക്ക് വന്നു. "എന്താ മുത്തശ്ശി ഇന്നിവിടെ പൂക്കളമിട്ടില്ലേ? ഇന്ന് അത്തമല്ലേ ?" "ആരുണ്ടായിട്ടാ കുട്ടാ ഇവിടെയിപ്പോ ആർക്കാ നേരം ?" എന്റെ മലയാള ഉച്ചാരണം കേട്ട് അവിടെയുള്ളവർ ചിരക്കുന്നത് കണ്ടു.

ആഗസ്റ്റ് 30. വെനസ്ഡെ 1995

കാലത്തേ എഴുന്നേറ്റ് മുത്തശ്ശിയോടൊപ്പം അമ്പലത്തിൽ പോകണമെന്നു വിചാരിച്ചു. പപ്പ പറയുമായിരുന്നു മുത്തശ്ശി എല്ലാ ദിവസവും അമ്പലത്തിൽ പോകുമെന്ന്. ചെന്ന് നോക്കിയപ്പോൾമുത്തശ്ശി എഴുന്നേറ്റിട്ട് പോലുമില്ല. ചോദിച്ചപ്പോൾ മുത്തശ്ശി പറഞ്ഞു: "വയ്യ കുട്ട്യേ, ഈ മഴക്കാലത്ത് രാവിലെ കുളിക്കാനും, അമ്പലം വരെ നടക്കാനും. പണ്ടത്തെ പോലെ ഒന്നിനും വയ്യ."

മുത്തശ്ശനെ നിർബന്ധിപ്പിച്ചു കുറേ പൂ പറിപ്പിച്ചു. ആരോ ചാണകം മെഴികിത്തന്നു. വേലക്കാരിയാണെന്നു തോന്നുന്നു. പൂക്കളമിട്ടു. വലിയ ഭംഗിയൊന്നും തോന്നിയില്ല. അമേരിക്കയിൽ ഞങ്ങൾ ഫ്ലാറ്റിനകത്ത് പൂക്കളമിടുമായിരുന്നു. അത് ഇതിലും രസമായിരുന്നു. എന്തൊക്കെ പൂവാ പപ്പ വാങ്ങിക്കൊണ്ടുവരിക. പക്ഷെ ഇവിടെ പൂവില്ല തൊടിയിലും മുറ്റത്തുമെല്ലാം പുല്ലു മാത്രം. പൂവില്ല.

രാവിലെ പപ്പയോടൊപ്പം നടക്കാനിറങ്ങി. പൂക്കളത്തിനായി എല്ലാ മുറ്റത്തേക്കും കണ്ണുകൾ ആർത്തിയോടെ പാഞ്ഞു. ഒറ്റ വീട്ടിലും പൂക്കളമില്ല. പക്ഷെ ചില സ്ഥലത്തുണ്ട്, അത് പൂക്കളമല്ല. അതുപോലെ എന്തോ ഒന്ന്.

വഴിയിൽ പപ്പയുടെ ചില പഴയ സുഹൃത്തുക്കളെ കണ്ടു. എല്ലാവർക്കും പറയാനുള്ളത് ഡോളറിന്റെ മൂല്യത്തെക്കുറിച്ചും, ഇവിടത്തെ മൂല്യത്തകർച്ചയെക്കുറിച്ചും. ഓണാഘോഷ ഫണ്ടിലേക്ക് കാര്യമായ പിരിവ് തരാൻ ഓർമ്മിപ്പിക്കാനും ഒരാൾ മറന്നില്ല.

ഇതാത്രെ പപ്പ പഠിച്ച സ്കൂൾ. കുട്ടികൾ ധൃതിയിൽ പോകുന്നത് കണ്ടു. അവർക്ക് ഓണപരീക്ഷയാണത്രെ. "ഇവിടെ ഓണത്തിന് പരീക്ഷയുമുണ്ടോ ? അങ്ങനെയെങ്കിൽ കുട്ടികൾ ഓണത്തെ പേടിക്കുമല്ലോ? പപ്പയോട് പറഞ്ഞപ്പോൾ പപ്പ പൊട്ടിച്ചിരിച്ചു.

പുതിയ കേബിൾ ടിവിയുടെ വരവിനെ പറ്റി പപ്പയോട് ആരോ സംസാരിക്കുന്ന കേട്ടു. ലൈബ്രറിയിൽ കയറി. പപ്പ പറഞ്ഞിട്ടുണ്ട്. പണ്ടിത് പപ്പയുടെ സങ്കേതമായിരുന്നെന്ന് പപ്പയുടെ മാത്രമല്ല, പപ്പയെപ്പോലെ ചിന്തിക്കുകയും, പഠിക്കുകയും ചെയ്യുന്നവരുടെ ആരാധനാലയം. പക്ഷെ ഇപ്പോൾ അവിടെ ആരുംതന്നെയില്ല. കുറേ പഴകിയ പുസ്തകങ്ങളും അവയുടെ വൃത്തികെട്ട നാറ്റവും. പപ്പയുടെ നിർബന്ധത്തിന് വഴങ്ങി ഉച്ച വരെ അവിടെ ഇരുന്നു.

പക്ഷെ ഊഞ്ഞാലാടാൻ ഒരു ഉത്സാഹവും തോന്നിയില്ല. ടീനയും ആകെ മൂഡോഫിലായിരുന്നു.

പരിചയപ്പെട്ടതേയുള്ളു ചെറിയച്ഛന്റെ കുട്ടകളെ. പരീക്ഷയായിരുന്നത് കൊണ്ട് ഞങ്ങളോടൊപ്പം കളിക്കാൻ കൂടിയില്ല. ഇന്ന് പരീക്ഷ കഴിഞ്ഞു എന്നിട്ടു പോലും അവർ ടിവിയുടെ മുന്നിൽ ചടഞ്ഞുകൂടി. അവർക്ക് ആകെ അറിയാവുന്ന കളി കാരംസ് മാത്രമായിരുന്നു. എവിടെ പപ്പ പറയാറുള്ള കുട്ടീം കോലും കളിയും, കുഴിപ്പന്തുകളിയും ? അവർ വാ പൊളിച്ചു.

## സെപ്പം 1 ഫ്രൈഡേ 1995

ഇന്ന് പൂക്കളമിട്ടില്ല. പൂ കിട്ടിയില്ല. പൂ സംഘടിപ്പിക്കുവാൻ പപ്പയൊരു ശ്രമം നടത്തിയതാണ്. മുത്തശ്ശിയോട് അതിശയ ത്തോടെ ചോദിക്കുന്നത് കേട്ടു. "പണ്ട് നമ്മുടെ തൊടിയിലുണ്ടാ യിരുന്ന തുമ്പയൊക്കെ എന്ത്യേ ?" മുത്തശ്ശി ചിരിച്ചു.

പപ്പയോടൊപ്പം ഇന്നുമിറങ്ങി എന്റെ ഗ്രാമം കാണുവാൻ. പണ്ട് പപ്പ കുളിച്ചിരുന്ന പുഴയരികിൽ ചെന്നു. അവിടെ ഇപ്പോൾ കുളിക്കടവൊന്നുമില്ല. പുഴയിലെ മണ്ണ് വാരി കുറേ പേർ കരക്കു കൂട്ടുന്നു. അടുത്ത തവണ നമ്മൾ വരമ്പോൾ ഈ പെരിയാറിന്റെ സ്ഥാനത്ത് കുറേ കുഴികളേ ഉണ്ടാവൂ എന്ന് പപ്പ പറഞ്ഞു. വാട്ടർ ഫ്രണ്ട് ഫ്ലാറ്റ് പണിയുന്നത് കൊണ്ട്

ഇതാത്രെ പപ്പ പഠിച്ച സ്കൂൾ. കുട്ടികൾ ധൃതിയിൽ പോകുന്നത് കണ്ടു. അവർക്ക് ഓണപരീക്ഷയാണത്രെ. "ഇവിടെ ഓണത്തിന് പരീക്ഷയുമുണ്ടോ ? അങ്ങനെയെങ്കിൽ കുട്ടികൾ ഓണത്തെ പേടിക്കുമല്ലോ? പപ്പയോട് പറഞ്ഞപ്പോൾ പപ്പ പൊട്ടിച്ചിരിച്ചു.

എല്ലാവരും ടിവിയുടെ മുന്നിൽ തന്നെ. മുത്തച്ഛന്റെയും, മുത്തശ്ശിയുടേയും ഭക്ഷണം അതിന് മുന്നിൽ തന്നെ. ടിവിയിൽ ഏതോ കോമഡി സീരിയൽ. എല്ലാവരും ആർത്തു ചിരിക്കുന്നു. എന്തോ എനിക്ക് ചിരി വന്നില്ല.

## ആഗസ്റ്റ് 31. തേസ്ഡെ 1995

അതിരാവിലെ അമ്പലത്തിൽ പോയി. പരീക്ഷയെഴുതാൻ തയ്യാറെടുക്കുന്ന കുറച്ച് കുട്ടികളെ മാത്രമേ അമ്പലത്തിൽ കണ്ടുള്ളു. "കാലത്തേ കുളിച്ച് അമ്പലത്തിൽ പോവുക എന്ന പതിവ് അവസാനിച്ചോ ?" മമ്മി അത്ഭുതത്തോടെ ചെറിയമ്മയോട് ചോദിച്ചു. ചെറിയമ്മ ചിരിച്ചു. "അതിനൊക്കെ ആർക്കാ ചേച്ചീ നേരം, അല്ലെങ്കിൽ തന്നെ പിള്ളേരെ സ്കൂളിലയച്ച് ഓഫീസിലെത്തുമ്പോൾ ഒരു നേരമാവും."

വന്നപ്പോൾ മുതൽ മുത്തശ്ശനെ നിർബന്ധിക്കുന്നതാണ് ഊഞ്ഞാൽ കെട്ടിത്തരാൻ. ആരെയോ വിളിച്ച് കെട്ടിതന്നു.

പുഴയരികിലെ സ്ഥലത്തിന് നല്ല വിലയാണത്രെ.

പണ്ട് നെല്ല് കൊയ്തിരുന്ന വയലുകളൊക്കെ നികത്തി വീട് വച്ചിരിക്കുന്നു. ഇതാണോ പപ്പ പറയുമായിരുന്ന പച്ച വിരിച്ച നെൽപാടം. പപ്പയോട് സഹതാപം തോന്നി.

ഉച്ചയ്ക്ക് മുത്തശ്ശിയോട് ചോദിച്ചു. "ഇത്തവണ പുലികളിയും തുമ്പിതുള്ളലും ഒന്നുമില്ലേ ? പപ്പ പറയുമായിരുന്നല്ലോ." "ഉവ്വുവ്വ്" മുത്തശ്ശി പറഞ്ഞു. "ഓണത്തിന്റന്ന് ഉച്ചയ്ക്ക് ടിവിയിൽ, അപ്പോ കുട്ടന് കാണാം." ചെറിയച്ഛൻ തമാശിന് പറഞ്ഞു: "ഓണത്തല്ലുമുണ്ട്, രാഷ്ട്രീയ പാർട്ടിയാഫീസിൽ"

ഉച്ചയ്ക്ക് ശേഷം സിനിമ കാണാൻ പോയി എ.സി. തീയറ്ററാണത്രെ പക്ഷെ എ.സി.യൊന്നുമില്ല. മൂട്ടകടിയും. സിനിമ കണ്ടപ്പോൾ ഒരു സംശയം. ഇതുപോലൊരു ഇംഗ്ലീഷ് പടം കണ്ടിട്ടുണ്ടല്ലോ എന്ന്. പപ്പയോട് പറഞ്ഞപ്പോൾ പപ്പയും

ശരിവച്ചു.

## സെപ്പം 2 സാറ്റർഡേ 1995

വളരെ പ്രതീക്ഷയോടെ വള്ളംകളി കാണാൻ പോയി. ചിത്രങ്ങളിൽ കണ്ടിട്ടുള്ള ചുണ്ടൻ വള്ളം പോലൊന്നു മായിരുന്നില്ല വള്ളങ്ങൾ. പത്തരയ്ക്ക് തുടങ്ങുമെന്നു പറഞ്ഞിട്ട് തുടങ്ങിയപ്പോൾ പന്ത്രണ്ടരയായി. മന്ത്രി വരാൻ വൈകിയത്രെ. അതാത്രെ ഇവിടത്തെ ഫാഷൻ.

ഇടയ്ക്ക് ഒരിടിയുമുണ്ടായി. കുറച്ചാളുകൾ ചേരിതിരിഞ്ഞ് തല്ല്. മുഴുമിപ്പിക്കുന്നതിനു മുമ്പേ ഞങ്ങൾ പോന്നു. ഇന്ന ത്തൊരു ദിവസം വെറുതേ പോയി.

## സെപ്പം 3 സൺഡേ 1995

അതിരാവിലെ ഒരു ബാങ്ക് മാനേജർ വീട്ടിൽ വന്നു. അവരുടെ ബാങ്ക് എൻ. ആർ. ഐ. സിനു വേണ്ടി എന്തോ ഒരു പുതിയ സ്കീം തുടങ്ങുന്നുണ്ടത്രേ. ഇക്കാര്യം പറഞ്ഞു വരുന്ന മൂന്നാമത്തെ ബാങ്ക് മാനേജരായിരുന്നു അയാൾ. ഉച്ച വരെ പപ്പയെ ഇരുത്തി വധിച്ചു. "വാട്ട് ഈസ് എൻ.ആർ.ഐ പപ്പ ?" ഞാൻ ചോദിച്ചു. "പ്രവാസ ഇന്ത്യാക്കാർ" പപ്പയുടെ നിർവച്ചനം. "നമ്മൾ പ്രവാസികളാണ് ഫിനോ !" ചോദിക്കണ മെന്ന് തോന്നി. 'നമ്മൾ എവിടെയാണ് പ്രവാസികളായത് ഇന്ത്യയിലോ അതോ അമേരിക്കയിലോ ?'

ടി.വി.യിൽ മോഹിനിയാട്ടം കണ്ടുകൊണ്ടിരുന്നപ്പോൾ മുത്തശ്ശി വന്ന് ചാനൽ മാറ്റി. സ്റ്റാർ ടി.വി.യിൽ അർനോൾ ഡിന്റെ ഇടിപ്പടം ഉണ്ടത്രെ. ഞാനെണീറ്റ് പോന്നു. ചെറിയ ച്ഛന്റെ കുട്ടികൾ മുൻവശത്തിരുന്ന് സ്നേക്ക് ആന്റ് ലാഡർ കളിക്കുന്നുണ്ടായിരുന്നു.

കാലത്ത് മുതൽ മുത്തശ്ശൻ രാത്രിയിലെ കഥകളി പ്രോഗ്രാമിനെ പറ്റി പറയുന്നു. കൂത്തമ്പലത്തിൽ ചെന്നപ്പോൾ ശുഷ്ക്കമായ സദസ്സ്. ചുമർ മുഴുവൻ ഐ ലവ് യു എന്നെഴുതി യിരിക്കുന്നു. നമ്മൾ കേരളീയർ സ്നേഹമുള്ളവരാണെന്ന് പറയുന്നത് വെറുതെയല്ല. മുത്തശ്ശന്റെ സ്നേഹിതൻ പറയുന്നത് കേട്ടു അവരുടെ നാലാം ക്ലാസിലെ പേരക്കിടാവിന് ആരോ പ്രേമലേഖനം കൊടുത്തത്രേ. കഥകളി തുടങ്ങിയപ്പോൾ കുറേ വൈകി ചുറ്റും നോക്കിയപ്പോൾ ഉറക്കം തൂങ്ങുന്ന സദസ്സ്. മുത്തശ്ശൻ പോലും. ആസ്വാദനം ഇവിടെ ചടങ്ങായി മാറിയിരിക്കുകയാണോ ?

## സെപ്പം 4 മൺഡേ 1995

ഇന്നെണീറ്റപ്പോൾ അൽപം വൈകി. അടുത്തുള്ള ഒരു ക്ളബ്ബിന്റെ ഓണാഘോഷം കാണാൻ പോയി. പൂക്കള മത്സരമുണ്ടായിരുന്നു. പൂക്കളങ്ങളിലെല്ലാം ഇപ്പോഴത്തെ രാഷ്ട്രീയ വികാസങ്ങൾ. പൂവിനേക്കാൾ കൂടുതൽ നിറം കലർ ത്തിയ വസ്തുക്കളായിരുന്നു.. മത്സരമെന്നു പറയാമെന്നേ യുള്ളൂ, പങ്കെടുക്കാൻ ആളില്ലത്രേ. ഇന്നത്തെ ഒരു ദിവസം പോയെന്നേ പറയാൻ പറ്റൂ.

## സെപ്പം 5 ട്യൂസ്ഡേ 1995

ഇന്ന് ഉത്രാടം. ഒന്നാം ഓണം. ഞങ്ങളെല്ലാവരും ഷോപ്പി ഗിനു പോയി. മുത്തശ്ശനും മുത്തശ്ശിക്കും ഓണപ്പുടവ വാങ്ങാൻ കടയിൽ കയറി. റിഡക്ഷൻ സെയിലാണത്രേ. വിലയിൽ യാതൊരു റിഡക്ഷനുമില്ല. പപ്പ പറയുന്നത് കേട്ടു.

പച്ചക്കറിക്കടയിൽ കയറിയപ്പോഴാണ് അതിലും വലിയ തമാശ. വിലകേട്ട് അതിശയിച്ചുപോയി. സൗകര്യമുണ്ടെങ്കിൽ വാങ്ങി യാൽ മതിയെന്ന കടക്കാരന്റെ വാക്കു കേട്ടപ്പോഴാണ് അതിലും അതിശയിച്ചത്. ഓണക്കാലമല്ലേ, വില കൂടും - അയാൾ കൂട്ടിച്ചേർത്തു.

പപ്പയോടൊപ്പം തുമ്പ പറിക്കാൻ കൂടി. അവസാനം ഒരു പിടി കിട്ടി. വിറകു പുരയുടെ മൂലയിൽ നിന്നും തൃക്കാക്കര യപ്പനെ കണ്ടെടുത്തു.. തുടച്ച് മാവ് തേച്ചെടുത്തു. "ഇപ്പോൾ പുറത്തുള്ളവർക്കേ ഓണമാഘോഷിക്കണമെന്നുള്ളൂ." പപ്പയുടെ ഉത്സാഹം കണ്ട് വേലക്കാരി പറയുന്നു.

ഉപ്പേരിയെ പറ്റി പപ്പ പറഞ്ഞപ്പോൾ മുത്തശ്ശി പറഞ്ഞു: "എന്തിനാ പാടു കഴിക്കുന്നത് ? ഉപ്പേരിയും ശർക്കരവട്ടിയും എല്ലാം പാക്കറ്റിൽ കിട്ടും. പായസം പോലും."

കടയിൽ പോയി മുത്തശ്ശൻ എല്ലാം വാങ്ങിക്കൊണ്ടുവന്നു. മീറ്റർ റീഡിംങിനേക്കാൾ കൂടുതൽ പൈസ ചോദിച്ചതിന് മുത്തശ്ശൻ തർക്കിക്കുന്നത് കേട്ടു. അടപ്രഥമനെ പറ്റി മമ്മി ചോദിച്ചപ്പോൾ 'അട വാങ്ങിച്ചോ' എന്ന്. മുത്തശ്ശനോട് ചെറിയമ്മ തിരക്കി. അട പോലും പാക്കറ്റിൽ കിട്ടുമത്രേ. പപ്പ പറയാറുള്ള ഓണരാത്രിയാണിന്ന്. പപ്പയോടൊപ്പം തൃക്കാക്കരയപ്പനെ വിളിക്കുന്നത് കേൾക്കാൻ കാത്തുനിന്നു. പക്ഷെ അടുത്ത വീടുകളിലൊന്നിലും ആർപ്പു വിളി കേട്ടില്ല. ഓണത്തെ പറ്റി പപ്പ പറയാറുള്ളതെല്ലാം നുണയാണെന്ന് തോന്നുന്നു.

## സെപ്പം 6 വനസ്ഡേ 1995

ഇന്ന് തിരുവോണം. നമുക്ക് നഷ്ടപ്പെട്ട മാവേലി തമ്പുരാൻ നമ്മെക്കാണാൻ വരുന്ന ദിവസം. മുത്തച്ഛൻ ഓണ പ്പുടവ തന്നു. അതുടുത്ത് മുത്തച്ഛനോടും പപ്പയോടും ഒപ്പം തൃക്കാക്കരയപ്പനെ വിളിച്ചു. ഞങ്ങളുടെ വിളികേട്ട് അടുത്ത വീട്ടിലുള്ളവർ എത്തി നോക്കി. ആദ്യമായി കേൾക്കുന്നപോലെ.


*Fellas,*



*"Awake Arise or be forever fallen"*
*quote Milton*

Best wishes, An Old Timer.

ധൃതിയിലാണ് കാലത്ത് ചായ കുടിച്ചത്. ടി.വി.യിൽ സിനിമ ഉണ്ടത്രേ. എനിക്ക് മനസ്സിലാകുന്നില്ല. ഇവർ സിനിമ എന്നു പറഞ്ഞ് ഇത്രക്ക് ധൃതി പിടിക്കുന്നതെന്ന്.

ഉച്ചക്ക് ഓണസദ്യ. അതും ധൃതിയിൽ തന്നെ, ഉച്ചക്ക് വേറേ സിനിമ ഉണ്ടത്രേ. എനിക്ക് ചിരി വന്നു. ടിക്കറ്റ് ഓ.കെ. ആക്കിയോ എന്ന് മമ്മി പപ്പയോട് ചോദിക്കുന്നത് കേട്ടു.

ഇതാണോ ഓണം, ഇതിനേക്കാൾ എത്രയോ ഭേദമായിരുന്നു ഞങ്ങളുടെ അവിടത്തെ അമേരിക്കയിലെ ഓണം. അവിടെയുള്ള മലയാളികളെല്ലാം എത്ര ആവേശ ത്തിലാണ് എല്ലാം ഒരുക്കുന്നത് ഇവിടെ എല്ലാം ഒരു ചടങ്ങ് മാത്രമായി.

ചെറിയച്ചൻ ബോംബെ എന്ന സിനിമയുടെ കാസറ്റ് കൊണ്ടു വന്നു. കണ്ടപ്പോൾ ചെടിച്ചുപോയി. എങ്ങും തീവെയ്പും, കുട്ടക്കുരുതിയും മാത്രം. ബോംബെ നഗരത്തിൽ സംഭവിച്ചതാണ് ഇതെല്ലാം എന്ന് പപ്പ പറഞ്ഞപ്പോൾ എനിക്ക് വിശ്വസിക്കാനേ കഴിഞ്ഞില്ല.

നാളെ ഞങ്ങൾ തിരിച്ചു പോവുകയാണ്. മമ്മി എല്ലാം പാക്ക് ചെയ്യുന്നു. ടീന വളരെ സന്തോഷത്തിലാണ്. പപ്പമാത്രം വിഷമത്തിലും. മുൻവശത്തിരുന്ന് മുത്തശ്ശനും മുത്തശ്ശിയുമായി പപ്പ എന്തൊക്കെയോ പതിഞ്ഞ സ്വരത്തിൽ പറയുന്നുണ്ട്. എനിക്ക് ഉറക്കം വരുന്നു. കിടക്കട്ടെ.

സെപ്റ്റം 7 തേസ്ഡേ 1995

യാത്ര ചോദിക്കുമ്പോൾ മുത്തശ്ശി കരയുന്നത് കണ്ടു. എല്ലാവർക്കും വിഷമമുണ്ട്. ചെറിയച്ഛൻെറ കുട്ടികൾ കൗതുകത്തോടെ നോക്കി നിൽക്കുന്നു. ഇനിയിവരെ എന്നാണ് കാണുക ? ആവോ ?

ചേന്ദമംഗലം എന്ന ഗ്രാമത്തിൻെറ ഹൃദയത്തിലൂടെ വീണ്ടും തിരിച്ചു പോക്ക്. അമ്പലവും സ്കൂളും ലൈബ്രറിയും എല്ലാം ഓടിമറയുന്നു. പപ്പ തിരിഞ്ഞു തിരിഞ്ഞ് നോക്കുന്നു. "അടുത്ത തവണ വരുമ്പോൾ ഇതിലും മാറ്റമുണ്ടാകും ! അല്ലേ" മമ്മി പപ്പയോട് ചോദിച്ചു. പപ്പ ഒന്നും മിണ്ടിയില്ല.

എയറോഡ്രോമിൽ ചെന്നപ്പോൾ ദൈവത്തിൻെറ സ്വന്തം നാട് എന്ന ബോർഡ് ഞങ്ങളെ നോക്കി പല്ലിളിക്കുന്നു. രണ്ടു മണിക്കൂർ വൈകിയാണ് വിമാനം വന്നത് പിരിയാൻ നേരം പപ്പ ചെറിയച്ഛൻെറ കൈ പിടിച്ചു. വിഷമത്തോടെ പറഞ്ഞു. "ഇനി വീണ്ടും അടുത്ത ഓണത്തിന്......"

"നോ! പപ്പാ! നമുക്ക് ഓണം മലയാളി അസോസിയേഷനിൽ മതി." ഞാൻ മനസ്സിൽ പറഞ്ഞു.

എയറോഡ്രോമിൽ ചെന്നപ്പോൾ ദൈവത്തിൻെറ സ്വന്തം നാട് എന്ന ബോർഡ് ഞങ്ങളെ നോക്കി പല്ലിളിക്കുന്നു. രണ്ടു മണിക്കൂർ വൈകിയാണ് വിമാനം വന്നത് പിരിയാൻ നേരം പപ്പ ചെറിയച്ഛൻെറ കൈ പിടിച്ചു. വിഷമത്തോടെ പറഞ്ഞു. "ഇനി വീണ്ടും അടുത്ത ഓണത്തിന്......"
"നോ! പപ്പാ! നമുക്ക് ഓണം മലയാളി അസോസിയേഷനിൽ മതി." ഞാൻ മനസ്സിൽ പറഞ്ഞു.

ESPE ITC & COMPUTER CENTRE
(Affiliated to N.C.V.T. Govt. of India)
Manjaly, Mannam.P.O., N.Paravoor. Pin :683 520
Phone: 444297

| N.C.V.T. Course | Duration | Min.Qualification |
| --- | --- | --- |
| Data Prepration & Computer Software (D.P.C.S.) | 1 Year | P.D.C.[Science or Commerce]. Higher Qualifi - cation preferable. |

OTHER COURSES
D.C.A., D.C.S, D.C.O., P.G.D.C.A, A.P.G.D.C.A and Gulf Packages

SHORT COURSES
Short courses in D.T.P, AUTOCAD, WINDOWS and any other Programming languages as per requirements.



With best compliments from:

BURMA FIREWORKS FACTORY
Office : MARKET ROAD.
N.PARAVOOR - 683 513.
(kerala). Off : 442832
Fac : 442909

Mfrs.& Dealer in All Kinds of Quality Fireworks

# ഇനി
# വിട്ടുവീഴ്ച
# വേണ്ട



നിങ്ങളുടെ അഭിരുചിക്കൊത്ത ജീവിതപങ്കാളിയെ

കണ്ടെത്താൻ ഞങ്ങൾ സഹായിക്കുന്നു.....

# HERA INFORMATIONS

**(Computerised Matrimonial Data Bank)**

**IInd Floor, Municipal Complex,**

**Near Old KSRTC Stand, N. Paravur - 683 513**

**Ph : 0484 - 446202**

കഥ

ലക്ഷ്മി രംഗീല. എസ്
ഒന്നാം വർഷ ബയോടെക്നോളജി ബിരുദം.

# മണ്ണപ്പം

ദൈവമേ! മണി പന്ത്രണ്ട് കഴിഞ്ഞു. ഒരു മണിക്ക് പരീക്ഷ തുടങ്ങും. അവൾ ബസ്സ്റ്റോപ്പിലേയ്ക്ക് ഓടി. ഭാഗ്യം! ബസ് പോയിട്ടില്ല. അവൾ വെയിറ്റിംഗ് ഷെഡ്ഡിലെ ബഞ്ചിൽ പോയിരുന്നു. വെറുതേ പുറത്തേയ്ക്ക് നോക്കി. നല്ല വെയിലുണ്ട്. എതിർ വശത്ത് ഒഴിഞ്ഞുകിടന്നിരുന്ന പാടത്ത് ഇഷ്ടികപണി ആരംഭിച്ചിരിക്കുന്നു. നിറയെ ആളുകൾ. ഇഷ്ടിക ചുമക്കലും അടുക്കി വെയ്ക്കലും മറ്റുമായി അവർ പല പണികളിലുമേർപ്പെട്ടിരിക്കുന്നു. അപ്പാൾ വയറു നിറക്കുവാൻ കത്തിജ്വലിച്ചു നിൽക്കുന്ന സൂര്യനു താഴെ നിന്നു പണിയെടുക്കുന്ന ആ രൂപങ്ങൾ അവളുടെ മനസ്സിൽ സഹതാപത്തിന്റെ വിത്തുകൾ പാകി.



അപ്പോഴാണ് അവൾ അവനെ കണ്ടത്. കളത്തിന്റെ ഒരു മൂലയിൽ ഒരു പട്ടിക്കുട്ടിയെയും അടുത്തിരുത്തിക്കൊണ്ട് അവൻ മണ്ണു വാരിക്കളിക്കുകയായിരുന്നു. ചുട്ടുപൊള്ളുന്ന നട്ടുച്ച വെയിലിനെ വക വെയ്ക്കാതെ ചിരട്ടകൾ കൊണ്ട് മണ്ണു വാരിക്കളിക്കുന്ന ആ കൊച്ചുകുട്ടിയെ നോക്കി കുറേ നേരം അവൾ ഇരുന്നു. ആ കാഴ്ച അവളിൽ കൗതുകമുണർത്തി. അവൻ മണ്ണപ്പം ഉണ്ടാക്കുകയാവാം. ഒരു നിമിഷം അവൾ തന്റെ ബാല്യകാലം ഓർത്തുപോയി. കൊച്ചുപുരയും മണ്ണപ്പവും എല്ലാം അവളുടെ മനസ്സിലൂടെ കടന്നുപോയി.

വീണ്ടും അവളുടെ ശ്രദ്ധ അവനിലേക്കായി. അവൻ കുറേ ഏറേ അപ്പം ഉണ്ടാക്കിക്കഴിഞ്ഞു. അവന്റെ അമ്മ ആ ഇഷ്ടിക കളത്തിൽ പണിയെടുക്കുകയാവാം. വെയിലു കൊണ്ടിട്ടോ, അതോ വിശപ്പു കൊണ്ടോ അവന്റെ മുഖം വാടിയിരുന്നു. പക്ഷേ അതൊന്നും അവന്റെ കളിയിൽ നിഴലിച്ചു കണ്ടില്ല. അപ്പോഴാണ് അവൾ അവന്റെ വേഷം ശ്രദ്ധിച്ചത്. ആകെ മുഷിഞ്ഞതും പിന്നിത്തുടങ്ങിയതുമായ ഒരു വലിയ ഷർട്ട് മാത്രമായിരുന്നു അവൻ ഇട്ടിരുന്നത്. എണ്ണയില്ലാതെ പാറിപ്പറന്നുകിടക്കുന്ന മുടി അവന്റെ മുഖത്തിന്റെ പകുതിയോളം മറച്ചിരുന്നു. കളിയിൽ അവൻ ഇടയ്ക്കിടെ തന്റെ പട്ടിക്കുട്ടിയെ നോക്കി എന്തോ പറയുന്നുണ്ടായിരുന്നു.

അവൾ എഴുന്നേറ്റ് അവന്റെ അടുത്തേക്ക് ചെന്നു. ആ പട്ടിക്കുട്ടി അപ്പോൾ അവളെ നോക്കി കുരച്ചു. പെട്ടന്ന് അവളെ അടുത്ത് കണ്ടപ്പോൾ അവൻ കൗതുകത്തോടെ തലയുയർത്തി. 'മോനെന്ത് ചെയ്യുവാ?' അവൾ ചോദിച്ചു. അവന്റെ മറുപടി പെട്ടന്ന് വന്നു. 'അപ്പംണ്ടാക്കുവാ.' 'ചേച്ചിക്കു തരാവോ ഒരപ്പം?' 'ഇല്ല തരൂല്ല. ഇത് ഞാനും ഇവനും കൂടി തിന്നും.' അടുത്തു നിൽക്കുന്ന പട്ടിക്കുട്ടിയെ ചൂണ്ടിക്കാണിച്ച് അവൻ പറഞ്ഞു.

പെട്ടന്നാണ് ബസ്സിന്റെ ശബ്ദം കേട്ടത്. അവൾ വേഗം ചെന്ന് ബസ്സിൽ കയറി. കോളേജിലെത്തിയപ്പോൾ പരീക്ഷ തുടങ്ങാറായിരിക്കുന്നു. പിന്നെ പരീക്ഷയുടെയും കൂട്ടകാരുടേയും ബഹളത്തിനിടയിൽ അവൾ അവനെ മറന്നു കഴിഞ്ഞിരുന്നു.

വൈകിട്ട് തിരിച്ചു വന്നപ്പോൾ അവനെ അവിടെ നോക്കി

യെങ്കിലും അപ്പോഴേക്കും പണിയെല്ലാം കഴിഞ്ഞ് എല്ലാവരും പോയിക്കഴിഞ്ഞിരുന്നു. രാത്രി ഉറങ്ങാൻ കിടന്നപ്പോൾ അവളുടെ മനസ്സിൽ വീണ്ടും അവന്റെ മുഖം തെളിഞ്ഞുവന്നു. അവന്റെ ആ വാടിയ മുഖവും, മുഷിഞ്ഞവേഷവും മറ്റും ഒരു സമൂഹത്തെ മുഴുവനുമായി പ്രതിനിധാനം ചെയ്യുന്നു ണ്ടെന്ന് അവൾക്കു തോന്നി. ചുട്ടുപൊള്ളുന്ന വെയിലത്തും എല്ലുമുറിയെ പണിയെടുക്കുന്ന അവന്റെ അമ്മയെ പറ്റി അവൾ ആലോചിച്ചു. അവനും വളരുമ്പോൾ ഇതു പോലെയാകുമോ? അതോ പഠിച്ചു ഒരു നല്ല നിലയിലെ ത്തുമോ? ഒരു സമൂഹത്തിന്റെ പച്ചയായ വ്യവസ്ഥിതി പ്രകടമാവുന്നത് അവിടുത്തെ അധ്വാനിക്കുന്ന ജനലക്ഷ ങ്ങളിലൂടെയാണെന്ന് ക്ലാസിൽ ടീച്ചർ പറഞ്ഞത് അവൾക്ക് ഓർമ്മ വന്നു. ശരിയാണ്. ഇവരെ നോക്കിയാലറിയാം നമ്മുടെ നാട് ദാരിദ്ര്യരേഖക്ക് എത്രയോ താഴെയാണ്.

എന്തൊക്കെയോ ആലോചിച്ച് കിടന്ന് ഉറങ്ങിപ്പോയി.

പിറ്റേന്ന് കോളേജിൽ പോവാൻ വേണ്ടി ബസ്റ്റോപ്പി ലെത്തിയപ്പോൾ ഇഷ്ടികക്കളത്തിൽ ആളുകൾ കൂടിനിൽ ക്കുന്നു. അവിടെ പണിയുണ്ടായിരുന്നില്ല. 'ഇന്നെന്താ ഇവിടെ പണിനടക്കുന്നില്ലേ?' അടുത്തുകണ്ട ഒരാട് ചോദിച്ചു.

'അപ്പോ കുട്ടി അറിഞ്ഞില്ലേ? ചുടാൻവേണ്ടി അടുക്കി വച്ചിരുന്ന കട്ടകൾ മറിഞ്ഞുവീണു. അതിനിടയിൽപ്പെട്ട് ഒരു കുട്ടി ......പാവം...... രക്ഷകിട്ടിയില്ല' അയാൾ പറഞ്ഞത് മുഴുവൻ കേട്ടോ എന്ന് തന്നെ സംശയമായിരുന്നു. ഒരു കൊള്ളിയാൻ തന്റെ മനസ്സിലൂടെ പായുന്നത് പോലെ അവൾക്ക് തോന്നി. തലേദിവസം ആ കുട്ടി ഇരുന്ന് കളിച്ചിരുന്ന സ്ഥലത്തേക്ക് അറിയാതെ അവളുടെ കണ്ണുകൾ പാഞ്ഞു. ശൂന്യം. അവനുണ്ടാക്കിവച്ചിരുന്ന മണ്ണപ്പം അവിടെ പൊടിഞ്ഞു കിടക്കുന്നുണ്ടായിരുന്നു. ആ പട്ടികുട്ടി അവളെ നോക്കി ദയനീയമായി മോങ്ങി.

●


# *PHOTO TRACKS*

COLOUR LAB

Near Private Bus Stand Aluva.

Computerised and manual Color lab.



Quality color prints.
any size in one hour



*our special rates:*

P C Size Developing with printing Rs 3.40
6x4 size developing with printing Rs 4.50



**With best compliments from : -**

# A.K.P. METALS & ALLOYS

**P.B. NO. 2555,**
**BROADWAY, ERNAKULAM,**
**COCHIN-682 031.**

# M'ESCOS

DESIGNED TO FIT TO YOUR SOLE



Shoes curved out of softest leather with comfort in mind which care for and cosset your feet. Bluechip, Formal, Casual and Sports. A wide range to choose from. Exceptional standards of quality and performance. Take a look at the M'ESCOS exclusive showcase here at:



# ROYAL SHOES

Near K.S.R.T.C. Bus Stand, Aroma Buildings, Aluva-1
Phone: 626857

Impact Multivision

# COLLEGE DAY









# ARTS DAY














# INVEST IN

HIGH SECURITY

# FEDERAL DEPOSITS

GOOD RETURNS

FEDERAL BANK.

India's Premier Private Sector Bank brings you

Federal Deposits

9 deposit schemes, each tuned to meet your specific needs. With the guarantee of high liquidity. And the promise of good returns. Available in every one of our 360 branches the largest private sector banking network in India

## A CHOICE OF FEDERAL DEPOSITS

1 AISHWARYA DEPOSIT
2 MONEY PACK DEPOSIT
3 CASH CERTIFICATE DEPOSIT
4 FIXED DEPOSIT
5 MULTI BENEFIT DEPOSIT
6 FEDERAL STOCK INVEST DEPOSIT
7 FEDERAL SAVINGS FUND
8 SUPER SAVINGS FUND
9 ANNUITY LINKED RECURRING DEPOSIT

For further details on our deposit schemes, please contact any of our branches.
We would love to be of assistance.

Chairman K.NANDAN

THE FEDERAL BANK LIMITED

കവിത

ഗോപകുമാർ എം.ജി
രണ്ടാം വർഷ മനശ്ശാസ്ത്ര ബിരുദം

# അവധി

അവധി ദിവസം
കേൾക്കാതെപോയ പ്രാർത്ഥനകൾ
കൂട്ട നിലവിളികളുമായി
എന്നെ കുലുക്കി ഉണർത്തുന്നു
* * * * *

രാത്രി
ലോകം മുഴുവൻ ഉറങ്ങാൻ തുടങ്ങവെ
ഊരു ചുറ്റാൻ പോയ
കൂട്ടുകാരൻ എവിടെയാണ്.............
* * * * *

ടെലിവിഷൻ, ബോൺസായ് എന്നിങ്ങനെ
മറുവാക്കില്ലാത്ത പ്രണയം
ആത്മഭാഷണത്തിന്റെ
സാദ്ധ്യതകൾ തുറക്കുമ്പോഴേക്കും
വാതിലിൽ മുട്ടിവിളിക്കുന്നത്
ആരാണ്...............
* * * * *

ഭൂമിയുടെ അടിവേരുകളിൽ നിന്നും
യാതൊരു മറയുമില്ലാതെ
ഒറ്റ ജാലകത്തിലൂടെ
മുറിയിലേക്ക് പടർന്നുകയറുന്ന
പച്ചിലയിലേക്കു നോക്കി നാം
മിണ്ടാതിരിക്കുന്നത്
എന്തിനാണ്.........................

*With best compliments from :*



ZAINA
BAKERY

KALADY JN.
PERUMBAVOOR
Phone : 524427

" Arise, go forth and conquer the two most indispensable languages of our times through easy formula based methods"

CONTACT :

**ELOQUENCE LANGUAGE CENTRE,**
(SPOKEN ENGLISH AND SPOKEN HINDI)
OPP. PRABHUS THEATRE,
N.PARAVUR. PIN 683513.

കഥ

റാഷിദ
മൂന്നാം വർഷ മലയാള ബിരുദം

# അടയുന്ന ജാലകങ്ങൾ

'ശാലിനിക്കൊരു ഫോൺകോൾ ഉണ്ട്' - എന്നു മേട്രൻ വന്നു പറഞ്ഞപ്പോൾ ആകാംക്ഷയോടെ ഓർത്തു.-

ആരാണീ സന്ധ്യാനേരത്ത് ? !

വായിച്ചുകൊണ്ടിരുന്ന പുസ്തകം മടക്കിവെച്ച് നടക്കുമ്പോൾ മനസ്സിൽ അകാരണമായൊരു വിങ്ങൽ.

മറുതലയ്ക്കൽ അനന്തന്റെ സ്വരം കേട്ടപ്പോഴാണ് സമാധാനമായത്.

'നാളെ ഇവിടെയൊരു വിശേഷമുണ്ട് - തീർച്ചയായും വരണം. അതു പറയാനാ ഇപ്പോ വിളിച്ചത്.'

'ഇവിടെ - എന്റെ വീട്ടിൽ വന്നാ മതി'

മുഖവുരയില്ലാതെ ഒരു ക്ഷണം

'എന്താ വിശേഷം?'

'അതൊക്കെയുണ്ട് നിനക്കൊരു സർപ്രൈസ് ആയിരിക്കട്ടെ. നാളെ വെളുപ്പിന് പുറപ്പെട്ടുകൂടെ ?'

പിന്നെയെന്തെങ്കിലും പറയാനോ ചോദിക്കാനോ കഴിയും മുൻപ് ഫോൺ ഡിസ്കണക്ട് ആയി, അതോ ആക്കിയതോ?

തിരികെ നടക്കുമ്പോൾ മനസ്സു നിറയെ അനിശ്ചിതത്വമായിരുന്നു - വിശേഷമെന്താന്നറിയാനുള്ള ആകാംക്ഷയും.

പോകുന്നതിനെക്കുറിച്ച് ഏറെനേരം ആലോചിച്ചു. തിരുമാനിക്കേണ്ടതു ഞാൻ തന്നെ. അങ്ങകലെ പൊള്ളുന്ന മണൽക്കാടിന്റെ ശുഷ്കതയിൽ, സ്നേഹത്തിന്റെ നനവുപറ്റിയ മനസ്സുമായി ഒരേയൊരു മകൾക്കുവേണ്ടി സമ്പാദിക്കുന്ന അച്ഛനുമമ്മയും - അവർ തന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തലാകുമോ ?

ഒടുവിൽ പോകാൻ തന്നെ തീരുമാനിച്ചു. വരണ്ട ഒരു ബാല്യത്തിനും നിറംമങ്ങിയ കൗമാരത്തിനും ശേഷം ഈ യാത്രകളുടെ സാഹസികതയെങ്കിലും ഓർമ്മകളിൽ സുഗന്ധം പരത്തുന്ന പൂക്കളാകട്ടെ.

യാത്ര പുറപ്പെട്ടപ്പോൾ വെളിച്ചം വീണിരുന്നില്ല. കിളികൾ ചിലച്ചുണരുന്നതേയുള്ളൂ.

വണ്ടിയിൽ വളരെക്കുറച്ചാളുകൾ മാത്രം. ഒഴിഞ്ഞ ഒരു സീറ്റിൽ അരികുചേർന്നിരുന്നു. കുളിരുപെയ്യുന്ന പ്രഭാതത്തെ തഴുകിയെത്തുന്ന തണുത്ത കാറ്റിനൊപ്പം മഞ്ഞുതുള്ളികളും ദേഹത്തേക്കു പാറിവീഴുന്നു. എന്നിട്ടും അനങ്ങാതെ അങ്ങനെയിരുന്നു. - മഞ്ഞിൽ പാതിമറഞ്ഞ ദൂരക്കാഴ്ചകളിൽ കണ്ണു നട്ടിരുന്നു.

'ഹോ! കാറ്റടിക്കുന്നു. ആ ഷട്ടറൊന്നു താഴ്ത്തിയിടു കുട്ടീ.' പിന്നിലിരിക്കുന്ന വൃദ്ധന്റെ സ്വരത്തിനു പോലും തണുപ്പ്.

ഇപ്പോൾ പുറംകാഴ്ചകൾ മറഞ്ഞിരിക്കുന്നു. യാത്രക്കാർ മിക്കവാറും നിശ്ശബ്ദരാണ്. എല്ലാവരും തണുപ്പിൽ സുഖമുള്ള സ്വപ്നങ്ങൾ കാണുകയാവാം.

കണ്ണുകളടച്ചിരിക്കുമ്പോൾ, മനസ്സിന്റെ ജാലകത്തിനു പിന്നിൽ സ്മരണയുടെ ഹിമകണങ്ങൾ പെയ്യുകയായി......

തൂലികാസൗഹൃദം ക്ഷണിച്ചുകൊണ്ട് പരസ്യം ചെയ്യുമ്പോൾ ഇത്രയും ആഴമുള്ള ഒരു ബന്ധത്തെക്കുറിച്ച് സങ്കല്പം പോലുമുണ്ടായിരുന്നില്ല. 'ഞാൻ അനന്തൻ' - എന്ന മുഖവുരയോടെ എന്റെ ലോകത്തിലേക്ക് കടന്നുവന്ന അനന്തൻ. അക്ഷരങ്ങളെക്കൊണ്ട് നൃത്തമാടിക്കുന്ന അത്ഭുതസിദ്ധി വശമായിരുന്നു അവന് ഋതുഭേദങ്ങൾ പോലെ അനുഭവങ്ങളുടെ വൈവിധ്യങ്ങളായി എന്നെത്തേടിയെത്തിരിക്കുന്ന അവന്റെ സന്ദേശങ്ങളാണ്, ഞാനും ജീവിക്കുകയാണ്. എന്ന് എന്നെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നത്.

ഇന്ന് അനന്തുവിന്റെ ബാല്യവും കൗമാരവും യൗവനത്തിന്റെ പിന്നിട്ട പടവുകളുമെല്ലാം എനിക്ക് ഏറെ പരിചിതമായിരിക്കുന്നു. (അനന്തുവിന്റെ ഭാഷയിൽ യൗവനത്തിന് പടവുകളില്ല. അത് സമതലം പോലെയാണ്. സൂക്ഷ്മതയോടെ പടവുകൾ കയറി ഇവിടെയെത്തിക്കഴിഞ്ഞാൽ വീഴ്ചകളെക്കുറിച്ച് ആശങ്കയില്ലാതെ എന്തും ചെയ്യാനുള്ള പ്രേരണയുണ്ടാകുന്നത് അതുകൊണ്ടാണ്. വീണ്ടും പടവുകൾ താഴേക്ക് വാർദ്ധക്യത്തിലേക്ക്.)

അച്ഛനുമമ്മയും സഹോദരിയുമടങ്ങുന്ന കൊച്ചുകുടുംബമാണ് അനന്തന്റേത്. തറവാട്ടിൽ ഒരുപാടംഗങ്ങളോടൊത്ത് കഴിഞ്ഞുകൂടിയ സുന്ദരമായ കുട്ടികാലം. - മയിൽപ്പീലിക്കുഞ്ഞുങ്ങൾക്ക് പിറന്നുവീഴാനായി പുസ്തകതാളുകൾ നീക്കിവെച്ച നിഷ്കളങ്കതയുടെ പൂക്കാലം. അന്നത്തെ അന്തർമുഖനായ അനന്തുവിൽ നിന്ന് ഒരു കൊച്ചുനേതാവിലേക്കുള്ള മാറ്റത്തിനു പിന്നിൽ കലത്തിന്റെ കരവിരുതായിരുന്നു.- ഓർമകളിൽ മധുരം നിറച്ച് കടന്നുപോയ വർണ്ണാഭമായ നാളുകൾ.

കൊച്ചുകൊച്ചു വിശേഷങ്ങൾ പോലും അനന്തന്റെ വിരൽത്തുമ്പിലൂടെ കടന്നുവരുമ്പോൾ നിറപ്പകിട്ടുള്ള ചിത്രങ്ങളാകുന്നു. എങ്കിലും അവന്റെ തൂലികയ്ക്ക് ചലനം വിധിക്കുന്നത് മാളവികയെക്കുറിച്ചെഴുതുമ്പോളാണ്. 'മാളു'വിനെ കുറിച്ച് എഴുതുമ്പോൾ വാക്കുകളിൽ പോലും ആർദ്രത നിറയുന്നതറിഞ്ഞ് അസൂയ തോന്നിയിട്ടുണ്ട്, പലപ്പോഴും മാളുവുമായുള്ള ബന്ധത്തെക്കുറിച്ചുള്ള അറിവുപോലും എന്നെ നോവിച്ചിരുന്നുവല്ലോ.

'എന്തുകൊണ്ടാ നിനക്ക് വിവാഹത്തോടിത്ര എതിർപ്പ് ? - ഒരിക്കൽ അർത്ഥം നഷ്ടപ്പെടുന്ന ബന്ധങ്ങളെ കുറിച്ചുള്ള എന്റെ പരാമർശം കണ്ടിട്ട് അവൻ ചോദിച്ചു.

'സ്നേഹിക്കാനും കാത്തിരിക്കാനും ഒരാളുണ്ടാവുക

എന്നതിൽ കവിഞ്ഞ് എന്തു സാഫല്യമാണ് ഈ ജീവിതത്തിൽ നിന്ന് നേടാനാവുക'.

- 'ശരിയായിരിക്കാം'. പക്ഷെ, ഉത്തരവാദിത്വങ്ങൾ ആ സ്നേഹത്തിന്റെ സ്ഥാനം കൈയടക്കുമ്പോൾ വേണ്ടായിരുന്നുവെന്ന് ഒരിക്കലെങ്കിലും തോന്നിയാൽ എന്തിനാ വെറുതേ ? - സങ്കൽപങ്ങളുടെ മാധുര്യമെങ്കിലും നഷ്ടപ്പെടുത്താതെ അവശേഷിപ്പിച്ചുകൂടേ ?

'ഒക്കെ നിന്റെ തോന്നലുകളാണ്. അനുഭവിച്ചാലേ അതറിയൂ. വെറുതേ കാടുകയറി ചിന്തിക്കുന്നതെന്തിന്?'

'ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ..... മാളുവിനേ പോലെ ഭാഗ്യവതിയാകാൻ മാത്രം പുണ്യമൊന്നും ഞാൻ ചെയ്തിട്ടില്ല.'

- അങ്ങനെയെഴുതേണ്ടിയിരുന്നില്ലെന്ന് പിന്നെ തോന്നി. ആ വിഷയത്തെക്കുറിച്ച് പിന്നീടൊന്നും എഴുതാതിരിക്കാൻ ശ്രമിക്കുമ്പോളും മനസിന്റെ കോണിലെങ്ങോ ഒരു തേങ്ങൽ ഉടക്കി നിന്നിരുന്നു.

ഏതോ കുട്ടിയുടെ കരച്ചിൽ കേട്ടാണ് ചിന്തയിൽ നിന്നുണർന്നത്. എതിർ സീറ്റിയിലെ ചെറുപ്പക്കാരന്റെ നോട്ടം കണ്ണുകൾക്കിടയിലൂടെ തുളഞ്ഞുവരുന്നത് കണ്ടില്ലെന്നു നടിച്ചു.

സമയം ഒരുപാട് കടന്നുപോയിരിക്കുന്നു. അനന്തൻ പറഞ്ഞതനുസരിച്ച് ഇനിയും അരമണിക്കൂർ നേരത്തെ യാത്രകൂടി.

*അനന്തുവിന്റെ ഭാഷയിൽ യൗവനത്തിന് പടവുകളില്ല. അത് സമതലം പോലെയാണ്. സൂക്ഷ്മതയോടെ പടവുകൾ കയറി ഇവിടെയെത്തിക്കഴിഞ്ഞാൽ വീഴ്ചക ളെക്കുറിച്ച് ആശങ്കയില്ലാതെ എന്തും ചെയ്യാനുള്ള പ്രേരണയുണ്ടാകുന്നത് അതുകൊണ്ടാണ്.*

അവൻ പറഞ്ഞ വിശേഷമെന്തായിരിക്കുമെന്ന് ഇപ്പോഴും ഊഹിക്കാൻ കഴിയുന്നില്ല. അതേ പറ്റി ചിന്തിക്കുമ്പോഴൊക്കെ ഒരു വിവാഹത്തിന്റെ ചിത്രമാണ് മനസ്സിൽ തെളിയുന്നത്. രണ്ടു വഴികൾ വിട്ട്, ഞങ്ങൾ രണ്ടുപേരും ഒരു വഴിയിലൂടെ യാത്ര തുടങ്ങുന്ന ദിവസം നിന്നെ ക്ഷണിക്കാം എന്ന് അവൻ പറഞ്ഞിരുന്നത് ഓർത്തു. മറ്റെന്താകാനാണ്.

ഡ്രൈവർ അഡ്രസ് കാണിച്ചിട്ട് ഓട്ടോ റിക്ഷയിലേക്ക് കയറുമ്പോൾ അയാൾ തിരക്കി.

'കൂടെ പഠിച്ചതാണോ ?'. നിഷേധിച്ചില്ല. അതേ എന്നു മാത്രം പറഞ്ഞു. 5 മിനിട്ടേ വേണ്ടിവന്നുള്ളു.

ആ കാണുന്നതാണ് വീട്. അകലെയല്ലാതെ ഒരു വീട്ടുമുറ്റത്തെ ആൾത്തിരക്കിലേക്കയാൾ വിരൽ ചൂണ്ടി.

വിവാഹം തന്നെ എന്ന തോന്നൽ മനസ്സിൽ നഷ്ടബോധം നിറയക്കുമ്പോഴും, അവനാഗ്രഹിച്ച ജീവിതം കിട്ടിയെന്നതിൽ· സന്തോഷിക്കുയല്ലേ വേണ്ടതെന്ന് മനസ്സിനെ ശാസിച്ചുകൊണ്ടാണ് പടികയറിയത്.

പക്ഷെ എന്റെ കണക്കുകൂട്ടലുകളെല്ലാം പിഴച്ചുപോയിരുന്നു

അവൻ എനിക്കായി വലിയൊരു സർപ്രൈസ് തന്നെ ഒരുക്കിയിരുന്നു. നിലവിളക്കിന്റെ നിശബ്ദമായ തേങ്ങലുകൾക്കപ്പുറത്ത് എന്റെ സുഹൃത്ത് - അവനെ ഞാനാദ്യമായി കാണുകയായിരുന്നു. അവസാനമായും.

ജീവിതത്തെ ഒരുപാട് സ്നേഹിച്ച് എണ്ണമില്ലാത്ത സ്വപ്നങ്ങളെ താലോലിച്ച് - സങ്കൽപങ്ങളെ എഴുത്തിലേക്ക് പകുത്ത് വച്ച് ഒരു ജന്മത്തിന്റെ സാക്ഷാത്കാരത്തിലേക്ക് യാത്ര തുടങ്ങിവച്ച അവൻ - അനന്തൻ - തുടക്കത്തിൽ തന്നെ യാത്ര മതിയാക്കിയതെന്തിനെന്നറിയാതെ.....

ഇനിയുമെന്തൊക്കെയോ, പറയാനും കേൾക്കാനും ഉണ്ടായിരുന്നുവല്ലോ എന്ന വ്യഥ മനസ്സിൽ മുറിപ്പാടുകൾ വീഴ്ത്തിക്കൊണ്ടിരുന്നു. ബന്ധങ്ങൾക്കിടയിലേക്ക് മരണത്തിന്റെ അനിഷേധ്യമായ കടന്നുകയറ്റം എത്ര ക്രൂരമാണെന്നുള്ള ശക്തമായ തിരിച്ചറിവുണ്ടായത് അപ്പോൾ മാത്രമാണ്.

ഹൃദയത്തെ ഞെരുക്കുന്ന ഭാരമുള്ള ശൂന്യതയുമായി സമയത്തിന്റെ തള്ളലിൽ നിരങ്ങിനീങ്ങിയ ദിവസങ്ങൾ അപ്പോഴാണ് വീണ്ടുമൊരു കത്ത് എന്നെ തേടി എത്തിയത്. അഡ്രസ് എഴുതിയിരിക്കുന്നത് അനന്തനാണെന്ന തിരിച്ചറിവിൽ, അവിശ്വസനീയതയോടെ, തെല്ലൊരു പരിഭ്രമത്തോടെ പൊട്ടിച്ചു.

'ഗ്രാമത്തിൽ കലാപം അഗ്നിയായി പടരുകയാണ്. പത്രങ്ങളിലൂടെ നീ അറിഞ്ഞിരിക്കും.

എന്റെ മാളു എനിയ്ക്കായി കരുതിവച്ചതൊക്കെയും അഗ്നിയിൽ ഹോമിക്കപ്പെട്ടു. അവളെ ജീവനോടെ അവശേഷിപ്പിക്കാനുള്ള സന്മനസ്സെങ്കിലും അവർക്ക് കാട്ടാമായിരുന്നു.

അവർക്ക് വേണ്ടത്, അവരെ എതിർക്കുന്ന എന്നെ പോലുള്ളവരോട് പ്രതികാരം ചെയ്യലാവാം.

എന്റെ പെങ്ങൾ - അവളെന്നോട് ചോദിക്കുവാൻ തുടങ്ങിയിരിക്കുന്നു. - 'ഏട്ടാ ഞങ്ങളെ കുരുതി കൊടുക്കുന്നതെന്തിന് ?' എന്ന് . അത് ചോദിക്കുമ്പോൾ അവളുടെ കവിളിൽ കണ്ണീരിന്റെ നനവുണ്ടായിരുന്നു. എന്റെ നെഞ്ചിൽ ചവിട്ടികുതിച്ച് വളർന്നവൾ - ഈ ഏട്ടന് ബന്ധങ്ങളെക്കാൾ വലുത് വിജയത്തിന്റെ ഉന്മത്തതയാകുമെന്ന് എന്റെ കുഞ്ഞനുജത്തി കരുതിയിരിക്കുമോ ? കീഴടങ്ങുമ്പോൾ നഷ്ടമാകുമെന്ന് ഭയക്കുന്നതൊന്നും എതിർക്കുമ്പോൾ നഷ്ടമാവാതിരിക്കുന്നില്ലെന്ന് എന്നേക്കാൾ മുമ്പേ അവൾ മനസ്സിലാക്കിയിരിക്കുന്നു.

'ഭീരു' എന്ന് നിന്റെ മനസ്സും കുറ്റപ്പെടുത്തുകയാണോ എന്നെ ? ഹൃദയത്തിൽ പാതിനഷ്ടമായ ഒരുവന്റെ ഭീരുത്വം , ഒരു പെൺകുട്ടിയുടെ വിശുദ്ധികൂടി എരിഞ്ഞടങ്ങാതിരിക്കുന്നതിന് കാരണമാകുമെങ്കിൽ ഞാൻ പരാജയം സമ്മതിക്കുകയാണ്.

ഈ കത്ത് നിന്നെതേടിയെത്തുമ്പോഴേക്ക് ഞാൻ ദുഃഖങ്ങളില്ലാത്തതെന്ന് നാം വൃഥാ മോഹിക്കുന്ന മറ്റൊരു ലോകത്തെത്തിയിരിക്കും. 'മരണത്തെ നിനക്കെന്തു ഭയമായിരുന്നു'. എന്ന് നീ അത്ഭുതപ്പെടുന്നുണ്ടോ ? ശരിയാണ് കുട്ടി. എന്നിട്ടും ഇന്ന് മൃത്യുവിന്റെ ഇരുണ്ട ശൂന്യതകളിലെവിടെയ്ക്കോ എറിയപ്പെടാൻ സ്വയം തയ്യാറാകുന്നത് ജീവിതം അതിനേക്കാൾ ഭീതിദമായ ശൂന്യതയാണെന്ന തിരിച്ചറിവിലാണ്.'

ഒരേയൊരു പ്രാർത്ഥനയേയുള്ളൂ - ഇനിയൊരു ജന്മമുണ്ടെങ്കിൽ മനുഷ്യനായി പിറക്കാതിരിക്കട്ടെ.

സ്നേഹാദരങ്ങളോടെ,

●

# കോളേജ് യൂണിയൻ
# റിപ്പോർട്ട് 1995 – 96

*1995 ആഗസ്റ്റ് 23-ാം തീയതി നടന്ന കോളജ് യൂണിയൻ തെരഞ്ഞെടുപ്പിൽ വിവിധ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിപ്രതിനിധികൾ*

| | |
|---|---|
| 1. ചെയർമാൻ | - സേതുനാഥ്. പി |
| 2. വൈ. ചെയർമാൻ | - റെജിൻ ജോർജ്ജ് |
| 3. ജന. സെക്രട്ടറി | - സെബാസ്റ്റിൻ എ.മാടശ്ശേരി |
| 4. ആർട്സ് സെക്രട്ടറി | - ഷിബുമാത്യു |
| 5. യൂണി. യൂണി. കൗൺ | - എബി പോൾ |
| 6. യൂണി. യൂണി. കൗൺ | - മുഹമ്മദ് ഷിയാസ് |
| 7. മാഗസിൻ എഡിറ്റർ | - കെ.എസ്. ഷറഫുദ്ദീൻ |
| 8. വനി. പ്രതിനിധി | - മഞ്ജു മാത്യു |
| 9. വനി. പ്രതിനിധി | - സിന്ധു പി. കുഞ്ഞ്കുഞ്ഞ് |

*95 - 96 വർഷത്തെ യൂണയനിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ക്ലാസ് പ്രതിനിധികൾ*

| | |
|---|---|
| 1. I P.D.C. | - രാജേഷ് കുരിയാപ്പറമ്പിൽ |
| 2. II P.D.C. | - മഞ്ജുഷ് മാത്യു |
| 3. I D.C. | - മനു. എൻ |
| 4. II D.C. | - ജിജി. ജോർജ്ജ് |
| 5. II D.C. | - ഉദയകുമാർ |
| 6. II P.G. | - ഡെന്നിപോൾ |

## സത്യപ്രതിജ്ഞ

കോളജ് യൂണിയൻ ഭാരവാഹികൾ 1995 സെപ്തം 21-ാം തിയതി യു.സി. കോളജ് പ്രിൻസിപ്പാൾ ഡോ. രാജൻ വർഗ്ഗീസിന് മുൻപാകെ സത്യപ്രതിജ്ഞ ചെയ്തു.

യൂണിയൻ നോമിനിസിൻെറ സത്യപ്രതിജ്ഞ ഒക്ടോബർ 4-ാം തിയതി കൂടിയ യൂണയൻ മീറ്റിംങിൽ വച്ച് നടക്കുകയുണ്ടായി.

ഇത് മറ്റ് വർഷങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്ഥമായ ഒരു സംഭവം ആയിരുന്നു. യൂണിയൻെറ ആരംഭത്തിൽ തന്നെ ഒരു യൂണിയൻ ഓഫീസ് സംഘടിപ്പിച്ചതിൽ യൂണിയൻ അംഗങ്ങൾ കൃതാർത്ഥരാണ്.

## കോളേജ് യൂണിയൻ ഉത്ഘാടനം

കോളേജ് യൂണിയൻ ഉദ്ഘാടനം 1995 ഒക്ടോബർ 6-ാം തിയതി കൊച്ചി കോർപ്പറേഷൻ ഡപ്യൂട്ടിമേയർ സാബു ജോർജ്ജ് നിർവഹിച്ചു. കോളജ് യൂണിയൻ ചെയർമാൻ ശ്രീ. സേതുനാഥിൻെറ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ പ്രൊ. കെ.എൻ. ഭരതൻ മുഖ്യാതിഥിപദം അലങ്കരിച്ചു

## ആട്സ് ക്ലബ് ഉത്ഘാടനം.

ആട്സ് ക്ലബ് ഉദ്ഘാടനം 1995 ഒക്ടോബർ 6-ാം തിയതി, സിനി ആർട്ടിസ്റ്റ് ശ്രീ. ദിലീപ് നിർവഹിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. രാജൻ വർഗ്ഗീസ്, സ്റ്റാഫ് അഡൈ്വസർ പ്രൊഫ. ജേക്കബ് കോശി, യൂണിയൻ വൈസ് ചെയർമാൻ കുമാരി റെജിൻ ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. ഉച്ചയ്ക്ക് ശേഷം വോയ്സ് ഓഫ് യു.സി. യുടെ ഗാനമേളയും ഉണ്ടായിരുന്നു.

## കേരള പിറവി

യു.സി. കോളജിൻെറ തന്നെ ചരിത്രത്തിൽ തികച്ചും വ്യത്യസ്തവും, പുതുമയും നിറപകിട്ടാർന്നതും ആയിരുന്നു നവം: 1 ലെ കേരളപിറവിദിനാഘോഷം. അന്നുച്ചയ്ക്ക് വർക്കി മെമോറിയൽ ഹാളിൽ കൂടിയ യോഗത്തിൽ ഉത്ഘാടകനായി രണ്ടാം വർഷ ഊർജ്ജതന്ത്ര വിദ്യാർത്ഥിയായ ശ്രീ. സാബു. തമ്പിയേയും മുഖ്യാതിഥിയായി രണ്ടാം വർഷ പ്രീഡിഗ്രി വിദ്യർത്ഥിനി കുമാരി രെഹ്ന എ.എ.യും തെരഞ്ഞെടുത്തത് വിദ്യാർത്ഥികളുടെ പങ്കാളിത്തത്തെ കൂട്ടുന്നതിന് സഹായിച്ചു.

## നാടകോത്സവം

24-11-95 ൽ കോളജ് യൂണിയൻ നാടകോത്സവം നടത്തുകയും, അന്ന് അരങ്ങേറിയ എട്ട് നാടകങ്ങളിൽ നിന്ന് അഭിനയത്തിൻെറ മികവ് തെളിയിച്ച 10 അഭിനേതാക്കളെ കോളജ് ഡ്രാമാതിയറ്ററിലേക്ക് തെരഞ്ഞെടുക്കുകയും യൂണിവേഴ്സിറ്റി ഡ്രാമാഫെസ്റ്റിവെല്ലിന് വേണ്ടി പരിശീലിപ്പിക്കുകയും യൂണിവേഴ്സിറ്റിയിൽ തിളക്കമാർന്ന പ്രകടനം കാഴ്ചവെയ്ക്കുകയും ചെയ്തു.

## ഗുൽദസ്ത 95-96

നവംബർ 28 മുതൽ ഡിസംബർ 1 വരെയുള്ള തിയതികളിൽ യൂണിയൻ യുവജനോത്സവം 'ഗുൽദസ്ത 95-96' നടന്നു. ഗുൽദസ്ത വിദ്യാർത്ഥികളുടെ സർഗ്ഗശക്തിക്കൊരുണർത്തുപാട്ടായിരുന്നു. സത്യസന്ധമായ മൂല്യനിർണ്ണയത്തിലൂടെ പ്രതിഭകളെ കണ്ടെത്തി അവരെ യൂണിവേഴ്സിറ്റിയുടെ യുവജനോത്സവത്തിന് പ്രഗത്ഭരുടെ ശിക്ഷ്യത്വത്തിൽ ഒരുക്കി. മുൻവർഷങ്ങളേക്കാൾ കൂടുതൽ പോയിൻറുകൾ കരസ്ഥമാക്കി.

## സ്വപ്നസാക്ഷാത്കാരം

കഴിഞ്ഞ കുറേവർഷങ്ങളായി യു.സി. യുടെ തിരുമുറ്റത്ത് അരങ്ങേറി കൊണ്ടിരുന്ന മനോരമ മാമാങ്കത്തിൽ വിജയിക്കുക എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. യു.സി. വിദ്യാർത്ഥികളിൽ സന്തോഷം നിറഞ്ഞ് നിന്ന ഒരുത്സവം ആയിരുന്നു. മനോരമ ട്രോഫി. യൂണിയൻ റിസപ്ഷൻ കമ്മിറ്റി രൂപീകരിക്കുകയും വിജയികൾക്ക് പാർട്ടി നൽകുകയും ചെയ്തു. വോളണ്ടിയർ കമ്മറ്റി മനോരമ ട്രോഫിക്ക് വേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു. കായികപ്രതിഭകളെ ഔദ്യോഗികമായി അഭിനന്ദിക്കുകയും യഥാസമയം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഈ വർഷത്തെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

ഹോക്കിടീം ക്യാപ്റ്റൻ പദവി നമ്മുടെ കലാലയത്തിലെ മൂന്നാം വർഷ സാമ്പത്തികശാസ്ത്രം വിദ്യാർത്ഥി ശ്രീ. മനോജ് ഫ്രാൻസീസിന് ലഭിച്ചു ഇത് തികച്ചും നമ്മുടെ കലാലയത്തിന് അഭിമാനിക്കാവുന്ന ഒന്നാണ്.

അനുശോചനയോഗം

നിർഭാഗ്യം എന്നു പറയട്ടെ നമ്മുടെ രണ്ട് സഹപാഠികൾ നമ്മോട് വിടപറഞ്ഞ വർഷമായിരുന്നു 1995 - 96. രണ്ടാം വർഷ പ്രീഡിഗ്രി വിദ്ധ്യാർത്ഥികൾ ആയ അനീഷ് കുമാറും അജോയ് ജോസഫും ആയിരുന്നു ഇവർ. ജനുവരി 20-ാം തിയതി നമ്മിൽനിന്ന് വേർപ്പെട്ടുപോയ അജോയ്ജോസഫിന്റെ നിര്യാണത്തിൽ കോളെജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ജനുവരി 22-ാം തിയതി അനുശോചനം രേഖപ്പെടുത്തി. വി.എം.എച്ച്. ൽ വച്ച് കൂടിയ യോഗത്തിൽ യു.സി. കോളെജ് പ്രിൻസിപ്പൾ ഡോ. രാജൻ. വർഗ്ഗീസും അദ്ധ്യാപകരും വിദ്ധ്യാർത്ഥികളും അനദ്ധ്യാപക പ്രതിനിധികളും അനുശോചനം അർപ്പിച്ചു.

ഡിബേറ്റ് ക്ലബ്

ഒന്നാം വർഷ ഗണിതശാസ്ത്രവിദ്യാർത്ഥി ശ്രീ. വിനോദ് എസി.ന്റെ നേതൃത്വത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും ഡിബേറ്റ് ക്ലബുകൾ രൂപീകരിച്ചു. മുരുകൻ കെ.കെ ബ്രൂസ് ജെ. കല്ലാല അഞ്ജനേഷ് ബാബു എന്നിവർ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു.

ക്വിസ് ക്ലബ്

രണ്ടാം വർഷ രസതന്ത്ര വിദ്യാർത്ഥി ബബ്ലു എം.എം ന്റെ നേതൃത്വത്തിൽ 1995 - 96 വർഷത്തെ ക്വിസ് ക്ലബ് രൂപീകൃതമായി. ലിജു മാഴ്സിലിയും ശ്രീകുമാറും ഒട്ടേറെ മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനാർഹരാവുകയും ചെയ്തു

സെമിനാർ

കോളെജ് യൂണിയന്റെ ആഭിമുഖ്യത്തിൽ 1996 ൽ ജനുവരി 23 -ാം തിയതി വി.എം.എച്ച്. ൽ വച്ച് ഒരു സെമിനാർ നടത്തി. ഇഫക്ടീവ് കമ്യൂണിക്കേഷൻ എന്ന വിഷയത്തെക്കുറിച്ച് കോഴിക്കോട് ഫാറൂഖ് കോളെജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി തലവനായ പ്രൊഫ. എൻ.പി. ഹാഫിസ് മുഹമ്മദ് സംസാരിച്ചു. വിജ്ഞാനത്തിന്റെ പുതിയ തലങ്ങളിലേക്ക് തികച്ചും വ്യത്യസ്തമായ രീതിയിലുള്ള അദ്ദേഹത്തിന്റെ സംഭാഷണം വിദ്യർത്ഥികളിലും, അദ്ധ്യാപകരിലും ഒരുപോലെ താല്പര്യം ഉണർത്തി.

മൈത്രിയാത്രക്ക് സ്വീകരണം

വിനോഭാജിയുടെ ശിഷ്യൻ ആയ ശ്രീ. ബാൽ വിജയ് ജി നയിക്കുന്ന ജയ് ജഗത് മൈത്രിയാത്രയ്ക്ക് 1996 ജനുവരി 31-ാം തിയതി കലാലയ യൂണിയന്റെ ആഭിമുഖ്യത്തിൽ സ്വീകരണവും അനുമോദനയോഗവും നടത്തി. ശ്രീ. ബാൽ വിജയ്ജിയും ശ്രീ. ഹരിലാൽജിയും ഗാന്ധിസത്തെക്കുറിച്ച് സംസാരിച്ചു. ഗാന്ധിയൻ ബാൽ വിജയ്ജിയുടെ സന്ദർശനം ഗാന്ധിജിയുടെ പാവനപാദം പതിഞ്ഞ യു.സി.യുടെ ചരിത്രത്തെ ഏറെ ഉജ്ജ്വലമാക്കി.

കലാവേദി

മുൻവർഷങ്ങളിലെ പോലെ ഈ വർഷവും ക്ലാസ്സടിസ്ഥാനത്തിലുള്ള കലാപരിപാടികൾ വെള്ളിയാഴ്ചകളിൽ നടത്തി. സമയ കുറവു മൂലം എല്ലാ ക്ലാസുകളുടേയും കലാപരിപാടികൾ സംഘടിപ്പിക്കുവാൻ സാധിച്ചില്ല.

പ്ലാറ്റിനം ജൂബിലി ഉത്ഘാടനം.

ചരിത്രമുറങ്ങുന്ന യു.സി.കോളെജിന്റെ പ്ലാറ്റിനം ജൂബിലി വർഷം ഉത്ഘാടനം ഭാരതത്തിന്റെ രാഷ്ട്രപതി ഹിസ് എക്സലൻസി ഡോ. ശങ്കർ ദയാൽ ശർമ്മ 1996 ഫെബ്രുവരി 14 -ാം തിയതി രാവിലെ 11.30 ന് നിർവ്വഹിച്ചു. പ്ലാറ്റിനം ജൂബിലി ഉത്ഘാടനചടങ്ങുകളിൽ യൂണിയന് ഹൃദ്യവും, ശ്രദ്ധേയവുമായ പങ്ക് വഹിക്കുവാൻ കഴിഞ്ഞു. വിവിധ കമ്മറ്റികളിൽ വിദ്ധ്യാർത്ഥികളെ അംഗങ്ങളാക്കിക്കൊണ്ട് ചടങ്ങുകൾ ഭംഗിയാക്കി ഉദ്ഘാടനയോഗത്തിൽ ചെയർമാൻ ശ്രീ. സേതുനാഥിന് ആശംസകൾ അർപ്പിക്കാൻ കഴിഞ്ഞത് ഒരു അസുലഭ നിമിഷവും, സന്തോഷത്തിന് വക നൽകുന്നതും ആയിരുന്നു.

സിനിഫെസ്റ്റ്

നവംബർ 6-ാം തിയതി മുതലുള്ള ദിവസങ്ങളിൽ ആറോളം ചലച്ചിത്രങ്ങൾ സിനിക്ലബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി പ്രദർശിപ്പിച്ചു.

ദീപശിഖാ പ്രയാണത്തിന് സ്വീകരണം

ദേശീയ താരങ്ങൾ അണിനിരക്കുന്ന ദീപശിഖാപ്രയാണത്തിന് ഫെബ്രുവരി 6-ാം തിയതി യു.സി. കോളെജിൽ സ്വീകരണം നൽകി.

കോളെജ് ദിനാഘോഷങ്ങൾ.

1996 ഫെബ്രു. 27-ാം തിയതി വർണ്ണാഭമായ കോളെജ് ദിനാഘോഷങ്ങൾ നടക്കുകയുണ്ടായി. കോളെജ് യൂണിയൻ ചെയർമാൻ ശ്രീ. സേതുനാഥിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൊച്ചിൻ പോർട്ട്ട്രസ്റ്റിന്റെ ചെയർമാൻ ഡോ. ബാബു രജീർ ഐ.എ.എസ്. മുഖ്യാതിഥി പദം അലങ്കരിക്കുകയും ചടങ്ങ് കൊടിപിടിപ്പിക്കുകയും ചെയ്തു

മ്യൂസിക് ടൈം

1996 ഫെബ്രു 29-ാം തിയതി 30ഓളം അമേരിക്കക്കാർ അണിനിരന്ന സെലബ്രൻസ് മ്യൂസിക് ടൈമിന് യു.സി. കോളെജ് സാക്ഷിയായി. അതിനു വേണ്ട എല്ലാ തയ്യാറെടുപ്പുകളും യൂണിയൻ ഭംഗിയായി നിർവ്വഹിച്ചു.

കൈയെഴുത്ത് മാസിക

മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും കൈയ്യെഴുത്ത് മാസികാമത്സരത്തിൽ ഗണിതശാസ്ത്രവിദ്യാർത്ഥികളുടെ കൈയെഴുത്ത് മാസിക ഒന്നാം സ്ഥാനത്തിന് അർഹമായി. രണ്ടാം വർഷ ഗണിതശാസ്ത്രത്തിലെ ബ്രിജേഷ് മാത്യു ആണ് 'അക്ഷരം 95' എന്ന ഈ മാസികയുടെ എഡിറ്റർ.

ഉർവരവും തീക്ഷ്ണവുമായ സ്മൃതികളുടെ വിശുദ്ധ വെളിപാട് വായിച്ചു തീർക്കാവുന്ന റിപ്പോർട്ടുകളല്ല. കർമ്മസാഫല്യത്തിന്റെ തെളിനീര് ഉറവ പൊട്ടുന്നത് ഇവിടെയാണ്. പെയ്തു തീരാത്ത അനന്തമായ നന്ദിവാക്കുകൾ, അവയുടെ അർപ്പണതലങ്ങൾ അനന്തമാണ്. ഏറെ വിശാലമാണ്. ഇത് നിയോഗങ്ങളിൽ ഊളിയിടുന്നവന്റെ സ്വരമാണ്. പരിസമാപ്തി ഉദയചക്രവാളങ്ങൾക്ക് നിമിത്ത മാവാറുണ്ട്. ഇവിടെയും അതുതന്നെ, ഋതുഭേദങ്ങളിൽ പൂലർന്ന യുഗപുലർച്ചയുടെ അസ്തമയം അനിവാര്യമാണ്. നിങ്ങ ളിൽ, പാവനമായ ഈ നിരൊഴുക്കിൽ നിന്ന് ഞാൻ....... ഞങ്ങൾ വിടപറയുക നിയോഗമാണ്. നിങ്ങളുടെ അംഗീകാരത്തിനായി കർമ്മങ്ങളുടെ കണക്കുപുസ്തകം ഈ കലാലയസമക്ഷം വിനയപൂർവ്വം സമർപ്പിക്കുന്നു.

എന്ന് ജനറൽ സെക്രട്ടറി

സെബാസ്റ്റ്യൻ എ. മാടശ്ശേരി.



യോ ?

"ബീജം ഏറ്റുവാങ്ങുന്ന ഗർഭപാത്രങ്ങൾ വിത്തു വിത

തിരിക്കട്ടെ. വംശമറ്റ കണ്ണിയുടെ സാക്ഷിയായി ഇത് നിൽക്കട്ടെ.... മഴ പെയ്ത് തുടങ്ങി. ഇനി താഴേക്ക്.

With best compliments from:

St Antony's College

കവിത

ജയന്തി. സി.ഡി
രണ്ടാം വർഷ ചരിത്രബിരുദം

# ഗൃഹാതുരത്വം

കവിത

രഞ്ജിനി കെ.
രണ്ടാം വർഷ പ്രീഡിഗ്രി

# സ്വപ്നവീഥിയിൽ



ദുഃഖത്തിന്നഗാധതയിലൂഴറിയ ഞാനൊരു
ദീർഘനിശ്വാസത്തിലമർന്നു പോയി.
അലഞ്ഞു നഷ്ടസ്വപ്നങ്ങൾതൻ വീഥിയിൽ
തിരഞ്ഞു, ഞാനൊരു വെള്ളിനക്ഷത്രത്തെ.
അസഹ്യമാം വേദന, ഹൃദയത്തിൽ നിന്നും
ഒരിറ്റുകണ്ണുനീർ തൂകാൻ കഴിഞ്ഞെങ്കിൽ!
പടരുന്നു ഘോരമാം അന്ധകാരം കണ്ണിൽ
ഇടറുന്നു കാൽവെയ്പുകൾ, പതറുന്നു മനസ്സും.
അന്തമില്ലാത്തൊരാ പൂഴിപ്പുറപ്പിൽ ഞാൻ
അക്കരെപ്പച്ചപോൽ കണ്ടു ആ താരത്തെ.
അടുക്കുമ്പോളകലുന്നൊരാ പ്രകാശത്തി -
നോടടുക്കുവാനായി തുടർന്നു ഞാൻ യാത്രയും.
അഖണ്ഡമാം സ്നേഹ വിശ്വാസത്തിൽ മുത്തുകൾ
അടുക്കി ഞാൻ ഹൃദയത്തിൽ തുടർന്നു മഹായാനം.
ജൻമമെടുത്തനേകായിരം സ്വപ്നങ്ങൾ
നിർമ്മലമായൊരാ മുത്തുകളിൽ നിന്ന്
ആ വർണ്ണസ്വപ്നങ്ങൾ നീലാംബരം തന്നിൽ
ചിത്രശലഭങ്ങളായി മറഞ്ഞുവോ ?



എല്ലാ വിധ ഗൃഹോപകരണങ്ങളും പ്രസന്റേഷൻ ആർട്ടിക്കിളുകളും
മിതമായ നിരക്കിൽ ലഭിക്കുന്ന പാവൂരിലെ ഏകസ്ഥാപനം

ഗൃഹലക്ഷ്മി ഹോം അപ്ലയൻസസ്

# സേവനത്തിന്റെ പൊൻപുലരികളിലൂടെ......

*പ്രോഗ്രാം ഓഫീസേഴ്സ്*
പ്രൊഫ: ജേക്കബ് കോശി
മിസ്റ്റർ: പി.വി. ശ്രീനിവാസൻ
മിസ്റ്റർ എം.ഐ.എ പുന്നൂസ്
മിസ്. പി.കെ. നിർമ്മല

*വാളണ്ടിയർ സെക്രട്ടറിമാർ*


പി.കെ. റസാക്


ജയ്സൺജോസഫ്


എം.എ.ജോർജ്ജ്


രാഖി. ജി

ഹൃദയത്തിന്റെ ചെപ്പുകളിൽ ഒളിപ്പിച്ചുവെയ്ക്കാൻ ഒരുപാട് ഓർമ്മയുടെ മുത്തുകൾ സമ്മാനിച്ച പ്രവർത്തന നിരതമായ ഒരു വർഷം കൂടി എൻ.എസ്.എസ് കുടുംബാംഗങ്ങൾ പിന്നിട്ടു. വിദ്യാർത്ഥികളുടെ ബൗദ്ധികവും, മാനസികവും, കായികവുമായ വികാസത്തെ ലക്ഷ്യമാക്കി കൃത്യമായി ആസൂത്രണം ചെയ്ത നിരവധി പരിപാടികൾ ഇക്കാലത്ത് സംഘടിപ്പിക്കപ്പെട്ടു. സമർപ്പിത ഹൃദയങ്ങളോടെ പ്രാർത്ഥനാ പൂർവ്വം സേവനത്തിന്റെ പന്ഥാവിലേയ്ക്ക് നാഷണൽ സർവ്വീസ് സ്കീം 'കുടുംബാംഗങ്ങളുടെ പ്രയാണത്തിന്റെ ദീപശിഖ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഡോ. രാജൻ വർഗ്ഗീസ് 11-8-95-ൽ കൈമാറിയതോടെ ഈ സേവന വർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു.

## ഗാന്ധി ദർശനാപഠനക്യാമ്പ്

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ആശയാദർശനങ്ങളേയും തത്വ ചിന്തകളേയും കുറിച്ചുള്ള ചിന്താമധുരമായ ഒരു പഠനക്യാമ്പിൽ നാടാകെ എൻ.എസ്.എസ് കുടുംബാംഗങ്ങൾ പങ്കെടുത്തു. ഓഗസ്റ്റ് 25 മുതൽ 27 വരെ നേഷണൽ യൂത്ത് ഓർഗനൈസേഷന്റെയും, സ്വാശ്രയവെപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ആയിരം കുളിരലകളുമായി കുണുങ്ങിയൊഴുകുന്ന പെരിയാറിന്റെ ശീതളഛായയിൽ, ആലുവാ അദ്വൈതാശ്രമത്തിന്റെ തിരുമുറ്റത്തായിരുന്നു ക്യാമ്പ് സംഘടിക്കപ്പെട്ടത്.

## എൻ.എസ്.എസ് വാരാഘോഷം

സെപ്തം 25 മുതൽ 30 വരെ നമ്മുടെ കലാലയാങ്കണത്തിൽ നടന്ന എൻ.എസ്. എസ് വാരാഘോഷം തികച്ചും സ്മരിയമായ ഒന്നായിരുന്നു. കൊച്ചിൻ ഐ.എം.എയുടെ സഹകരണത്തോടെ നടന്ന രക്തദാനഗ്രൂപ്പ് നിർണ്ണയ പരിപാടികളിൽ പങ്കെടുത്തുകൊണ്ട് നിരവധി സന്നദ്ധഭടൻമാർ രക്തദാനം നടത്തി. ഈ കാലയളവിൽ നാഗാർജ്ജുനയുടെ സഹായത്തോടെ ആയുർവ്വേദ ഔഷധത്തോട്ട നിർമ്മാണവും നടത്തുകയുണ്ടായി. കണ്ണും കരളും കുളിരണിയച്ച നിരവധി കലാപരിപാടികളോടെ സമാപിച്ച എൻ.എസ്.എസ് വാരാഘോഷത്തിന്റെ ഉദ്ഘാടനം മുൻ പ്രോഗ്രാം ഓഫീസർ പ്രൊഫ. കെ.കെ. അബ്രാഹം നിർവ്വഹിച്ചു.

## മിനി ക്യാമ്പ്.

ഒക്. 2,3 തീയതികളിൽ കോളെജ് ക്യാമ്പസിൽ നടത്തിയ മിനിക്യാമ്പ് ആണ് ശ്രദ്ധേയമായ മറ്റൊന്ന്. സജീവമായ ഈ ദിനരാത്രങ്ങളിൽ ചർച്ചകളും കാമ്പസ് ക്ലീനിംഗ് ഉൾപ്പെടെയുള്ള സേവനപരിപാടികളും കലാപരിപാടികളും കൊണ്ട്, സമരണീയമായിരുന്നു.

## ദശദിനക്യാമ്പ്

പ്രകൃതിരമണീയമായ താബോർ താഴ്‌വാരങ്ങളിൽ ഒരുപാട് ഓർമ്മിക്കപ്പെടുന്ന പ്രവർത്തനങ്ങളുമായി പത്തുദിനരാത്രങ്ങൾ എൻ.എസ്.എസ് കുടുംബാംഗങ്ങൾ പങ്കിട്ടു. ഡിസംബറിന്റെ കുളർനിശിഥങ്ങളിൽ സജീവമായ കലാസാംസ്കാരിക പരിപാടികളോടെയും, തീക്ഷ്ണമായ പകലുകളിൽ കഠിനാദ്ധ്വാനത്തിലൂടെ വിയർപ്പൊഴുക്കിക്കൊണ്ടും എൻ.എസ്.എസ് ഭടൻമാർ മുന്നേറി. വാളണ്ടിയർമാരുടെ സമർപ്പിതസേവനത്തിന്റെ നിത്യസ്മാരകമായി താബോർ മലഞ്ചെരുവുകൾക്ക് പൊന്നരഞ്ഞാണം ചാർത്തിയ ശങ്കരൻകുഴി റോഡ്, ഗ്രാമീണരുടെ പാദസ്പർശമേറ്റ് പുളകിതയായങ്ങനെ

കിടക്കുന്നു.

ഡി. 22-ാം തീയതി പി.ജെ ജോയി. എംഎൽ.എ ഉത്ഘാടനം ചെയ്ത ക്യാമ്പിൽ നടന്ന വിവിധപഠനക്ലാസ്സുകളിൽ കാലികപ്രധാനമായ നിരവധി വിഷയങ്ങളിൽ ചർച്ച ചെയ്യപ്പെട്ടു. വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണതയെപ്പറ്റി കളമശ്ശേരി കൈരളിയിലെ ലിറ്റോയും, നിയമവും സമൂഹവും എന്ന വിഷയത്തെക്കുറിച്ച് പെരിയാർ അസോസിയേഷൻ ഫോർ ജസ്റ്റീസ് പ്രസിഡൻറ് പി.എ നിയമത്തുള്ളയും നടത്തിയ ക്ലാസ്സുകൾ അവയിൽ ശ്രദ്ധേയമായിരുന്നു. ഡി. 30-ാം തിയതി ഹൃദ്യസുന്ദരമായ വനാന്തരങ്ങളിലൂടെ തുമ്പോർമൊഴി ഡാം സൈറ്റിലേക്ക് നടത്തിയ വിനോദയാത്രയ്ക്ക് ശേഷം, ഡിസംബറിൻെറ മുപ്പത്തിയൊന്നാം ദിനത്തിൽ, നാട്യങ്ങളില്ലാതെ വലിപ്പചെറുപ്പങ്ങളില്ലാതെ സമത്വസുന്ദരവും സേവന സമജ്ഞസവുമായ പത്ത് ദിനരാത്രങ്ങളെ അനശ്വരമായ ഓർമ്മകൾക്ക് കൈമാറി എൻ. എസ്. കുടുംബാംഗങ്ങൾ തമ്പോർ മലഞ്ചെരിവുകൾക്ക് കണ്ണീരോടെ വിട നൽകി.

## അന്ധ വിദ്യാലയ സന്ദർശനം

അന്ധവിദ്യാർത്ഥികളുമായി സഹവർത്തിത്വം പുലർത്തുന്നതിനും കലാസംസ്കാരികപരിപാടികൾ സംഘടിപ്പിക്കുന്നതിനും നവംബർ 4 തീയതി തിരഞ്ഞെടുത്തു. 28-ാം തീയതി ചാമപ്പറമ്പിൽ ഗവ: സ്കൂൾ ശുചീകരണത്തിലും ഏർപ്പെട്ടു.

## പ്രകൃതിപഠന ക്യാമ്പ്

കാട്, മനുഷ്യകുലത്തിൻെറ തറവാട്. വീടിന് തീ വെയ്ക്കുന്ന മാനവൻെറ നിർദ്ദയഹൃദയങ്ങൾക്കുനേരെ ആത്മാവിൽ കഠിനമായ പ്രതിഷേധത്തിൻെറ അലകൾ ഉയർത്തുന്ന ഒന്നായിരുന്നു ഫെബ്രുവരി 9 മുതൽ 11 വരെ കിഴക്കൻ മലകളുടെ ഹൃദയഭൂമിയായ വാഴച്ചാലിൽ നടന്ന പ്രകൃതി പഠനക്യാമ്പ്. ഫോറസ്റ്റ് ഡിപാർട്ട്മെൻറിൻെറ മേൽനോട്ടത്തിൽ നടത്തിയ ഈ ക്യാമ്പിൽ എൻ.എസ്.എസ് വാളണ്ടിയർമാർ പങ്കെടുത്തു. പ്രൊഫ. സതീഷ് ചന്ദ്രൻ, തൻെറ പ്രതിഭയുടെ തൂലികയാൽ ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് തൊട്ടുചാർത്തിത്തന്നു.

## സൈക്കിൾ റാലി

ആലങ്ങാട് വൈ.എം.സി.എ യുമായി സഹകരിച്ച് എൻ.എസ്.എസ്. പ്രവർത്തകർ കോളേജ് കവലമുതൽകരുമല്ലൂർ വരെ സൈക്കിൾ റാലിയും വിവിധ കോർണ്ണർ യോഗങ്ങളും നടത്തുകയുണ്ടായി. കോർണർ യോഗങ്ങൾ മദ്യപാനത്തിൻെറ ദൂശ്യവശങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ഉപകരിച്ചു.

## എംപ്ലോയ്മെൻറ് ഗൈഡൻസ് സെമിനാർ

കലാലയ ജീവിതത്തിൻെറ നാലതിരുകൾക്കുള്ളിൽ നിന്ന് നാളെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലേണ്ടവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി പാലാ സെൻറ് തോമസ് കോളേജിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ നിഷണൽ സർവ്വീസ് സ്കീമിൻെറ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട എംപ്ലോയിമെൻറ് ഗൈഡൻസ് സെമിനാറിൽ എൻ.എസ്.എസ്. വാളണ്ടിയർ സെക്രട്ടറിമാർ പങ്കെടുത്തു.

## എൻ.എസ്.എസ്. ഫെസ്റ്റ്

ജനുവരി 5, 6, 7 തിയതികളിൽ കോട്ടയം സെൻറ് മേരീസ് കോളേജിൽ നടന്ന ഗാന്ധി സർവ്വകലാശാല എൻ.എസ്. എസ്. ഫെസ്റ്റിൽ നിരവധി വാളണ്ടിയർമാർ പങ്കെടുത്തത് സ്മരണീയമായി.

## മറ്റു പരിപാടികൾ

മാസം തോറും കോളേജ് കാമ്പസിൽ ഓറിയൻേറഷൻ ക്ലാസുകൾ, കലാപരിപാടികൾ, കാമ്പസ് ക്ലീനിംഗ് എന്നിവ സംഘടിപ്പിക്കുകയും ചെയ്തു . മഹാത്മഗാന്ധി യൂണിവേഴ്സിറ്റി യൂസി കോളേജ് എൻ.എസ്. എസ് യൂണിറ്റുവോളണ്ടി എൻ.എസ്.സിയായി നിയോഗിക്കപ്പെട്ട കുമാരി പി.കെ. നിർമ്മലയുടെ പ്രവർത്തനം സ്തുത്യർഹ മായിരുന്നു.

ഫെബ്രുവരി 13-ാം തിയതി നടന്ന കാമ്പേഴ്സ് മീറ്റിംഗോടെ ഈ അദ്ധ്യയന വർഷത്തെ കർമ്മ നിരതമായ എൻ.എസ്. എസ്. പ്രവർത്തനങ്ങൾക്ക് ഔപചാരികമായ സമാപനം കുറിച്ചു.

എന്ന്

പി.കെ. റാസി
ജോർജ്ജ്. എം.എ
ജെയ്സൺ ജോസഫ്
രാമി. ജി.


TEENS
TAILORS



PALACE ROAD ALUVA – 1
PH : 622792. RES : 625634

ലേഖനം

ബിന്ദു എം.ആർ.
രണ്ടാം വർഷ ഇംഗ്ലീഷ് ബിരുദാനന്തര ബിരുദം

# സ്ത്രീസമത്വം പ്രകൃതിയിൽ നിന്നു പഠിക്കുക!

സ്ത്രീയും അവളുടെ സൗന്ദര്യവും പണ്ടുമുതലേ നമുക്ക് നല്ലൊരു ചർച്ചാവിഷയമാണ്. ഔന്നത്യത്തിലേക്കുയർന്നിട്ടുള്ള വനിതകളുടെ സ്ഥിതിവിവരണക്കണക്കുകളും കവികൾ അവളെക്കുറിച്ച് പാടിയിട്ടുള്ള മഹത്കാവ്യങ്ങളും വർണ്ണനകളും മാറ്റി നിറുത്തിയാൽ സമൂഹത്തിൽ എന്നും അടിച്ചമർത്തപ്പെട്ടിട്ടുള്ള വിഭാഗമാണ് സ്ത്രീകൾ. ഈ ആധുനിക ലോകത്തിലും സ്ത്രീകൾ നിരന്തരം ചൂഷണം ചെയ്യപ്പെടുന്നത് ലജ്ജാകരം തന്നെയാണ്. പ്രബുദ്ധത കൊണ്ട് ഉയർന്നു പോകുന്നവരുടേയും വഴിവിട്ട ചിന്തയും തെറ്റിദ്ധാരണയും മൂലം സ്വയം വൈകൃതരാക്കപ്പെടുന്നവരുടേയും അത്ഭുത കഥകൾക്കിടയിൽ നിഷ്കളങ്കരായ ഒരു പറ്റം കുഞ്ഞുങ്ങളും സാധാരണ പെൺകുട്ടികളും നഷ്ടപ്പെട്ടുപോകുന്നത് നാമറിയുന്നില്ല.

ഓരോ രാഷ്ട്രത്തിന്റെയും സൗന്ദര്യസങ്കൽപത്തിന്റെ നാനാർത്ഥങ്ങൾ അധിഷ്ഠിതമായിരിക്കുന്നത് അതിന്റെ സാംസ്കാരികപൈതൃകത്തിലും മതസദാചാരമൂല്യങ്ങളിലും ഭൂമിശാസ്ത്രത്തിലും വ്യക്തികളുടെ ഭാവനയിലും കൂടിയാണ്. ഇതിനെയെല്ലാം അടിസ്ഥാനമാക്കി സൗന്ദര്യത്തെ സംരക്ഷിക്കുന്നതിലും ആസ്വദിക്കുന്നതിലും തെറ്റില്ല. അളവുകോലുകൾ എന്തൊക്കെയായാലും ചൂഷകരിൽ നിന്ന് ഇതര വസ്തുക്കളും ജീവികളും സംരക്ഷിക്കപ്പെടേണ്ടതു പോലെ സ്ത്രീകളും സംരക്ഷിക്കപ്പെടണം. ഒരു സമൂഹജീവി എന്ന നിലയിൽ സ്ത്രീയും സ്ത്രീസൗന്ദര്യവും അവഹേളിക്കപ്പെടുന്നുവെങ്കിൽ അതിന് നാമെല്ലാം ധാർമ്മികമായി ഉത്തരവാദികളുമാണ്.

മാറി മാറി വരുന്ന പരീക്ഷണങ്ങളുടെയും കണ്ടുപിടുത്തങ്ങളുടെയും ഈ കാലഘട്ടത്തിൽ നമ്മുടെ സൗന്ദര്യശാസ്ത്രങ്ങളെല്ലാം തിരുത്തിയെഴുതപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള അവസ്ഥയിൽ സ്വയം ഒരു ഉപഭോഗവസ്തുവായി മാറാതിരിക്കാൻ സ്ത്രീകളും ശ്രദ്ധിക്കേണ്ടതുണ്ട്. എന്താണ് സൗന്ദര്യമെന്നും എവിടെയാണ് സ്വന്തം അസ്തിത്വം എന്നും ഉള്ള അവബോധം സ്ത്രീകളിൽ ഉണ്ടാവേണ്ടതുണ്ട്. സൗന്ദര്യമത്സരങ്ങളുടെയും, പരസ്യചിത്രങ്ങളുടെയും കാലമാണിത്. വ്യക്തിത്വവികാസത്തിൽ സൗന്ദര്യ സംരക്ഷണം അവഗണിക്കപ്പെടേണ്ടതില്ലെങ്കിലും അതിൽ നിന്നും കിട്ടുന്ന സ്ഥാനമാനങ്ങളുടേയും പണത്തിന്റെയും പുറകെ പായുന്നത് ഇന്ത്യയെപ്പോലൊരു മൂന്നാം ലോകരാജ്യത്തിൽ മദ്യവിൽപനയിലൂടെ ദേശീയ വരുമാനം കാത്തുസൂക്ഷിക്കാൻ ശ്രദ്ധിക്കുന്നതു പോലെ വിഡ്ഢിത്തമായിരിക്കും. അൽപവസ്ത്രധാരിണികളായി ജനമദ്ധ്യേ പ്രത്യക്ഷപ്പെടുന്നത് സ്വന്തം സംസ്കാരത്തിനു ചേർന്നതാണോ എന്ന് ഓരോ പെൺകുട്ടിയും ചിന്തിക്കേണ്ടതുണ്ട്. തികച്ചും പാശ്ചാത്യമായ സങ്കൽപ്പങ്ങൾ സ്ത്രീസ്വാതന്ത്ര്യവാദങ്ങളുടെ അടിത്തറയായി കരുതുന്നതും തെറ്റാണ്.

സ്ത്രീകൾക്ക് എന്നും ഉയർന്ന സ്ഥാനം കൽപിച്ചു പോന്ന നമ്മുടെ കൊച്ചുസംസ്ഥാനത്തിൽ ഈയിടെ ഉണ്ടായ സംഭവവികാസങ്ങൾ നമ്മുടെ മനഃസാക്ഷിയെ ഞെട്ടിക്കാൻ പോന്നതാണ്. ഒരു സൂര്യനെല്ലി സംഭവവും അതിനെത്തുടർന്ന് വന്ന കോലാഹലങ്ങളും കെട്ടടങ്ങുന്നതിനു മുൻപേതന്നെ അതിന്റെ കൊച്ചുപതിപ്പുകൾ സംസ്ഥാനത്ത് ആവർത്തിക്കപ്പെട്ടു. കേരളത്തിലെ ഫെമിനിസ്റ്റുകളും സാംസ്കാരിക നായകൻമാരും നോക്കിനിൽക്കേ തന്നെ, അവരുടെയെല്ലാം ധാർമ്മികതയെ നാണം കെടുത്തിക്കൊണ്ട് നിരവധി പെൺകുട്ടികൾ കാമാന്ധൻമാരുടെ ക്രൂരതയ്ക്കിരയായി. ഓട്ടോ ഡ്രൈവർമാർ മുതൽ അധ്യാപകർ വരെ പങ്കെടുത്ത ഈ വികൃതനാടകങ്ങളിൽ പരസ്പര വിരുദ്ധങ്ങളായ പ്രസ്താവനകളിറക്കി സ്വന്തം മുഖഛായ രക്ഷിച്ച രാഷ്ട്രീയക്കാരുടെ നിലവാരവും ഇവരുടേതിൽ നിന്നൊട്ടും വ്യത്യസ്ഥമല്ല. സ്ത്രീ എന്ന മതത്തിൽ പെട്ടവളായതു കൊണ്ട് ഒരു മതസംഘടനയും ഇതിനെതിരേ ശബ്ദമുയർത്തി കണ്ടില്ല. അപൂർവ്വം ചിലരുടെ ജൽപ്പനത്തിൽ കുടുങ്ങിപ്പോയത് പെൺമലയാളത്തിന്റെ വിലാപം മാത്രം.

എന്താണ് ഇതിനെല്ലാം ഒരു പ്രതിവിധി ?

ഓരോ സ്ത്രീയും പുരുഷനും ഇനിയും പ്രബുദ്ധരാകേണ്ടിയിരിക്കുന്നു. സംസ്കാരത്തിലൂന്നി നിന്നു കൊണ്ടുള്ള വിദ്യാഭ്യാസ രീതിയും ലൈംഗികമായ അവബോധവും നമ്മുടെ കുഞ്ഞുങ്ങൾക്കും വലിയവർക്കും അവശ്യം വേണ്ട ഒന്നായി തീർന്നിരിക്കുന്നു. തികച്ചും ബൗദ്ധിക വ്യാപാരമെന്നതിലുപരി നമ്മുടെ സാക്ഷരതയും സാഹിത്യവും ഉയരേണ്ടിയിരിക്കുന്നു. അതുപോലെ സ്ത്രീ സ്വാതന്ത്ര്യവാദവും നല്ല രീതിയിലേക്കു വരേണ്ടിയിരിക്കുന്നു. സ്നേഹവും സമത്വവും സദാചാരവും പുനഃസൃഷ്ടിക്കാൻ നാം പ്രകൃതിയിലേക്കു കണ്ണും തുറന്ന് നോക്കേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ ചെറിയകാലയളവിനുള്ളിൽ വിവിധഭാഗങ്ങളിൽ നിന്നുകൊണ്ട് കർത്തവ്യങ്ങളനുഷ്ഠിക്കേണ്ട സ്ത്രീക്ക് ശരിക്കും പ്രകൃതിയുടെ മുഖമാണ്. സ്ത്രീകളുടെ സ്വാതന്ത്ര്യം പുരുഷന്റേതു കൂടിയാണ്. ഒരു അർദ്ധനാരീശ്വര സങ്കൽപമുള്ള ഭാരതത്തിൽ സ്ത്രീക്കും പുരുഷനും വേർതിരിച്ചൊരസ്ഥിത്വം ഒരിക്കലും സാധിക്കുകയില്ല. പ്രകൃതിയിലെ ഋതുഭേദങ്ങൾ പോലെ സ്ത്രീ അമ്മയായും ഭാര്യയായും മകളായും പെങ്ങളായും കൂടെ വരുമ്പോൾ ഭൂമിദേവിക്ക് സൂര്യനെന്ന പോലെ അവൾക്ക് നിത്യവും ഒരു സംരക്ഷകനുണ്ടായിരിക്കേണ്ടതുണ്ട്. അവിടെ സൗന്ദര്യത്തിന്റെ മൂർത്തികരണം സംഗീതം പോലെ അനുഭവവേദ്യമാകുകയും ചെയ്യും

കഥ

ഫാരിദീൻ എ.എസ്.
ഒന്നാം വർഷ ഇംഗ്ലീഷ് ബിരുദം

# സന്ദർശകർ



മരണത്തിൽ പോലും ഭീഷ്മർ പ്രാർത്ഥനാനിരതനാകുകയായിരുന്നു. രാത്രിയുടെ ഇരുണ്ട യാമങ്ങളിൽ പഴയകാലം വിണ്ടുകീറുവാൻ പോന്ന വെളിച്ചം കാത്ത്, പ്രിയപ്പെട്ടവൻ തൊടുത്തു വിട്ട അസ്ത്രങ്ങളുടെ പുറത്ത് ഏകാകിയും നഷ്ടപ്പെട്ടവനുമായി അദ്ദേഹം കിടന്നു. ജീവിത ദുരന്തങ്ങളെ ഓമനിക്കുവാൻ ഭീഷ്മർക്കു പണ്ടേ പ്രിയമാണ്. ഗോപുരദ്വാരത്തിനു സമീപം നിന്ന് ഹസ്തിനപുരത്തിന്റെ സമൃദ്ധിയും ക്ഷയവും കണ്ട മഹാമനസ്കൻ ഒരു ദയനീയമായ നോട്ടത്തിനു വേണ്ടി, ഒരു പുഞ്ചിരിക്കായി, വരണ്ട ചുണ്ടിലേക്ക് കുളിർമയുള്ള ഒരിറ്റു ജലവും കാത്ത് ആസന്നമരണനായി, പ്രാർത്ഥിക്കുന്നത് പോലെ...... കണ്ണുകൾ മേൽപോട്ടുയർത്തി കിനാവുകളുടെ ഉത്സവത്തിനായി കാത്തുകിടക്കുന്നു.

രാത്രിയുടെ ആഴങ്ങളിൽ നിന്ന് അദ്ദേഹത്തിനേയും തേടി സന്ദർശകരുടെ പ്രളയമുണ്ടായി. ആകാശത്തിന്റെ ചെരിവുകളിൽ ഗതകാലപ്രൗഢിയുടെ മിന്നലാട്ടം കണ്ടത് പോലെ ഭീഷ്മർ ഒന്നു ഞെട്ടി. രാജകൊട്ടാരത്തിലെ സദസ്സുകൾക്കുമപ്പുറം അദ്ദേഹത്തിന് ഓർമ്മിക്കുവാൻ ജീവിതത്തിലെ ഒരുപാട് ദുരിതങ്ങളും ക്ലേശങ്ങളുമുണ്ട്. പക്ഷെ മരണനേരത്തും ഭീഷ്മർ ഒളിച്ചുവെയ്ക്കാനാവാത്ത ആനന്ദത്തിൽ നിമഗ്നനായിരുന്നു.

സത്യവതി വന്നു.

ഒരു ജന്മത്തിന്റെ മുഴുവൻ നിറങ്ങളുമേറ്റുവാങ്ങിക്കൊണ്ട് ജീവിതത്തിൽ അടിച്ചേൽപ്പിക്കപ്പെട്ട തോൽവിയുടെ പച്ചയായ ചിത്രമായിരുന്നു അവൾ. ഭീഷ്മരെ കണ്ട മാത്രയിൽ നമ്രശിരസ്കയായി, അങ്ങേയറ്റത്തെ ബഹുമാനത്തോടെ അവൾ ചോദിച്ചു -'പ്രഭോ അങ്ങയുടെ പ്രസന്നമായ മുഖം സൗഭാഗ്യങ്ങളിലൂടെ വളർന്ന ഒരു വ്യക്തിയാണ് അങ്ങെന്ന് എന്നോട് പറയുന്നു. പക്ഷെ, ഞാൻ കണ്ടതാണല്ലോ അങ്ങയുടെ ദൗർഭാഗ്യങ്ങൾ'......

-'അമ്മേ......, എന്റെ പിതാവിന്റെ ഹിതം എനിക്ക് വിലപ്പെട്ടതായിരുന്നു, ദൗർഭാഗ്യങ്ങൾ എനിക്കൊരു പുതുമയല്ല. അല്ലെങ്കിൽ എപ്പോഴുമെപ്പോഴും ദുർഭഗതകളിലൂടെ ജീവിച്ചവനാണ് ഞാൻ. ശന്തനുവിന്റെ പുത്രന് ഇപ്പോൾ ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷം അനുഭവിക്കാനാകുന്നു. അമ്മയുടെ സാന്നിദ്ധ്യം തന്നെ എന്നെ സുഭഗനും സൗഭാഗ്യവാനുമാക്കുന്നു.' ഭീഷ്മർ മറുപടിയെറിയുന്നത് സശ്രദ്ധം കേട്ട കസ്തൂരിഗന്ധി അവസാനമായി ഒരു മറുചോദ്യം ചോദിച്ചു. 'രാജൻ, അങ്ങയുടെ വംശത്തിന്റെ പതനത്തിനു കാരണക്കാരി ഞാനാണെന്ന് അറിയാമായിരുന്നിട്ടും അങ്ങെന്നോട് എന്തുകൊണ്ട് കയർക്കുന്നില്ല' ? നിറഞ്ഞ കണ്ണുകൾ മാത്രമായിരുന്നു ഭീഷ്മരുടെ മറുവാക്ക്. അദ്ദേഹത്തിന്റെ നിശ്വാസത്തിന്റെ ഊഷ്മളത, കണ്ണുനീരിലും തെളിഞ്ഞുകാണുന്ന ആഹ്ളാദം സത്യവതിയെ അത്ഭുതപരതന്ത്രയാക്കി. അവൾ വന്ന പടിയേ മടങ്ങി.

മരണത്തിന്റെ ആകാശത്തിൽ നിന്ന്, വിസ്മൃതിയുടെ താഴ്‌വാരത്തിൽ നിന്ന് മറ്റൊരാൾ കൂടി വന്നു. - ശന്തനു മഹാരാജാവ് - അച്ഛനെ കണ്ടമാത്രയിൽ ആദരസൂചകമായി ഭീഷ്മർ പുഞ്ചിരിച്ചു. 'അച്ഛൻ ജീവിച്ചത് ഏത് മഹാവിപത്തുകളുടെ നാളുകളിലായിരുന്നാലും, എന്തെല്ലാം പരാധീനതകളിലായിരുന്നാലും എനിക്കങ്ങയോട് എന്നും ബഹുമാനമേ ഉള്ളൂ. കാരണം പുത്രനെ കുറിച്ചുള്ള സങ്കൽപങ്ങൾ തെറ്റിയപ്പോഴെല്ലാം അങ്ങതിനെ അതിജീവിച്ചത് നിറഞ്ഞ ഉൾകാഴ്ചയോടെയായിരുന്നു'. എന്നു പറയുന്നത് പോലെ മകൻ ശന്തനുവിനെ സ്നേഹപുരസ്സരം നോക്കി. ജീവിതത്തിന്റെ കൊടിപ്പടം താഴ്ത്തുവാൻ മരണത്തിനാവില്ല എന്നായിരുന്നു ആ കണ്ണുകൾ വെളിവാക്കിയിരുന്നത്. ശന്തനുവിന് വാക്കുകൾ മുറിഞ്ഞു. അദ്ദേഹം തിരിച്ച് കാലത്തിന്റെ പരപ്പിലേക്ക് ഒഴുകി.

വിമൂകതയുടെ കുടിലനിമിഷങ്ങളിലേക്ക് ആതുരനും ക്ഷീണിതനും ആയി ഒരാൾ നടന്നടുത്തു - പാണ്ഡു. കുന്തീദേവിയുടെ സ്വപ്നവും ആശാഭംഗവുമായിരുന്ന രാജകുമാരൻ. അഞ്ചുമക്കളുടെ ശൂരപരാക്രമങ്ങളുടെ ബാക്കിപത്രമെന്ന നിലയിൽ, അവശിഷ്ടമെന്ന നിലയിൽ 'ഭീഷ്മപിതാമഹ'നെ പാണ്ഡു ദർശിച്ചു. കാലത്തിന്റെ നിറമില്ലാത്ത അരങ്ങുകളിൽ ഭീഷ്മർ പ്രത്യാശയുടെയും ഇച്ഛയുടെയും ശ്രേയസ്സിന്റെയും പച്ചപ്പായിരുന്നുവെന്ന് പാണ്ഡുവിന് മനസ്സിലായി. ഭീഷ്മരുടെ നെറുകയിൽ അത്യന്തം ആദരവോടെ, പ്രേമത്തോടെ പാണ്ഡു ചുംബിച്ചു. ഭൂമിയുടെ നിപ്പിൽനിന്ന്, പർവ്വതശൃംഗങ്ങളുടെ മുകൾപരപ്പിലൂടെ പാണ്ഡു തിരിച്ചുപാഞ്ഞു. ഭീഷ്മർ നിസ്സംഗനും ധ്യാനലീനനുമായി തുടർന്നു.

ഗംഗാദേവിയുടെ സാമീപ്യം വിളിച്ചറിയിച്ചുകൊണ്ട് നദീതീരത്തുനിന്ന് ഒരിളംകാറ്റ് ഭീഷ്മരെ തലോടി നീങ്ങി. സാർത്ഥകവും പുണ്യകരവുമായ നിമിഷമായിരുന്നു അത്. ഗംഗാമാതാവിന്റെ ചുംബനം ഭീഷ്മരെ ശ്രീലാളിതനാക്കി.

ഇനിയും ആളുകൾ വരാതിരിക്കില്ല. ശരശയ്യയിൽ കിടന്നുകൊണ്ട് ഭീഷ്മർ നിലാവിനെ ഹൃദയത്തിലേക്ക് വിളിച്ചു. ഹൃദയാകാശത്തിൽ നിന്ന് പ്രാർത്ഥനയുടെ പ്രാവുകൾ രാത്രിയിലേക്കു പറന്നു.

വരാനിരിക്കുന്ന സന്ദർശകരെയും കാത്ത് കേൾക്കുവാനും പറയുവാനുമില്ലാതെ ഭീഷ്മർ കിടന്നു. ●

കഥ

പ്രസാദ് പാറപ്പുറം
രണ്ടാം വർഷ മലയാള ബിരുദം

# അയാള്..മുഖമില്ലാത്ത അയാള്...

ഒന്ന്

ഈയിടെയായി മാലതി ഒരു പാട് സ്വപ്നങ്ങൾ കാണുന്നു. കറുത്ത മൂടുപടത്തിനുള്ളിലെ തളിരും സ്വപ്നങ്ങൾ കൊണ്ട് മൂടുകയാണ്. വിയർത്തൊലിക്കുന്ന രാവിനു ശേഷമുള്ള പ്രഭാതത്തിൽ ഞാനറിയുന്നു അതെല്ലാം അവളുടെ ദുസ്വപ്നങ്ങളാണെന്ന്. ശിവന്റെ അമ്പലത്തിൽ എല്ലാ ശനിയാഴ്ചയും ശനിയടിച്ചു തൊഴുന്ന മാലതിയ്ക്ക് ദുസ്വപ്നങ്ങൾ...... ! അതിനു വഴിയില്ല.......ഇവിടെ എനിക്ക് അടിപതറുകയാണ്... ഒരു പക്ഷെ വായച്ചു കഴിയുമ്പോൾ.... നിങ്ങൾക്കും

ആദ്യം നമുക്ക് മാലതിയെ പരിചയപ്പെടാം വയസ്സ് 22. അവസാന വർഷ മലയാള സാഹിത്യ ബിരുദാനന്തര ബിരുദ വിദ്യർത്ഥി. 5 അടി 2 ഇഞ്ച് ഉയരം, വെളുത്ത നിറം, വട്ടമുഖം. അവൾ ചിരിക്കുമ്പോൾ വിരിയുന്ന നുണക്കുഴികൾ കണ്ടാൽ നാം പരിസരം മറക്കും, തീർച്ച. കാമുകൻമാരുണ്ടോ മാലതിക്ക്...! ഉണ്ടാവണം...... കാരണം എന്നെ കാണുമ്പോൾ അവൾ പറയും "ന്റെ ഉണ്ണികൃഷ്ണാ, ഏതു രാധയുടെ മനസ്സിലാ ഒരു കൃഷ്ണനില്ലാത്തത്" അത് ശരിയാണ് ഒരു രാധ കുടിയേറാത്ത മനസ്സ് ഒരു കൃഷ്ണനും ഉണ്ടാവില്ല.



എന്തൊക്കെയായാലും മാലതി എപ്പോഴും ഫ്രീയാണ്. ആരേയും കയറി അറ്റാക്ക് ചെയ്യും. എന്തിനും വാശി പിടിക്കും, പെട്ടെന്ന് പിണങ്ങും, പിണക്കത്തിന്റെ അവസാനം ആകാശം മുട്ടെ ഉയന്ന് പൊട്ടിചിരിക്കും, തിരമാല പോലെ. പിന്നെ കുറേ സമയം ആരോടും മിണ്ടില്ല. എന്തൊക്കെയായാലും മാലതി ഒരു പാവമാണ്. "പൊട്ടിപെണ്ണ്."

പക്ഷെ ഈയിടെയായി മാലതി തളരുന്നു. കണ്ണുകളുടെ തിളക്കം കുറഞ്ഞ് പരിഭവം മാത്രം പറയാനറിയുന്ന മനക്കണ്ണിയുടെ മനസ്സ് പോലെയാകുന്നു. എന്തേ കാരണം?

"അയാള്...... മുഖമില്ലാത്ത അയാള്"

രണ്ട്

പിന്നാമ്പുറത്തേക്ക് അൽപനേരം

വഴിതെറ്റി മഴവന്ന അന്നാണ് മാലതി എന്നോടത് ആവശ്യപ്പെട്ടത്.

"ഉണ്ണികൃഷ്ണാ, നിക്ക് കുറേ വെളുത്ത വസ്ത്രങ്ങൾ വേണം. പിന്നെ നല്ല മൂർച്ചയുള്ള ഒരു ബ്ലേഡും, റോസാപ്പൂവ് ഞാൻ തൊടിയിൽ നിന്ന് പറിച്ചോളാം."

"നിക്കെന്താ വട്ടുണ്ടോ പെണ്ണേ !"

"ഉണ്ണികൃഷ്ണാ, ഇന്നലെ സ്വപ്നത്തിലയാളെന്നോട് ആവശ്യപ്പെട്ടിരിക്കണു, വെളുത്ത വസ്ത്രം ധരിച്ച് ചുവന്ന റോസാപൂവും ചൂടി, കൈയ്യിലെ തെളിഞ്ഞ നീല ഞരമ്പും മുറിച്ച് വടക്കേ പുറത്തേ കല്ലറയ്ക്ക് മുകളിൽ വന്നിരിക്കാൻ."

"ആര്......"

"അയാള്......"

"മുഖമില്ലാത്ത അയാള്......"

മൂന്ന്

കഴിഞ്ഞ ദിവസമാണ് മാലതിയുടെ സ്വപ്നം, സ്വപ്നങ്ങളുടെ നേർരിത്തി തകർത്തത്. ഉറക്കമുണർന്നാൽ മാലതിയുടെ തിരുവദനം ദർശിക്കുക എന്നത് ഒരു ശീലമായിരുന്നു. അന്ന് നേരമേറെ കഴിഞ്ഞിട്ടും മാലതിയുടെ മുറിവാതിൽ തുറന്നിട്ടില്ലായിരുന്നു.

തലേന്ന് കിടക്കുന്നതിനു മുൻപ് അവൾ പറഞ്ഞു. "പതിവില്ലാത്ത തലവേദന."

ഏറെ നേരത്തെ നൊമ്പരമുണർത്തുന്ന മൗനത്തിന്റെ കുളിരിൽ നീറിയിരിക്കെ സാക്ഷ ഇളകുന്ന ശബ്ദം. ഞെട്ടിപ്പോയി വല്ലാത്തൊരവസ്ഥ. കണ്ണുകളിൽ നിന്നും കാത്തിരുന്നതെന്തോ കൈ വിട്ടുപോയതിന്റെ നീരൊഴുക്ക്.

"താ മാലതി, നീയീ കാണിച്ചിരിക്കുന്നത്."

"ഉണ്ണികൃഷ്ണാ, അയാൾക്ക് മുടി ഇങ്ങനെ നീണ്ടുകിടക്കുന്നത് ഇഷ്ടല്ലാത്രെ.... അതോണ്ട് രാത്രി തന്നെ അതങ്ങട്

വെട്ടിക്കളഞ്ഞു. അയാൾക്ക് ഇഷ്ടല്ല്യാച്ചാ പിന്നെ എനിക്കെന്തിനാ ഈ മുടി."

"നിനക്ക് ഭ്രാന്താ പെണ്ണേ, അല്ലെങ്കിൽ ഈ വക കോപ്രായത്തരങ്ങൾ കാണിക്ക്വോ...."

"ഇന്നലെ രാത്രി അയാളും പറഞ്ഞും ഇതു തന്നെ, പക്ഷെ ഈ ഭ്രാന്തിനൊരു സുഖോണ്ട്, ഹൃദയത്തിൻെറ വാചാലത പോലെ......"

## നാല്

മാലതിയുടെ സ്വപ്നങ്ങൾ താഴ്വാരത്തു നിന്നും ഇടവഴി കയറി തിരുവാതിര കുന്നിൻെറ മുകളിലത്തെ സായ്പ് മറന്ന കൊട്ടാരത്തിൻെറ സ്ഫടികം വിരിച്ച തറയിലൂടെ നഗ്നയായി ഉരണ്ടുരുണ്ട് വെള്ളാരം കല്ലു വിരിച്ച കുളത്തിലിറങ്ങി കുളിച്ചു കയറുന്നു. നല്ല സുഖം........ മൂറ തെറ്റിയ പെണ്ണിൻെറ ഭീതിയാണ് എനിക്കു ചുറ്റും വലയം ചെയ്യുന്നത്. അവളിലോ..... ?

## അഞ്ച്

കറുത്ത വാവിൻെറ പിറ്റേന്ന്

വളരെ വൈകിയാണ് മാലതി വാതിൽ തുറന്നത്. കാത്തിരുന്നു കണ്ണ് കഴച്ചപ്പോൾ കസേര നീക്കിയിട്ട് അവളുടെ മുറിയുടെ വാതിലിനു മുൻപിലേയ്ക്ക് നീങ്ങിയിരുന്നു.

അൽപം കഴിഞ്ഞപ്പോൾ വാതിൽപാളി മെല്ലെ കരയുന്ന ശബ്ദം.

എൻെറ ആകാംക്ഷയുടെ നെരിപ്പോട് കത്തിയുയരുന്നു. ഇന്നെന്തായിരിക്കും സംഭവിക്കാൻ പോകുന്നത്. അവൾ വാതിൽ വലിച്ചു തുറന്നു.

'ഈശ്വരാ.... എന്തൊരു കോലം'

ചെഞ്ചുണ്ടുകളിൽ ചെറുചിരിയും സമ്മാനിച്ച് പൂർണ്ണ നഗ്നയായി മാലതി വാതിൽപ്പടിയിൽ ആകെ ആടിയുലഞ്ഞ് കിതച്ചു വിഴാറായി വാതിൽ പാളിയിൽ ചാരിനിൽക്കുക യാണവൾ. ദേഹത്തുടെ വിയർപ്പുചാലുകൾ അരിച്ചിറങ്ങുന്നു. ശക്തിയിൽ ഉയർന്നു താഴുന്ന മാറിടം. ചുവന്നു കലങ്ങിയ കൺപോളകൾ. ചുണ്ടിൽ നിന്നും രക്തം കനിയുന്നു.

> വഴിതെറ്റി മഴവന്ന അന്നാണ് മാലതി എന്നോടത്ആവശ്യ പ്പെട്ടത്.
> "ഉണ്ണീഷ്ണാ, നിക്ക് കുറേ വെളുത്ത വസ്ത്രങ്ങൾ വേണം. പിന്നെ നല്ല മൂർച്ചയുള്ള ഒരു ബ്ലേഡും, റോസാപ്പൂവ് ഞാൻ തൊടിയിൽ നിന്ന് പറിച്ചോളാം."

"ക്ഷമിക്കണം ഉണ്ണീഷ്ണാ, ഇന്നൽപം വൈകി ഇത്രയും നേരം അയാളുണ്ടായിരുന്നു മുറീൽ........ കള്ളൻ.... നേരം വെളുത്തൂന്നു പറഞ്ഞിട്ടും പോവാൻ കൂട്ടാക്കണില്ല്യ. വളരെ വൈകി പറയ്വാ, ഇനി അയാൾക്ക് വരാൻ കഴിയില്ല്യാന്ന്. ഇതവസാന രാത്രിയാണെന്ന്........ എന്നോടും അയാളോടൊപ്പം ചെല്ലണാന്ന്......"

"എന്തൊക്കെയാ മാലതിയീപ്പറയണത്."

"ആദ്യോക്കെ ഞാനും വിചാരിച്ചു. ഈ കാണുന്നത് മുഴുവൻ സ്വപ്നാണെന്ന് പക്ഷെ സത്യായിരുന്നു ഉണ്ണീഷ്ണാ."

"നിന്നെ വല്ല മനോരോഗ വിദഗ്ദനേയും കാണിയ്ക്കാ വേണ്ടത്."

"ഉണ്ണീഷ്ണാ എനിക്കയാളെ വേണം."

"ആരെ...... ?"

"അയാളെ...... മുഖമില്ലാത്ത അയാളെ......"

## ആറ്

മാലതി നിനക്ക് എന്തു പറ്റുന്നു.

യാഥാർത്ഥ്യങ്ങൾ കണ്ണുനീരാവുന്നല്ലോ.... നിന്നെ എനിക്ക് നഷ്ടമാവുകയാണോ. നമ്മുടെ ബന്ധത്തിൻെറ അർത്ഥതലങ്ങൾക്കിടയ്ക്ക് പതിയിരിക്കുന്ന അയാളാര്......?

## ഏഴ്

അന്ന് മാലതി ഉണർന്നത് ഒരു പ്രത്യേക ആഗ്രഹവുമായിട്ടായിരുന്നു.

"ഉണ്ണീഷ്ണാ എനിക്ക് പ്രസവിക്കണം. അയാളുടെ ഉണ്ണിയെ എനിക്ക് പ്രസവിക്കണം. ഉണ്ണീഷ്ണാ........ ഇന്നലെ രാത്രി അയാൾ വന്നില്ല. പക്ഷെ അയാളുടെ ഉണ്ണിനെ എനിക്ക് വേണം. ഇല്ലാണ്ട് പറ്റില്ല."

## എട്ട്

മാലതി പ്രസവിക്കാനുള്ള ഒരുക്കത്തിൽ പക്ഷെ വീർ ക്കാത്ത വയറു കാണുമ്പോൾ അവൾ അലറുന്നു. മുറിയിൽ നിന്നും പുറത്തേയ്ക്കിറങ്ങാതെ അയാളുടെ ഉണ്ണിനെ തിരക്കി അവൾ ചുവരുകളുടെ മൂലയിലൂടെ ചുണ്ടുകൾ കൊണ്ട് പദയാത്ര നടത്തുന്നു. ഇപ്പോൾ എനിക്കു മാലതിയെ ഭയമാകുന്നു. ഉറക്കമുണരുമ്പോൾ അവളെ കാണാനുള്ള ശക്തി എനിക്കില്ല.

## ഒൻപത്

ഇന്ന്

എന്തു പറ്റി മാലതിക്ക് ? ഉത്തരം എളുപ്പമാണ് മാലതി സ്വപ്നം കാണുന്നു. പക്ഷെ ..... ?

"ൻെറ ഉണ്ണീഷ്ണാ, ഞാൻ പറഞ്ഞില്ലേ എനിക്ക് പ്രസവിക്കണോന്ന്..... അയാള് മറഞ്ഞിരുന്ന് എല്ലാം കേട്ടുകാണും ഹോ..... ഇന്നലെ രാത്രി ഞാനനുഭവിച്ച ഒരു വേദനയേ....... അയാളും അതേ പ്രകൃതയാണ്...... ആ നിഷ്കളങ്കത..... എല്ലാം അറിഞ്ഞിട്ടും ഒന്നും അറിയാത്ത ഭാവത്തിലുള്ള പെരുമാറ്റം......"

"എന്തൊക്കെയാ കുട്ടീ നീയീ പറയുന്നത് ?"

"ഞാനൊന്നും പറയണില്ല. ഇയാളെൻെറ മുറിയിലേയ്ക്ക് വാ......"

വാതിൽ കടന്ന് മുറിയിലേയ്ക്ക് ചെന്നപ്പോൾ തളർന്ന് പോയി....... കട്ടിലിൽ സ്വയം മറന്നുറങ്ങുന്ന ഉണ്ണി. വെളുത്ത

തൂണി കൊണ്ട് മുഖം മൂടിയിരിക്കുന്നു. ഞാൻ ബലപ്പെട്ട് തൂണി വലിച്ചു. അതിനു മുഖമില്ല. പിന്നിൽ നിന്നും വീണ്ടും മാലതിയുടെ ചിരിയുയർന്നു. ആകാശം മുട്ടെ.....

പത്ത്.

കഥ ഞാനിവിടെ തീർക്കുകയാണ്. ഇനിയും സംഭവങ്ങൾ വിവരിക്കാൻ ഞാനശക്തനാണ്. അവൻ വളരുമോ..... ? മുഖമില്ലാത്ത അവൻ വളർന്നാൽ...... ?

ശാസ്ത്രത്തിനു മുൻപിൽ അത് ശക്തമായൊരു വെല്ലുവിളിയാകും.

പക്ഷെ എങ്ങനെ ഇത് സംഭവിച്ചു.

ആധുനിക യുഗത്തിൽ കെട്ടുകഥകളുടെ പനയോലയിൽ നിന്നും ഒരേട് പുനർജ്ജനിക്കുന്നു. അത് വളരട്ടെ. വളർന്ന് വളർന്ന് എന്ത് സംഭവിക്കുമെന്ന് നോക്കാം. ഒരു പക്ഷെ അവന്റെ വളർച്ച എന്റെ കൺമുന്നിലൂടെ വിസ്മയങ്ങൾ തീർത്താൽ ഞാൻ തീർച്ചയായും നിങ്ങളെ അറിയിക്കാം. അത് വരെ കാത്തിരിക്കുക. അതിനിടയ്ക്ക് നിങ്ങൾ വിശ്വസിക്കുന്ന ശക്തിയോട് പ്രാർത്ഥിക്കുക.

ഒന്നും സംഭവിക്കാതിരിക്കട്ടെ.

**"ഉണ്ണീഷ്ണാ എനിക്ക് പ്രസവിക്കണം. അയാളുടെ ഉണ്ണിനെ എനിക്ക് പ്രസവിക്കണം. ഉണ്ണീഷ്ണാ........ ഇന്നലെ രാത്രി അയാൾ വന്നില്ല. പക്ഷെ അയാളുടെ ഉണ്ണിനെ എനിക്ക് വേണം.**




MEDIA GRAPHICS
D.T.P. & CAD CENTRE,
KUNNATH STREET,
N.PARAVUR. 683 513.
Ph : 445544

D T P

IN
ENGLISH, MALAYALAM,
TAMIL, HINDI & SANSKRIT
WITH SCANNING FACILITIES

- AUTOCAD
- 3 D STUDIO
- MULTIMEDIA
- FINANCIAL ACCOUNTING
- SOFTWARE DEVELOPING

*Specialists in Book Matter*

OFFSET PRINTING ALSO AVAILABLE

*With Best Compliments from :*

Styles
Ladies Dress Makers.

Opp : St. Xaviers College, Aluva.
For TAILORING, EMBROIDARY,DARNING & DRY-CLEANING.

കഥ

ബ്രിജേഷ് ജെ. മാത്യു
മൂന്നാം വർഷ ഗണിതശാസ്ത്രബിരുദം

# വേശ്യ പറഞ്ഞ കഥ

അവൾ പറഞ്ഞത് ശരിയാണ്.

കന്നി നിലാവിനെന്തൊരു സൗന്ദര്യം....? പ്രകൃതിയിലെ രണ്ടു ഭിന്ന മുഖങ്ങൾ, ജനിച്ചയുടൻ അമ്മയെക്കൊല്ലുന്ന ഞണ്ടിനെ ഓർമ്മിപ്പിച്ച കർക്കിടകത്തിനും കൊയ്ത്തുകാലത്തിന്റെ നിറവിൽ ഉത്സവത്തിമർപ്പിലാണ്ട ചിങ്ങത്തിനും ശേഷം രാത്രിക്ക് സ്വാസ്ഥതയുടെ നിറം.... ഇതു രാത്രിയുടെ ഏതുയാമമാണെന്നറിയില്ല.... സമയം തെറ്റിവന്ന ഒരു കാറ്റ് അവളുടെ മുടിയിഴകളെ തന്റെ മുഖത്തേയ്ക്ക് എടുത്തെറിഞ്ഞു..... അവയ്ക്ക് രാമച്ചത്തിന്റെ സുഗന്ധം.... അവളുടെ ഇടതു കൈവിരലുകൾക്കിടയിലൂടെ രക്ഷപ്പെട്ട ചില മുടിയഴകൾ അപ്പോഴും എന്റെ മുഖത്തുണ്ടായിരുന്നു...... അവയുടെ സ്പർശനം ഞാനാസ്വദിച്ചു......



ഇതെന്റെ മൂധേവി ഭാര്യ..... ഞാനെത്ര ഓടിയാലും ഇവളിൽ തന്നെ തിരിച്ചെത്തും.... അല്ലെങ്കിൽ താനെന്തിനിവിടെയെത്തണം...... ഓണാവധിക്ക് ഭാര്യയും മക്കളുമായി വന്നു പോയിട്ട് രണ്ടാഴ്ച തികയുന്നതേയുള്ളൂ...... ആരതിയിൽ നിന്നും കിട്ടിയതിലേറെ ഒരു സുഖവും ഇവളിൽ നിന്നും കിട്ടിയിട്ടില്ല. എന്നിട്ടും താൻ......!

"ആരതി ഇതൊക്കെ അറിയുന്നുണ്ടാകുമോ......?"

അനാവശ്യമായ അവളുടെ ഉത്കണ്ഠ എന്റെ ചിന്തകളുമായി ഇണ ചേർന്നിരിക്കുന്നു....

"അറിഞ്ഞാലെന്താ ആരതി എന്റെ ശരിയാണ്, എന്റെ ഭാവം, എന്റെ സൗന്ദര്യം, അവളോടെനിക്കുള്ളതെല്ലാം ഉദാത്തമാണ്. അവൾക്കതറിയാം പിന്നെന്തിനു മറിച്ചു ചിന്തിക്കണം......?"

അവൾ ചിരിച്ചു.... വീണ്ടും ചെറുകാറ്റടിച്ചപ്പോൾ അവളെഴുന്നേറ്റു സാരിത്തുമ്പു കൊണ്ട് പുതച്ച് തന്റെ നേരെ കൈ നീട്ടി. അവൾ ചോദിച്ചു.

"നമ്മുക്കൽപം നടന്നാലോ.....?"

നഗര ജീവിതത്തിന്റെ തിരക്കിൽ നിന്നും വല്ലപ്പോഴുമൊക്കെ ഇവിടെയെത്തുമ്പോഴാണ് മനസ്സിന് വല്ലാത്തൊരു കുളിർമ തോന്നുന്നത്. തെരുവു രാജാക്കൻമാരിൽ നിന്ന് ജീവിതവും മുറുകെ പിടിച്ചോടുന്ന അവൾക്കും ഇതൊരാശ്വാസമായിരിക്കാം. ഇവളുടെ പുറത്ത് തെരുവു രാജാക്കൻമാർ സ്ഥാപിക്കുന്ന അവകാശവാദം ഇവളെ നഗരത്തിലെ വിലയേറിയ വേശ്യയാക്കിരിക്കുന്നു..... എന്നോടവൾ ഇന്നുവരെ കൂലി ചോദിച്ചിട്ടില്ല..... ഏറിയാൽ മൂന്നോ, നാലോ ദിവസം താമസിക്കുന്ന ഈ വീടിന്റെ വാടക ചിലപ്പോഴൊക്കെ ഞാൻ കൊടുത്തിരുന്നു.

ജനവാസമില്ലാത്ത ഇവിടെ വന്നാരോ സ്ഥാപിച്ച ഈ വീട് ഞങ്ങൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ എന്ന് തോന്നുന്നു.... അതുകൊണ്ട് തന്നെയാവാം ഉടമസ്ഥന് വാടകകാര്യത്തിൽ അത്ര ശാഠ്യമില്ലാത്തതും. ഇത്തവണ പക്ഷെ പോരുമ്പോൾ വല്ലാത്തൊരു കുറ്റബോധം തോന്നിയിരുന്നു. പടിയിറങ്ങും മുൻപ് ആരതിയുടെ കണ്ണുകളിൽ നോക്കേണ്ടിയിരുന്നില്ല. ആ കണ്ണുകളുടെ നീരസിന്റെ നിശബ്ദത, ശാന്തത, ഒരു തരം വൃത്തികെട്ട ഗൃഹാതുരത്വമാണിപ്പോൾ തോന്നുന്നത്.........

"ദാ..... അതുകണ്ടോ....?"

അവൾ അൽപം ദൂരേയ്ക്കു വിരൽ ചൂണ്ടി. ദൂരെ മാറി ഉയർന്നു നിൽക്കുന്നൊരു പ്രതിമ...... പ്രതിമ എന്നു വിളിക്കാനാവില്ല. ഒരു ശിൽപം..... എനിക്കും ശിൽപത്തിനുമിടയ്ക്കുള്ള ദൂരം കുറഞ്ഞപ്പോൾ അതിന്റെ നഗ്നതയും, അപൂർണ്ണതയും വ്യക്തമായി......

ശിൽപം കണ്ടു ഞാൻ ചിരിച്ചു....

"എന്താ....."

"വെറുതെയല്ല ഇവിടത്തെ നിലാവിനിത്ര നാണം."

ഞാൻ അവളേയും, ശിൽപത്തേയും പെട്ടന്നൊരു താരതമ്യത്തിനു വിധേയമാക്കി..... ശിൽപത്തെ ഞാൻ സൂക്ഷിച്ച പഗ്രഥിച്ചു.

"നിന്നേക്കാൾ സുന്ദരിയാണ് ഈ ശിൽപം....."

അവളെയൊന്നു ചൊടിപ്പിക്കണമെന്നുണ്ടായിരുന്നു, അതവളിൽ യാതൊരു ഭാവഭേദവുമുണ്ടാക്കിയില്ല. എങ്കിലും എന്നെ ആ ഉദ്യമത്തിൽ നിന്നും പിന്തിരിപ്പിക്കാനെന്ന വണ്ണം ആ കല്ലിലിരുന്നു ചോദിച്ചു.

"ഞാനൊരു കഥ പറയട്ടേ.....!"

"കൊളോണിൻെറ ഗന്ധമുള്ള ആ സിംഹളൻെറ കഥയാണോ !"

അതാണവളെനിക്ക് ആദ്യമായി പറഞ്ഞു തന്ന കഥ. പിന്നെയും പല തവണ അവളാ കഥ പറഞ്ഞിട്ടുണ്ട്. കഥകൾ കേൾക്കാൻ തനിക്കെന്നുമിഷ്ടമായിരിന്നു. കുമാരേട്ടനാണ് തൻെറ ആദ്യ കഥപറച്ചിലുകാരൻ. അർജ്ജുനൻെറ വീര്യത്തിനും, യുധിഷ്ഠിരൻെറ ധർമ്മബോധത്തിനും, ഭീമൻെറ പോരാട്ട വീറിനുമൊക്കെ ഒരു പാട് വർണ്ണങ്ങൾ നൽകി കുമാരേട്ടൻ പറഞ്ഞ കഥകൾ. അന്നൊക്കെ ഞാൻ അർജ്ജുനനൻെറ വലിയ ആരാധകനായിരുന്നു. പിൽക്കാലത്ത് കർണ്ണനും, ദുര്യോധനനും, അശ്വത്ഥാമാവുമൊക്കെ എനിക്കിഷ്ടപ്പെടുകയും അവർക്കു വേണ്ടി ഞാൻ വാദിച്ചു തുടങ്ങു കയും ചെയ്തപ്പോഴാണ് കുമാരേട്ടൻ കഥപറച്ചിലു നിർത്തിയത്. പിന്നീട് കുമാരേട്ടൻ എന്നും ദേഷ്യത്തോടെ എന്നെ നോക്കിയിട്ടുള്ളു.

പിൽക്കാലത്ത് കർണ്ണനും, ദുര്യോധനനും, അശ്വത്ഥാമാവുമൊക്കെ എനിക്കി ഷ്ടപ്പെടുകയും അവർക്കു വേണ്ടി ഞാൻ വാദിച്ചു തുടങ്ങുകയും ചെയ്തപ്പോഴാണ് കുമാരേട്ടൻ കഥപറച്ചിലു നിർത്തിയത്.

"ഈ ശിൽപത്തിനു പിന്നിലൊരു കഥയുണ്ട് ."

കഥ ശിൽപത്തെ കുറിച്ചാണെന്നറിഞ്ഞപ്പോൾ കേൾക്കാൻ എന്തോ വല്ലാത്തൊരുത്സാഹം തോന്നി..... തികഞ്ഞ താത്പര്യത്തോടെ അവളുടെ അടുത്തു ചെന്നിരിന്നു. എന്നെ അവൾ പക്ഷെ അവളീ കഥയറിഞ്ഞ ചരിത്രം മുഴുവൻ പറഞ്ഞു കേൾപ്പിച്ചു. അവളുടെ മടിത്തട്ടിലെ ചൂടു തന്ന ഉറക്കത്തിൽ നിന്നെന്നെ പിടിച്ചുണർത്തിയത്. അവളുടെ ആലില വയറിൻെറ സൗന്ദര്യവും, മിനുസവുമാണ്.

പ്രതീക്ഷിക്കാതെയാണ് അവൾ തട്ടക മറിച്ചത്.... നിലാവസ്തമിച്ചു.. പൊടിപടലങ്ങൾമാത്രം... അടുത്ത ലക്ഷ്യത്തിലെത്താനുള്ള വ്യഗ്രതയിൽ അവർ വന്ന യന്ത്രം അവർക്കു മുന്നിൽ ചെമ്മൺ പൊടിപടലം കൊണ്ടൊരു മറ തന്നെ തീർത്തു.... ആകെ ഇഷ്ടിക ചുവപ്പു നിറം. പൊടിപടലങ്ങൾ വീണ്ടും ഭൂമിയെ സ്പർശിച്ചപ്പോൾ ഞങ്ങൾക്കു മുന്നിൽ ഉയർന്നു നിന്ന പുരോഗതിയുടെ അസ്ഥികാണാമെന്നായി അതിൽനിന്നും നീട്ടിവലിച്ചു കെട്ടിയിരുന്ന ഇരുമ്പ് കമ്പികളിൽ തൂങ്ങി കിടക്കുന്ന കാക്കകൾ പുരോഗതിയുടെ മറുവശത്തെ ഓർമ്മിപ്പിച്ചു. മുന്നിലേയ്ക്കു നാലഞ്ചു ചുവടുകൾ വെച്ചപ്പോൾ മുക്കിലെ മൊയ്തൂട്ടിയുടെ കട. മൊയ്തൂട്ടിയുടെ കട കണ്ടപ്പോൾ ഉള്ളിലുറങ്ങി കിടന്നിരുന്ന വിശപ്പ് വീണ്ടും തലയുയർത്തി. മണി നാലാവുന്നു. എത്ര വൈകിയാലും മൊയ്തൂട്ടിക്കാ എനിക്ക് ചോറ് വെച്ചേക്കും. അതു കൊണ്ടാ ണോ ഞാനെപ്പോഴും വൈകി വരുന്നത് ? ആവാം.

അപ്പോൾ മറ്റൊരു പ്രശ്നം തലയുയർത്തി. ഇന്ന് താൻ മാത്രമല്ല കൂടെ ഒരു അതിഥിയുമുണ്ട്. സമയം തെറ്റിയോടിയ വണ്ടി അവൾക്കും വിശപ്പു സമ്മാനിച്ചിട്ടുണ്ടാവും എന്നതു തീർച്ച.

"മൊയ്തൂട്ടിക്കാ എന്നോടൊപ്പം ഒരു അതിഥിയുമുണ്ട്."

മൊയ്തൂട്ടിക്കാ പാതിയുറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു നോക്കി.... അവളെ കണ്ടപ്പോൾ ഇക്കയുടെ മുഖം മാറിയോ ?

"കുറച്ചു ദിവസം എന്നോടൊപ്പമുണ്ടാവും..."

ഉണ്ടായിരുന്ന ചോറ് വല രണ്ടു പേർക്കുമായി വിളമ്പി. ദിവസങ്ങൾക്കു ശേഷമാണ് താൻ പണിപ്പുരയിലെത്തുന്നത്. ഹരീന്ദ്രൻ പറഞ്ഞതുപോലെ തന്നെ പാറകൾ ഇറക്കിയിരിക്കുന്നു.. താൻ രൂപങ്ങളാവാഹിക്കേണ്ട പാറകൾ വെറും നിലത്തു വെയിലു കൊണ്ട് കിടക്കുന്നത് കണ്ടപ്പോൾ എനിക്ക് വല്ലായ്മ തോന്നി..

"വിശ്രമിച്ചോളു...."

പാറകൾ പരിശോധിച്ച് അതിൽ മുന്തിയ ഒന്ന് മുറിയുടെ ഒരു വശത്തെ പനമ്പിളക്കി അകത്തു കയറ്റി കഴിഞ്ഞപ്പോഴേക്കും ഞാൻ പൂർണ്ണമായും തളർന്നിരുന്നു.....

പതിവിലും നേരത്തെ അത്താഴത്തിനു ചെന്നതിന് മൊയ്തൂട്ടിക്കക്ക് വിശദീകരണം കൊടുക്കേണ്ടി വന്നു.

"ഇന്ന് പണി തുടങ്ങുകയാണ്.."

മൊതൂട്ടിക്ക ചിരിച്ചു.

രാവേറെ ചെന്നിട്ടും നാട്യശാസ്ത്രത്തിലെ ഒരു രൂപവും പുതുമയോടെ കല്ലുകളിലേക്കാവാ ഹിക്കാൻ പാകത്തിൽ മനസ്സിലെത്തുന്നില്ല. നാട്യശാസ്ത്രത്തിലെ എല്ലാ രൂപങ്ങൾക്കും ശിൽപ ഭംഗിയുണ്ട്. അതു കൊത്തി വെയ്ക്കാൻ ഏതു സാധാരണ ശിൽപിക്കും കഴിയും. അതിന് പുത്തൻ ഭാവങ്ങളും വ്യാഖ്യാനങ്ങളും നൽകുന്നിടത്താണ് ഞാൻ ഒരു ശിൽപിയിൽ നിന്നും പ്രതിഭാസമാകുന്നത്.

ഒടുവിൽ ഒരു രൂപം നിർണ്ണയിച്ച് അതിൻെറ ഏകദേശ രൂപം കല്ലിൽ കൊത്തി. തീർന്നപ്പോഴേക്കും നേരം പരപരാ വെളുത്തിരുന്നു. അവളിനിയും എഴുന്നേറ്റിട്ടില്ല. ചെറിയൊരു മയക്കത്തിനു ശേഷം കൈയ്യിൽ കിട്ടിയൊരു പാത്രവുമായി മൊയ്തൂട്ടിക്കയുടെ കടയിലേക്ക്..... തിരികെ വരുമ്പോഴേക്കും അവൾ തയ്യാറായിരുന്നു.

"ഒന്നു തടാകത്തിൽ മുങ്ങി വരിക... "

ഒരക്ഷരമുരിയാടാതെ, വസ്ത്രം പോലും മാറാൻ നിൽക്കാതെ അവൾ പറഞ്ഞതനുസരിച്ചു. തന്നിലെ പ്രതിഭയുടെ ആഴമളക്കുന്ന ഘട്ടമാണിത്. ഇവിടെയാണ് എനിക്ക് എന്നെ തന്നെ ലോകത്തിനു കാണിച്ചു കൊടുക്കേണ്ടത്. ഞാൻ

പണിയാരംഭിക്കുന്നു, അതിനുമുൻപ് എന്നെ പരിചയപ്പെടുത്തണ്ടേ, ഞാൻ, ഞാനൊരു പാവം ശിൽപിയാണ്. പാറകളിൽ നിന്നും മരങ്ങളിൽ നിന്നും മണ്ണിൽ നിന്നും എനിക്കിഷ്ടപ്പെട്ട രൂപങ്ങൾ സൃഷ്ടിക്കുന്നൊരു പാവം ശിൽപി.

"തുടങ്ങാം അല്ലേ....."

അവൾ എന്റെ മുൻപിൽ വിവസ്ത്രയായി. അവളുടെ ശരീരത്തിലെ അവസാന നൂൽകഷണവും അഴിഞ്ഞു വീണപ്പോൾ എന്റെ ശരീരത്തിലുയർന്ന താപത്തിൽ നിന്നും ഞാനെന്നും അഹങ്കരിച്ചിരുന്ന വ്രതശുദ്ധിയുടെ ആഴം ഞാനറിഞ്ഞു. അവളുടെ സൗന്ദര്യം എനിക്കൊരു വെല്ലുവിളിയാണ്. അന്തം വിട്ടുള്ള തന്റെ നിൽപിനു ദൈർഘ്യമേറിയപ്പോൾ അതിന്റെ അസ്വസ്ഥത അവളുടെ കണ്ണുകളിൽ കാണാറായി. പണ്ടെങ്ങോ തഞ്ചാവൂരിലെ കൽക്ഷേത്രങ്ങൾക്കിടയിൽ കണ്ടു മറന്ന ഏതോ ഒരു ശിൽപത്തെ ഓർമ്മിപ്പിക്കും വിധം അവളുടെ രൂപലാവണ്യം. ആ രൂപം തന്നെ ആവാഹിക്കുവാൻ ശ്രമിക്കുകയായിരുന്നു ഞാൻ. ആ രൂപത്തിന്റെ സ്കെച്ചസ് അവളുടെ മുന്നിലേയ്ക്കിടുമ്പോഴും എന്റെ കണ്ണുകൾക്കു മുന്നിൽ തീർത്ത മറ മാറിയിട്ടുണ്ടായിരുന്നില്ല. മൃഗതൃഷ്ണയുടെ പുകമറയ്ക്കുള്ളിലായിരുന്നു ഞാൻ.

എന്റെ സ്കെച്ചസിനൊത്ത് അവൾ എന്റെ മുന്നിൽ നിന്നപ്പോൾ ഞാൻ മനസ്സിൽ കണ്ട രൂപവുമായി ഏറെകുറേ സാമ്യം മാത്രമായിരുന്നു അവൾക്ക്. എന്റെ സൃഷ്ടിയുടെ രൂപത്തെ അവൾക്കു വിട്ടു. ഒരു ശിൽപിയുടെ നിയന്ത്രണത്തിൽ നിന്നും ഞാൻ പ്രപഞ്ചസത്യങ്ങളിലേയ്ക്കു വിട്ടു എന്റെ സൃഷ്ടിയുടെ രൂപം. ഒന്നിനും രൂപം ഉണ്ടാക്കപ്പെടേണ്ടതല്ല. പ്രപഞ്ചത്തിൽ എല്ലാം സ്വയം രൂപം പ്രാപിക്കേണ്ടതാണ്. രൂപങ്ങളും ഭാവങ്ങളും വികാരങ്ങളുമെല്ലാം. നിമിഷങ്ങളോളം അവൾ ഒരു തൃഷ്ണയായി എന്റെ മസ്തിഷ്ക്കത്തിൽ ഉറഞ്ഞുനിന്നു. ഒടുവിൽ അവ പുകച്ചു തീർക്കുവാനായി ഞാൻ കൈവിരലുകൾക്കിടയിൽ ആറാം വിരൽ തിരുകി. നിമിഷാർദ്ധങ്ങൾ ഇടവിട്ട് അവ ചുണ്ടുകൾക്കിടയിലിരുന്നു പുകഞ്ഞു. അവ എരിഞ്ഞു തീർന്നപ്പോൾ പുതിയൊരാവേശമുയർന്നു.

മറ്റൊന്നു കൂടി അവിടെ തിരുകി. ഇടതു കൈവിരലുകൾക്കിടയിൽ ഉരുക്കിന്റെ ഏഴാം വിരൽകൂടി തിരുകുമ്പോൾ എന്റെ കണ്ണുകൾക്കു മുന്നിലെ പുകമറയിൽ അവളുണ്ടായിരുന്നില്ല. ആ രൂപം മാത്രം... അവയെ ഞാൻ കല്ലുകളിലേക്കാവാഹിച്ചു.

വളരെ വൈകി മൊയ്തുട്ടിക്കയുടെ ചായക്കടയിൽ നിന്നും വാങ്ങി വന്ന ഭക്ഷണം കഴിക്കുമ്പോൾ അവൾ എന്നോടു ചോദിച്ചു.

"നിങ്ങളുടെ പേരെന്താണ്....?"

"നിനക്കെന്നെ ഞങ്ങളുടെ കുലത്തിലെ ഏറ്റവും ശ്രേഷ്ഠനായ വ്യക്തിയുടെ പേരിട്ടു വിളിക്കാം - വിശ്വകർമ്മാവ്. ഈ ലോകം തീർത്തതു ഞാനല്ല. പക്ഷെ ഞാൻ സൃഷ്ടിച്ചതെല്ലാം എന്റെ ലോകങ്ങളാണ്. എന്റെ ഭാവിയും, ഭൂതവും വർത്തമാനവുമാണ്. എന്താ നിന്റെ പേര്....?"

"നിങ്ങൾക്കെന്നെ ദേവദാസിയെന്നു വിളിക്കാം. കാരണം സൃഷ്ടിയുടെ പിന്നിലെ സംഘട്ടനമുൾക്കൊള്ളുന്ന നിങ്ങൾ ദേവനാണ്. നിങ്ങളെ പോലെ ഓരോരുത്തരും."

അവൾ ചിരിച്ചു.

സൃഷ്ടിയുടെ ഒന്നാമത്തെ രാത്രി.

വൃശ്ചികനിലാവിന് വല്ലാത്തൊരു ഭംഗിയുണ്ട്. മജ്ജ വരെ കോച്ചുന്ന തണുപ്പും. ആ തണുപ്പിലും ഞങ്ങൾ രണ്ടുദേഹങ്ങൾ മാത്രം ഉഷ്ണിച്ചു നിന്നു. അവളുടെ ശരീരത്തിൽ മഞ്ഞു പെയ്തു. നിലാവിലെയും ഇടയ്ക്കിടെ കാറ്റിന്റെ ശല്യത്തെ അതിജീവിച്ച് വിളക്ക് കനിഞ്ഞനുഗ്രഹിച്ച അരണ്ട വെളിച്ചത്തിലും ഞാനവളെ ഒരിക്കൽ കൂടി സശ്രദ്ധം പഠിച്ചു. എന്റെ ഇന്ദ്രിയങ്ങൾ മുഴുവൻ അവൾ നിറഞ്ഞു. ഇടയ്ക്കിടെ അവ എന്റെ താളം തെറ്റിച്ചു.

"നീ നിന്റെ മാറിടങ്ങൾ മറക്കു. എന്റെ താളം തെറ്റുന്നു. മനസ്സെത്തുന്നിടത്ത് ഉളിയെത്തുന്നില്ല."

അവൾ മാറിടങ്ങൾ മറച്ചു. ആറാം വിരലുകൾ എരിഞ്ഞു തീർന്നുകൊണ്ടിരുന്നു. ഏഴാം വിരൽ ഇടതടവില്ലാതെ ചെച്ചുവെച്ച്. ഇടയ്ക്ക് ഏഴാം വിരലിനു കൽപിച്ച വിശ്രമ വേളയ്ക്കിടയിൽ അവൾ എന്നോടു തിരക്കി.

"ജനനം ?"

"പ്രപഞ്ച വിശാലതയിൽ, ഗ്രഹങ്ങളുടെ പരിക്രമങ്ങൾക്കിടയിൽ, കാലചക്രം നശ്ചലമായ ഏതോ ഒരു നിമിഷത്തിൽ...... നിന്റെ ?"

ജീവിതത്തിന്റെ പരിണാമദശകളിൽ സുഖലോലുപതയ്ക്ക് പുതിയ അർത്ഥതലങ്ങളുണ്ടായപ്പോൾ...."

അർത്ഥം ഗ്രഹിക്കാൻ ഞാനൊരു നിമിഷമെടുത്തു. കല്ലുകളിൽ തട്ടി ഏഴാം വിരൽ വീണ്ടും ശബ്ദമുണ്ടാക്കിയപ്പോൾ എനിക്ക് ആ ശബ്ദം ഉൻമാദമായി. ഞാൻ പൂർണ്ണമായും എന്റെ കൈകളെ നിയന്ത്രിച്ചു കഴിഞ്ഞു.

സൃഷ്ടിയുടെ രണ്ടാം ദിവസം

അവളുടെ നിൽപ് രണ്ടാം ദിവസത്തിലേയ്ക്ക് നീളുന്നു. ഇടയ്ക്കവൾ സ്റ്റൂളിലിരുന്നു വിശ്രമിച്ചു.

"നിങ്ങളെയാരാ ഇതൊക്കെ പഠിപ്പിച്ചത് ?"

"അച്ഛൻ....!"

"അച്ഛൻ ?"

"മൊയ്തുട്ടിക്കാ പറയുംപോലെ മണ്ണു തന്നെ എന്റെ

*അവൾ എന്റെ മുൻപിൽ വിവസ്ത്രയായി. അവളുടെ ശരീരത്തിലെ അവസാന നൂൽകഷണവും അഴിഞ്ഞു വീണപ്പോൾ എന്റെ ശരീരത്തിലുയർന്ന താപത്തിൽ നിന്നും ഞാനെന്നും അഹങ്കരിച്ചിരുന്ന വ്രതശുദ്ധിയുടെ ആഴം ഞാനറിഞ്ഞു.*

അച്ഛൻ.....”

അവൾ വീണ്ടും എഴുന്നേറ്റു.

“ഇതിനു മുൻപ് നിങ്ങൾ എത്ര തവണ ഇങ്ങനത്തെ ശിൽപങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ?”

“ഒരു പാടു തവണ......” പിന്നെയവൾ ഒന്നും ചോദിച്ചില്ല.

ഇത് ആറാം ദിവസം

ഇനിയും ശിൽപം പൂർണ്ണരൂപമായിട്ടില്ല. അവളുടെ കവിൾത്തടങ്ങളിൽ ഋതുഭേദങ്ങൾ മാറിമാറി വരുന്നു. ഞാൻ തീർത്ത ശിൽപത്തിൻെറ അടിവയറ്റിൽ സംസ്കാരങ്ങളും. ദിനങ്ങൾ അവളെ നിരന്തരം മാറ്റങ്ങൾക്കു വിധേയയാക്കി. ആ മാറ്റങ്ങളെല്ലാം ഞാൻ സശ്രദ്ധം പഠിച്ചു.

“ഞാൻ ആ ശിൽപമൊന്നു കണ്ടോട്ടെ !”

അവളുടെ കണ്ണുകളിൽ ആശയുടെ തിരിനാളം

“ഇപ്പോ കാണാൻ പറ്റില്ല.”

“എന്നു കാണാൻ പറ്റും ?”

“പൂർണ്ണതയിലെത്തുമ്പോൾ.”

“എന്നു പൂർണ്ണമാകും ?” അവളുടെ കണ്ണുകളിൽ ആകാംക്ഷ അലയടിച്ചു.

“ഇനിയും ദിവസങ്ങളെടുക്കും.”

“എൻെറ വില കുതിച്ചുയരുന്നു...... കുസൃതിച്ചിരിയോടെ അവൾ പറഞ്ഞു.

“എനിക്കറിയാം.”

ഞാൻ മനസ്സിൽ കണ്ട രൂപത്തിൽ നിന്നും അവൾ എൻെറ മുന്നിൽ പ്രദർശിപ്പിച്ച രൂപത്തിൽ നിന്നുമൊക്കെ ഒരുപാട് മാറ്റം വന്നിരിക്കുന്നു ഇപ്പോൾ. ഇനി എത്രനാൾ എനിക്കു പിടിച്ചു നിൽക്കാൻ കഴിയും. എനിക്കറിയില്ല. കഴിഞ്ഞ ആറു രാത്രിയിലെ ഉറക്ക ക്ഷീണവും, ആശയക്കുഴപ്പങ്ങളും എന്നെ നീണ്ട നിദ്രയിലേക്ക് വലിച്ച് തള്ളി.

> “നിനക്കറിയോ ഞങ്ങളുടെ കുലത്തിലെ ഏറ്റവും ശ്രേഷ്ഠനായ വ്യക്തിയുടെ പേര്? വിശ്വകർമ്മാവ്. ഈ ലോകം മെനഞ്ഞതു ഞാനല്ല, പക്ഷെ ഞാൻ സൃഷ്ടിച്ചതെല്ലാം എൻെറ ലോകങ്ങളാണ്. എൻെറ ഭാവിയും, ഭൂതവും വർത്തമാനവുമാണ്.

ഒരു സ്വപ്നത്തിൻെറ അന്ത്യം നഷ്ടപ്പെട്ട വേദനയോടെയാണ് ഉറക്കമെഴുന്നേറ്റത്. അവളെവിടെ....? മൊയ്തുട്ടിക്കയുടെ ചായ കുടിച്ച് തിരികെ വന്നപ്പോഴും അവളെ കണ്ടില്ല. അവളെവിടെ? തടാകക്കരയിലും അടുത്ത കാടുകളിലുമെല്ലാം ഞാൻ നോക്കി.

ദിവസങ്ങളോളം നീണ്ട എൻെറ കാത്തിരിപ്പ് അവളെ തേടിയുള്ള എൻെറ ആദ്യത്തെ കാത്തിരിപ്പിനെ ഓർമ്മിപ്പിച്ചു.

മനസ്സിൽ ഒരു മുഖവുമായി ഞാൻ അലഞ്ഞ തെരുവുകൾ എൻെറ മുന്നിൽ തെളിഞ്ഞു. ദിനങ്ങൾ ആഴ്ചകളായി, ആഴ്ചകൾ മാസങ്ങളും.... അപൂർണ്ണമായ ശിൽപം ദിവസം തോറും എന്നിൽ പുതിയ വികാരങ്ങളുണർത്തി. കാലത്തിനൊത്ത് എരിഞ്ഞടങ്ങി എന്ന് ഞാൻ ആശ്വസിച്ച വികാരങ്ങളും മോഹങ്ങളും. ആ വികാരങ്ങൾ ഇന്ദ്രിയങ്ങളിൽ നിറഞ്ഞപ്പോൾ അവയുടെ മൂർദ്ധന്യാവസ്ഥയിൽ ഞാൻ അവളെ തിരക്കിയിറങ്ങി.

ആഴ്ചകളോളം നീണ്ട യാത്ര മാസങ്ങൾ പിന്നിട്ടപ്പോഴും കണ്ടെത്താൻ എനിക്ക് കഴിഞ്ഞില്ല. എൻെറ ആദ്യയാത്രയിൽ നിന്നൊരുപാട് വ്യത്യാസമുണ്ട് ഇതിന്. അന്നു മനസ്സിൽ ആഗ്രഹിച്ച ഒരു മുഖം മാത്രമായിരുന്നു. ഇന്നങ്ങനെയല്ല ഒരി വ്യക്തിയെയാണ് തിരയുന്നത് ഒടുവിൽ വടത്തക്കൊരു ദേവദാസിതെരുവിൽ അന്വേഷണങ്ങൾ അവസാനിക്കും. സൃഷ്ടിക്കു പിന്നിലെ സംഘട്ടനം എൻെറ അന്തരംഗത്തിൽ പുതിയ ചലനങ്ങൾ തീർത്തു. ഒടുവിൽ ആ ഹോമാഗ്നിക്കുണ്ഡത്തിലേക്ക് ഞാൻ എന്നെത്തന്നെ ഹോമിക്കുവാനുറച്ചു. മരണത്തിനു തൊട്ടുമുമ്പുള്ള നിമിഷം, അപൂർണ്ണമായ ആ ശിൽപം ഒരിക്കൽ കൂടി ഉൻമാദമാക്കി. മനസ്സിൽ തിളച്ചു മറിഞ്ഞ ആ തൃഷ്ണ മരണത്തെ പോലും അതിജീവിക്കും.

പുരുഷാർത്ഥങ്ങളുടെ സുപ്രധാനമായൊരു ഭാഗത്തിൻെറ പൂർത്തീകരണത്തിനുവേണ്ടിയാണ് ഞാനിവിടെയെത്തിയത് ഈ ദേവദാസിതെരുവിൽ... ചീഞ്ഞശരീരങ്ങളും, ദുഷിച്ച രക്തവും, മറ്റു വിസർജ്ജന വസ്തുക്കളും ഒഴുകുന്ന ഇവിടത്തെ ഓടകൾ ഒരിക്കൽ കൂടി എന്നിലെ ആദർശങ്ങളുടെ മാറാ പ്പഴിക്കും..... വെറുതെയാണെന്നെനിക്കു തന്നെ ബോധ്യ മുണ്ടായിരുന്നു.

ആ തെരുവിലെ ഒരു ഇടുങ്ങിയ മുറിയിൽ ഞാനവളെ കണ്ടെത്തി..... ആലസ്യത്തോടെ, അർദ്ധനഗ്നയായി കിടന്ന ദേവദാസിയെ..... അവൾ തീർത്തും അപരിചിതയെപോലെ ചിരിച്ചു. വശ്യത ആവശ്യത്തിലേറെ വിളക്കിചേർത്ത ആ ചിരി എന്നിൽ പ്രത്യേകിച്ചൊരു ഭാവവ്യത്യാസങ്ങളൊന്നും ഉണ്ടാക്കിയില്ല.

“ശിൽപം ഇപ്പോഴും അപൂർണ്ണമാണ്”

അവൾ എന്നെ ഓർമ്മിച്ചെടുക്കാൻ ഒരു ശ്രമം നടത്തി യിരിക്കണം. ക്ഷണനേരത്തെ അവളുടെ നിശബ്ദതയ്ക്കതാവാം നിദാനം.

“വിശ്വകർമ്മാവ്....!”

അവൾ എന്നെ തിരിച്ചറിഞ്ഞപ്പോഴേക്കും ഞാൻ വല്ലാത്തൊരാശയ കുഴപ്പത്തിലെത്തിയിരിക്കുന്നു. ഇനി എൻെറ ശിൽപത്തിന് ഇവളെ എങ്ങനെ ഉപയോഗിക്കും.. അതൊരു വലിയ ചോദ്യമായി.

“ദേവദാസി... കൂലി പോലും വാങ്ങാതെ നീയെന്താ എൻെറ പണിപ്പുരയിൽ നിന്നും പോന്നത് ....?”

“നിങ്ങളുറങ്ങുകയായിരുന്നു.”

അവൾ ചിരിച്ചു.

“ഞാനാ ശിൽപം അന്നു രാത്രി കണ്ടു.. വൃശ്ചിക നിലാവിൻെറ വെളിച്ചത്തിൽ.”

അവൾ മധുരമൂറുന്ന ഒരോർമ്മയിലായിരുന്നു.

“എനിക്കതിനോട് അസൂയ തോന്നി. അതെന്നേക്കാൾ സുന്ദരിയായിരുന്നു, എൻെറ മൂർത്തിഭാവങ്ങളെല്ലാം ആ കല്ലുകൾ ഉൾക്കൊണ്ടു. എൻെറ പവിത്രത അലങ്കാരം മാത്രമായിരുന്നില്ല. അതെനിക്കു മുന്നിൽ ഒരു ദേവതയായി. എനിക്ക് പുതിയ പാതകൾ കാണിച്ചു തന്നു. എൻെറ സൗന്ദര്യത്തെക്കുറിച്ചും ഞാൻ ബോധവതിയായി. കണ്ടില്ലേ ഇന്നെനിക്ക് അതൊന്നുമില്ല.”

അപ്പോഴും അപൂർണ്ണമായ എന്റെ ശിൽപത്തെ ക്കുറിച്ചോർത്തു നീറുകയായിരുന്നു ഞാൻ.

വിശ്വകർമ്മാവേ നീ എന്റെ പവിത്രത മുഴുവൻ ഊറ്റി യെടുത്തു കല്ലുകൾക്ക് നൽകി. നീ പറഞ്ഞ പോലെ ആ ശിൽപം സംസ്കാരങ്ങളെ പ്രസവിക്കും. അതിന്റെ ആലില വയറിന് അത്രമാത്രം സൗന്ദര്യമുണ്ട്.

"പൂർത്തിയാക്കേണ്ടേ......?"

"എന്തിന് ? ആ ശിൽപം പൂർത്തിയായാൽ നീ ഒരു പാട് ഉത്തരങ്ങൾ പറയണം. കൂട്ടത്തിൽ എന്റെ കഥയും. നിന്റെ മുന്നിൽ ആ വൃശ്ചിക നിലാവിൽ നിന്ന ഞാനല്ല ഇന്നത്തെ ഞാൻ...... ആ കഥയും നീ പറയേണ്ടി വരും. ഇപ്പോൾ അതിനു സമയമില്ല.... സമയമാവട്ടെ ഞാൻ പറയാം..."

"എപ്പോഴായാലും.....?"

"എന്റെ യൗവ്വനം തീരട്ടെ..."

"അതു വരെ ഞാൻ....."

"നീ എന്റെ മടിത്തട്ടിൽ ഉറങ്ങിക്കോളൂ സമയമാവുമ്പോൾ ഞാൻ വിളിച്ചുണർത്താം..."

ശിൽപി ദേവദാസിയുടെ മടിത്തട്ടിൽ ഉറങ്ങി..... ദിവസ ങ്ങളോളം, മാസങ്ങളോളം ഇന്നും ആ ഉറക്കം തുടരുന്നു. അപൂർണ്ണമായ ഈ ശിൽപം ഒരുപാട് സംസ്കാരങ്ങളെ പ്രസവിക്കും. അതിനേപോലെ തന്നെ അപൂർണ്ണമായ ഒരു പാട് സംസ്കാരങ്ങളെ. അവ മറ്റു സംസ്കാരങ്ങളുമായി ഇണചേർന്നു. അങ്ങനെ ഒരു പാട് സങ്കരയിന സംസ്കാരങ്ങൾ ജനിക്കും. നമ്മളൊക്കെ അതിന്റെ ഭാഗമാണ്.

പെട്ടന്നവൾ വിളിച്ചുണർത്തി. എന്റെ കണ്ണിലേക്കു നോക്കി വല്ലാത്തൊരു ലാളനയോടെ ചോദിച്ചു.

"നീയാരാ.....?"

"ഞാൻ..... ഞാൻ ഒരു പാവം ശിൽപി..."

"എന്താ നിന്റെ പേര്....."

"നിനക്കെന്നെ ഞങ്ങളുടെ കുലത്തിലെ ഏറ്റവും ശ്രേഷ്ഠനായ വ്യക്തിയുടെ പേരിട്ടു വിളിക്കാം വിശ്വകർമാവ്. ഈ ലോകം സൃഷ്ടിച്ചത് ഞാനല്ല. പക്ഷെ ഞാൻ സൃഷ്ടിച്ചതെല്ലാം എന്റെ ലോകങ്ങളാണ്..... നീയാരാ ?"

"ഞാൻ..... ഞാൻ ദേവദാസി...."

പിന്നെയവർ വെറുതെ ചിരിച്ചു. ആ ചിരിയുടെ സൗന്ദര്യത്തിൽ കന്നി നിലാവ് വീണ്ടും നാണിച്ചു.....

●


## COURSES FOR ALL

| | | |
|---|---|---|
| A'SENTCOMPUTER DIPLOMA | FOR | COLLEGE STUDENTS |
| MS-Office | FOR | BEGINNERS |
| Unix, C, Novell, C++, windows etc. | FOR | JUNIOR PROGRAMMERS |
| Oracle 7, VisualBasic & C++ Power Builder | FOR | SOFTWARE PROFESSIONALS |
| ACD (Export Oriented Concurrent Diploma | FOR | FRESH GRADUATES |

*O.S. 47, GCDA complex IV Floor, Marine Drive, COCHIN - 682 031. Tel : 374250, 380589*

BOSTON'S COMPUTER INSTITUTE

YOUR BIGGEST CAREER BUILDER

**Regd. Office : 13, ARPAN, NEAR NANANATHI SCHOOL, VALLABHBHAI ROAD, VILE PARLE (W), BOMBAY-400 056**

മാർക്കോസ് വി.പി.

# അശ്ലീലം

അശ്ലീലമെന്നത് നമുക്കൊരു നീണ്ട പട്ടികയാണ്. അശ്ലീലത്തിന്റെ ലേബലിൽ കുറെ ചെയ്തികളും കുറെ വാക്കുകളും നാം ഉരുവിട്ടു പഠിക്കുന്നു. അതോടൊപ്പം ഇങ്ങനെ മനഃപാഠമാക്കേണ്ട ഒന്നല്ല വാസ്തവത്തിൽ അശ്ലീലം എന്ന് നാം മറന്നുപോവുകയും ചെയ്യുന്നു. 'നാം മറന്നു പോവുന്നു' എന്നതിനേക്കാൾ 'നാമറിയുന്നില്ല' എന്നതാണ് കൂടുതൽ ശരി. നമ്മുടെ അറിവുകൾ സമൂഹത്തിന്റെ സദാചാര സങ്കല്പത്താൽകൂടി ചെത്തിമിനുക്കപ്പെടുന്നു എന്നതിനാലാണ് തിരുത്ത് ആവശ്യമാകുന്നത്. മുതിരുമ്പോഴേക്കും നാമറിയാതെതന്നെ അശ്ലീലപ്പട്ടിക നമ്മുടെ തലച്ചോറിൽ സംഭരിക്കപ്പെടുന്നു. ആർജ്ജിതമായ സാമൂഹിക സാംസ്കാരിക ബോധവുമായി ബന്ധപ്പെട്ട് ഉരുത്തിരിയേണ്ടുന്ന അശ്ലീല സങ്കല്പത്തെ ഈ ബന്ധത്തിൽനിന്നും അടർത്തിമാറ്റി പട്ടികയിലാക്കുന്ന ഇന്നത്തെ അവസ്ഥ ഏറെ ഗുരുതരമാണ്. ഈ പട്ടികയിൽ പെടുന്നവ അശ്ലീലം, അല്ലാത്തവ ശ്ലീലം എന്ന മൂഢധാരണയിൽ മുഴുകിയിരിക്കുന്ന നാം അതിന്റെ ഗൗരവത്തെക്കുറിച്ച് ആലോചിക്കുന്നില്ല എന്നുമാത്രം, ചുരുങ്ങിയത് അപകടകരമായ രണ്ടുവശങ്ങൾ ഈ മനഃപാഠപ്രക്രിയയിൽ അടങ്ങിയിരിക്കുന്നു എന്നു കാണാം. യഥാർത്ഥത്തിൽ എന്താണ് അശ്ലീലം എന്ന് നാം തിരിച്ചറിയുന്നില്ല എന്ന ഭീകരമായ അവസ്ഥയാണ് അതിൽ ആദ്യത്തേത്. ഇതിന്റെ തുടർച്ചയായി തന്നെയാണ് രണ്ടാമത്തെ വശം വരുന്നത്. വാസ്തവത്തിൽ അശ്ലീലമായിരിക്കുന്ന പലതും നമുക്ക് ശ്ലീലങ്ങളും ശ്ലീലമായിരിക്കുന്ന പലതും നമുക്ക് അശ്ലീലങ്ങളുമാണ് എന്ന പരി ഹാസ്യതയെ ഉൾക്കൊള്ളുന്നതാണ് ഈ വശം.

ഒരു പദവും അശ്ലീലമായി പിറക്കുന്നില്ല എന്ന് ചുരുക്കി പറയാം.

അശ്ലീല സങ്കല്പത്തിന്റെ പുനഃസ്ഥാപനത്തിന് സാമൂഹികാവബോധത്തെ മുഴുവൻ അഴിച്ചുപണിയേണ്ടതുണ്ട്. സന്ദർഭമാണ് അശ്ലീലത്തെ നിർണ്ണയിക്കുന്നത്; നിർണ്ണയിക്കേണ്ടത്. അഥവാ സന്ദർഭത്തിന് നിരക്കാത്തതാണ് അശ്ലീലം. 'അസ്ഥാനത്തെ വസ്തു അഴുക്ക്, അസ്ഥാനത്തെ വാക്ക് അശ്ലീലം' എന്നു സുരാസു പറഞ്ഞതു തന്നെ കാര്യം. ഒരു മെഡിക്കൽ ക്ലാസ്സിലോ ചിത്രരചനാക്ലാസ്സിലോ നഗ്നത അശ്ലീലമാകുന്നില്ല എന്നത് ഇതിന് കൃത്യമായ തെളിവാണ്. കൂട്ടുകാരനെ സംബോധന ചെയ്യാൻ അശ്ലീലമെന്നു വെച്ചിട്ടുള്ള പദങ്ങൾ തെരഞ്ഞെടുക്കുന്നവരാണ് നാം. ഏറ്റവും അടുത്ത കൂട്ടുകാരനെ ഏറ്റവും ദൂഷിച്ചതെന്നു വെച്ചിട്ടുള്ള അശ്ലീല പദംകൊണ്ട് നാം സംബോധനചെയ്യുന്നു. അവിടെയൊന്നും യാതൊരശ്ലീലതയും നാം കാണുന്നില്ല. എന്നാൽ കേട്ടുനിൽക്കുന്ന അപരിചിതൻ ചെവി പൊത്തിയെന്നു വരാം. ഇവിടെയൊക്കെ സാമൂഹികമോ വൈയക്തികമോ ആയ സന്ദർഭങ്ങളാണ് അശ്ലീലത്തെ നിർണ്ണയിക്കുന്നത്. ബന്ധത്തിന്റെ ദൃഢതയാണ് ഇതിന് കാരണം എന്ന് പറയുക വയ്യ. അങ്ങനെയെങ്കിൽ രക്തബന്ധത്തിലേക്ക് ഇക്കാര്യം വ്യാപിപ്പിക്കാൻ കഴിയേണ്ടതാണല്ലോ, അങ്ങിനെ കഴിയുന്നില്ല എന്നതാണ് വാസ്തവം. സ്വാതന്ത്ര്യത്തിന്റെ പ്രശ്നം തന്നെയാണ് ഇവിടെ കാണാവുന്നത്. ഒരു പദവും അശ്ലീലമായി പിറക്കുന്നില്ല എന്ന് ചുരുക്കി പറയാം. അശ്ലീലപ്രതീതിക്കുവേണ്ടി കരുതിക്കൂട്ടി നാം വാക്കുപയോഗിക്കുകയും ക്രമേണ അത് മൂഢമാവുകയും ചെയ്യുകയാണ് പതിവ്. ഇതിനു പിന്നിൽ സാമൂഹിക ബന്ധങ്ങളുടേതായ നിരവധി കാരണങ്ങൾ ഉണ്ടാവും എന്നുമാത്രം.

വേശ്യകൾക്ക് താഴ്ന്നതല്ലാത്ത ഒരു സ്ഥാനം നൽകിയിരുന്ന സാമൂഹിക ബന്ധത്തിൽ വ്യഭിചാരപരാമർശങ്ങൾ അശ്ലീലമാകുന്നില്ല. വേശ്യാവൃത്തി അധമമാണ് എന്ന് സമൂഹം കരുതിത്തുടങ്ങിയപ്പോഴാണ് അവ അശ്ലീലമായത്. 'കൂത്തച്ചി' എന്നും 'തേവിടിശ്ശി (ച്ചി)' എന്നും പറഞ്ഞാൽ പൂജ്യയായ സ്ത്രീ എന്ന് അർത്ഥമുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു എന്നോർക്കുക. സ്ത്രീപുരുഷൻമാർ പരസ്യമായി ചുംബിക്കുന്നത് (ചുംബനപരാമർശംപോലും) നമുക്ക് അശ്ലീലമാണെങ്കിൽ പാശ്ചാത്യർക്ക് അഥിതികളെ സ്വീകരിക്കാനുള്ള ആചാരങ്ങളിലൊന്നാണത്. അവിടെ ഇക്കാര്യത്തിൽ സ്ത്രീപുരുഷ ഭേദമില്ല. കോവളം ബീച്ചിലെ സായിപ്പിന്റെയും മദാമ്മയുടെയും വസ്ത്രധാരണരീതി നമുക്ക് അശ്ലീലമാകുമ്പോൾ അവർക്കതിൽ യാതൊരു അശ്ലീലപ്രതീതിയും ഉണ്ടാകുന്നില്ല. കാമത്തെക്കുറിച്ചുള്ള നമ്മുടെ വികല മായ സങ്കല്പങ്ങളാണ് ഇവിടെ നിശിതമായി വിമർശിക്കപ്പെടേണ്ടത്. അശ്ലീലം എന്നത് പലപ്പോഴും കാമവുമായി ബന്ധപ്പെട്ട ഒന്നാണല്ലോ.

സാമൂഹിക ബന്ധത്തോടൊപ്പം നമ്മുടെ സാംസ്കാരിക ബോധവും അശ്ലീലസങ്കല്പത്തെ നിർണ്ണയിക്കുന്നുണ്ട്. മുൻപറഞ്ഞ സായിപ്പും മദാമ്മയും എല്ലാ കാഴ്ചക്കാരിലും അശ്ലീല പ്രതീതി ജനിപ്പിക്കുന്നില്ല എന്നിടത്താണ് ഞാൻ ഊന്നുന്നത്.

കപട സദാചാരങ്ങളെ കരുതിത്താലോലിക്കുന്ന ഒരു സമൂഹം അവയെ നിലനിർത്താൻ ചതുരുപായങ്ങളും പ്രയോഗിക്കുന്നു. പലപ്പോഴും നമ്മുടെ ഭീരുത്വം മൂലം നാമത് സഹിക്കുകയും ചെയ്യുന്നു. അശ്ലീലമല്ല എന്ന് എനിക്ക് പൂർണ്ണ ബോധ്യമുള്ള കാര്യം (വാക്ക്) പോലും പൊതുവേദിയിൽ പറയാൻ ഞാൻ മടിക്കുന്നു. (കെട്ടിപ്പൊക്കിയ മാന്യതാസങ്കല്പം പൊള്ളയാണെന്നു തിരിച്ചറിയുകയും വിളിച്ചുപറയാൻ ധൈര്യം കാണിക്കുകയും ചെയ്യുന്നതുവരെ ഈ മടി എനിയ്ക്കൊരു അഭയമാണ്). ഈ മടിതന്നെയാണ് അപകടമായ അശ്ലീല ബോധത്തിന് വളമായി, വിളനിലമായി ഭവിക്കുന്നതും. ഇങ്ങിനെ പറഞ്ഞുവരുമ്പോൾ യഥാർത്ഥ അശ്ലീലത്തെ തിരിച്ചറിയാതിരിക്കുക എന്നത് കുറ്റകരമായ ഒരവസ്ഥയാണെന്ന് കാണാം. നമ്മുടെ രാഷ്ട്രീയ നേതാക്കൻമാരും സാഹിത്യ സാംസ്കാരിക നായകൻമാരും അരങ്ങുകളിൽ കയറിനിന്ന് വിളിച്ചു കൂവുന്നതെല്ലാം നമുക്ക് ശ്ലീലങ്ങളാണ്. ഇക്കാര്യത്തിൽ നമ്മുടെ മാധ്യമങ്ങളെയും പ്രതിക്കൂട്ടിൽ നിർത്തേണ്ടിയിരിക്കുന്നു. ഒട്ടും അറിയാത്ത വസ്തുതകളെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്നാണ് അശ്ലീലമെന്ന്, ദുരന്ത സംഭവങ്ങൾ 'കദന കഥ' കളാക്കി വില്ക്കുന്നതാണ് അശ്ലീലമെന്ന് കൺമുമ്പിൽ കാണുന്ന അനീതി വിളിച്ചു പറയാൻ കഴിയാത്ത ഭീരുത്വമാണ് അശ്ലീലമെന്നു നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. തെരുവിൽ വിശക്കുന്ന കുഞ്ഞിന് ഹരിശ്ചന്ദ്ര കഥയും ശാസ്ത്ര നേട്ടങ്ങളും പറഞ്ഞുകൊടുക്കുന്നതാണ് അശ്ലീലമെന്നുകൂടി നാമറിയുന്നു.



Cricket (W)
M.G. University Runners Up



Athletics
1995-'96



Hand Ball (W)
University 4th palce



Team Captains
1995-'96



Hockey (W)
State, University Winners

Cricket
(Men)





Foot Ball (W)
University Third

Soft Ball (W)
University Runners Up



# SPORTS



**Manoj Francis**
Capt. of the M.G.
University Hockey Team



**G.S. Krishna Menon**
Cricket
University Player



**Robin George**
Basket Ball
University Player



**R. Biju Mon**
University Player

## യൂണിവേഴ്സിറ്റി യൂണിയൻ വിന്നേഴ്സ്



സൂരജ് എബ്രാഹം
കവിതാ രചന (ഇംഗ്ലീഷ്)
ഒന്നാം സമ്മാനം.

ഫാരിദിൻ എം.എസ്
പ്രസംഗം
ഒന്നാം സമ്മാനം

# SPORTS DAY











College Foot Ball Team





Hockey Team

# ഡോ. ശങ്കർ ദയാൽ ശർമ്മ കോളേജ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉത്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗത്തിൻെറ മലയാള പരിഭാഷ

ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിൻെറ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കാൻ എനിക്കു ലഭിച്ച അവസരത്തിൽ ഞാനേറെ സന്തോഷിക്കുന്നു. കേരള സമൂഹത്തിൽ ഈ മഹത് സ്ഥാപനം അതിൻെറ നിസ്വാർത്ഥമായ സേവനത്തിൻെറ 75-ാം വർഷം പിന്നിടുകയാണ്. രാജ്യത്തെ നിസ്തുലമായ സേവനങ്ങളിലൂടെ ഉന്നതിയിലെത്തിക്കാൻ യത്നിച്ച ഏറെ പ്രഗത്ഭൻമാരെയും പ്രഗത്ഭമതികളെയും ഈ സ്ഥാപനം സൃഷ്ടിച്ചിട്ടുണ്ട്.

ക്രിസ്തു മതത്തിൻെറയും മറ്റു എല്ലാ മതങ്ങളുടെയും സന്ദേശം മാനവസേവനം ഈശ്വരസേവക്ക് തുല്യമാണെന്നാണ്. ക്രിസ്തുമതം ഭാരതതീരങ്ങളെ സ്പർശിച്ചത് എ.ഡി. 52-ൽ ക്രിസ്തുദേവൻെറ അനുയായിയായ വിശുദ്ധ തോമാ ആലുവയ്ക്ക് അടുത്തുള്ള കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയതോടെയാണ്. അദ്ദേഹം ഇന്ത്യയിൽ ഏഴു പള്ളികൾ സ്ഥാപിച്ചതായി വിശ്വസിക്കപ്പെടുന്നു. ക്രിസ്തീയ പാരമ്പര്യം സഹജസ്നേഹവും സഹാനുഭൂതിയും സേവനമനഃസ്ഥിതിയും ശുഭപ്രതീക്ഷയും ലോകത്തിൽ വ്യാപിപ്പിച്ചു. പള്ളികളുടെ പ്രവർത്തനം ഭാരതത്തിലെ വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുവാൻ ഏറെ സഹായകമായി.

> "സത്യം മനുഷ്യനെ സ്വതന്ത്രനാക്കുന്നു" എന്ന നിങ്ങളുടെ കോളേജിൻെറ ആദർശ സൂക്തം ഇന്ത്യയിലെ, എന്തിന് ലോകമൊട്ടുക്കുമുള്ള എല്ലാ മതങ്ങളുടെയും കാതലായ ആത്മീയഘടകമാണ്.

"സത്യം മനുഷ്യനെ സ്വതന്ത്രനാക്കുന്നു" എന്ന നിങ്ങളുടെ കോളേജിൻെറ ആദർശ സൂക്തം ഇന്ത്യയിലെ, എന്തിന് ലോകമൊട്ടുക്കുമുള്ള എല്ലാ മതങ്ങളുടെയും കാതലായ ആത്മീയഘടകമാണ്. ഇതു തന്നെയായിരുന്നു ബാപ്പു വിൻെറയും തത്വശാസ്ത്രം. 'യങ് ഇന്ത്യ'യിൽ ഡിസംബർ 22, 1927-ൽ ബാപ്പു പ്രസിദ്ധീകരിച്ച വ്യത്യസ്തമായ മതാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള ഒരു പൊതു സന്ദേശത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു:

"ഗിരിപ്രഭാഷണവും ഭഗവത്ഗീതയും തമ്മിൽ ഒരു വ്യത്യാസവും കാണാൻ എനിക്ക് കഴിഞ്ഞിട്ടില്ല. ഒരു ദിവസം, പെട്ടെന്ന് എൻെറ മനസ്സിൽ നിന്നും ഗീത മറഞ്ഞുപോയെന്നിരിക്കട്ടെ. എങ്കിലും എൻെറ കൈയ്യിൽ ഗിരിപ്രഭാഷണത്തിൻെറ പകർപ്പ് ഉണ്ടെങ്കിൽ ഗീതയിൽ നിന്ന് എനിക്കെന്ത് ആനന്ദം ലഭിച്ചുവോ അതേ ആനന്ദം എനിക്ക് ഞാനാദ്യം സൂചിപ്പിച്ച പുസ്തകത്തിൽ നിന്നും ലഭിക്കും".

നമ്മുടെ ദേശീയ ആദർശസൂക്തം 'സത്യമേവ ജയതേ' എന്നാണ്.

ഋഗ്വേദത്തിലെ ഒരു സുപ്രധാനവാക്യത്തിൽ ഇങ്ങനെ കാണുന്നു:

'നിർവചനം പലവിധത്തിലെങ്കിലും സത്യമൊന്നു താൻ!'

സത്യത്തിലേക്കും ദൈവത്തിലേക്കും എത്തിപ്പെടാനുള്ള ഏറ്റവും പ്രധാനമാർഗ്ഗം വിദ്യാഭ്യാസവും വിജ്ഞാനവുമാണ്. നാം ഇങ്ങനെ പറയാറുണ്ട്.

'വിദ്യാഭ്യാസമാണ് നമ്മെ സ്വതന്ത്രരാക്കുന്നത്.'

ഋഗ്വേദത്തിൽ വിജ്ഞാനത്തെയും അറിവിനെയും അന്വേഷിക്കുന്ന ഒരുപാട് പ്രാർത്ഥനകളുണ്ട്. ഋഗ്വേദത്തിലെ സുന്ദരമായ ഒരു ശ്ലോകത്തിൽ ഇങ്ങനെ കാണുന്നു:

'സർവ്വവ്യാപിയായ വെളിച്ചമേ, ജ്ഞാനപ്രകാശനത്തിനായ് ജീവിതം അർപ്പിച്ചിരിക്കുന്നവന് ബുദ്ധിയും ആത്മശക്തിയും ലഭിക്കാൻ അവനിൽ കനിയുക.'

മനുഷ്യൻെറ ഏത് സൃഷ്ടിയേയും ഗവേഷണത്തെയും ദാർശനികതത്വഭാവത്തേയും മുൻപോട്ട് നയിക്കുന്നത് സത്യത്തെ കണ്ടെത്താനുള്ള അവൻെറ ത്വരയാണ്. ശാസ്ത്രത്തെയും മതത്തെയും സ്വാധീനിക്കുന്ന ഘടകവും മറ്റൊന്നല്ല.

ഒരുവനിലെ നൈസർഗിക പ്രതിഭയെ കണ്ടെത്തുവാൻ അവനു സാധിക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. നമ്മുടെ വ്യക്തിവികാസത്തെയും ബുദ്ധിപരമായ വളർച്ചയെയും പരിശീലനത്തിലൂടെ അത് പരിപോഷിപ്പിക്കുന്നു. അർത്ഥമറിയാതെ വാക്കുകൾ ഉരുവിടുന്നതല്ല ഈ പഠനരീതി. വസ്തുനിഷ്ഠമായും യുക്തിനിഷ്ഠമായും ചിന്തിക്കാനുള്ള പരിശീലനമാണത് ഒരു വസ്തുവിനെ പഠനവിധേയമാക്കാനുള്ള കഴിവാർജ്ജിക്കുന്ന പ്രക്രിയയാണത്; ഒടുവിൽ വിജ്ഞാനത്തിൻെറ അനന്തതയിലേക്ക് നമ്മുടേതായി നമുക്കെന്തെങ്കിലും നൽകുവാനും സാധ്യമാക്കുന്ന പ്രതിഭാസമാണത്. അത് വ്യക്തിവികാസത്തെ സഹായിക്കുക വഴി സമൂഹത്തിന് ഉപയോഗപ്രദരായ വ്യക്തികളെ സൃഷ്ടിക്കുകയും ചെയ്യുന്നു. ആത്മവിശ്വാസവും സ്വയം പര്യാപ്ത തയും ഉള്ള പൗരൻമാരായി അത് നമ്മെ ഉയർത്തുന്നു. വ്യക്തികളെ എളിമയുള്ളവരാക്കിത്തീർക്കുന്നതിലും അവരെ സുദീർഘമായ ജീവിതയാത്രയുടെ

അന്വേഷകരാക്കുന്നതിലും വിദ്യാഭ്യാസം ഏറെ സഹായിക്കുന്നു. ഹിതോപദേശത്തിൽ അത് പറഞ്ഞിട്ടുണ്ട്.

"വിജ്ഞാനം ഒരുവനെ വിനയമുള്ളവനാക്കുന്നു. (സത്യത്തിന്റെ മഹത്വവും അപാരതയും മനസ്സിലാക്കുന്നത് വഴി.) വിനയം ഉത്തരവാദിത്വത്തിലേക്കും വിവേചന ബോധത്തിലേക്കും തദ്വാരാ അംഗീകാരത്തിലേക്കും ഒരുവനെ നയിക്കുന്നു."

ഇതേ അഭിപ്രായം തന്നെയാണ് ക്രിസ്ത്യൻ വിശ്വാസ പ്രമേയങ്ങളിൽ വിശുദ്ധമത്തായി പറയുന്നത്:

'ശാന്തശീലർ ഭാഗ്യവാൻമാർ എന്തെന്നാൽ ഭൂമി അവർക്കുള്ളതാകുന്നു.!'

സത്യാന്വേഷണത്തിലേക്ക് നയിക്കുകയാണ് പഠനത്തിന്റെയും വിജ്ഞാനത്തിന്റെയും പരമപ്രധാനമായ ലക്ഷ്യമെന്ന് ചുരുക്കം.

വിജ്ഞാനവ്യാപനത്തിനും ആധുനികവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകുന്ന ക്രിസ്ത്യൻ സമ്പ്രദായം യൂണിയൻ ക്രിസ്ത്യൻ കോളേജ് ആവിഷ്കരിച്ചിരിക്കുന്നത് നിമിത്തം ഈ സ്ഥാപനം രാജ്യത്ത് ഏറെ പ്രാധാന്യമർഹിക്കുന്നു. മറ്റ് മതസ്ഥാപനങ്ങളിൽ നിന്നും യു.സി.സി വേർതിരിക്കപ്പെടുന്നത് അത് ഭാരതീയത ഉൾക്കൊള്ളുന്നുവെന്ന കാരണത്താലണ്. യുവാക്കളും ഊർജ്ജസ്വലരുമായ ഒരു കൂട്ടം 'കേരളമക്കൾ' ഈ സ്ഥാപനം കെട്ടിപ്പടുത്തത് ജനസേവനം എന്ന പ്രമുഖലക്ഷ്യം മുൻനിർത്തിയായിരുന്നു. ഇതിനോട് ബന്ധപ്പെട്ട മറ്റൊരു ഉദ്ദേശ്യം ക്രിസ്തീയ സമുദായങ്ങൾക്കിടയിൽ മറഞ്ഞുകിടന്ന ഐക്യത്തെ ജാതി, മത വകതിരിവി ല്ലാതെ പുനസ്ഥാപിക്കുകയായിരുന്നു.

ഇൻഡ്യയുടെ സമ്പന്ന മായ അനേകത്വപാരമ്പര്യങ്ങളെ കുറിച്ചും പൊതുവായ കലാപരവും ആത്മീയവുമായ പാരമ്പര്യത്തെക്കുറിച്ചും ഏകത്വത്തെക്കുറിച്ചും ഈ സ്ഥാപനം ജനങ്ങളെ ബോധവാൻമാരാക്കി എന്നതുകൊണ്ട് അതർഹിക്കുന്ന പ്രധാന്യം കുറച്ചൊന്നുമല്ല. ഇൻഡ്യയുടെ പുരാതന സംസ്കാരത്തെക്കുറിച്ചും ഏകത്വചിന്താഗതിയെ ക്കുറിച്ചും മതനിരപേക്ഷതയെക്കുറിച്ചും ജനങ്ങളെ പ്രബുദ്ധരാക്കേണ്ടത് ആവശ്യമാണ്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തങ്ങൾ ജീവിക്കുന്ന അന്തരീക്ഷത്തെക്കുറിച്ചും പരമ്പരാഗത നിയമങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവാൻമാരാക്കേണ്ടതും ഭാരതം എന്ന ഏകതാബോധത്തിലേക്ക് അവരെ ആനയിക്കേണ്ടതും അനിവാര്യമാണ്.

1934 ജനുവരി 17 - ൽ ഗാന്ധിജി, നിങ്ങളുടെ കലാലയത്തിൽ എത്തിച്ചേർന്നപ്പോൾ ഉദ്ധരിച്ച ഏകതാ സന്ദേശം ഞാൻ ഓർമ്മിപ്പിക്കുന്നു. 'അയിത്തം' എന്ന സമൂഹികാനാചാരത്തെക്കുറിച്ചാണ് അദ്ദേഹം പ്രസംഗിച്ചത്. അദ്ദേഹം ചൂണ്ടിക്കാട്ടി:

"ഹിന്ദുക്കളും ഹിന്ദുക്കളും തമ്മിലുള്ള അയിത്തം മാത്രമല്ല ഒഴിവാക്കേണ്ടത്..... ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസൽമാൻമാരും പാർസികളും തമ്മിൽ പോലും അയിത്തം ഉണ്ടാകാൻ പാടില്ല." ബാപ്പുവിന്റെ വാക്കുകൾക്ക് നമ്മുടെ സമൂഹത്തിൽ ഏറെ പ്രാധാന്യമുണ്ട്, അതുകൊണ്ടുതന്നെ അത് അനുസരിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

1925-ൽ ഗാന്ധിജി യു.സി.സി. ലേക്ക് നടത്തിയ ഉജ്ജ്വലമായ വരവിനെപ്പറ്റി നിങ്ങളുടെ കോളേജിലെ മുൻ അദ്ധ്യാപകനും പ്രശസ്തനായ സാഹിത്യകാരനും പത്രപ്രവർത്തകനുമായ മാർകം മഗ്രിഡ്ജ് അദ്ദേഹത്തിന്റെ 'Chronicles of wasted time' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. അദ്ദേഹം എഴുതി:

"തിരുവിതാംകൂറിൽ സ്വാതന്ത്ര്യസമരപ്രസ്ഥാനവുമായി ബന്ധപ്പെട്ട് സഞ്ചരിക്കവേ ഗാന്ധിജി യു.സി.സി.യിൽ എത്തിയത് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സ്വരാജ്യസ്നേഹത്തെ തട്ടിയുണർത്താൻ പോന്നതായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ വരവ് കാണുവാൻ റെയിൽവേ സ്റ്റേഷനിലേക്ക് പോയി. പതിനായിരത്തോളം വരുന്ന ഒരു വലിയ ജനക്കൂട്ടം അപ്പോഴേക്കും അവിടെ തടിച്ചു കൂടിയിരുന്നു........ അദ്ദേഹം വിദ്യർത്ഥികളെ അഭിസംബോധന ചെയ്തു അപ്പോൾ അവർ ആവേശഭരിതരായി മഹാത്മഗാന്ധി കി ജെയ്, മഹാത്മഗാന്ധി കി ജെയ് എന്ന് ആർത്തുവിളിക്കുകയായിരുന്നു...... അവരിൽ ഒരു പാട് മാറ്റം സംഭവിച്ചിരുന്നു...... ദേശീയബോധമാണ് അവരെ ആവേശിച്ചത്." സ്വാതന്ത്ര്യസമരത്തിൽ ഈ കോളേജ് പങ്കെടുത്തതിൽ ഞങ്ങളെല്ലാവരും അഭിമാനപൂരിതരാണ്.

ഇന്ത്യയുടെ മഹത്തായ പാരമ്പര്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതോടൊപ്പം പാശ്ചാത്യ സംസ്കാരത്തിന്റെ നല്ല വശങ്ങൾ ഉൾക്കൊള്ളാനും കലാലയ നടത്തിപ്പുകാർ ശ്രദ്ധകാട്ടി. അന്തർദ്ദേശീയ അധ്യാപക സമന്വയത്തിലൂടെ പാശ്ചാത്യ പൗരസ്ത്യ സംസ്കാരങ്ങളുടെ സംയോജനം സാദ്ധ്യമാക്കുവാൻ ഈ കോളേജ് ശ്രമം നടത്തി.

ഈ കോളേജ് ആരംഭിച്ച കാലത്തു തന്നെയാണ് ഗുരുദേവ് രവീന്ദ്രനാഥടാഗോർ തന്റെ 'ശാന്തികേതന' പരീക്ഷണം ആരംഭിച്ചതെന്ന വസ്തുത ഏറെ രസകരമാണ്. 1922 - ൽ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ വന്നപ്പോൾ ഗുരുദേവ് വിശ്വഭാരതി എന്ന പേരുലുള്ള തന്റെ ആശയത്തിനു പിറകിലുള്ള അടിസ്ഥാനപ്രേരണയും മറ്റ് ഭാരതീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അത് ചെലുത്തിയേക്കാവുന്ന പ്രാധാന്യവും വ്യക്തമാക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു:

"ഇന്ത്യ സ്വതന്ത്രയാകണമെങ്കിൽ..... അവളുടെ ഹൃദയത്തിൽ ഒളിച്ചുവെയ്ക്കപ്പെട്ട സുപ്രധാനമായ ഉപഹാരം വെളിച്ചം കാണണം. അത് ലോകമറിയണം..... ഒപ്പം അവളും.... അടച്ചുപൂട്ടപ്പെട്ട വാതിലുകളും ഇരുളും നമ്മെ ലോകത്തിൽ നിന്നകറ്റി നിർത്തുന്നു. അതുകൊണ്ട് നമ്മുടെ അടഞ്ഞ വാതിൽ തുറന്ന് നമുക്ക് ലോകത്തോട് പറയണം: "We also have our contribution of light to make in the lamp festival of the continence." നിങ്ങൾ വിദ്യാർ ത്ഥികൾ മനസ്സിലാക്കേണ്ടത്, നിങ്ങൾ ഈ മഹത് രാജ്യത്തിന്റെ സന്തതികളാണെന്നും അത്കൊണ്ട് നിങ്ങളുടെ പ്രവർത്തനം ഈ രാജ്യത്തിലെ ഏറ്റവും മികച്ച കാര്യങ്ങൾ കണ്ടെത്തി അവയെ ലോകത്തിനായി കാട്ടിക്കൊടുകയുമാണ് എന്നുമാണ്."

ഈ സന്ദേശത്തിന്റെ പ്രസക്തി നിർവചനങ്ങളിൽ ഒതുങ്ങുന്നില്ല. യഥാർത്ഥത്തിൽ പണ്ടത്തെക്കാളേറെ ഈ വചനങ്ങൾക്ക് പ്രധാന്യം ലഭിക്കുന്നത് ഇപ്പോഴാണ്. കാരണം ഇന്ത്യൻ സർക്കാർ ആഗോളവത്ക്കരണവും ലോകസമ്പത്ത് വ്യവസ്ഥയുമായുള്ള ബന്ധവും ആവിഷ്ക്കരിച്ചുകഴിഞ്ഞു. ഈ ചിന്താഗതി ബാപ്പുവും, ഗുരുദേവും ഉദ്ബോധിപ്പിച്ച സംസ്കാരസമന്വയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

യൂണിയൻ ക്രിസ്ത്യൻ കോളേജ് സംഭാവനചെയ്ത മഹത് വ്യക്തികൾ കുറച്ചൊന്നുമല്ല. അവർ ദേശീയലക്ഷ്യങ്ങളായ സമാധാനം, സ്വാതന്ത്ര്യം, ഐശ്വര്യം എന്നിവയ്ക്കായി ദിനരാത്രം യത്നിക്കുന്നു. രാജ്യപുനഃപ്രതിഷ്ഠയ്ക്കും വളർച്ചയ്ക്കും സഹായിച്ച സ്വതന്ത്രരും ഉപയോഗപ്രദരുമായ

പല പൗരൻമാരും യൂ.സി.സി. യുടെ സൃഷ്ടിയാണ്.

പ്രൗഢിയുടെ 75 വർഷങ്ങൾ പിന്നിട്ട്, യൂ.സി.സി. പ്രതാപത്തോടെ വാഴുമ്പോൾ നമുക്ക് ഭാവി പരിപാടികളെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്. ഇതിനകം തന്നെ വിദ്യാർത്ഥികളും അധ്യാപകരും മറ്റ് ശുഭകാംക്ഷികളും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടാകും എന്ന കാര്യത്തിൽ എനിക്ക് ഉത്തമ വിശ്വാസമുണ്ട്.

രണ്ട് കാര്യങ്ങൾ ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി, നിങ്ങളുടെ പ്രവർത്തനങ്ങൾ രാജ്യത്തിന്റെ മതേതര ജനാധിപത്യ പാരമ്പര്യങ്ങളെ പിൻതാങ്ങുന്നതാവട്ടെ. നമ്മുടെ സമൂഹത്തെ ജനാധിപത്യത്തിലൂടെയും ഏകതയിലും വളർത്തേണ്ടത് നാം തന്നെയാണ്.

അടുത്ത നൂറ്റാണ്ടിന്റെ പടിവാതിൽക്കൽ എത്തി നിൽക്കുകയാണ് നമ്മൾ. നിങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലുള്ളവ കാലാനുസൃതമായി വ്യതിയാനങ്ങൾ സ്വീകരിക്കുവാൻ തയ്യാറാവണം. ഇന്ന് വിവിധ മേഖലകളിൽ നമ്മുടെ യുവാക്കൾക്ക് വൻസാദ്ധ്യതകൾ തെളിഞ്ഞു വന്നിരിക്കുന്നു. ലോകസാമ്പത്തികക്രമത്തിൽ അർഹമായ സ്ഥാനം നേടാൻ നമ്മുടെ ശേഷി പരിപോഷിപ്പിക്കണം. നമുക്ക് മുൻതൂക്കമുള്ള മേഖലകൾ വേർതിരിച്ചെടുത്ത് അവിടെ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

വൈജ്ഞാനിക സാങ്കേതികരംഗത്ത് ഇന്ത്യാക്കാർക്ക് ലോകവ്യാപകമായി അംഗീകാരം നേടാൻ കഴിഞ്ഞ വസ്തുത ഞാൻ അഭിമാനപൂർവ്വം വെളിപ്പെടുത്തുന്നു.

ഇത്രയും പറഞ്ഞുകൊണ്ട്, ഏറെ സന്തോഷത്തോടെ യൂണിയൻ ക്രിസ്ത്യൻ കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉത്ഘാടനം ചെയ്തതായി ഞാൻ പ്രഖ്യാപിക്കുന്നു. ഇനിയുമേറെക്കാലം സമൂഹനൻമയ്ക്കായി ഈ കലാലയത്തിന് അർപ്പണബോധത്തോടെ പ്രവർത്തിക്കുവാനാകട്ടെ എന്നു ഞാൻ ആശംസിച്ചുകൊള്ളുന്നു.

ജയ്ഹിന്ദ്


## BASIL STOVE CENTRE

Ph : 627189, Res : 627123
Market Road, Aluva.

സ്റ്റൗകൾക്ക് വേണ്ടി മാത്രമായി ഒരു കലവറ. വിവിധ കമ്പനികളുടെ I.S.I മുദ്രയും 2 വർഷം ഗ്യാരണ്ടിയുമുള്ള സ്റ്റീൽ ഗ്യാസ് സ്റ്റൗകൾ. ബയോഗ്യാസ്. മണ്ണെണ്ണ സ്റ്റൗവുകൾ. സ്പെയർ പാർട്ട്സുകൾ. സ്റ്റാബിലൈസർ ലൈറ്റുകൾ. ഗ്യാസ് മാൻറിൽ കൂടാതെ സദ്യകൾക്കും മറ്റും ആവശ്യമായ വലിയ ഗ്യാസ് സ്റ്റൗകളും. ഗ്യാസ് വിളക്കുകളും വാടകയ്ക്ക് ലഭിക്കുന്നതിനും. റിപ്പയറിംങ്ങിനും സമീപിക്കുക.

## ബേസിൽ സ്റ്റൗ സെൻറർ

ബസ് സ്റ്റാൻറിനും, ഫയർസ്റ്റേഷനും മദ്ധ്യേ.

**N.B.** *പഴയ സ്റ്റൗകൾക്ക് പകരം* **I.S.I** *മുദ്രയുള്ളതും 2വർഷം ഗ്യാരണ്ടിയുള്ളതുമായ പുതിയ ഗ്യാസ് സ്റ്റൗവുമായി എക്സ്ചേഞ്ച് സൗകര്യം ലഭിക്കുന്നു.*

*WITH BEST COMPLIMENTS FROM :-*

## MAX-WIN ACADEMY

JAYA TOURIST HOME, N. PARAVUR.
PH : 442167 (P.P)

പുതിയ ബാച്ചുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

❖ആട്ടോ ഇലക്ട്രീഷൻ എൻജിനീയറിംഗ് ❖അലൂമിനിയം ടെക്നോളജി. ❖സ്പോക്കൺ ഇംഗ്ലീഷ്

കടുകു തുളച്ചതി-
ലേഴാഴിയുൾക്കൊള്ളിച്ചു
കുറിയ നുറുങ്ങുക-
ളാക്കിയ കുറളിതാ!

കൺമണിയിൽക്കൂടികൊള്ളും നീയലേ, നീയൊഴിയുക
പെൺമണിക്കൊണ്ടിടം വേറെ വസിച്ചുകൊൾവാൻ

ദൃക്കുമ്പോൾ പ്രണയബന്ധമത്ര ഞങ്ങൾ തമ്മി-
ന്നുമ്പോളവരുടെ വേർപാടിന്നൊപ്പം.

മരിക്കുന്നോ?-നല്ല ചോദ്യം, മൊഴിനോട്ടക്കണ്ണാളെ ഞാൻ
ന്നിട്ടുവേണ്ടേ വീണ്ടുമോർമ്മിപ്പാൻ മറ്റോ!

ഉണ്ണുകില്ല, ചുടുകൂട്ടുമോദനം ഞാനൊരുനാളി-
തുള്ളിൽക്കോവും കാമുകന്നു പൊള്ളലേറ്റാലോ.

# പ്രണയത്തിൻെറ ചുട്ടെഴുത്തുകൾ

മറഞ്ഞേക്കും നാഥനെന്നോർത്തിമവെട്ടായ്കയാൽ വ
മേ വന്നാലെവിടത്തെപ്പുഴിക്കും ലോകം!

ഒരു പുഷ്പം ചൂടിയാൽ ഞാ,നൊരുത്തിയെക്കാട്ടാ
ന്നുരക്കുമ്പോൾക്കിടർച്ചക്ക് കാരണം വേണോ?

കായും കാമ്പും കൂമ്പും ചേമ്പും
ചേനേം കൂടിക്കൂട്ടാൻ വെച്ചാൽ
കായോ കാമ്പോ കൂമ്പോ ചേമ്പോ
ചേന്യോ നല്ലത് ചൊല്ലാനാമോ

അടയ്ക്കാത്തൊണ്ടിൽ
ഒഴക്കരി വെച്ചു
ചിച്ചിളിച്ചു
രാമോനുണ്ടു
കൂമോനുണ്ടു
കൂമത്തി മക്കള് പത്താളുണ്ടു
വേലിക്കത്തെ തെളിഞ്ഞിരുന്നുണ്ടു
പത്തണോന പടിഞ്ഞിരുന്നുണ്ടു
പിന്നേം കിടക്കുണു എട്ടുതൊട്ടിച്ചോറ്

നാരി തത്തമ്മേ, എന്നെ
കോഴികൊത്തല്ലേ
കോഴി കൊത്ത്യാലോ, എന്നെ
അമ്മ തല്ലൂലോ
അമ്മ തല്ല്യാലോ, എന്നെ
അച്ഛൻ കൊല്ലൂലോ
അച്ഛൻ കൊന്നാലോ, എന്നെ
വലിച്ചെറിയൂലോ
വലിച്ചെറിഞ്ഞാലോ, എന്നെ
ചെതലരിക്കൂലോ
ചെതലരിച്ചാലോ, എന്നെ
കോഴി കൊത്തൂലോ
കോഴി കൊത്ത്യാലോ, എൻെറ
മൂക്ക് മുറിയൂലോ
മൂക്ക് മുറിഞ്ഞാലോ, എൻെറ
കല്യാണം മൊടങ്ങൂലോ?

സൽപേര് കളഞ്ഞ്
പഴിവാക്കുകൾ കേട്ട്
മഴയിലകപ്പെട്ട പച്ചമൺകലം പോലെ
ഉള്ളം താങ്ങാത്ത പ്രേമവെള്ളം നിറച്ച് നീ
മനസ്സേ നീ മോഹിച്ചത് വലുതാണ്
മരക്കൊമ്പിലിരുന്ന്
കുട്ടിയെ തഴുകുന്ന അമ്മക്കുരങ്ങ് പോലെ
മാറോടണച്ച് കനിവോടെ കേൾക്കുന്നവളെ
നീ നേടുകയാണെങ്കിൽ
നിൻെറ ദുഃഖവും മധുരമാണ്

# അകംകവിത

നവീന കവിതയിലൂറിയ ഒരു മനസ്സ് ഇന്ന് കാൽപനിക കവിതയിലെ ആവേശങ്ങളെ സ്വീകരിക്കുവാൻ മടിച്ചെന്നിരിക്കും. പക്ഷേ, അവന് ഒന്നും വിട്ടുകൊടുക്കാതെതന്നെ സംഘംകവിതകളിൽ കടക്കാനാവും. പഴമകരുതി ഒരു വിട്ടുവീഴ്ചയും കാട്ടേണ്ടതില്ല. എങ്കിലും ദ്രാവിഡകവിതയുടെ ഗതി നിശ്ചയിക്കുന്ന അടിസ്ഥാനമായി നിൽക്കുവാനുള്ള കെൽപ് അവക്കുണ്ട്. നമ്മുടെ വിജയങ്ങളെ പരീക്ഷിച്ചുനോക്കുവാനും വീഴ്ചകളെ ചികഞ്ഞുനോക്കുവാനും മറ്റെന്തിനേക്കാളും സംഘകാല കവിതകൾ തന്നെയാണ് മികച്ച അടിസ്ഥാനം ഇപ്പോഴും.

സംഘം കവിതകളിലൂടെയുള്ള യാത്ര എന്നത് അനേകായിരം മുഖമുള്ള നിലക്കാഴ്ചകളിലൂടെയുള്ള യാത്ര തന്നെയാണ്.

പ്രകൃതി മനസ്സിനും മനസ്സ് പ്രകൃതിക്കും പരസ്പരം അർഥം നൽകി അവ രണ്ടും അനന്യതയെ കാട്ടുന്നതാണ് സംഘകാല കവിത കാട്ടുന്ന ചിത്രം, പരസ്പരം പ്രതിഫലിപ്പിക്കുന്ന രണ്ട് കണ്ണാടികൾ പോലെ.

അടിമരത്തിൽനിന്ന് പിരിയുന്ന ശാഖ അടിമരത്തിന്റെ തുടർച്ചയും നിഷേധവുമാണ്. നമ്മുടെ വേരുകളും തായ്മരവും സംഘം കവിതകളാണെന്നതിൽ സംശയമില്ല. നമ്മെ കണ്ടെത്തുവാൻ അവ സഹായിക്കുന്നതു പോലെ മറ്റൊന്നും നമ്മെ സഹായിക്കുന്നില്ല.

കൈകടന്നു പെരുകുന്നു വേദന;
തിയ്യുപോലുടൽ ചുട്ടുപൊള്ളിടുന്നു;
വീട്ടുമുന്നിൽ പ്പുറത്തിന്റെമേലെന്നെ
യൊട്ടുയർത്തിയെടുത്തു കിടത്തുകിൽ
അഴലിതെത്രയുമാശ്വാസമാമെന്നെൻ
നരകനെഞ്ചേഴു മമ്മയോടോതുക!

മണ്ണിനുള്ളിൽ താഴുകില്ലാ;
വിണ്ണിലേറിപ്പോവില്ലാ;
കാൽനടയായ് കടൽ താണ്ടി
പ്പോകുവാനും പോരല്ലോ;
നാട്ടിൽ നാട്ടി, ലൂരിലൂരിൽ
വീട്ടിൽവീട്ടിൽത്തേടിയാൽ
കണ്ടുകിട്ടാതെങ്ങു മുങ്ങാൻ
നമ്മുടെ യാക്കാമുകൻ?

ആടും മുളപോലഴകും പരപ്പുമാ-
ർന്നീടുറ്റ തോൾകളും, തമ്മിൽത്തമ്മിൽ
പോരടിക്കുന്ന വലിയമയ്ക്കൺകളും
ചേരുവോ, ളെൻപ്രാണ നായികയാൾ,
മേവുമാഗ്രാമകലെയാ, ണങ്ങോട്ടു
പോവാനുമിപ്പോള സാധ്യമത്രേ,

ഊരിലുള്ളോർ കുടിതണ്ണീർ
കോരിടുന്ന കുളമാർന്ന
പായൽപോലുള്ളതാണെന്റെ
വിളർപ്പെൻ കാമുകനെത്തി
തൊടുന്തോറും തൊടുന്തോറു-
മതുനീങ്ങിയകലുന്നു,
വിടുംതോറും വിടുംതോറു-
മതുവീണ്ടും പരക്കുന്നു!

(ചെയർമാന്റെ കത്ത്)

## പ്രിയപ്പെട്ട സുഹൃത്തുക്കളേ,

പിടിച്ചുകെട്ടാനും നോവിക്കാനും കഴിയാത്തതിന്റെ അഹങ്കാരത്തോടെ കാലം ഒരു വർഷംകൂടി പ്രസവിച്ചിരിക്കുന്നു. ഒരു നീണ്ട യാത്രക്കിടയിൽ കിട്ടിയ ചെറിയൊരിടവേള നമ്മൾക്ക് നമ്മളെത്തന്നെ ഒരുക്കുവാൻ ഈ സത്രത്തിൽ ചെല വഴിച്ചു കഴിഞ്ഞു. സ്നേഹവും സൗഹൃദവും ഒരുപോലെ സമ്മാനിക്കപ്പെട്ട ഒരു വർഷം സ്മൃതിപഥത്തിലേക്കോ, ആവേശമോ നൊമ്പരമോ കൈയ്യുണർത്തുന്ന ഒരോർമ മാത്രമായിരിക്കുന്നു.

സമൂഹത്തിന്റെ പ്രകടമായ മാറ്റങ്ങളുടെ ദൃഷ്ടാന്തമാണ് ഇന്ന് കാമ്പസുകളിൽ കണ്ടുവരുന്ന മാറ്റവും. മാറ്റം- കാല ത്തിനൊത്ത കൂത്താട്ടം, ഇന്നെവിടെ നോക്കിയാലും മാറ്റത്തിന്റെ മാറ്റൊലികൾ മാത്രം. പുതിയ എന്തോ ഒന്ന് കെട്ടിപ്പടു ക്കാനുള്ള വ്യഗ്രതയിൽ നമുക്ക് നഷ്ടപ്പെടുന്നത് നമ്മുടെ മൂല്യങ്ങളാണ്. ജീവിതത്തിന്റെ ഗതിതന്നെ തിരിച്ചുവിടാ നുള്ള വഴിത്തിരിവുകൾ ഏറെയും യൗവനത്തിലാണ്. ഇന്നത്തെ സാമൂഹിക പരിസ്ഥിതികൾ യു.സി പോലുള്ള രാഷ്ട്ര ത്തിന്റെ ഗർഭപാത്രങ്ങളിൽ... ഈ ഗർഭപാത്രത്തിനുള്ളിൽ കിടന്ന് വെറുതെ ഇനിയും ശരിക്കുറച്ചിട്ടില്ലാത്ത കൈകാലു കളിട്ടടിക്കുമ്പോൾ നാമൊന്നും നേടുന്നില്ല. ഒരു ബിന്ദുവിലേക്ക് ചുരുങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് നഷ്ടമാവുന്ന ചക്രവാളങ്ങൾ വികസിപ്പിക്കുകയാണ് ഇന്നത്തെ നമ്മുടെ ആവശ്യം.

പൊതുവെ ഇന്ന് കാമ്പസുകളുടെ ഭൂരിഭാഗവും അടക്കിവാഴുന്നത് പെൺകുട്ടികളാണല്ലോ. സ്ത്രീയെ അമ്മയായി കാണുന്ന ഒരു രാഷ്ട്രത്തിൽ എന്നിട്ടും സംസ്കാരങ്ങളുടെ ഉറ നശിക്കുന്നു എന്ന് വിളിച്ചുകൂവുമ്പോൾ ഏറ്റവും വലിയ അസംബന്ധമല്ലേ അത്. ഒരിക്കലും സമൂഹത്തിന്റെ മൂല്യശോഷണത്തിന്റെ അളവുകോലുകളാവരുത് കാമ്പ സുകൾ..

അധികാരം (Dominance) ആണ് ഇന്നിന്റെ ഏറ്റവും വലിയ ലഹരി. അതിനുള്ള നെട്ടോട്ടമാണ് യുവജനങ്ങളിൽ കാണുന്നത്. അതിനിടയിൽ വരുന്ന ഒരു ചെറുതോൽവി പോലും അവരെ ആഴത്തിൽ ഉലക്കുന്നു. ഫലത്തിൽ ചെന്നെ ത്തുന്നത് അഗാധ നിരാശയിലും, അപകർഷതാ ബോധത്തിലും. ഇതിൽനിന്ന് രക്ഷപ്പെടാനാവാം ശരാശരി യുവജന ങ്ങൾ ഒരു മാർഗം കരുപ്പിടിപ്പിച്ചിരിക്കുന്നു. ആവുന്നത്ര ഒതുങ്ങി, പ്രതികരണ ശേഷി മറ്റാർക്കോ അടിയറവെച്ച്, വർണോജ്ജ്വലങ്ങളാവേണ്ട കാമ്പസുകളിൽ അവരങ്ങനെ വാനപ്രസ്ഥത്തിന് മൗനത്തിന്റെ, നിർവികാരതയുടെ മറവു രി ധരിക്കുന്നു. കാമ്പസുകളിൽ ഉറച്ച സൗഹൃദങ്ങളുടെ മൂല്യശോഷണത്തിലാണ് ഇന്ന് നാം ചെന്നുനിൽക്കുന്നത്.

ആർക്കും ഉള്ളിലെ സമ്മർദങ്ങൾ തുറന്നുപറയാൻ നല്ല സൗഹൃദങ്ങളില്ല. സ്വാഭാവികമായും ചിന്തകൾ തലച്ചോറി നെ.വരെ കുത്തിനോവിക്കുമ്പോൾ അവർ മസ്തിഷ്കങ്ങളെ ഉറക്കിക്കിടത്തുന്നു. ഇങ്ങനെ മങ്ങുന്ന ഒരു തലമുറക്ക് ഊർജം നഷ്ടപ്പെട്ട ഒരു ഭാവിതലമുറയെ വാർത്തെടുക്കാനേ കഴിയൂ...

വിദേശ ബഹുരാഷ്ട്ര കുത്തകകൾ അടിച്ചേൽപിച്ച നിരവധി മാറ്റങ്ങളുടെ വിപ്ലവം നമ്മുടെ ഭക്ഷണങ്ങളിൽ വന്നു കുടി യേറിയിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ മൂല്യങ്ങൾ കാക്കേണ്ടത് ഏറ്റവും ആവശ്യമായിരിക്കുന്നു. ഈ മാറ്റ ങ്ങൾ യുവതലമുറയെ അപ്പാടെ കാർന്നുതിന്നും മുമ്പേ ഇതിനെതിരെ പ്രതികരിക്കേണ്ടത് അത്യന്താപേക്ഷിതമായിരി ക്കുന്നു.

അത്തരമൊരു പ്രതികരണത്തിന്റെ സാക്ഷ്യപത്രമാവട്ടെ ഈ മാഗസിനും യു.സി കോളേജിന്റെ വരുംനാളുകളിൽ രേ ഖപ്പെടുത്തുന്ന ഇതിന്റെ ചരിത്രവും....

പി. സേതുനാഥ്,

ചെയർമാൻ

# പാരമ്പര്യ സ്മൃതി



മലയാറ്റൂർ



ഗുരു നിത്യചൈതന്യ യതി



പി.കെ. വാസുദേവൻ നായർ



ചെമ്മനം ചാക്കോ



എൻ.കെ. ദേശം



വള്ളത്തോൾ

തെളിച്ചുകൂട്ടേണ്ട കൊഴിഞ്ഞ ഇലകളും പൂവും കായ്കളും യൂസിയുടെ ഓർമച്ചെപ്പുകളിലെത്രയോ... മയിൽപ്പീലികളെത്രയോ... വളത്തുണ്ടുകളും പെൻസിൽ കഷ്ണങ്ങളും.... പലപ്പോഴും ഇരുട്ടിൽ ഇവർ വഴിവിളക്കുകളുമായിരുന്നു... ഓർമകൾ... ഓർമകൾ.....

മലയാള കവിതയുടെ തുളളിത്തുളുമ്പുന്ന നിറകുടമായി പേരാറ്റിൻ കരയിലേക്ക് ഒരുനാൾ നിളാതീരത്തുനിന്ന് മഹാകവിയും ഇവിടെ വന്നു.... അന്ന്...

# എന്റെ 'അൽമ മേറ്റർ'

ആയിരത്തിത്തൊള്ളായിരത്തി നാൽപ്പത്തിരണ്ട്.

എന്റെ പ്രായം കഷ്ടിച്ച് പതിനഞ്ച്. എന്റെ ഗ്രാമത്തിൽ നിന്നും (തോട്ടുവ, മലയാറ്റൂർ) ഞാൻ കലാലയ വിദ്യാഭ്യാസത്തിനായി ആലുവ യു.സി. കോളെജിലെത്തുന്നു. അര നൂറ്റാണ്ടു മുൻപ്. കൃത്യമായി പറഞ്ഞാൽ ഏതാണ്ട് 54 വർഷങ്ങൾക്കു മുൻപ്.

എന്റെ 'അൽമ മേറ്റർ' ലത്തീനിൽ സ്നേഹനിധിയായ, ഔദാര്യമതിയായ അമ്മ എന്ന് ഒഴുക്കൻ മട്ടിൽ തർജ്ജിമ ചെയ്യാം.

രണ്ടാം ലോക മഹായുദ്ധം നടക്കുന്ന കാലം. ബംഗാൾ ക്ഷാമത്തിന്റെ നാളുകൾ. "ഇന്ത്യ വിടുക!" എന്ന സിംഹഗർജ്ജനം മഹാത്മജിയുടെ ചുണ്ടിൽ നിന്നുയർന്ന അവിസ്മരണീയ ചരിത്ര മുഹൂർത്തം.

> ......എന്നിട്ടു പോലും ഈ ഞാൻ ഒരു പെൺകുട്ടിക്ക് പ്രേമലേഖന മെഴുതി ഒരു പുസ്തകത്തിനുള്ളിൽ അതൊളിപ്പിച്ചു വച്ചു. വിമൻസ് വെയിറ്റിംഗ് റൂമിന്റെ വരാന്തയിൽ നിന്നിരുന്ന അവളെ ഭീതയോട് ഏൽപ്പിച്ചു മടങ്ങി.
>
> പിന്നെ മുങ്ങി. പേടിസ്വപ്നങ്ങൾ കണ്ടു. അവൾ ആ പ്രേമ ലേഖനം ഇട്ടീര സാറിനെ ഏൽപ്പിച്ചു കാണുമോ ?

ജൂനിയർ ഇന്റർമീഡിയറ്റ് ക്ലാസിൽ പ്രവേശനം കിട്ടി. പയ്യൻമാരുടെ താമസത്തിനായി നിർമ്മിക്കപ്പെട്ട ടാഗൂർ ഹോസ്റ്റലിൽ ഒരു മുറിയും തരപ്പെട്ടു. റൂമിൽ മൂന്നു പേർ. വളരെ പരിമിതമായ സൗകര്യങ്ങളേയുണ്ടായിരുന്നുള്ളു. 'ടാഗൂറി'ൽ. ഭാഗ്യവശാൽ അധികം വൈകാതെ ഞാൻ 'സ്കിന്നർ' ഹോസ്റ്റലിലെ അന്തേവാസിയായി സ്വീകരിക്കപ്പെട്ടു. സീനിയർ ഇന്ററിലെത്തിയപ്പോൾ എനിക്ക് 'നോർത്ത് ഈസ്റ്റ്' ഹോസ്റ്റലിൽ (പിൽക്കാലത്ത് അത് 'ചാക്കോ ഹോസ്റ്റൽ' എന്നറിയപ്പെട്ടു) ഇടം കിട്ടി.

ക്യാംപസിലെ പ്രധാന നിരത്തുകളിൽ മാത്രമാണ് ഇലട്രിക് വിളക്കുകൾ ഉണ്ടായിരുന്നത്, ഒരൊറ്റ ഹോസ്റ്റലിൽ പോലും വൈദ്യുതി കടന്നുവന്നിരുന്നില്ല. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലാണ് വിദ്യാർത്ഥികൾ പഠിച്ചിരുന്നത്. ഒരു ഹോസ്റ്റലിലും കുളിമുറികൾ ഉണ്ടായിരുന്നില്ല. കോളെജ് കുന്നിനെ കസവണിയിച്ചു പെരിയാർ ഒഴുകുമ്പോൾ എന്തിനു ബാത്ത് റൂംസ് ? വിസർജ്ജന സൗകര്യങ്ങളും കുറവായിരുന്നു. 'പോർക്ക് സിസ്റ്റം' എന്ന അൽഭുതത്തെ പറ്റി ഞാൻ മുമ്പെവിടെയോ കുറിച്ചിട്ടുണ്ട്.

ജാതിയടിസ്ഥാനത്തിലായിരുന്നു. 'മെസുകൾ' ബ്രാമിൻസ് മെസ്, നായർമെസ്, ക്രിസ്ത്യൻ മെസ്.... എന്നിങ്ങനെ. ഞാൻ ബ്രാഹ്മിൻ മെസിലെ അംഗമായിരുന്നു. സമൃദ്ധമായ ശാപ്പാട്, പ്രതിമാസച്ചെലവ് കേവലം പത്തര രൂപ. മുറി വാടക മൂന്നു രൂപ, കോളെജ് ഫീസ് പത്തു രൂപ, ഏതാണ്ട് മുപ്പതു രൂപയുണ്ടെങ്കിൽ ഒരു മാസത്തെ ജീവിതവും, പഠനവും കുശാൽ !

ഡിസിപ്ലിനേറിയനായ അച്ഛന്റെ പിടിയിൽ നിന്നും രക്ഷ പ്രാപിച്ച് യു.സി കുന്നിലെത്തിയപ്പോൾ ഞാൻ എന്റെ വ്യക്തിപരമായ ലിബറേഷൻ പ്രഖ്യാപിച്ചു. എങ്ങനെയെന്നോ ? മഠത്തിന്റെ മാടക്കടയിൽ നിന്നും ഒരണയ്ക്കു മൂന്നു വീതം 'പാസിംഗ് ഷോ' എന്ന സിഗററ്റ് വലിച്ചതു വഴി! ഞാൻ ആദ്യമായി മദ്യപിച്ചതും യു.സി യിൽ പഠിക്കുമ്പോഴാണ്. ('പട്ടാപകൽ പട്ടർ പട്ടയടിച്ച്' കഥ എന്റെ വേരുകളിൽ കാണാം)

